സച്ചിദാനന്ദൻ

# തെരഞ്ഞെടുത്ത കവിതകൾ

1965 – 1998

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Selected Poems**
Malayalam poetry
by **Satchidanandan**
First published: 1999

Copyright ©2013 K. Satchidanandan

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution-NonCommercial-NoDerivs 2.5 India License for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം ........ iii

സച്ചിദാനന്ദൻ ........ ix

ആമുഖം ........ xi

1 ഗാനം ........ 1

2 ദേവീസ്തവം ........ 2

3 അഞ്ചു സൂര്യൻ ........ 3

4 ഞാൻ ........ 4

5 എഴുത്തച്ഛനെഴുതുമ്പോൾ ........ 6

6 രൂപാന്തരം ........ 10

7 കോഴിപ്പങ്ക് ........ 14

8 പ്രതിമകൾ ........ 16

9 സത്യവാങ്മൂലം ........ 18

10 മഴയുടെ നാനാർത്ഥം ........ 22

11 പനി ........ 25

12 തേക്കിൻകാട്ടിലെ തെരുവുചിത്രകാരൻ ........ 29

13 ആശുപത്രി . . . . . 31
14 നാവുമരം . . . . . 40
15 ധൻബാദിലെ ഖനിത്തൊഴിലാളി . . . . . 43
16 ബോധവതി . . . . . 45
17 ഇടശ്ശേരി . . . . . 52
18 എല്ലാം ഓർമ്മിച്ചവൻ . . . . . 57
19 സൂര്യനെ കണ്ടെത്തിയ കുരുടൻ . . . . . 59
20 കവിതാ വിവർത്തനം . . . . . 61
21 പീതാംബരൻ . . . . . 63
22 മയക്കൊവ്സ്കി ആത്മഹത്യ ചെയ്തതെങ്ങിനെ? . . . . . 65
23 പത്മനാഭസ്വാമിക്ഷേത്രത്തിൽ . . . . . 68
24 കവിതയും പോലീസും . . . . . 70
25 നിഷ്പക്ഷത . . . . . 72
26 സുലേഖ . . . . . 74
27 വേനൽ മഴ . . . . . 76
28 മഴ കുതറുന്നു . . . . . 83
29 സമയമായച്ഛാ... . . . . . 84
30 ഒടുവിൽ ഞാനൊറ്റയാകുന്നു . . . . . 85
31 കായിക്കരയിലെ മണ്ണ് . . . . . 90
32 ഭൂമിയുടെ ചടങ്ങുകൾ . . . . . 96
33 വീട് . . . . . 99
34 ലോകാവസാനം . . . . . 102
35 സോക്രട്ടീസും കോഴിയും . . . . . 104

36 സിദ്ധാർത്ഥനും അരയന്നവും . . . . . 105
37 ഇവനെക്കൂടി . . . . . 106
38 രാമനാഥൻ പാടുമ്പോൾ . . . . . 111
39 വീടും തടവും . . . . . 115
40 മരണത്തെക്കുറിച്ച് രണ്ടാംകവിത . . . . . 116
41 മുടിയനായ പുത്രൻ . . . . . 118
42 റോം, മഴയിൽ . . . . . 121
43 വീഞ്ഞിനൊരു സ്തോത്രം . . . . . 122
44 ഫ്രാങ്ക്ഫർട് . . . . . 123
45 പ്രണയ ബുദ്ധൻ . . . . . 124
46 കടവാതിലുകൾ . . . . . 126
47 വീട്ടുമാറ്റം . . . . . 128
48 ആദികവികൾ . . . . . 131
49 നെല്ല് . . . . . 134
50 രണ്ടാം വരവ് . . . . . 137
51 ഉരു . . . . . 142
52 ചെന്നായ് . . . . . 146
53 ഓർമ്മയിൽ കാടുള്ള മൃഗം . . . . . 148
54 അവസാനത്തെ നദി . . . . . 150
55 എനിക്കു മരിച്ചവരോടു സംസാരിക്കാൻ കഴിവുണ്ട് . . . . . 152
56 ബുദ്ധൻ കളഹണ്ടിയിൽ . . . . . 154
57 കവികളുടെ ഭാഷ . . . . . 157
58 ടോൾസ്റ്റോയ് ഇവിടെ ഇല്ല . . . . . 159

59 വരാന്ത ........ 160
60 കുഴലൂത്തുകാരൻ ........ 162
61 അമ്മ ........ 164
62 സാൽവദോർ ദാലി ദൈവത്തെക്കാണുന്നു ........ 167
63 ഇനിയൊന്നു വിശ്രമിക്കട്ടെ ........ 170
64 ജോൺമണം ........ 174
65 ഫ്രാൻസിസ് ........ 176
66 കയറ്റം ........ 178
67 പഴനി ........ 182
68 ശരീരം, ഒരു നഗരം ........ 185
69 അച്ഛൻ ........ 188
70 വീട്ടിലേക്ക് ........ 192
71 ചെമ്പരത്തി ........ 195
72 മുങ്ങിക്കുളി ........ 197
73 മഷിക്കുപ്പിയും ക്ലണം ........ 201
74 ഹിറോഷിമയുടെ ഓർമ്മ ........ 203
75 പറയുന്നു കബീർ ........ 207
76 തോടി ........ 210
77 കുരുമുളക് ........ 213
78 കവിബുദ്ധൻ ........ 216
79 കവിതയിൽ ........ 221
80 മീര പാടുന്നു ........ 223
81 നഗരത്തിലെ പ്രണയം ........ 228

82 റിപ്പ്‌വാൻ വിങ്ക്ൾ . . . . . 230
83 ഗാന്ധിയും കവിതയും . . . . . 231
84 ചെറിയ ചെറിയ ഉപകരണങ്ങൾ . . . . . 233
85 മലയാളം . . . . . 235
86 വീട് . . . . . 245
87 മണികർണ്ണികയിലെ ചുടലക്കാരൻ സൗന്ദര്യത്തെ വിലയിരുത്തുന്നു . . . . . 246
88 കാല് . . . . . 248
89 തുക്കാറാം ദൈവത്തോട് . . . . . 250
90 ബസവണ്ണ കർഷകരോടൊത്തു നൃത്തം ചെയ്യുന്നു . . . . . 256
91 അക്ക മൊഴിയുന്നു . . . . . 260
92 ആണ്ടാൾ പ്രണയത്തെക്കുറിച്ച് സംസാരിക്കുന്നു . . . . . 263
93 ഭ്രാന്തൻമാർ . . . . . 269
94 താവോക്ഷേത്രത്തിൽ പോകേണ്ടതെങ്ങനെ? . . . . . 271
95 ശരിയായ ബുദ്ധൻ . . . . . 274
96 കടലിൽ കുളി . . . . . 276
97 ലാൽദെദ് അതിർത്തികൾക്കെതിരെ സംസാരിക്കുന്നു . . . . . 278
98 മഞ്ഞൾ . . . . . 284
99 നാട് . . . . . 286
100 ഇരുപതുവയസ്സായ മകൾക്ക് ഒരു താരാട്ട് . . . . . 287
101 ദെരിദാ, ജനവരി, ഞാൻ . . . . . 289
102 ചിലത് . . . . . 292
103 കവിത തിരിച്ചുവരും . . . . . 294
104 നഗരത്തിൽ പുലി . . . . . 296

105 കോവണി ....... 298

106 ബ്രൂക്‌ലിൻ പാലം ....... 301


107 രത്നങ്ങളുണ്ടാകുന്നത് ....... 302

108 അസാന്നിദ്ധ്യം ....... 304

109 ഇല്ല ....... 316

110 ദൈവത്തിലേയ്ക്കുള്ള വഴി ....... 318

# സച്ചിദാനന്ദൻ



മലയാളത്തിലെ പ്രമുഖ കവിയായ സച്ചിദാനന്ദൻ (ജനനം: മേയ് 28, 1946) തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലാണ് ജനിച്ചത്. ജനകീയ സാംസ്കാരിക വേദിയിലെ സജീവ പങ്കാളിയായിരുന്ന സച്ചിദാനന്ദൻ കേന്ദ്ര സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 2010–ൽ കേരളസാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം നൽകി ആദരിച്ചു. 2012-ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് മറന്നു വച്ച വസ്തുക്കൾ എന്ന കവിതാസമാഹാരത്തിനു ലഭിച്ചു. കേന്ദ്രസാഹിത്യ അക്കാദമി പ്രസിദ്ധീകരണമായ ഇന്ത്യൻ ലിറ്ററേച്ചറിന്റെ എഡിറ്ററായിരുന്നു.

## ജീവിതരേഖ

സച്ചിദാനന്ദൻ തർജ്ജമകളടക്കം അമ്പതോളം പുസ്തകങ്ങൾ രചിച്ചു. തന്റെ തനതായ ശൈലിയിലൂടെ, വിശ്വസാഹിത്യത്തിലെ പുരോഗമന ശബ്ദങ്ങളായ അന്റോണിയോ ഗ്രാംഷി, പാബ്ലോ നെരൂദ, മെഹ്മൂദ് ഡാർവിഷ്, യെഹൂദ അമിച്ചായി, യൂജിനിയോ മൊണ്ടേൽ തുടങ്ങിയവരുടെ രചനകളെ, കേരളത്തിലെ സാഹിത്യ പ്രേമികൾക്കു പരിചയപ്പെടുത്തി. 1989, 1998, 2000, 2009, 2012 വർഷങ്ങളിൽ കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹനായി. 1995 വരെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളെജിൽ ഇംഗ്ലിഷ് പ്രൊഫെസർ ആയി ജോലി നോക്കി. 1996 മുതൽ 2006 വരെ കേന്ദ്ര സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ഇപ്പോൾ ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേർസിറ്റിയിൽ ട്രാൻസ്ലേഷൻ വകുപ്പിൽ പ്രൊഫസ്സറും വകുപ്പു മേധാവിയും.

## കൃതികൾ

എഴുത്തച്ഛനെഴുതുമ്പോൾ, സച്ചിദാനന്ദന്റെ കവിതകൾ, ദേശാടനം, ഇവനെക്കൂടി, കയറ്റം, സാക്ഷ്യങ്ങൾ, അപൂർണ്ണം, വിക്ക്, മറന്നു വച്ച വസ്തുക്കൾ, വീടുമാറ്റം, മലയാളം, കവിബുദ്ധൻ, സംഭാഷണത്തിനൊരു ശ്രമം, അഞ്ചു സൂര്യൻ, പീഡനകാലം, വേനൽമഴ, തുടങ്ങി

ഇരുപത് കവിതാസമാഹാരങ്ങൾ; 1965 മുതൽ 2005 വരെ എഴുതിയ തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരങ്ങളായ അകം, മൊഴി എന്നിവ; കവിതയും ജനതയും, അന്വേഷണങ്ങൾ, പാബ്ലോ നെരൂദാ എന്നീ പഠനങ്ങൾ; കുരുക്ഷേത്രം, സംവാദങ്ങൾ സമീപനങ്ങൾ, സംസ്കാരത്തിന്റെ രാഷ്ട്രീയം, വീണ്ടുവിചാരങ്ങൾ, മാർക്സിയൻ സൗന്ദര്യശാസ്ത്രം: ഒരു മുഖവുര, തുടങ്ങിയ ലേഖനസമാഹാരങ്ങൾ എന്നിവ പ്രധാന കൃതികളാണ്.

(വിക്കിപ്പീഡിയയോട് കടപ്പാട്)

# ആമുഖം

തികഞ്ഞ സന്തോഷത്തോടെ ആണ് എന്റെ 'തെരഞ്ഞെടുത്ത കവിതക'ളുടെ ഈ ക്രിയേറ്റിവ് കോമൺസ് പതിപ്പ് ഞാൻ അവതരിപ്പിക്കുന്നത്. എന്റെ ഒരു ഘട്ടം വരെ ഉള്ള ഏറ്റവും മികച്ചതു എന്ന് ഞാൻ കരുതുന്ന കവിതകളുടെ ഒരു സമാഹാരം ആണിതു്. ഞാൻ സ്വപ്നം കാണുന്ന ലോകം പകർപ്പവകാശങ്ങളും പേറ്റന്റുകളും മാത്രമല്ല പാസ്സ്പോർട്ടും വിസയും ഇല്ലാത്ത ഒന്നാണ്. ക്രമേണ എന്റെ എല്ലാ കൃതികളും പകർപ്പവകാശമുക്തം ആക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിന്റെ ഒരു തുടക്കം ആണ് ഈ സംരംഭം. മറ്റു സ്വാതന്ത്ര്യ–സമത്വപ്രസ്ഥാനങ്ങൾ പോലെ തന്നെ ഫ്രീ സോഫ്റ്റ്‌വെയർ , ക്രിയേറ്റിവ് കോമൺസ് പ്രസ്ഥാനങ്ങളും ഭൂമിയും ജലവും വായുവും അറിവും സംസ്കാരവും എല്ലാവരുടെതും ആണെന്ന് വിശ്വസിക്കുകയും ആ വിശ്വാസം യാഥാർത്ഥ്യം ആകാൻ പ്രവർത്തിക്കുകയും ചെയ്യുന്നു. അതിലേക്കുള്ള ഒരു വളരെ ചെറിയ സംഭാവന ആണ് ഈ പുസ്തകം. കവിത മനുഷ്യരുടെ മാതൃഭാഷയും പൊതുസ്വത്തും ആണെന്ന് എന്നും വിശ്വസിച്ചു പോന്നിട്ടുള്ള എനിക്ക് ഈ പ്രതീകാത്മക പ്രവൃത്തിയിൽ ചാരിതാർത്ഥ്യം ഉണ്ട്. ഈ ആശയം മുന്നോട്ടു വെച്ച 'സായാഹ്ന'യ്ക്ക് നന്ദി.

സച്ചിദാനന്ദൻ
2013

# 1

## ഗാനം

വേനലിൽ, ഉണങ്ങിയ മരത്തിൻ വളയൂരി
വീണ നഗ്നമാം കൊമ്പിൽ പടർന്നു ചുറ്റിച്ചുറ്റി
ദാഹിച്ച നാവുംനീട്ടി, പ്രാണവായുവാലൂതി-
പ്പാകമാക്കിയ മുത്തു ഫണത്തിൻ തുമ്പത്തേറ്റി
ഇളകിപ്പുളഞ്ഞാടിക്കയറിപ്പോവും വിഷ-
മിളകുമൊരു നീലനാഗിനിയാണെൻ ഗാനം.

(1965)

# 2

## ദേവീസ്തവം

ദേവീ,
നിൻകരളിലെയിരുളിൻ പൊരുളിൽ
എന്നിത്തിരിനെഞ്ചിലെയമ്പിളി പകരാം
നിൻരക്തച്ഛവി തിരളും മിഴികളി-
ലെന്നിത്തിരിമിഴിയുടെ നീലിമ പകരാം
നിൻ ക്രൂരനഖങ്ങളിലെന്നിത്തിരി വിരലിൻ
മൃദുലത പകരാം
നിന്നെ മനുഷ്യസ്ത്രീയാക്കാം ഞാൻ,
പിന്നെയൊരാണിനെ നിനക്കുവേണ്ടിക്കണ്ടെത്താം.

അഥവാ
നിൻ ശ്യാമോത്തുംഗകുചങ്ങളിലൊരു ശിശുവായ്
പറ്റിയമർന്നമ്മിഞ്ഞ കുടിച്ചൊടുവിൽ
ചോരകുടി, ച്ചൊടുവിൽ മജ്ജകുടി-
ച്ചൊടുവിൽ നിന്നെക്കൊന്നുതരാം ഞാൻ,
ലളിതേ!

(1965)

# 3

## അഞ്ചു സൂര്യൻ

എൻ ചോരയിലുണ്ടൊരു സൂര്യൻ:
കുങ്കുമഗന്ധം വിതറി-
ച്ചെങ്കനൽ ചുറ്റും ചിതറി-
ക്കത്തും തരുണാരുണചഞ്ചലസൂര്യൻ.
എൻ കൺകളിലുണ്ടൊരു സൂര്യൻ:
നീലിമയിമയിൽ നിവർത്തി
നീലപ്പീലി വിടുർത്തി
നൃത്തംചെയ്യും പേലവനീലസ്സൂര്യൻ:
എന്നസ്ഥിയിലുണ്ടൊരു സൂര്യൻ:
മഞ്ഞജ്ജ്വാലയൊഴുക്കി
മജ്ജയുരുക്കിയുരുക്കി
മങ്ങിത്തെളിയുമൊരിത്തിരി മഞ്ഞസ്സൂര്യൻ.
എൻ നാഡിയിലുണ്ടൊരു സൂര്യൻ:
പുണ്ണു പിടിച്ചു വെളുത്തും
കണ്ണിമ കൂടി നരച്ചും
കൂനി വിറച്ചു വിളർത്തു തളർന്നൊരു വെള്ളസ്സൂര്യൻ.
എൻ പ്രാണനിലുണ്ടൊരു സൂര്യൻ:
മരണംപോലെ കറുത്തും
മഞ്ഞു കണക്കു തണുത്തും
ശൂന്യതയുടെ ഗന്ധം താവിയ ശ്യാമളസൂര്യൻ.

(1967)

# 4

## ഞാൻ

ജന്മാന്തരങ്ങൾതൻ കുങ്കുമപ്പാടത്തി
ലെങ്ങാണ്ടൊരു കോണിലുണ്ടായൊരഞ്ചിതൾ-
പ്പൂവിന്നിളയോരിതളായി
വന്നുപിറന്നവനല്ലി ഞാൻ
തല്ലിത്തകർക്കും മഴയിലലിഞ്ഞൊരു
പൊള്ളിക്കരച്ചിലിൻ മഞ്ഞുനീരല്ലി ഞാൻ
കാറുകൾ പെയ്തുപെയ്താടിത്തിമിർത്തപ്പൊ-
ളാറുകവിഞ്ഞതിൽ വീണൊഴുകിപ്പോയ
നീലത്തിരമാലതൻ നുരയല്ലി ഞാൻ
ഭൂതഭവിഷ്യത്തുകൾ സമകോണൊന്നിൽ
മേളിച്ച ത്രൈലോക്യത്രൈകാല്യ ബിന്ദുവിൽ
ആദ്യന്തശൂന്യം സ്ഥലരാശിയിൽ
ഗതി തേടിയുഴന്ന ഗ്രഹത്തിൻ വ്രണങ്ങളിൽ,
സ്ഥാവരജംഗമഭൗതികാഭൗതിക-
ശാശ്വതോദ്വിഗ്നപ്രയാണപഥങ്ങളിൽ,
അക്ഷാംശരേഖതൻ കാലുകൾ രേഖാംശ-
രേഖ മുറിച്ചു കടക്കും കളങ്ങളിൽ,
ലഗ്നഗ്രഹങ്ങൾതൻ ബാഹുക്കളിൽ
കുജശുക്രബുധരവിവ്യാഴരാഹുക്കളിൽ
ഉണ്ണിച്ചോടികളിൽ വൈദേശികസ്മിത-
മൊന്നിൽ തളിർത്തൊരു പൂർവ്വജന്മസ്മൃതി
പിന്നെ പ്രയാണം പൊഴിച്ചു പടങ്ങളിൽ
ചിന്നി നുറുങ്ങിയോരോർമ്മയുമല്ലി ഞാൻ

മുത്തായ് കടലിന്നടിയിലുയിർത്തെഴുന്നേല്ക്കുവാൻ
പൊട്ടുന്ന കണ്ണീരടക്കി
നിശാന്തവിരഹവുമുള്ളിലൊതുക്കി
ഒരു ചിപ്പി തേടിയുഴറും പുനർജ്ജനിതൻ കൊതി,
ഭിത്തിപൊട്ടുന്ന കിനാവിന്റെ വേരുകൾ
തേടുന്ന മണ്ണിലെയുപ്പിൻകരളിൽ
വിളഞ്ഞ വിയർപ്പു ഞാൻ.

കേൾക്കു, ദലാധരമർമ്മരം മന്ത്രിപ്പൂ: ഞാൻ
ചക്രവാളത്തിൽ വളയും പുഴയുടെ-
യാടിക്കുഴയുന്ന നാവുകളർദ്ധലഹരിയിൽ മന്ത്രിപ്പൂ:
ഞാൻ

മണ്ണിലും വിണ്ണിലും നിൻ കൂർത്ത കണ്ണിലും
തൊണ്ട ഇറക്കും വിഷാദം കുറുകുന്നു:
ഞാൻ
പൂക്കൾ വിരിഞ്ഞു സുഗന്ധം ചൊരിഞ്ഞ-
തെനിക്കായി മാത്രം
ഞാൻ പിച്ചവെച്ചു ചവിട്ടിച്ചവിട്ടിയീ
ഭൂമിയുരുട്ടീ
ഞാൻ കൊച്ചുകാലൂന്നി വട്ടംകറങ്ങിയീ
ഭൂമി കറക്കീ
ഞാനൊരു വള്ളിയായാകാശനീലിമ
നീളെപ്പടർന്നതിൽ താരകൾ പൂത്തു
ചിരിച്ചതു നീയറിഞ്ഞില്ലയോ?

('വിരഹ'കാണ്ഡത്തിൽനിന്ന്, 1969)

# 5
## എഴുത്തച്ഛനെഴുതുമ്പോൾ

എഴുത്തച്ഛനെഴുതുമ്പോൾ
സംഭവിപ്പതെന്തെന്ന ഞാനറിയുന്നു:
    പറക്കുന്നു കുതിരക-
    ളെഴുത്താണിത്തുമ്പിലൂടെ
    പൊളിക്കുന്നു കുളമ്പടി
    പനയോലത്തടിപ്പാലം
    പനയോലയ്ക്കുള്ളിൽ പച്ച
    ത്തഴപ്പാർന്ന സ്മരണക-
    ളുണങ്ങിയ ഞരമ്പിന്റെ
    ജഡത്തിൽ നിന്നുണരുന്നു
    പനയോലക്കാമ്പിൽ ദശ-
    രഥവ്യഥ പതയുന്നു
    മിഥിലയിലൊരു വില്ല്
    തകരുന്നു, കൈകേയിക്കു
    വ്രണം വന്നു പഴുക്കുന്നു
    പനയോലക്കണ്ണിൽ പഞ്ച-
    വടികൾ നിന്നലയുന്നു
        പനയോല
        പതറുന്നു.
എഴുത്തച്ഛനുറങ്ങുവാൻ
കിടക്കുന്നു, തിരയുന്നു, മറിയുന്നു
    മയക്കം വിട്ടുണർന്നുവ-
    ന്നെഴുത്താണിയെടുക്കുന്നു

പനയോലയെല്ലിൽനിന്നും
നടന്നടുക്കുന്നു ശൂർപ്പണഖയുടെ നഖങ്ങൾ,
താടകാകാമക്കരിംകൺകൾ
പനയോലക്കടലിലോ
പഴുത്തൊരു കൊടുങ്കാറ്റും
മഴയും വന്നുണരുന്നു
പനയോലക്കടലിലെ-
യിരുട്ടിന്നു തല പത്തും
തളിർക്കുന്നു, എഴുത്താണി-
മുനയിലൂടൊരു പൊന്മാൻ
കളിക്കുന്നു, അനുസ്വാരം
വിതുമ്പിപ്പോം വെളിച്ചത്തെ-
സ്വരങ്ങൽ തൻ ചിറകുകൾ
പറത്തുന്നു, വ്യഞ്ജനങ്ങ-
ളശോകമായ് കിളിർക്കുന്നു
അശോകത്തിൻ കീഴിൽ
ചില്ലക്ഷരങ്ങളിൽ
ശോകം നിന്നു പുകയുന്നു
        പനയോല
        വിളറുന്നു.
എഴുത്താണിത്തുമ്പിലൂടെ
ശിശിരങ്ങളണയുന്നതെഴുത്തച്ഛനറിവീല
പറയുന്നതെഴുത്താണി
പകർത്തുന്നു പനയോല
പകലിരവുകളുടെ
ചിറകടിപോലും കേൾപ്പി-
ല്ലെഴുത്തച്ഛൻ, ജലപാനം
കഴിക്കുന്നില്ലെഴുത്തച്ഛൻ,
ഉറങ്ങുന്നില്ലെഴുത്തച്ഛൻ
ഉണരുന്നില്ലെഴുത്തച്ഛൻ
വയറെരിഞ്ഞടങ്ങുന്നു
കുടലുകൾ ദഹിക്കുന്നു
എഴുത്താണിയമ്പാർന്നൊ-
രെഴുത്തച്ഛങ്കയ്യുമാത്രം
ചിതൽപ്പുറ്റിന്നകത്തുനി-
ന്നുണരുന്നു ചലിക്കുന്നു

അകക്കണ്ണിൻ ശൂലം വന്നു
പുറം കണ്ണു പൊടിക്കുന്നു
വിരാമചിഹ്നത്തിനു വാൽ
മുളയ്ക്കുന്നു, കടൽചാടി
പ്രണയദൗത്യവുമായി-
പ്പറക്കുന്നു, ചോദ്യചിഹ്നം
വിനയത്താൽ സുഗ്രീവനായ്
കുനിയുന്നു, കടലിന്നു
ചിറയായാശ്ചര്യചിഹ്നം
കുറുകുന്നു, എഴുത്തച്ഛ-
നെരിയുന്നു, എഴുത്താണി
മാത്രം നീക്കം തുടരുന്നു
പനയോലക്കാതിൽനിന്നു
പടഹങ്ങൾ പടരുന്നു
പനയോല ഞരമ്പിലോ
പടയണി നരയുന്നു
പനയോലസ്സിരയമ്പു
പെയ്തു പെയ്തു തുടുക്കുന്നു
നിശ പത്തും പിടയ്ക്കുന്നു
വെളിച്ചത്തിൻ കൊട്ടുംചൂടിൽ
പനയോല
കരിയുന്നു.
പനയോലച്ചാമ്പലിന്മേ-
ലൊരുതുള്ളിക്കണ്ണീരിന്മേലെഴുത്തച്ഛനിരിക്കുന്നു
എഴുത്താണിത്തയമ്പാർന്ന
കൈപ്പടത്തിൽ തലതാങ്ങി-
യെഴുത്തച്ഛനിതാ പച്ചയ്ക്കിരിക്കുന്നു
എഴുത്താണി തപ്പിപ്പിടി-
ച്ചെട്ടുക്കുന്നു, ഉണങ്ങിയ
പനയോലത്താളിൽ സീത
തലകുനിച്ചിരിക്കുന്നു.
അവമതി സഹിയാഞ്ഞു
നിലവിളിച്ചലറുന്നു
അവളുടെ മാനം കാക്കാൻ
പനയോല
പിളരുന്നു.

എഴുത്തച്ഛനെഴുതുമ്പോൾ
സംഭവിപ്പതെന്തെന്നെനിക്കറിയാം:
എഴു, ത്തച്ഛനായ് മാറുന്നു
പിന്നെ, യച്ഛനെഴുത്തായും.

(1971)

# 6

## രൂപാന്തരം

അവൾ വന്നു, പൂത്ത
തുരുമ്പിൽ, ചാരത്തിൽ,
ഹരിതപാപത്തിൻ
സ്മൃതിവസ്ത്രങ്ങളിൽ:
ഉരുകും സായാഹ്നം
വിറച്ചുപെയ്യുമ്പോൾ,
ഉലകം മഞ്ഞയിൽ
പതഞ്ഞു മുങ്ങുമ്പോൾ
മഴ മുഖം താഴ്ത്തി-
ക്കമിഴ്ന്ന തേങ്ങുമ്പോൾ
നഖങ്ങൾ വാകമേൽ
ചുകന്നു നീളുമ്പോൾ
പഴകിത്തേഞ്ഞ തൻ
ജലകന്യാത്വത്തിൽ
ജഡംപേറി നഖ-
ക്ഷതം കൊളുത്തിയ
നിലാവെളിച്ചങ്ങ-
ളൊഴുക്കി,ച്ചാപല്യം
പകച്ചു മഞ്ഞച്ച
ഹൃദയം കൈത്തലം
നിവർത്തിയ ജല-
വരകളിൽത്താങ്ങി
മരുഭൂവായ്, മുകിൽ

പടംപൊഴിക്കുന്ന
ദിനത്തിൽ, ജീർണ്ണിച്ച
കദനങ്ങൽ മുഖ-
വരയുടെ മുഖ-
വുരകളിലാഴ്ത്തി
ഒരു കര തേടി,
ഒരു സുഗന്ധത്തിൻ
കൊതികൾ പൂവിടും
മറുകര തേടി
പുനർജനിയുടെ
രജനീരന്ധ്രങ്ങൾ,
സജലനേത്രത്തിൻ
തരുണവ്യോമങ്ങൾ
പദപരാഗത്തിൻ
ജരായുക്കൾ, ലജ്ജ
ജലത്തിനേകിയ
പളുങ്കുനോട്ടത്തിൻ
വെയിൽക്കരുണകൾ
മരിച്ചകാർകുന്തൽ
തഴുകുവാൻ, തളി-
രുണർത്തുവാൻ കുഞ്ഞി
മഴ വിരലുകൾ,
വിമോചനത്തിന്റെ
പകലുകൾ തേടി-
യവൾ വന്നു, ദുഃഖ
ഗുണനചിഹ്നമായ്
കരം കൂപ്പി, ച്ചോര
വിതുമ്പും മൗനത്തിൻ
തിരിയേഴും കണ്ണിൽ-
ക്കൊളുത്തി, ക്കണ്ണുനീർ-
പ്പറ കനലടി-
പ്പടികളിൽപൊലി-
ച്ചിടറി, പ്പാപത്തിൻ
ദുരന്വയങ്ങളിൽ
കനലിൻകാണ്ഡങ്ങൾ
ചൊരിഞ്ഞു, താപത്തിൻ

വിശുദ്ധവൈദ്യുതി-
യതിലവളാകെ-
യരുണതപ്തയായ്
ധവളതപ്തയായ്
ഉലഞ്ഞവൾ, മിന്നൽ-
ക്കൊടിയായ്, താഴെ വീ-
ണടഞ്ഞലിഞ്ഞവൾ
ഹിമസരിതയായ്
ഹിമചരിതയായ്

രണ്ട്

വരം ചൊരിഞ്ഞുതൻ
തിരുമിഴി തുറ-
ന്നുണർന്നപുത്രന്റെ
പദങ്ങളിൽ കൺകൾ
ചൊരിഞ്ഞിരിപ്പവ-
ളവളല്ലീയിവൾ.
'വിശുദ്ധമാതാവേ,'
നിലവിട്ട മകൻ
നിലവിളിക്കുന്നു
'വിശുദ്ധകന്യകേ'
'പൊറുക്കുകയെന്റെ-
യഹന്തകളമ്മേ!
മകൻ മകനായി-
ത്തളിരണിയുമ്പോൾ
മറിയത്തിനുള്ളിൽ
മറിയം പൂക്കുന്നു
ജലം വീഞ്ഞാക്കുവാൻ
കഴിയുമെല്ലാർക്കും
ജലം ജലമാക്കാ-
നെളുതല്ലെന്നെന്നെ-
പഠിപ്പിച്ചോരമ്മേ,
മകനിതാ നിന്റെ
തിരുവടികളിൽ
ഒലീവിലയെക്കാൾ,
ഇളങ്കാറ്റേക്കാളും

കുരുന്നാം കയ്യുകൾ
തൊഴുതു നിൽക്കുന്നു
മിഴികളിൽ ദുഃഖ-
പ്പൊലി, സൂര്യപ്പൊലി
ചൊരിഞ്ഞു നിൽക്കുന്നു,
ക്ഷമാപണത്തിന്റെ
കുരിശിൽ നീറുന്നു,
പൊറുക്കുക, മിഴി-
നിറ നിവേദ്യമായ്
ഹൃദയം കുന്തിരി-
ക്കമായ്, വിരലുകൾ
മെഴുതിരിയായി
നിലവിളിപ്പൂ ഞാൻ
വിനീതമീ ജന്മം
വഴിപാടായ് വെച്ചി-
ട്ടൊടുവിലെയത്താ-
ഴവുമുണ്ടു, പിതൃ-
കരുണയിൽ വീണ്ടു-
മുറങ്ങുവാൻ, മാതൃ
നയനത്തിൽനിന്നു
വിധുരചന്ദ്രനായ്
പൊഴിഞ്ഞുവീഴുവാൻ
ഒരുങ്ങിടുമ്പോളീ
മകന്റെ യുദ്ധിഗ്ന
വ്രണങ്ങളിൽ താര
കണങ്ങളിറ്റിക്കു
പുകഞ്ഞു തീരുന്ന
മകന്റെ ഭ്രമിതൻ
ക്ഷയങ്ങളിൽ സൂര്യ-
ഗണങ്ങൾ കത്തിക്കു.

(1972)

# 7

## കോഴിപ്പങ്ക്

എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
        പക്ഷേ, ക്കുർമ്പൻ കൊക്കെനിക്കു തരിൻ...
എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
        പക്ഷേ, ചെമ്പിൻപൂവെനിക്കുതരിൻ—കുന്നിക്കുരു-
        ക്കണ്ണെനിക്കുതരിൻ...
എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
        പക്ഷേ, പൊന്നിൻകാലെനിക്കുതരിൻ—എള്ളിൻപൂ-
        വിരലെനിക്കുതരിൻ—കരിമ്പിൻ
        നഖമെനിക്കുതരിൻ...
എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
        പക്ഷേ, തുടിയുടലെനിക്കുതരിൻ—ശംഖിൻ
        കുരലെനിക്കുതരിൻ—കുഴൽ
        ക്കരളെനിക്കുതരിൻ—തംബുരു-
        ക്കുടലെനിക്കുതരിൻ......
എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
        പക്ഷേ, നാക്കിലപ്പപ്പെനിക്കുതരിൻ—പൂക്കില-
        പ്പൂടയെനിക്കുതരിൻ—കൈതോല
        വാലെനിക്കുതരിൻ—തീപ്പൊരി-
        ച്ചേലെനിക്കുതരിൻ—പുത്തരി-
        യങ്കമെനിക്കുതരിൻ...
എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
        പോട്ടെ,
        കോഴിക്കൊമ്പു നിങ്ങളെടുത്തോളിൻ

പല്ലുനിങ്ങളെടുത്തോളിൻ
പൂവൻമുട്ട നിങ്ങളെടുത്തോളിൻ
മുലയും നിങ്ങളെടുത്തോളിൻ
എന്റെ കോഴിയെ നിങ്ങൾ പകുത്തോളിൻ
പക്ഷേ
എന്റെ കോഴിയെ മാത്രമെനിക്കു തരിൻ.

(1972)

# 8

## പ്രതിമകൾ

ഇന്ന് ഞങ്ങളുടെ മഹാകവിയുടെ പ്രതിമ
ഇതേ തെരുവിലൂടെ കടന്നുപോയി:
അക്ഷരവും അനക്കവും വറ്റിയ വെങ്കലച്ചുണ്ടുകൾക്കുമീതേ
രണ്ടീച്ചകൾ ഇണചേരുന്നു.
ചുഴികളും ചുഴലികളുമുണർത്തിയിരുന്ന ചൂണ്ടുവിരലിൽ
ഒരു കാക്ക വന്നിരുന്ന് നിർമലയായിത്തിരിച്ചുപോകുന്നു.
ഇതേ തെരുവിലൂടെയാണ്
പണ്ട്, ഞങ്ങളുടെ നാടുവാണരുളിയ പൊന്നുതിരുമേനിയുടെ
കരിങ്കൽപ്രതിമയും കടന്നുപോയത്.
ഇന്നദ്ദേഹം പഴയ ഗൗരവം വിടാതെ
നാൽക്കവലയിൽനിന്ന് ഗതാഗതം നിയന്ത്രിക്കുന്നു.
പിന്നെയും എത്ര ചക്രവർത്തിമാർ,
രാജ്യതന്ത്രജ്ഞന്മാർ, ജനനേതാക്കൾ
കലാകാരന്മാർ, സേനാപതികൾ
ഇതേ തെരുവിലൂടെ പ്രതിമകളായി എഴുന്നള്ളിക്കപ്പെട്ടു.
എല്ലാവരും
നഗരമന്ദിരങ്ങൾക്കു നോക്കുകുത്തികളായി മാറി.

പെട്ടെന്ന്,
ജീവനുള്ള എല്ലാറ്റിനെയും സ്പർശിച്ച് പ്രതിമയാക്കുന്ന
ഒരു ദുർമ്മന്ത്രവാദിനിയായി
സമയം എന്റെ മുമ്പിൽ വന്നു നില്ക്കുന്നു.

മരിക്കുക എന്നാൽ
ഒരു വെറും നോക്കുകുത്തിയായി മാറുക എന്നാണർത്ഥം.

(1973)

# 9

## സത്യവാങ്മൂലം

### ഒന്ന്

കൂട്ടരേ,
ഇനി എനിക്കു ചിലതു പറയാനുണ്ട്
സ്വാസ്ഥ്യം എന്തെന്നറിഞ്ഞിട്ടില്ലാത്ത എന്റെ മനസ്സ്
ഇന്നു സമുദ്രംപോലെ പ്രശാന്തമായിരിക്കുന്നു:
ജ്വരനൃത്തങ്ങൾക്കും പോർച്ചിരികൾക്കും മീതെ
പെട്ടെന്ന് ഒരു പച്ചയില വന്നു വീണതുപോലെ.

എന്റെ മനസ്സ് പലപ്പോഴും ഉന്മാദത്തിന്റെ വക്കിൽ
വട്ടമിട്ടു പറന്നിട്ടുണ്ട്.
മരണത്തിന്റെ തകിടികളിൽ ഒരു പുൽച്ചാടിയുടെ പച്ചയായ
പരിസരബോധത്തോടെ അതു ചാടിനടന്നിട്ടുണ്ട്.
ദർശനങ്ങളുടെ ഋതുഭേദങ്ങളാൽ
എന്റെ കൗമാരം പിച്ചിച്ചീന്തപ്പെട്ടിട്ടുണ്ട്.
ഇന്ന് പാടിപ്പെയ്തുപോയ പാട്ടുകളുടെ
മോടിയായ വൈപരീത്യം
ധൂർത്തന്റെ ഒഴിയാറായ മടിശ്ശീലപോലെ
എന്നെ ദീർഘവീക്ഷണം പഠിപ്പിക്കുന്നു
എന്റെ കഴിഞ്ഞുപോയ വേനലുകൾ അവയുടെ
അഗ്നിയിൽ എന്നെ ശുദ്ധീകരിച്ചിരിക്കുന്നു
മൗനത്തിന്റെയും മരണത്തിന്റെയും ഇരുണ്ട
തീരങ്ങളിൽനിന്നു

ഞാൻ പിന്നെയും ജീവിതത്തിലേക്കെറിയപ്പെട്ടിരിക്കുന്നു
ദാരിദ്ര്യവും ദുരിതവും ചേർന്നു കുഴിച്ചെടുത്ത
നിങ്ങളുടെ കണ്ണുകളിൽ
ഞാൻ പിന്നെയും എന്നെത്തന്നെ കണ്ടെത്തുന്നപോലെ.

പണിയെടുത്തു തയമ്പിച്ച കൈകളുള്ള
ഒരു കർഷകനായിരുന്നു എന്റെ അച്ഛൻ
കുട്ടിക്കാലത്തെന്നപോലെ അച്ഛന്റെകൂടെ ഇപ്പോഴും
ഞാൻ പുതുമണ്ണു കിളച്ചുമറിക്കുന്നു: വചനങ്ങളുടെ.
എന്നെങ്കിലും ഈ മണ്ണിൽ മുളയെടുക്കുന്ന
പച്ചപ്പിന്റെ അടിയിലെവിടെയോ
എന്റെ ഉപ്പിന്റെ ഒരു തുള്ളിയുമുണ്ടായേക്കാം
അതിലേറെ എന്താണു ഞാൻ നിങ്ങൾക്കു
വാഗ്ദാനം ചെയ്യുക കൂട്ടരേ,
വാഗ്ദാനങ്ങളാൽ നിരഹങ്കാരയാക്കപ്പെട്ട
ഈ ഭൂമിയിൽ?

രണ്ട്

നമ്മുടേത് ഒരു തുറുകണ്ണൻസമയമാണ്
എന്റെ ഒരു സഹപാഠി ആത്മഹത്യചെയ്തു.
രണ്ടു മിത്രങ്ങൾ വിഷം കഴിച്ചു
മൂന്നുപേർക്ക് ഇപ്പോഴും ഭ്രാന്താണ്
ഇതിൽക്കൂടുതൽ എനിക്കൊന്നുമറിഞ്ഞുകൂടാ
എന്നോടൊന്നും ചോദിക്കരുത്
നമ്മുടേത് ഒരു പ്രേതമുഹൂർത്തമാണ്
എന്റെ അച്ഛൻ ദൈവകാരുണ്യത്താൽ
വെള്ളമിറക്കാതെ ചത്തുപോയി
എന്റെ പെങ്ങൾ മരിക്കാനൊരുങ്ങി നാടുവിട്ടു.
എന്റെ അനിയൻ വിമോചനത്തെക്കുറിച്ചു
സംസാരിച്ചതിനു ജയിലിലാണ്
അവന്റെ അമ്മയും ഏട്ടനും ഇപ്പോൾ ഭ്രാന്താണ്
എനിക്കതിൽ കൂടുതലായി ഒന്നുമറിഞ്ഞുകൂടാ
എന്നോടൊന്നും ചോദിക്കരുത്
ചക്രവർത്തി നഗ്നനാണെന്നു വിളിച്ചുപറയുന്ന
പഴങ്കഥയിലെ കുട്ടിയാണു ഞാൻ
ഒരു വീട്ടിനുമുൾക്കൊള്ളാനാകാത്ത ഒരു മുറിയാണു ഞാൻ

ഒരു ശരീരത്തിലുമൊതുക്കാനാകാത്ത ഒരു മനസ്സാണു ഞാൻ
കരുത്തനായ ഒരു പുത്രനുവേണ്ടി
നിലവിളിക്കുന്ന ഗർഭപാത്രമാണു ഞാൻ.

മൂന്ന്

എനിക്ക് അമരത്വം വേണ്ട.
രൂക്ഷമായ വെറുപ്പുകളും
അതിലും രൂക്ഷമായ സ്നേഹങ്ങളുമുള്ള
ഒരു സാധാരണ മനുഷ്യനാണു ഞാൻ
തൊണ്ടയിടറുകയും കണ്ണു കലങ്ങുകയും ചെയ്യുമ്പോൾ
ഞാനെന്റെ വൃത്തവും പ്രാസവും മറന്നുപോകുന്നു
എന്റെ വൃത്തം ഓടയിൽ പെറ്റുവീണ കുഞ്ഞിന്റെ
നിലവിളിയുടെ വൃത്തമാണ്
എന്റെ പ്രാസം തടവറയിലെ കർഷകന്റെ
പകനിറഞ്ഞ പേശികളുടെ പ്രാസമാണ്
നമുക്ക് ആഡംബരങ്ങൾക്കും
വളച്ചുകെട്ടലുകൾക്കും നേരമില്ല
ലളിതമായ വാക്കുകൾ നാം പിന്നെയും
നിർത്തി നിർത്തി ഉച്ചരിക്കേണ്ടിയിരിക്കുന്നു
നമ്മുടെ ഈറയും ദുരയും പീഡനവും സ്വപ്നവുമെല്ലാം
ഈ നിമിഷത്തിലെറിഞ്ഞുരുക്കി
ഉറുമികൾ വാർക്കേണ്ടിയിരിക്കുന്നു
കവിത അഭയവും പ്രവർത്തനവുമാണ്,
വിതയും കൊയ്ത്തുമാണ്,
തേൻകൂടും മിഴാവും കടലും മുക്കുവനുമാണ്.

നാല്

കൂട്ടരെ, നാമാണ്
പഴയ ആനക്കഥയിലെ കുരുടന്മാർ
നമ്മുടെ തലയിണയിൽ വിഷം നിറച്ചുവച്ച്
നാം സ്നേഹമന്വേഷിക്കുന്നു
നമ്മുടെ കാൽക്കീഴിൽ ടൈംബോംബുകൾ പുകയുമ്പോൾ
നാം വാക്കുകൾ മറന്ന നടന്റെ ഭാഗമഭിനയിക്കുന്നു.
നാം രണ്ടു കണക്കുപുസ്തകം സൂക്ഷിക്കുന്നു.
രണ്ടു നാവുകൊണ്ടു സംസാരിക്കുന്നു

കാമുകന്റെ ചുംബനം കാമുകിയെ തടവറയിലാക്കുന്നു
ഭർത്താവു വിളക്കു കെടുത്തുന്നത്
ഭാര്യയുടെ കഴുത്തു ഞെരിക്കാനാണ്
അതിഥിമുറിയിലെ ചിരികൾക്ക്
ഒറ്റുകാശിന്റെ തിളക്കമാണ്
ഉദ്യാനത്തിലെ സൂര്യകാന്തികൾക്ക്
കുരുതിച്ചോരയുടെ ഗന്ധമാണ്
നമ്മുടെ പകലുകൾക്കിടയിലൂടെ ഒരു രാത്രി വളരുന്നു
നമ്മുടെ നിദ്രകൾക്കടിയിലൂടെ ഒരു സൂര്യനുദിക്കുന്നു.

## അഞ്ച്

സ്വാതന്ത്ര്യം നൊന്തുപെറ്റ കുഞ്ഞിനെ പൊരിച്ചു തിന്നുന്ന
അമ്മയുടെ അലമുറയിടുന്ന ഉദരമായി മാറുമ്പോൾ
നീതി, സത്യം പറയുന്ന ഹൃദയം തുളയ്ക്കുന്ന
വെടിയുണ്ടയായി മാറുമ്പോൾ,
മണി മുഴങ്ങുന്നു
നർത്തകിയുടെ ചിരി ഒരു ദംഷ്ട്ര മറച്ചുവയ്ക്കുമ്പോൾ
എഴുത്തുകാരനും ചിത്രകാരനും ജനങ്ങൾക്കു പിറകിൽ
ഒരു കത്തി കൈമാറുമ്പോൾ,
പള്ളിയും പള്ളിക്കൂടവും ന്യായക്കോടതിയും നിയമസഭയും
നേരു മറയ്ക്കുന്ന മതിലുകളുയർത്തുമ്പോൾ മണിമുഴങ്ങുന്നു
നഗരങ്ങൾക്കും മനസ്സുകൾക്കും തീപ്പിടിക്കുന്നു
മണി മുഴങ്ങുന്നു വസന്തം മുഴങ്ങുന്നു ഞാൻ പോകുന്നു
ദുരിതം കണ്ട രാജകുമാരൻ അവന്റെ ബോധിയിലേയ്ക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു
അസ്ത്രം അതിന്റെ ലക്ഷ്യത്തിലേയ്ക്ക്
ചോദ്യം അതിന്റെ ഉത്തരത്തിലേയ്ക്ക്
ഇല അതിന്റെ വൃക്ഷത്തിലേയ്ക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു

മത്സ്യം അതിന്റെ സമുദ്രത്തിലേയ്ക്ക്
പോകുന്നതുപോലെ ഞാൻ പോകുന്നു
കാലമാകുന്നു, ഞാൻ പോകുന്നു.

(1973)

# 10

## മഴയുടെ നാനാർത്ഥം

പുഴയിൽ വീണൊഴുകുന്ന മഴ
മാന്തോപ്പിലോടിക്കളിക്കുന്ന എന്റെ കൊച്ചുമകളാണ്
പളുങ്കുകാലുകളുമായി അവൾ തുള്ളിച്ചാടുന്നു
കൂട്ടംപിരിഞ്ഞ ഒരൊറ്റമുന്തിരിപോലെ ഉരുണ്ടുപോകുന്നു
ശൈശവംപോലെ തേങ്ങി മറയുന്ന
മേൽക്കൂരയിലെ മഴ,
മുളിപ്പറന്നുവന്നു കൂടുളുക്കുന്ന കടന്നൽക്കൂട്ടമാണ്.
പിന്നെ, അവ കുത്തേറ്റു പിടയുന്ന മുറ്റത്തു വീണു മുരളുന്നു.
പാറപ്പുറത്തെ മഴ പ്രവാചകന്റെ ശബ്ദമാണ്,
അത് ചിലമ്പുകുലുക്കി മന്ത്രംചൊല്ലി ഉറഞ്ഞുതുള്ളി
കരിമ്പാറമേൽ വാൾമുനകൊണ്ട്
മാന്ത്രികമായ കല്പനകൾ രൂപപ്പെടുത്തുന്നു.
ഇളവെയിലിൽ പെയ്യുന്ന മഴ
കാലൊച്ച കേൾപ്പിക്കാതെ വന്ന്
ചുണ്ടനക്കാതെ യാത്രപറഞ്ഞ്
പിന്നെയും ഭർത്തൃഗൃഹത്തിലേയ്ക്കു യാത്രയാവുന്ന
ഗ്രാമീണ വധുവാണ്:
പൊയ്ക്കഴിഞ്ഞിട്ടും അവളുടെ ഗൃഹാതുരത്വം വീട്ടുപടവുകളിൽ
മയിൽപ്പീലിക്കണ്ണുകളായി
തിരിഞ്ഞുനോക്കിക്കൊണ്ടേയിരിക്കുന്നു.
സന്ധ്യയിൽ, ഗന്ധർവന്മാർ മഴയുടെ
നേർത്ത ചില്ലുകുഴലിലൂടെ വന്നിറങ്ങുന്നു,
അവരുടെ തന്ത്രികളിൽ ഇന്ദ്രജാലങ്ങൾ പുഷ്പിക്കുന്നു.

നിലാവിൽ, മഴയുടെ കുഞ്ചിരോമങ്ങൾ തിളങ്ങുന്നു.
പനയോലപ്പുറത്തു കുളമ്പടികൾ കേൾക്കുന്നു,
തോരുമ്പോൾ മുറ്റത്തു മഴക്കുതിരയുടെ കുളമ്പടയാളങ്ങൾ
നമ്മെ അത്ഭുതപ്പെടുത്തുന്നു

ചില മഴകൾ ആലിൽത്തുമ്പിൽ വവ്വാലുകളായി തൂങ്ങിയാടുന്നു,
ചില മഴകൾ ദൂരെനിന്നു വരുന്ന
അതിഥിസംഘത്തിലെ കളിച്ചങ്ങാതികളെ
വെൺമാടത്തിൽനിന്നു നോക്കിനില്ക്കുന്ന
തുടുത്ത മുഖമുള്ള കൊച്ചുപെൺകുട്ടിയാണ്
നിലച്ചുകഴിഞ്ഞിട്ടും, മുതലപ്പുറത്തു സവാരിചെയ്യാൻ
കൊതിപിടിച്ച കുരങ്ങൻകാറ്റു കൊമ്പു പിടിച്ചുകുലുക്കുമ്പോൾ
അത്തിപ്പഴങ്ങളായി അടർന്നു വെള്ളത്തിൽ ചിതറുന്ന മഴകളുണ്ട്
ചുഴലിക്കാറ്റിൽ വട്ടപ്പാലം കറങ്ങി തലചുറ്റി വീഴുകയും
തണുപ്പൻകാറ്റും ചൂടൻസ്കൂൾകുട്ടികളുമൊത്ത്
ഓരിയിടികയും ചെയ്യുന്ന കുസൃതിമഴകളുമുണ്ട്.
ഇലഞ്ഞിപ്പഴം തിന്ന കുട്ടിയെപ്പോലെ കനത്ത മോണയുമായി
തിരിയാതെ കൊഞ്ചിപ്പറയുകയും
അസൂയക്കാരിയായ അയൽക്കാരിയെപ്പോലെ
വാതോരാതെ അപവാദങ്ങൾ പരത്തുകയും ചെയ്യുന്ന മഴകളെ
എനിക്കു പരിചയമുണ്ട്.
കോയമ്പത്തൂരിലെ ചെട്ടിച്ചിയെപ്പോലെ
ഉണക്കച്ചിരിയെറിഞ്ഞ്
പച്ചത്തെറി പറഞ്ഞു പരിഹസിച്ചു കുഴഞ്ഞു ക്ഷണിക്കുന്ന
ജമന്തിമണമുള്ള തേവിടിശ്ശിമഴകളും
ഇടിമിന്നലുള്ള രാത്രിയിൽ, മരിച്ചവരെപ്പോലെ ജനലിൽ വന്നു
തുറിച്ചുനോക്കി ഭയപ്പെടുത്തുന്ന പ്രേതമഴകളുമുണ്ട്.
മാൻകിടാവിനെപ്പോലെ കുന്നിൻനിറുകയിൽ
പുള്ളിവീഴ്ത്തി തുള്ളിക്കളിക്കുകയും
പച്ചത്തുള്ളനെപ്പോലെ പുല്ലിൻതുമ്പിൽ ചാടിത്തെറിക്കുകയും
കരടിക്കുട്ടികളെപ്പോലെ നിലത്തു വീണു കുട്ടിക്കരണം
മറിയുകയും ചെയ്യുന്ന ഉണ്ണിമഴകൾ,
ചെമ്പരത്തിയിതളിൽ ഊഞ്ഞാലാടുന്ന
ചുവപ്പുപാവാടയുടുത്ത കന്യാമഴകൾ,
ആദ്യത്തെ പ്രേമഭംഗത്തിൽ ചുവരിൽ മുഖമമർത്തിത്തേങ്ങുന്ന
കാമിനിമഴകൾ,

പേറ്റുനോവിൽ നഖംകൊണ്ടു തറകീറിപ്പൊളിക്കുന്ന
കുറിഞ്ഞിപ്പൂച്ചയെപ്പോലെ
അല തല്ലുന്ന തള്ളമഴകൾ,
വിറയ്ക്കുന്നചുണ്ടുകളാൽ
രാജകുമാരിയുടെയും രാക്ഷസന്മാരുടെയും
കഥകൾ പറഞ്ഞുതരുന്ന മുലളുങ്ങിയ മുത്തശ്ശിമഴകൾ:
ഇവരും എന്റെ പരിചയക്കാർതന്നെ.
എങ്കിലും എനിക്കേറ്റവുമിഷ്ടം
ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്ന ഈ പുതുമഴയാണ്.
കാരണം, ഈ പുതുമഴയ്ക്കു മാത്രമേ
വെളുത്തുള്ളിയെയും ഇലഞ്ഞിപ്പൂക്കളെയും ഇരട്ടിമധുരത്തെയും
യൂക്കാലിപ്റ്റസ്സു മരങ്ങളെയുംപോലെ
നാഡിയുടെ വേരുകളെ മൂന്നുനാഴിക വട്ടത്തിൽ
കിരുകിരുപ്പിച്ചു തുളച്ചുകയറുന്ന
ആ നിഗൂഢമായ ഗന്ധമുള്ളൂ
കാരണം, ഈ പുതുമഴയ്ക്ക് മാത്രമേ
നിനച്ചിരിക്കാതെ ഉയരക്കൊമ്പു കുലുക്കിപ്പറന്നിറങ്ങുന്ന
കിളിക്കൂട്ടത്തെപ്പോലെ ഭൂമിയുടെമേൽ വീണ്,
ഇല്ലായ്മപോലെ നേർത്ത പാട്ടുവിരലുകൾകൊണ്ട്
വേനലിന്റെ വിത്തുകളെ കിക്കിളിപ്പെടുത്തി
കണ്ണടച്ചുതുറക്കുംമുമ്പേ, ഓർമ്മപോലെ നനുത്ത
തത്തുവലുകളാൽ മണ്ണിനെ മൂടാൻ കഴിയുന്നുള്ളൂ

കാരണം,
പുതുമഴ,
മേഘങ്ങളുടെ പിളരുന്ന പളുങ്കുമേൽക്കൂരയ്ക്കു കീഴിൽ
വയലിനുകളുടെ ഒരു താഴ്വരയാണ്.

(1973)

# 11

## പനി

### ഒന്ന്

കൊച്ചുമകളുടെ പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്
പനിക്കുന്ന സായാഹ്നത്തിൽ
ഞങ്ങൾ പതിനായിരം വർഷങ്ങളുടെ
ഉഷ്ണദൈർഘ്യത്തേയും
വൻകരകളിൽ പടരുന്ന ഭ്രമികുലുക്കുന്ന പാട്ടുകളേയും[1]
സൂര്യനിലുരുക്കി വാർത്തെടുത്ത പാലസ്തീനിന്റെ
മദംപൊട്ടിയ പോർവിമാനങ്ങളെയും
ചിലിയുടെ തുടുത്ത ആകാശത്തിനും ഊറയ്ക്കിട്ട
കാറ്റുകൾക്കും കുറുകേ
പെട്ടെന്നു വീശിയ കഴുകൻനിഴലിനേയും
മിസ്സിസ്സിപ്പിയുടെ കരിമ്പുലികളുടെ
വരയൻകവിതകളെയും കുറിച്ച്
ഉറക്കെയുറക്കെ സംസാരിച്ചു.[2]
കുഞ്ഞിനെ ഉണർത്തരുതേ എന്ന അഭ്യർത്ഥനയുമായി
അതിനെപ്പെറ്റവളുടെ നീറ്റുന്ന മൗനം

---

1 മാവോയുടെ രണ്ടു കവിതൾ: 'പാടുന്ന ഭ്രമി കിടുകിടുക്കും/ഗാനങ്ങൾ ഈ നീൾത്തുരുത്തിലുള്ളോർ' ('ഭ്രമി കുലുക്കുന്ന പാട്ടുകൾ') 'കറങ്ങീടുന്നു പാരും വാനവും, കാലം നമ്മെ/യിനിയും മുന്നോട്ടേക്കു തള്ളുന്നു; അതിദീർഘം/പതിനായിരം വർഷം; പൂർണ്ണമായ് തന്നേ നമ്മൾ/അതിനാലുപയോഗിക്കേണമീദിവസത്തെ' (ക്വോ-മോജോയ്ക്കു മറുപടി).

2 ഇസ്രായേൽ–ഈജിപ്ത് യുദ്ധവും, ചിലിയിലെ പട്ടാള അട്ടിമറിയും, ചിലി തുകലിന്നു പ്രസിദ്ധമായതിനാൽ 'ഊറക്കിട്ട കാറ്റുകൾ', 'വരയൻ കവിതകൾ' ബ്ലാക് പാന്തർ പ്രസ്ഥാനത്തിലെ നീഗ്രോ വിപ്ലവകവികളുടെ രചനകൾ.

മുറി നിറഞ്ഞു നിന്നെങ്കിലും.

കൊച്ചുമകളുടെ പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്.

രണ്ട്

പനിയായിരുന്ന എല്ലായിടത്തും
മരുന്നുവില്പനക്കാരുടെ നീളൻനാവുകൾപോലും നിലച്ചിരുന്ന
അവർക്കും പനിയായിരുന്നല്ലോ.

മൂന്ന്

പനിക്കിടക്കയിൽ മുഖത്തോടുമുഖം നോക്കിയിരുന്നപ്പോൾ
ആ പഴയ നാളുകളെക്കുറിച്ച് നീ പിന്നെയും ഓർമ്മിപ്പിച്ചു:
വീട്, കുഞ്ഞുങ്ങൾ.
ആദ്യകാലസ്വപ്നങ്ങളുടെ അസ്പഷ്ടമർമ്മരം.
പക്ഷേ, ഞാൻ പറഞ്ഞു: 'നിർത്ത് ആ പഴയ പ്രണയകഥ
ഇത് ദുരിതങ്ങളുടേയും പടക്കോപ്പുകളുടെയും കാലം.'
'നീയൊരു തന്നിഷ്ടക്കാരനാണ്,
ക്രൂരതയിൽ കൊമ്പുമുളച്ച
കണ്ണു നെരിപ്പോടാക്കി കറപിറ എഴുതുന്ന ഒരു താന്തോന്നി'.

– അതെ, നീയാണേറ്റവും നല്ല വിധികർത്താവ്,
എന്റെ കുട്ടികൾ എന്നെ വെറുക്കും.
നോക്ക്, അറിഞ്ഞെന്നു നടിച്ചവർ നടിക്കാൻമാത്രം
അറിയുന്നവരായിരുന്നു
പനിയായിരുന്നു എല്ലാറ്റിനും:
മനുഷ്യർക്കും മരങ്ങൾക്കും നദികൾക്കും എല്ലാം.

നാല്

'എന്തുകൊണ്ട് നമ്മുടെ കവിതയും
പൊട്ടിത്തെറിക്കുന്ന കൃഷ്ണമണികളെപ്പോലെ
കറുത്തിരിക്കുന്നില്ല?
മെരുങ്ങാത്ത നയാഗ്രയെപ്പോലെ വനത്തിന്റെ ആഴങ്ങളിൽ
സിംഹഗാനങ്ങളാലപിക്കുന്നില്ല?
മഴക്കാലത്തെ ആമസോണിനെപ്പോലെ

ഉറക്കമില്ലാതെ ചുവന്നു വീർത്ത
മുഖവുമായി കുത്തിയൊലിക്കുന്നില്ല?'
– മധുരം കുറഞ്ഞ കാപ്പി മോന്തുന്നതിനിടയ്ക്ക് അവൻ ചോദിച്ചു.

എനിക്കൊന്നും പറയേണ്ടി വന്നില്ല,
ചുവരിൽ തൂങ്ങിയ ചിതൽ തിന്ന
ഭൂപടത്തിലേക്ക് കണ്ണയയ്ക്കുക മാത്രം;
ചരിത്രം ഒഴുക്കിക്കൊണ്ടുപോയ
അഴുക്കുകളെല്ലാം അടിഞ്ഞുകയറിയ
ആ ചെറിയ തുരുത്തിന്റെ
ജനനിബിഡമായ നിർജനതയിലേക്ക്.

ഇലകളിലിപ്പോഴും മഞ്ഞു വീഴുന്നുണ്ടോ എന്നു ചോദിക്കുന്ന
അതേ ലാഘവത്തോടെ 'നീ ഇപ്പോഴും
ഈ നാടിനെ സ്നേഹിക്കുന്നുവോ'
എന്നു ഞാൻ തിരിച്ചു ചോദിച്ചു.
'... പക്ഷേ, ഈ ഇന്ത്യയെയല്ല, ഈ എല്ലിൻതാഴ്വരയെയല്ല.'
ഈ ചിതയുടെ ആഴത്തിൽ,
അസ്ഥികളുടെ നഗരങ്ങൾക്കും ഓർമ്മതെറ്റിയ കുന്നുകൾക്കും
കൊട്ടാരമണികൾക്കുമടിയിൽ ഇനിയും കനലുകളോ?

പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്.

## അഞ്ച്

സ്നേഹം ഇക്കാണുന്നതൊന്നുമല്ല
കാട്ടുപന്നിയെ വേട്ടയാടാൻ കാടൻ കൂർപ്പിക്കുന്ന
കുന്തത്തിന്റെ മുനയിലെവിടെയോ ആണത്.
ഫ്യൂജിയാമയുടെ പനിക്കുന്ന ആത്മാവിലെവിടെയോ,
അല്ലെങ്കിൽ, ആൽപ്സിൽ, എവറസ്റ്റിൽ,
ഗാഗുൽത്തായിലായിക്കൊള്ളട്ടെ[3]
ഈ തുവൽക്കണ്ണുനകൾ,
കിളുന്തു വിരലുകൾ, കൊച്ചുമുലഞെട്ടുകൾ,
ഹായ്, ഇതാണ് ഏറ്റവും സാന്ദ്രമായ വനം

3 ഫ്യൂജിയാമ; ജപ്പാനിലെ അഗ്നിപർവ്വതം, ആൽപ്സ്-യൂറോപ്യൻ ഗിരിനിര, ഗാഗുൽത്താ-യേശു ക്രൂശിക്കപ്പെട്ട മല.

ഏറ്റവുമുയർന്ന പർവതം, ഏറ്റവും കട്ടികൂടിയ സമുദ്രം?

കൊച്ചു മകളുടെ പൊള്ളുന്ന പനിക്കിടക്കയിലിരുന്ന്.
പനിക്കുന്ന സായാഹ്നത്തിൽ,

## ആറ്

കൊട്ടാരം വിട്ടിറങ്ങിത്തിരിക്കുന്ന രാജകുമാരനെ
തിരിച്ചുവിളിക്കരുത്.
രോഗവും ദാരിദ്ര്യവും മരണവും
അവനെ ആൽച്ചുവട്ടിലേയ്ക്കു വിളിക്കുന്നുവെങ്കിൽ മാത്രം
ആ ആലിൻപൊത്തിൽ വിഷം പുരട്ടിയ
ഒരമ്പു കൊണ്ടുവച്ചേക്കുക:
ദുഃഖത്തെ എയ്തുവീഴ്ത്താനാവുന്നില്ലെങ്കിൽ
അവൻ അവനെത്തന്നെയെങ്കിലും എയ്തുവീഴ്ത്തി
ലോകത്തെ മുണ്ഡനത്തിൽനിന്നു മോചിപ്പിക്കട്ടെ.

(1973)

## 12

### തേക്കിൻകാട്ടിലെ തെരുവുചിത്രകാരൻ

തേക്കിൻകാടു മൈതാനിയുടെ തെക്കേത്തെരുവിലെ
അതേ ചിത്രകാരൻതന്നെ. അതേ, അയാൾ.
അയാൾ ചെങ്കല്ലും കരിയുമുപയോഗിച്ചു
ദിവസവും വരച്ചിടുന്ന കോലങ്ങൾ
എന്നെ ഈയിടെയായി വല്ലാതെ അമ്പരപ്പിക്കുന്നു.

ആദ്യമാദ്യം അയാൾ വരച്ചിരുന്നത്
സൗമ്യമായ ചിത്രങ്ങളായിരുന്നു.
ആ പുൽത്തകിടിയിൽ ചേക്കേറുന്ന
വൈകുന്നേരങ്ങളെപ്പോലെ സൗമ്യം:
താമരയിതളുകളുടെ ലക്ഷ്മി. ഓടക്കുഴലിന്റെ ഉണ്ണി.
പട്ടാഭിഷേകം കഴിഞ്ഞ രാമൻ.
ഒരു നരസിംഹത്തെയോ രുദ്രനെയോ
ഖഡ്ഗിയെയോ വരയ്ക്കാനാവാത്ത
ആ വിരലുകളുടെ മൃദുലതയെക്കുറിച്ച് അന്നൊക്കെ
ഞാൻ അത്ഭുതപ്പെട്ടിരുന്നു.

പിന്നെപ്പിന്നെ അയാളുടെ ചിത്രങ്ങളിൽ
കറുപ്പും ചുവപ്പും കൂടി വന്നു.
വെള്ള, പച്ച, നീല, മഞ്ഞ-
എല്ലാം അയാൾ ഒന്നൊന്നായി ഉപേക്ഷിച്ചു.
ഇപ്പോൾ അയാൾ വരയ്ക്കുന്ന ചിത്രങ്ങൾക്ക്
തേറ്റയും വാളും വാളിൽനിന്നിറ്റുവീഴുന്ന രക്തവും

കയ്യിൽ ദാരികന്റെ ശിരസ്സും
നിറത്തിൽ തരിക്കുന്ന ഊറ്റവുമുണ്ട്.
ദുർഗ്ഗ ദുർഗ്ഗ ദുർഗ്ഗ എന്നും അയാൾ ഇതേ ചിത്രം
വരയ്ക്കുന്നു, മായ്ക്കുന്നു, വീണ്ടും വരയ്ക്കുന്നു.
അയാൾ ഒരക്ഷരം ഉരിയാടുന്നില്ല.
'ഇന്നു ദുർഗ്ഗാപൂജ' എന്ന് ചിത്രത്തിനുചുവട്ടിൽ
എഴുതിയിടുക മാത്രം

മുങ്ങിച്ചാവുന്നവന്റെ ഓർമ്മയിലെന്നപോലെ
പിന്നെയും പിന്നെയും
ആ ചിത്രകാരന്റെ മൂകമായ തുറിച്ചുനോട്ടം, ഒട്ടിപ്പോയ വയറ്,
വളർന്ന മുടി, തീപ്പാറുന്ന കണ്ണ്, ദുർഗ്ഗയുടെ മുഖം,
ദാരികന്റെ ശിരസ്സ്.
വാളിൻചുണ്ടിലെ ചോര, എട്ടു കൈകളുടെ ദിഗ്ഭ്രമണം...

അയാളാവിഷ്കരിക്കുന്നത് അയാളുടെ
കൊച്ചാത്മാവു മാത്രമായിരുന്നുവെങ്കിൽ
കവിതയെ എന്നപോലെ എനിക്കതവഗണിക്കാമായിരുന്നു

പക്ഷേ എനിക്കറിയാം,
ഇന്നയാളാവിഷ്കരിക്കുന്നത് ചരിത്രമാണ്,
ചരിത്രത്തിന്റെ തീരാത്ത പക,
ഒടുങ്ങാത്ത പ്രതികാരം.

(1973)

# 13

## ആശുപത്രി

### അഞ്ചാം നമ്പർ വാർഡ്

അഞ്ചാം നമ്പർ വാർഡിലൂടെയാണ്
ഭ്രൂമദ്ധ്യരേഖ കടന്നുപോകുന്നത്.
ഇവിടെയിരുന്ന് രോഗി
ഉഷ്ണമേഖലയും ശീതമേഖലയും കാണുന്നു.
മുറിച്ചു മാറ്റപ്പെട്ട ഒരു ചെവിയാണ് ഈ മുറി.
ഇതിലൂടെ അവൻ
നിലവിളികളും പൊട്ടിച്ചിരികളും കേൾക്കുന്നു.
മണൽക്കുന്നു കയറാൻ വിധിക്കപ്പെട്ട തടവുകാരെപ്പോലെ
അവന്റെ കുഴഞ്ഞ ചിന്തകൾ
വീണ്ടും വീണ്ടും മനസ്സിൽ പിടിച്ചുകയറുന്നു.

അഞ്ചാം നമ്പർ വാർഡിലെ രോഗി ഉറങ്ങുന്നില്ല.
അവന്റെ താപനിലയുടെ ചാപല്യങ്ങൾ
ഡോക്ടർമാർക്കും മനസ്സിലാക്കാൻ കഴിയുമെന്നു തോന്നുന്നില്ല.
ഒരു നിമിഷം അവൻ അരയാൽത്തണലിലിരുന്ന്
സംസാരദുഃഖങ്ങളുടെ കാരണം തിരക്കുകയാണ്
അടുത്ത നിമിഷം അവൻ ഒരു നീഗ്രോവിപിനത്തിൽ
സ്വേച്ഛാധിപതികൾക്കെതിരായ
ഗൂഢാലോചനയിൽ പങ്കെടുക്കുന്നു
അവന്റെ ഹൃദയത്തിന്റെ വലതുഭാഗം ഒലീവിൻ കുന്നിൽ
പാനപാത്രം തിരിച്ചേല്പിക്കുകയാണ്

ഇടതുഭാഗം അപ്പോൾ ഒരു സ്പാനിഷ്താഴ്വരയിൽ
ഫാസിസത്തിന്റെ വെടിയുണ്ടയേറ്റു ചോരയൊലിക്കുന്നു.
ഇപ്പോൾ അവൻ മേരുവിന്റെ ഗുഹയിലിരുന്ന്
ലോകത്തെ മുഴുവൻ സ്നേഹിക്കുവാൻ പഠിക്കുകയാണ്
ഇപ്പോഴിതാ പെറുവിയൻ രാത്രിയിലിരുന്ന്
സാമ്രാജ്യത്വത്തിന്നെതിരെ തോക്കു നിറയ്ക്കുന്നു.
ഇന്ത്യയിലെ ഖനിവേലക്കാരോടൊപ്പം
കൽക്കരി കോരിക്കഴിഞ്ഞ് അവൻ
ഒരു മംഗോളിയൻ വസന്തനൃത്തത്തിൽ
ഗ്രാമീണരോടൊത്തു ചുവടുവെയ്ക്കുന്നു
അങ്ങിനെയാണവൻ ഇടയ്ക്കിടയ്ക്കു വിയർക്കുന്നത്.

കത്തിമുനയിലൂടെ നടക്കുമ്പോഴെല്ലാം
ആനന്ദത്തിന്റെ രഹസ്യമെന്താണെന്ന്
അവൻ സ്വയം ചോദിച്ചിട്ടുണ്ട്
കൗമാരപ്രണയത്തിന്റെ അസംസ്കൃത സംഗീതമാണോ
അവിഹിതവേഴ്ചയുടെ ഭീതിനിറഞ്ഞ
രഹസ്യസംതൃപ്തിയാണോ
ഇണയുടെ അടിവയറ്റിൽ സ്വന്തം നിഴലിന്റെ
സ്പന്ദനത്തിനു ചെവിചേർത്തുള്ള കിടപ്പാണോ
ശ്മശാനത്തിലുമൊതുങ്ങാത്ത
തൃഷ്ണയുടെ നിരന്തര ജ്വലനമാണോ
മമതയെന്നു മനുഷ്യർ ഓമനപ്പേരിട്ട
കൊച്ചുകൊച്ചു സ്വാർത്ഥതകളാണോ
സമ്പത്തെന്നു തെറ്റിദ്ധരിക്കപ്പെട്ട നാണയങ്ങളുടെ
വഞ്ചിക്കുന്ന തിളക്കമാണോ
സ്ഥാനലബ്ധികളുടെ ക്ഷണികാഹങ്കാരങ്ങളാണോ
സ്ഥിതപ്രജ്ഞന്റെ നിഷ്കാമകർമ്മത്തിന്റെ
യശസ്സാണോ
ജന്മങ്ങളും വാസനകളുമവസാനിച്ച ആത്മാവിന്റെ
അന്തമറ്റ രാത്രിയാണോ?

ആനന്ദത്തിന്റെ രഹസ്യമെന്താണെന്ന്
അവൻ സ്വയം ചോദിച്ചിട്ടുണ്ട്.
മൂടൽമഞ്ഞുവീണ ആകാശം നോക്കി അവൻ
നോക്കും വാക്കും മനസ്സുമെത്താത്ത

പൊരുളിനെക്കുറിച്ചു ചിന്തിച്ചു നോക്കിയിട്ടുണ്ട്
എന്നാൽ അവനു ബ്രഹ്മസാക്ഷാത്കാരം കൈവന്നില്ല
ബന്ധങ്ങൾ അവനു സമ്മാനിച്ചത് ദുഃഖം മാത്രമായിരുന്നു
അവൻ സ്നേഹിച്ചവർ മറ്റാരേയോ സ്നേഹിച്ചു
അവനെ സ്നേഹിച്ചവർ അവന്റെ സ്നേഹം കിട്ടാതെ മരിച്ചു
അവൻ എപ്പോഴും താൻ എന്തായിരുന്നുവോ
അതല്ലാതാവാൻ കൊതിച്ചു
കുറെക്കാലം അവൻ മരിക്കുന്ന മനുഷ്യന്റെ
വിധിയോർത്തു കരഞ്ഞു
പിന്നീട് ജീവിക്കുന്ന മനുഷ്യരുടെ
വിധിയോർത്തു ക്ഷോഭിച്ചു

വഴികാട്ടുന്ന നക്ഷത്രങ്ങൾ പൊലിഞ്ഞുപോയതറിഞ്ഞ്
അവനിപ്പോഴും കഥയിലെ മരങ്കൊത്തിയെപ്പോലെ
മുങ്ങാത്ത കപ്പലിനു പറ്റിയ മരം തേടി
മരത്തിൽനിന്നു മരത്തിലേയ്ക്കു ചാടിച്ചാടി നടക്കുന്നു
കൊത്തിക്കൊത്തി നടക്കുന്നു.

## ആൻഡ്രോക്ലിസ്സും സിംഹവും

പഴയ രക്ഷിതാവിനെ കണ്ടയുടൻ
സിംഹം ചുണ്ടു നനച്ച് രണ്ടു കാലിൽനിന്ന്
അവനെ ആശ്ലേഷിച്ച് ചെവിയിൽ സ്വകാര്യം പറഞ്ഞു:
'ദയാനിധിയായ ആൻഡ്രോക്ലീസ്[1]
ഒരിക്കൽ നീയെന്റെ ജീവൻ രക്ഷിച്ചു
അതിനെനിക്കു നന്ദിയുണ്ട്.
ഇതാ ഞാൻ നിനക്കൊരവസരം കൂടിത്തരുന്നു
ഞാൻ വിശപ്പുകൊണ്ടു മരിക്കുകയാണ്
ഈ ദേഹം ആൻഡ്രോക്ലിസ്,
ഇതെത്ര അപ്രധാനം, അസ്വച്ഛം, അപഹാസ്യം,
അനശ്വരനായ ആത്മാവ്
മോക്ഷത്തിന്നായിക്കുതറുമ്പോൾ
ക്ഷുദ്രമായ ഈ ശരീരത്തിന്റെ മരണത്തിൽ

1 പ്രാചീന റോമിൽ സിംഹത്തിനെറിഞ്ഞുകൊടുക്കപ്പെട്ട ആൻഡ്രോക്ലീസ് എന്ന് ക്രിസ്ത്യാനിയെ തന്റെ പൂർവ്വരക്ഷകനായി തിരിച്ചറിഞ്ഞ സിംഹം ഉപദ്രവിക്കാതെ വിടുന്നു. 'ആൻഡ്രോക്ലീസും സിംഹവും' എന്ന ബെർണാഡ് ഷായുടെ നാടകവും ഓർക്കുക.

ഖേദിക്കാനെന്തിരിക്കുന്നു?
അതിനാൽ, കൊഴുപ്പുനിറഞ്ഞ ആൻഡ്രോക്ലിസ്,
മരിക്കാനൊരുങ്ങിക്കൊള്ളുക:
ഇതാ ഞാൻ നിന്നെ തിന്നുകയാണ്.'

## അന്ത്യസന്ദേശം

(പോൾ സെലാൻ വായിക്കുമ്പോൾ)

ഇതാ ഒരു കവി:[2]
നാസികൾ കിറുക്കൻ കണ്ണുകളുള്ള ഈ ജൂതന്
കാര്യം പ്രയാസമാക്കിക്കൊടുത്തു
തടവിൽക്കിടന്ന് ഇയാൾ
അച്ഛനും അമ്മയും കരിയുന്ന മണം ശ്വസിച്ചു
ഏകാന്തതയിൽ ആരോ ലോകത്തെ
അലക്കിവെളുപ്പിക്കുന്ന ശബ്ദം കേട്ടു.
ആരെങ്കിലും പെറുക്കിയെടുത്തേക്കാമെന്ന പ്രതീക്ഷയോടെ
നിഗൂഢമായ പാട്ടുകൾ കുപ്പിയിലാക്കി
കടലിലൊഴുക്കിവിട്ടു
നക്ഷത്രങ്ങളിൽ മടങ്ങിവരാത്ത അമ്മയുടെ
സ്വർണ്ണമുടി കണ്ടു
ചൂളമരങ്ങളുടെ കാറ്റിൽ അവളുടെ തേങ്ങലോർമ്മിച്ചു
ഗ്രീഷ്മത്തിനും ശിശിരത്തിനുമിടയിൽ
പ്രണയശയ്യ വിരിച്ചു
വസന്തത്തിൽ കാമുകിക്ക് ഒരു ശവമഞ്ചം
സമ്മാനമായി അയച്ചു.
രാത്രിതോറും മരണം ജർമ്മനിയിൽനിന്ന്
ബെൽറ്റും തോക്കും തൊപ്പിയുമായി
നായ്ക്കളെയുംകൊണ്ടു നടക്കാനിറങ്ങുന്നതു സ്വപ്നം കണ്ടു
സ്മരണയുടെ കൊടി പകുതി താഴ്ത്തിക്കെട്ടി
പട്ടുനൂലും ഹേമന്തവും ശൂന്യതയും ചേർത്തു നെയ്ത
വാക്കുകളെ ഇരുണ്ട വാൾട്സ് പഠിപ്പിച്ചു
പിന്നെപ്പിന്നെ വാക്കുകളുടെ അപര്യാപ്തതയറിഞ്ഞ്
മൗനത്തിന്റെ പരലുകളിൽ
ആത്മാവിന്റെ തിളക്കം ദർശിച്ചു

[2] പോൾ സെലാൻ: 1960-ൽ ആത്മപീഡനം സഹിക്കാതെ ആത്മഹത്യ ചെയ്ത ജർമ്മൻ യഹൂദ കവി.

ദൈവത്താൽ തിരസ്കരിക്കപ്പെട്ട്
മനുഷ്യരാൽ മനസ്സിലാക്കപ്പെടാതെ
പ്രപഞ്ചത്തിന്റെ ദുർഗ്രഹതയെപ്പഴിച്ച്
ഒരു ദിവസം ഏപ്രിൽ മഴയുടെ
തളിരുണർത്തുന്ന വിളിയറിഞ്ഞു
ഭൂമിയുടെ, നിവാസയോഗ്യമായി അവശേഷിച്ച
ശകലം ഉള്ളങ്കയ്യിലെടുത്ത്
ജീവിതമാണു നമ്മുടെ ഒരേയൊരഭയമെന്നെഴുതിയിട്ട്
മനുഷ്യവർഗ്ഗത്തിന്റെ മറുവശത്തെ പാട്ടുകൾ കേൾക്കുവാൻ
മരണത്തിലേയ്ക്കു നടന്നുപോയി

നിങ്ങളുടെ പടവാൾസിദ്ധാന്തം
ഉറയിൽത്തന്നെ കിടക്കട്ടെ
ഇയാൾക്കു പ്രതികാരം ചെയ്യാൻ തോന്നിയത്
ഇങ്ങിനെയായിരുന്നു.
ഒരു കവിയുടെ ആത്മഹത്യ
അയാളുടെ അവസാനത്തെ കവിതയാണ്
പ്രത്യയശാസ്ത്രങ്ങൾ സഹായകരമാണ്
എങ്കിലും ചിലപ്പോൾ സത്യം അതിലേറെ
സഹായകരമാണ്.
ജീവിതം നല്ലതാണ്
എങ്കിലും ചിലപ്പോൾ, ചിലർക്ക്,
മരണം അതിനെക്കാൾ നല്ലതാണ്.

## വൈരുദ്ധ്യം

രാവിലെ ഞാൻ കിളികളുടെ പാട്ടിന് കാതോർക്കുന്നു
　　അടുത്ത വാർഡിലെ ഹൃദ്രോഗിയുടെ
　　അവസാനത്തെ നിലവിളി കേൾക്കുന്നു
ഉച്ചയ്ക്ക് ഞാൻ സുഹൃത്തിന്റെ കത്തുമായി വരുന്ന
　　പോസ്റ്റ്മാനെ നോക്കിയിരിക്കുന്നു
　　ചവർപ്പുറ്റ മരുന്നുകളുടെ കുറിപ്പടിയുമായി
　　ഡോക്ടർ കയറിവരുന്നു
വൈകുന്നേരം ഞാൻ ഓറഞ്ചുമായി വരുന്ന
　　ഭാര്യയെ കാത്തിരിക്കുന്നു
　　ഇരുണ്ട ഏകാന്തത ഒച്ച കേൾപ്പിക്കാതെ
　　മുറിയിലെത്തുന്നു

സന്ധ്യയ്ക്ക് ഞാൻ ദൈവത്തെ കാത്തിരിക്കുന്നു
വഴക്കിട്ടു തലപൊട്ടിച്ച ഒരു കുടിയൻ
തെറിപറഞ്ഞു കടന്നുവരുന്നു
രാത്രി ഞാൻ മരണത്തെക്കാത്തിരിക്കുന്നു
കൊച്ചുമകൾ എനിക്കൊരു
ആപ്പിൾക്കഷണം നീട്ടുന്നു.

## പ്രണയഗാനം 1975

(കെ.സി.എസ്സിന്)

ശസ്ത്രക്രിയയ്ക്കിടയ്ക്കോർമ്മ തെളിഞ്ഞൊരു
മസ്തിഷ്കരോഗിതൻ ഞെട്ടിക്കരച്ചിൽ പോ-
ലെത്തിയതെന്തിനെൻ നിദ്രയിലേയ്ക്കു നീ?
പ്രജ്ഞമുട്ടിക്കുന്നൊരീഥറിൻ കൂടാര-
മെത്തി, ഉഴുതിട്ട കന്നിമണ്ണിൻ വെറി
കത്തുന്ന ഗന്ധം പരത്തിയെന്തിന്നു നീ?
പണ്ടെൻ പവിത്രമാം ചുണ്ടിനാൽ പാടുന്ന
നിന്റെ കൺനീലിമ കൂട്ടാൻ കൊതിച്ചു ഞാൻ
പണ്ടെൻ തലയിണക്കീഴിൽ ഞാൻ സൂക്ഷിച്ചു
നിന്റെ ഹൃദയം ഉറക്കുമക്കങ്ങൾ പോൽ
തിന്മ പുരളാത്തതായ് ചില വാക്കുകൾ
ഇപ്പോൾ കറുത്ത കാമത്തിലെൻ ചുണ്ടെന്റെ
വാക്കുകളൊക്കെയും വേശ്യാത്തെരുവിന്റെ
പാട്ടുകളായ്, കൊട്ടും സ്വാർത്ഥതയാൽ വട്ടു-
ക്കെട്ടീ മന,സ്സിടമില്ലീചെറു ശവ-
പ്പെട്ടിയിൽ പൂവിനും പ്രേമഗാനത്തിനും.
ശുദ്ധമായുള്ളതീ മൗനം: ഇതും അവി-
ശുദ്ധമാക്കല്ലേ ചിറകടികൊണ്ടു നീ.
പാടരുതിന്നു തടവറമുറ്റത്തു
പാടുന്ന മൈനയെപ്പോലെ നീ, പൊയ്പ്പോയൊ-
രാകാശമോർമ്മയിൽ വീണ്ടും പിറക്കുവാൻ.
പോകൂ, ശിരസ്സിൽ ഹിമക്കട്ട വെച്ചൊരു
രോഗി തന്നുഗ്രജ്ജ്വരമിറങ്ങുംപോലെ
പോകൂ, പിറുപിറുപ്പില്ലാതെനിക്കിന്നു
കേട്ടുതീർക്കേണം വലിയമുത്തച്ഛന്റെ
കാലിനാൽത്തേഞ്ഞ മെതിയടി; ചത്തപുൽ-

ച്ചാടിതൻ നിത്യശാന്തിക്കു പ്രാർത്ഥിക്കണം,
പാലു കൊടുക്കണം പാമ്പിന്, തീരാത്ത
പാഠം തുടങ്ങണം, പേപ്പട്ടിതൻ പല്ലു
കീറിയ കാലത്തെയൊന്നിച്ചു തയ്ക്കണം.
പോവുകതിനാൽ മറവിതൻ ചേറാണ്ട
കായലിലാഴ്ക വീണ്ടും, ഒഫീലിയാ![3]

## ബെർതോൾട് ബ്രെഹ്റ്റും ഗൗതമബുദ്ധനും

അന്നു വൈകുന്നേരം കവിയും നാടകകൃത്തുമായ
ബെർതോൾട് ബ്രെഹ്റ്റ്,[4]
അകാല്പനികനായ മുടി തലോടി
പതിവുപോലെ ഗൗതമബുദ്ധനോട്
ചില ചോദ്യങ്ങൾ ചോദിച്ചു:
"പ്രഭോ, അങ്ങ് സിദ്ധാർത്ഥനാണ്
പ്രാപഞ്ചിക ദുഃഖത്തിന്റെ പൊരുളറിഞ്ഞ്
നിർവാണരഹസ്യമുപദേശിച്ച സർവദമനനാണ്
തൃഷ്ണാപീഡിതനായ ഈ സംസാരിയുടെ
സംശയങ്ങൾ പൊറുത്താലും.
ഇറങ്ങിത്തിരിക്കാൻ കൊട്ടാരങ്ങളോ
തപസ്സിരിക്കാൻ തണൽമരങ്ങളോ
തത്ത്വവിചാരംചെയ്യാൻ ഒഴിവുവേളകളോ ഇല്ലാത്ത
നിസ്വരായ മനുഷ്യർ രാവും പകലും
കഠിനാദ്ധ്വാനം ചെയ്യുന്നു
എന്നിട്ടും അവർക്ക് കർമ്മാനുഷ്ഠാനത്തിനുള്ള
ശരീരം നിലനിർത്താനാവുന്നില്ല.
മുതലാളിത്തത്തിന്റെ ലോഭം
ഗ്രാമങ്ങളിൽ ദാരിദ്ര്യമായിപ്പടരുന്നു
അതിന്റെ മോഹം മയക്കുമരുന്നും കപടഭക്തിയുമായി
വായുവിൽ വിഷം കലർത്തുന്നു
സാമ്രാജ്യത്വത്തിന്റെ ക്രോധം
നഗരങ്ങളിൽ ബോംബു വർഷിക്കുന്നു
അതിന്റെ കാമം കപ്പലിറങ്ങി

---

[3] ഷേക്സ്പിയറിന്റെ 'ഹാംലെറ്റ്' നാടകത്തിലെ രാജകുമാരന്റെ ഉന്മാദിനിയായ വധു, തടാകത്തിൽ ചാടി ആത്മഹത്യ ചെയ്യുന്നു.

[4] ബേർതോൾട് ബ്രെഹ്റ്റ് (1898–1956), ജർമ്മൻ കവി, നാടകകൃത്ത്, മാർക്സിയൻ സൗന്ദര്യമീമാംസകൻ

കുടിലുകളിൽ തീരാവ്യാധി വിതയ്ക്കുന്നു.

പ്രഭോ, വിശന്നുമരിക്കുന്ന കുഞ്ഞിന്നുമുമ്പിൽ
നാലു ഗുണങ്ങൾക്കും എട്ടു മാർഗങ്ങൾക്കും[5]
പ്രസക്തിയെന്താണ്?
ചൂഷണത്താൽ സ്വത്വം നഷ്ടപ്പെട്ട ജനതകളെ
അങ്ങയുടെ നിശ്ശൂന്യതയ്ക്കു
പ്രലോഭിപ്പിക്കാനാവുന്നതെങ്ങിനെ?
പൊള്ളലേറ്റു മരിക്കുന്ന സൈനികനെ
അഗ്നിസൂക്തം എങ്ങിനെ ആശ്വസിപ്പിക്കാനാണ്?
പുതിയ കാലത്തിന്
പഴയ ഉത്തരങ്ങൾ തികയുന്നില്ല.
ഉത്തരങ്ങളൊന്നും ശാശ്വതമല്ലെന്ന്
ഇവനു തോന്നിപ്പോകുന്നു."
കവിയുടെ വാഗ്ധാടിയിൽ ചെറുതായി പുഞ്ചിരിച്ച്
മൗനം മുറിച്ചു ശ്രീബുദ്ധൻ:
"മദയാനയുടെ ചെവിയിൽ
അഹിംസാരഹസ്യമുപദേശിക്കാൻ കയറിയ
ജീവകമുനിയുടെ കഥ നീ കേട്ടിട്ടില്ലേ?
ഒടുവിൽ അദ്ദേഹത്തെ കൊമ്പിൻമുനയിലെ
നിർവാണത്തിൽനിന്നു രക്ഷിക്കാൻ
ഒരു വേടൻ വേണ്ടിവന്നു.
വേദപാരംഗതനായ ജീവകൻ
വ്യാവഹാരികനായ വേടനിൽനിന്ന്
അതിജീവനത്തിന്റെ രഹസ്യമഭ്യസിച്ചു.
പ്രാണിപരിണാമത്തിന്റെ
സത്യമറിഞ്ഞ വിവേകികളോ,
അതിജീവനത്തിന്നായുള്ള മഹാപ്രസ്ഥാനങ്ങളിലും
ചരിത്രത്തിന്റെ മുന്നേറ്റങ്ങളിലും
തരിമ്പും പരിഭ്രമിക്കുന്നില്ല.
ഉത്തരങ്ങളെക്കുറിച്ചു നീ പറഞ്ഞതിൽ
കുറേ സത്യമുണ്ട്.
അവ പ്രജാപതിയുടെ 'ദ' പോലെയാണ്[6]

---

[5] നാലു ഗുണങ്ങൾ: മൈത്രി, കരുണ, മുദിതം, ഉപേക്ഷ, എട്ടു മാർഗങ്ങൾ: (ശരിയായ) വീക്ഷണം, നിശ്ചയം, വാക്ക്, കർമ്മം, ഉപജീവനം, പ്രയത്നം, ശ്രദ്ധ, സമാധി, ('ധർമ്മപദം').

[6] ബൃഹദാരണ്യകോപനിഷത്ത്: 'ദ'യ്ക്ക് ദേവന്മാർ നൽകുന്ന വ്യാഖ്യാനം ദാനം, ദയ, ദമനം എന്നാണ്.

അവയുടെ അർത്ഥം ചോദ്യങ്ങൾക്കൊപ്പം മാറുന്നു
നൽകിയവർക്ക് അവ
വ്യാഖ്യാനിക്കാനവകാശമില്ല
കവികൾ സ്വന്തം കാവ്യം വ്യഖ്യാനിക്കാറില്ലല്ലോ."

(1975)

# 14

## നാവുമരം

നടവഴിയിൽ നാലുകെട്ടിൽ
നാട്ടിലെല്ലാം നടപ്പുദീനം
നാട്ടമ്മ നല്ല തേവി
കോട്ടയിൽനിന്നരുൾചെയ്തു
തട്ടകത്തേ നാവെല്ലാം
കെട്ടിയിട്ടു കുരുതിചെയ്യാൻ
    കുരുകാർന്നോർ നാവരിഞ്ഞൂ
    മരുമകന്റേ നാവരിഞ്ഞൂ
    മാറ്റാന്റേ നാവരിഞ്ഞൂ
    വർത്തമാനം വിലിച്ചുകൂവും
    ചെക്കന്റേ നാവരിഞ്ഞൂ
    ചുമരിലെല്ലാം കരിവരയ്ക്കും
    കരുമാടീ നാവരിഞ്ഞൂ
    പുകകുടിച്ചു പൊൻവിതച്ച
    പണിയന്റേ നാവരിഞ്ഞൂ
    നല്ല തേവി നാട്ടമ്മ
    നടനിറയേ നാവരിഞ്ഞൂ
    കാവിൽനിന്നു കുളിരുകൊണ്ടു
    വായില്ലാക്കുന്നിലപ്പൻ

നടപ്പുരയിൽ കളപ്പുരയിൽ
    നടപ്പുദീനം വിടർന്ന നാളിൽ
    നാട്ടമ്മ നല്ല തേവി

നാവെല്ലാമരിഞ്ഞനാളിൽ
നാവിലൊന്നു മുളപൊട്ടി
നാളുതോറും നീണ്ടുവന്നു
നാറാണക്കല്ലിൽ നിന്നും
നാരായവേരു പൊട്ടി
കന്നിയില ചിന്നയില
ഉണ്ണിയാർച്ചയുറുമിപോലെ
ഉണ്ണിയില വണ്ണനില
കണ്ണപ്പൻ പരിചപോലെ
മൂന്നാമൻ പച്ചയില
കരിമ്പാണ്ടിക്കയ്യുപോലെ
നാലാമൻ പുള്ളിയില
നാകരാജൻ പത്തിപോലെ
അഞ്ചാമൻ തുഞ്ചനില
ആതിത്യൻ നെനവുപോലെ
അലകലകായ് ചൊമലയില
ഉതിരമൂറും നാവുപോലെ

ആരുടേതീനാവെന്ന-
ങ്ങരിശപ്പെട്ടമ്മ നിൽക്കേ
നാവൊരെണ്ണം തുടിമുഴക്കീ:
'തിരുവരങ്കൻ നാവു ഞാന്.
ഉലകത്തേയിരുളിൽനിന്ന്
തുയിലുണർത്തീയെന്റെ വാക്ക്.'
നാവൊരെണ്ണം തൊണപാടി:
'അപ്പാട്ടിൽ പൂത്തതാണേ
നല്ല തേവീ നാട്ടമ്മയും'
'പാണന്റെ കുലമറ്റാൽ
പാട്ടുപിന്നെയാരു പാടാൻ?
പാട്ടുപാടാൻ നാവില്ലേൽ
നാട്ടാരെന്നു നേരറിയാൻ?
നേരറിഞ്ഞില്ലെങ്കിലെന്നീ
നാടാകെത്തുയിലുണരാൻ?
വായില്ലാക്കുന്നിലപ്പൻ
വാ പൊളിക്കാൻ വയ്യാതേ
മോളിലേക്കു നോക്കിനിൽക്കേ

നല്ല തേവി വാളെടുത്തു
മരത്തിന്റെ കടയറുക്കാൻ.
അറുത്തിടത്തു ചോരവന്നു
ആയിരം നാവില വിരിഞ്ഞു
മറചെയ്ത നേരെല്ലാം
ഇലതോറും മിന്നിനിന്നു.
നാവുമരം പന്തലിച്ചു
പൂവിരിഞ്ഞ നാട്ടിനപ്പോൾ
മാലോകർ പേർ വിളിച്ചു:
നാവായ, തിരുനാവായ.'

(1976)

# 15

## ധൻബാദിലെ ഖനിത്തൊഴിലാളി

നീ സൂര്യോദയം സ്വപ്നം കണ്ട്
കരിയുടെ ഇംഗിതങ്ങളിലേക്ക് മടങ്ങുന്നു.
യുഗങ്ങൾ കോരിയെടുത്ത് പിന്നോക്കം തള്ളി
എന്നോ പൂത്തുനിന്ന മരങ്ങളിലേക്കും
എന്നോ തുള്ളിച്ചാടി നടന്ന മൃഗങ്ങളിലേക്കും
ഒരു പ്രാചീന ജനപദത്തിന്റെ സ്വപ്നങ്ങളിലൂടെ
അലമുറയിടുന്ന പിതാമഹന്മാമാരുടെ തലയോട്ടികളിലൂടെ
മടങ്ങുന്നു.

ശ്വാസകോശത്തിൽ നിറഞ്ഞ കരിയും അമ്ലവും
അകാലമരണത്തിന്റെ രൂപം കൈക്കൊള്ളുന്നത്
ഇവൾ, ഈ ഭൂമി, അറിയുന്നതേയില്ല.
കരി കോരുന്നത് നീയാണെങ്കിലും
തീവണ്ടി നിന്റേതല്ല.
നിന്റെ നഗ്നരായ കുഞ്ഞുങ്ങൾ
തീവണ്ടിയുടെ ചൂളംകേട്ട് അത്ഭുതത്തിൽ ആർക്കുന്നു.

അറിയപ്പെടാത്ത നാമശൂന്യനായ സുഹൃത്തേ,
കടൽക്കതിരയെപ്പോലെ തലയുയർത്തി നിൽക്കുന്ന
ഈ ബീഹാറിന്റെ ഹൃദയം
നീയില്ലെങ്കിൽ നിലച്ചുപോകുമെന്ന്
നീ അറിയുന്നതേയില്ല.
വേനലിലെ ദാമോദരം പോലെ

നിന്റെ മനസ്സ് വരണ്ട് കിടക്കുന്നു.
ഗയയിലെ ബോധിസത്വൻ നിന്റെ
പ്രാർത്ഥനകൾ അവഗണിക്കുന്നു.

എങ്കിലും നാളെ,
കരിപിടിച്ച നിന്റെ മനസ്സിൽ
മുനിഞ്ഞു കത്തുന്ന തിരിയിൽനിന്ന്
ഒരു സൂര്യനുദയരും.
തീവണ്ടിയുടെ കത്തുന്ന ഒറ്റക്കണ്ണിൽ
നിന്റെ മുത്തുമുത്തച്ഛന്മാരുടെ സ്വപ്നങ്ങൾ തിളങ്ങുന്നത്
നീ കാണും.

(1974)

# 16

## ബോധവതി[1]

‘ബുദ്ധ, വിശുദ്ധ, ഗഭീര, പ്രശാന്ത!
ബുദ്ധ, പവിത്രചരിത്ര!
ഭക്തിവിനാശന, നിർഭയ, കേവല,
യുക്തിദിവാകര, ശക്ത!’
ഉച്ചതിരിഞ്ഞു, ഉരുകുന്ന വെള്ളിപോ-
ലുത്കട വൈശാഖസൂര്യൻ
കാക്കകൾ പോലും വിയർത്തു പുളികൊമ്പി-
ലുഷ്ണം ശ്വസിച്ചു കിതപ്പൂ.
എന്തിനോ പണ്ടുമയഗ്നിയിലെന്നപോൽ
ഞാൻ തപോലീനയാകുന്നു.
‘തണ്ണീർ തരിക തേജസ്വിനീ’-ആ വാക്യ-
മുള്ളിൽ തുകിൽ മുഴക്കുന്നു.

കത്തുകയായിരുന്നു ഭൂമി ചേങ്കില
മുട്ടിവിളിച്ചു നട്ടുച്ച.
തള്ള മരിച്ച പശുക്കിടാവൊന്നിന്നു
വെള്ളം കൊടുത്തു ഞാൻ നിന്നു.
എത്തീ കിണറ്റുകരയിലൊരു ബുദ്ധ-
ഭിക്ഷു കൈക്കുമ്പിളും നീട്ടി.

1 ആശാന്റെ ‘ചണ്ഡാലഭിക്ഷുകി’യ്ക്കും ടാഗുറിന്റെ ‘ചണ്ഡാലികാ’ നാടകത്തിനും ആധാരമായ കഥയെ ഉപജീവിച്ച് ഒരു നാടകീയ സ്വഗതാഖ്യാനം. ടാഗുർ ചണ്ഡാലികയ്ക്ക് ‘പ്രകൃതി’യെന്നു പേരിട്ടു. ഇവിടെ ‘ബോധ’മാണു മുഖ്യം. അമ്മ ഇവിടെ ചണ്ഡാലിയുടെ തന്നെ ഭൂതകാലഭയമാണ്, ആനന്ദൻ അവളുടെ ആത്മബോധവും. ബുദ്ധൻ സംഘസത്തയുടെ ആദിരൂപംതന്നെ.

'ചണ്ഡാലിനി ഞാൻ, കറുത്തവൾ, ഇക്കിണർ-
വെള്ളമെന്നപ്പോലശുദ്ധം'
-ഇങ്ങനെ ചൊല്ലിയിടറി ഞാനുച്ചയ്ക്കു
വന്ന പുലരിയെ നോക്കി.
'ഓ കറുപ്പല്ലോ കുയിൽ, മുകിൽ, ഉർവ്വര-
ഭൂമിയും പൂവിട്ടും കാട്ടും.
സൃഷ്ടിതൻ വർണ്ണം കറുപ്പ്, നാം തുല്യരാം
മർത്ത്യർ, ഒരേ തീ വഹിപ്പോർ.
ദാഹനീരെല്ലാം പനിനീർ, സ്വയം നിന്ദ
പാപം സ്വയംഹത്യപോലെ.'
ഞാനതുൾക്കൊതിനാൽക്കേട്ടു കൈക്കുമ്പിളിൽ
നീരവനേകിക്കുളിർത്തു
ഇത്തിരി വെള്ള,മെന്നാലെ, ന്നതിന്നാഴ-
മെത്രയെന്നാരു പറയും?
എഴുകടലുമതിലേയ്ക്കൊഴുകിയെൻ
ജാതിയതിലാണ്ടുപോയി.

... പാടുന്നു പാഴ്മലർ, പൊടിയിൽ
ഞാനൊരു മൺകുടിൽ കെട്ടീ
എന്നാലെ, ന്തെന്നാത്മാവിൽ
ഇല്ലാ പൊടിയും കറയും
വന്നെന്നെ മുറുക്കെപ്പുൽകു
നിന്മിഴിയിമ തൻകീഴെ
എന്നിതളുകൾ വിറകൊള്ളുന്നു
വെള്ളക്കൊടികൾ കണക്കെ
പാടുന്നു വനപുഷ്പം...

* * * *

പൂർവ്വജന്മത്തിൻ കഥയൊന്നു ഞാനോർത്തു
പോവുകയായിരുന്നെന്നോ?
അമ്മേ, പുൻജന്മമാണ്; ഞാനല്ല ഞാ
നിന്നലെയുച്ചമുതൽക്കേ-
നീരാടിപോൽ പണ്ടു സീത കാട്ടിൽ, ഗുഹൻ
കോരിയ ചോലവെള്ളത്തിൽ.
അല്ലെങ്കിലില്ലയോ ശ്രാവസ്തിയിലെത്ര
പുണ്യതീർത്ഥങ്ങൾ, ഭക്തന്മാർ.

ഹാ, മാറി ഞാനാകെ, കാലിലെച്ചങ്ങല
പാട്ടും ചിലങ്കയായ് മാറി.
എന്തേ മുഖം ചുളിക്കാനമ്മ? എന്മൊഴി-
യന്യമായ് തോന്നുന്നുവെന്നോ?
ഉന്മാദമാണെനിക്കെന്നോ? കൊടുംപാപ-
മിന്നലെ ഞാൻ ചെയ്തതെന്നോ?
നീയറിഞ്ഞില്ലെന്നെയിത്ര നാൾ: ഇന്നലെ-
യീവഴിവന്നോനറിഞ്ഞു.
ഇന്നിതാ ചേങ്കില വീണ്ടും, പരുന്തൊന്നു
പൊങ്ങുന്നിതൊറ്റയ്ക്കു വാനിൽ.
മൂകവാഗ്ദാനമവൻ തന്നു, ചൂടുകാ-
റ്റാളിപടർത്തുന്ന ദാഹം.
ഞാനിരിപ്പാണിക്കിണറ്റുകരയി,ലെൻ
പാതി നിറച്ച കുടവും.
ഇന്നും വരും വരുമാഭിക്ഷുവെന്നന്റെ-
യുള്ളിതാ തുള്ളിക്കളിപ്പൂ.
ഉണ്ടാപ്പഥികനിലെല്ലാപ്പഥികരു-
മെല്ലാപ്പഥങ്ങളുമമ്മേ!
പൂക്കുടപോലെ ഞാൻ വരിവിതറുമ-
ത്തൃക്കാൽക്കലെന്റെ ദിനങ്ങൾ.

> ... പാടുന്നു പാഴ്മലർ, പ്രകൃതിയിൽ
> ഞാനൊരു മഞ്ഞിൻതുള്ളി
> പക്ഷേ, ഞാനില്ലെന്നാകിൽ
> സൃഷ്ടിയപൂർണ്ണം വികൃതം.
> എൻ ചുണ്ടിൽക്കുടിപ്പൂഞ്ചിരി
> തൂകീ ജീവിതരഹസ്യം
> എൻ കണ്ണിൽക്കുടിസ്സ്വപ്നം
> കാണും ക്രാന്തികൾ ഭ്രമി.
> പാടുന്ന വനപുഷ്പം...

* * * *

പാതി മനസ്സിലായെന്നോ നിനക്കെന്നെ?
ഞാനാണു സ്ത്രീവംശമെന്നോ?
കീഴ്പ്പെട്ടതായി നടിച്ച മനസ്സിനെ-
ക്കീഴ്പ്പെടുത്തുന്ന പ്രകൃതി

തേടുന്നവെന്നോ പുരുഷനെ? ആ ആദി-
ദാഹമല്ലീ മഹാദാഹം!

ഓർക്കുന്നുവോ നീ, ഒരിക്കൽ നായാട്ടിനാ-
യെത്തിയ രാജകുമാരൻ
എന്മെയ്യിൽ മുഗ്ദ്ധനായമ്പിൻ മുനതാഴ്ത്തി-
ക്കൺമുനകൊണ്ടു ക്ഷണിച്ചു.
എന്നെയും വേട്ടമൃഗമായവൻ കണ്ടു
സിംഹാസനത്തിൽ തളയ്ക്കാൻ!
ഇന്നലെ വന്നവൻ വൈരാഗി, നിസ്സംഗ-
നെന്നെയറിയുകില്ലെന്നോ?
ആദ്യമാ, യാദ്യമാ, യെൻ ദുഃഖ,മെൻകനൽ
കണ്ടവനാബുദ്ധശിഷ്യൻ.
തണ്ണീരവൻ തേടി, കണ്ണീരു നൽകി ഞാൻ
ഇന്നെന്മനം തെളിവാനം.
ചണ്ഡാലികയല്ലടിമയുമല്ല ഞാ-
നിന്നലെയുച്ചമുതൽക്കേ.

രാത്രി കാവൽക്കാരനെത്ര ദീർഘം, ക്ഷീണ
യാത്രികന്നോ പഥം ദീർഘം
ധീരന്നു മിന്നൽപിണരാണു ജീവിതം
പാതിരാഭീരുവിന്നെന്നും.
പാത തിരക്കാത്ത മൂഢന്നു മൃത്യുവിൽ
വീഴുന്ന ജീവിതം വ്യർത്ഥം.
അസ്ത്രം കണക്കു നിവർത്തിയെടുക്കട്ടെ
ചിത്തമി, തെത്തുന്നു യുദ്ധം.

... പാടുന്നു പാഴ്മലർ, പുഴകൾ
വിഷമേറ്റിത്തളരുന്നു,
ലോഭത്തിൻ പനിയാൽ മരുതിനു
പോലും താടി വിറയ്ക്കുന്നു...
സ്വർണ്ണത്താ,ലധികാരത്താൽ
പീഡകരമറുകയല്ലോ
പുതുപിറവിക്കായിട്ടെല്ലാം
ഞെളിപിരികൊള്ളുകയല്ലോ,
പാടുന്നു വനപുഷ്പം-

* * * *

എന്തു നിൻപുത്രി പിറന്ന മതത്തിനെ
നിന്ദിച്ച ധാർഷ്ട്യക്കരിന്തീ?
ഛായ്! മതം! മർത്ത്യനെക്കീടമായ് മാറ്റുന്ന
നീതിശാസ്ത്രങ്ങൾ വർണ്ണങ്ങൾ!
പൂണനൂലിന്മേൽ കുരുങ്ങിയ നീതിതൻ
തേങ്ങൽ കേൾക്കാത്ത ധർമ്മങ്ങൾ!
പൂജിച്ചു നാമിത്രനാളും ചവിട്ടുന്ന
കാലിനെ, വെട്ടണമക്കാൽ,
തുപ്പുന്നു ഞാൻ മന്ത്രതന്ത്രവിധികളിൽ,
യജ്ഞനിലത്തിൽ, ഹവിസ്സിൽ,
തുപ്പുന്നു ഞാൻ ശിവലിംഗത്തിൽ, വിഷ്ണുവിൻ
വെപ്പാട്ടിമാരുടെ നെഞ്ചിൽ,
തുപ്പുന്നു നിന്ദിത ഗോത്രച്ചുടുചോര
ചോപ്പിച്ച ദുർഗ്ഗതൻ വാളിൽ,
കുട്ടിയെ രണ്ടായ് പകുക്കുന്ന നീതിയിൽ
യുദ്ധക്കൊതിയുടെ വേരിൽ!
ആത്മാവുപോവുകിൽ കേവലം പീഡന
യന്ത്രങ്ങൾ തത്വശാസ്ത്രങ്ങൾ.

കെട്ടുപൊട്ടിച്ചു ഞാ,നിന്നു കരിത്തിന്റെ
കോട്ടയാണെന്നുക്കചിത്തം
എത്തുകയായീ അടിമകൾ തൻ കാലം
ഇത്രനാൾ തോറ്റാർ ജയിക്കും.
ഇത്രനാൾ താഴ്ന്ന ശിരസ്സുകൾ വിന്ധ്യനി-
ലർക്കനെപ്പോലുയർന്നെത്തും
മുഷ്ടികൾ ബോധിവൃക്ഷങ്ങളായ് മർത്ത്യരെ
മുക്തിപഥത്തിൽ നയിക്കും
കാരിരുമ്പുണ്ടകൾ തുവലായ് മാറ്റുന്ന
സ്നേഹം കിഴക്കുയിർക്കൊള്ളും.
ഊമകൾ പാടും, ബധിരർ കേൾക്കും ത്യാഗ-
ഭൂമിതൻ രൗദ്രസംഗീതം.

. . . പാടുന്നു പാഴ്മലർ, ബോധ-
ക്കനലാലെന്മെയ്യുടുത്തു

പരിണാമത്തിന്റെ മഹേച്ഛയി-
ലതുണർത്തും തീപ്രളയം
അതിലടിയും മകുടം ചൂടിയ
മുതലകൾ സ്വർണ്ണപ്പുലികൾ
അതിലുദ്ധതമസ്തകമാർന്നവർ
മലകൾ കുലുങ്ങിച്ചെരിയും.
പാടുന്നൂ വനപുഷ്പം...

* * * *

എന്തേ കറുക്കാൻ മുഖം, മഴ കാക്കുക
നമ്മുടെ ദുർവിധിയെന്നോ?
കന്നിവിളയേ കരിയുമോ? മേഘങ്ങൾ
പെയ്യാതുടഞ്ഞുപോമെന്നോ?
അമ്മ പറയരുതങ്ങനെ, പ്പിന്നെയും
ചെന്നുവീഴും ഞാനിരുട്ടിൽ
ഇന്നു ഞാൻ കാത്തിരിക്കുന്നൂ കൊടുക്കുവാ-
നെല്ലാം കൊടുക്കാൻ, കൊടുക്കാൻ:
എൻഹൃദയത്തിന്നുറവകൾ മൂടിയ
കല്ലു പിഴുതവൻ മാറ്റി
ആനന്ദമപ്പോൾ നുരഞ്ഞൊഴുകീ
ഉണർന്നാടി ഞാൻ, പാടി, കരഞ്ഞു.
കാളകെട്ടീ ഞാൻ കതിരിനാൽ, പൂക്കുല-
ത്താലമായ് വേർപ്പണിക്കൈകൾ.
മർത്ത്യവംശത്തിന്റെ മുക്തിനക്ഷത്രമെൻ
ചിത്തത്തിലപ്പോഴുദിച്ചു.

പോവുകയാണവരിപ്പോൾ പുതുമഴ
വീണ വഴിവക്കിലൂടെ:

'ബുദ്ധ വിശുദ്ധ, അനിരുദ്ധാത്മൻ,
ബുദ്ധ, ത്യാഗി, നിയുക്ത!
ഉദ്ധതശീർഷ, നിത്യാന്വേഷക,
ബുദ്ധ, ജ്ഞാനി, വിമുക്ത!'

നിദ്രാനിമഗ്നമാംഗ്രാമം മുതിപ്പെരും-

വെള്ളത്തിൽ വീണൊലിക്കുന്നു;[2]
നിദ്രയോ! ബോധപ്പെരുമ്പറ പൊങ്ങുന്നൊ-
രെന്റെ ഗ്രാമങ്ങൾ തൻ കണ്ണിൽ?
ആട്ടിടയന്റെ കോലേന്തിയ കൈകൾ പാ-
ലൂട്ടിപോൽ ബുദ്ധനെ; ശ്ശിഷ്യൻ
മഞ്ഞിൽ കുതിർന്ന കരിമ്പുപോൽ വേർപ്പെഴും
മെയ്യിതു പുൽകിക്കുളിർക്കെ,
ചണ്ഡാലബോധി തളിർത്താർത്തുണരട്ടെ
പന്തിർകുലമൊന്നു വീണ്ടും

'ബുദ്ധ, സുശക്ത, ചണ്ഡമരുത്താ-
യെത്തും പ്രണയക്ഷുബ്ധ!
ബുദ്ധ സുയോധന, ബുദ്ധ വിമോചക,
മർത്ത്യ ചരിത്രോദ്ബുദ്ധ!'

(1979)

2 'ധർമ്മപദം' - 39, 96.

# 17

## ഇടശ്ശേരി

അന്തിമഹാകാളൻ കുന്നിൻചെരിവിലെ
പ്പൊന്തയിലന്തികൾ മൂളുമ്പോൾ
ഗന്ധർവൻ പനമേലേതൊരമ്പിളി
വെള്ളിച്ചിലമ്പു കിലുക്കുന്നു?

യന്ത്രങ്ങൾ പേരാറു കാളിന്ദിയാക്കുമ്പോൾ,
വന്മഴക്കാടുകൾ മൂടിയുമ്പോൾ
പാലത്തിൽ പാതിരയ്ക്കൊറ്റയ്ക്കേതൊരു
തേജസ്സിൻ തേങ്ങലുയരുന്നു?

പാടത്തു പൊള്ളിക്കിതയ്ക്കുന്ന തോളിനെ-
യാരുടെ ചില്ലകൾ വീശുന്നു?
കേളുവും കോമനമാരുടെയാലയിൽ
വാൾ മൂർച്ച തേടിപ്പഴക്കുന്നു?

ഉച്ചകുത്തിപ്പോമുണർച്ചയാർ കർമ്മത്തി-
ന്നുച്ചയിൽ മുക്കി മുളപ്പിച്ചു?
കാവിൽ, കുളത്തിൽ, കടിലിൽ, കളരിയി-
ലാരേ ബലിപ്പാട്ടു മൂളുന്നു?

ഓണപ്പൂത്തുമ്പി തൻ പൊൻപൊടി മാറ്റേറ്റി-
ക്കാരമുൾക്കാട്ടിൽ വിതച്ചതാര്?
കാരിരുമ്പിൻ കൊഴുപോൽ കൂർത്തപാട്ടിനാൽ

നാട്ടുഴുള്ളർച്ച നടത്തിയോനേ.

അണ്ണാൻ വരകൾ വരികളാക്കി അതിൽ
സ്വർണ്ണവും തീയും നിറച്ചതാര്?
കാളയമറുന്ന തൻതുടി വെറ്റില-
നീലഞരമ്പാൽ മുറുക്കിയോനേ.

മാവായിപ്പൂക്കുന്നതാരാണ്?
മഴയായിപ്പെയ്യ്തോരിടശ്ശേരി
കതിരായ് വിളയുന്നതാരാണ്?
ഇലയായ് കൊഴിഞ്ഞോരിടശ്ശേരി.

## രണ്ട്

തിരുനാവാമണൽ ചുട്ടികുത്താൻ കിടക്കുമ്പോൾ
പുഴ കേളികൊട്ടിത്തിമിർക്കുമ്പോൾ
താടിയായലറുന്ന പട്ടണത്തിൽ തിര-
ശ്ശീലപിടിച്ചു ഞാൻ നിൽക്കുന്നു.

കത്തിക്കും പച്ചയ്ക്കും കണ്ണുകടയുന്നു
കാഴ്ചക്കാർ കോട്ടുവായ് മൂടുന്നു
കളിവിളക്കും ഞാനുമൊരുപോലെ
കാല്യകഴച്ചുനിന്നെരിയുന്നു.

കരുണയാലെരിതീയിലെണ്ണ പകരുന്നു
കുറിയവർ; കണ്ടവർ കുത്തുന്നു.
കടകളിൽനിന്നു കടം കിട്ടാനായി ഞാൻ
കളസവും കേറ്റി നടക്കുന്നു.
പാതിയിരുളിൽ ഞാനൊറ്റയ്ക്കു പോകുന്നു,
ആറാത്ത പിണ്ടം ചവിട്ടുന്നു.
ഒറ്റയാൻ പടരുന്നതാകാ, മതല്ലെങ്കി-
ലുത്സവം കൊടികേറിയെന്നാകാം.

കാലങ്ങളൊക്കെയും തീർന്നിട്ടുചെണ്ടക്കാർ
കലികാലം കൊട്ടാൻ തുടങ്ങുമ്പോൾ
കതിനയ്ക്കു തീ ഞാൻ കൊളുത്തുന്നു, പിന്നെ-
ക്കാതുകൾ പൊത്തിപ്പിടിക്കുന്നു.

കതിനാവെടികൾക്കിടയിലിടശ്ശേരി-
യൊരു മേശപ്പൂവായി മൂളുന്നു:
“അട്ടത്തെത്തേങ്ങ നാമെങ്കിൽ നമുക്കേ
കട്ടിച്ചിരട്ടയിൽ കാമ്പുകാണും.
മുക്കണ്ണർ നമ്മളെത്തന്നെ നാം കാണുന്നു
അപ്പുറ, മിപ്പുറം കാണുന്നു.
നോക്കുകുത്തിപ്പട നാമെങ്കിൽ നാം കണ്ടു
നിൽക്കുന്ന വെയിലിൽ, മഴയിൽ, മഞ്ഞിൽ-
വിളവിലിറങ്ങും നരികളെ, രാത്രിയിൽ
ചിറകെട്ടി നീർതാക്കും പൂതന്മാരെ.
ഇരവിലേയ്ക്കാണ്ടു പകലിലുയരും നാം
വയലിൻ വരമ്പിലെദ്ദൈവങ്ങൾ!
തേരുരുളാനെണ്ണ നമ്മൾ, ചക്രത്തിന്റെ
കീഴിലരയുവോർ നാം തന്നെ,
അതുകൊണ്ടേ നമ്മുടെ പാട്ടിലിരമ്പുന്നു
തേരുരുളൊച്ചയും കണ്ണീരും.”

മൂന്ന്

കൊന്നയാൽ പൊന്നാനിപൊന്നായ് വിഷുപ്പക്ഷി
ത്തൊണ്ടയിലൂടെ വാർന്നെത്തുമ്പോൾ
നരി പോലിളിയ്ക്കുന്ന നഗരത്തിൻ വീടു വി-
ട്ടൊഴിവിൽ ഞാനെൻ നാട്ടിലെത്തുന്നു.

പതിവുപോലലരിയിൽ യക്ഷി തിളയ്ക്കുന്നു,
അറുകൊല ചുറ്റി മെതിയ്ക്കുന്നു.
പതിവുപോൽ പതികളിൽ പാലൂട്ട്, പറവെപ്പ്
പതിവുകാർ പന്തലാൽ ഭഗവതിയ്ക്ക്
മറുതാകൾ, മാടന്മാ, രൊറ്റുകാർ, വാഴമേ-
ലിരവിൻ തളിരുപോലെൻ പിതൃക്കൾ
“സന്ധ്യയ്ക്കു കൊത്തങ്കല്ലാടല്ലേ!
ഉമ്മറപ്പടിമേലിരിക്കല്ലേ!
തിരുവായയ്ക്കെതിർവായ പറയല്ലേ!
തെരുവിലെ ദുരിതങ്ങൾ കാണല്ലേ!
പശുവിനെ വന്ദിച്ചേ പോകാവൂ!
പറയനെപ്പടിയിലേ നിർത്താവൂ!

പതമായിപ്പതിരേ കൊടുക്കാവൂ!
ചതികൊണ്ടേ ചതുരംഗം വെല്ലാവൂ!

ഓരോ തളിരും ഞാൻ നീർത്തി നോക്കി
ചാരത്തിനുള്ളിൽ കനൽ തിരക്കി.
വർഗ്ഗവൈരത്തിൻ നിറം മങ്ങിയെൻ നാട്ടിൽ
വർഗ്ഗീയ വൈഡൂര്യം കത്തിനിൽക്കേ
കാരിരുമ്പെല്ലാം തുരുമ്പെടുക്കെ-
ക്കഴുമരപ്പക്ഷികളമറി നില്പൂ
കുടിയിലും കുടലിലും കീചകർ; പൊലിക്കുട്ടും
പട്ടുകയ്യിൽ കെട്ടുതിതൻ കുമൻ മാത്രം.
മരണം തന്നങ്കവാൽ കുടയുന്നു, കൊക്കേറ്റു

പൊഴിയുന്ന പൂടപോൽ ജീവിതങ്ങൾ.
ഓണമുറ്റത്തു കബന്ധനൃത്തം
പൂവിളിയ്ക്കുള്ളിൽ പുലിയിറക്കം.
ഉരലെടുത്തെറിയുന്നു—പോയീലാ പുലി[1]
ഉയിരെടുത്തെറിയുന്നു—പോയീലാ.

അവിടെശ്ശവങ്ങൾ തൻ കൺതുറപ്പിച്ചങ്ക-
ച്ചുവടുമായണയുന്നതാരാണ്?
ഏതൊരു പൗർണ്ണമിയീയമാവാസിയിൽ
ഭൈരവീരാഗമുതിർക്കുന്നു?
പുഴ രണ്ടായ് കീറുമിടശ്ശേരി[2]
വടി പാമ്പായ് മാറ്റുമിടശ്ശേരി[3]
നഗരം ലളിത ചമയുമ്പോഴാ വിഷ-
മുലയൂറ്റി ജീവനെടുക്കുന്നു
മഴയായി മാറ്റാൻ വന്നലറുമ്പോൾ
മലയെക്കുടയാക്കി നിൽക്കുന്നു
മരമായി മാറ്റാൻ വളരുമ്പോൾ പാറുവി-[4]
ന്നുരലും വലിച്ചവനെത്തുന്നു
ഒടിയന്മാർ കാളയായെത്തുമ്പോൾ കാലിക്കോ-

[1] കുട്ടികളുടെ 'പശുവും പുലിയും' കളി ഓർക്കുക.
[2] ബൈബിളിലും ഭാഗവതത്തിലും ആവർത്തിക്കുന്ന ഒരു സന്ദർഭം.
[3] മോശയുടെ വടി പാമ്പാകുന്നത്–'ഉത്പത്തി'.
[4] 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'.

ലറിയാത്ത മട്ടിൽ ചുഴറ്റുന്നു
പ്രളയമൊടുവിൽ വരുന്നേരമൊരു വരി-
ക്കവിത മേൽ പൊന്തിക്കിടക്കുന്നു
ഒരു മുഴപ്പൊന്നാനി പെട്ടകത്തിൽ കേറ്റി-[5]
ക്കറുക മണത്തു തുഴയുന്നു.

## നാല്

തീപ്പോലെ പൊള്ളുന്ന പേരാറു തന്മണൽ-
ത്തിട്ടിൻ മടിയിൽ വിറയ്ക്കുമ്പോൾ
ഗോപുരംപോൽ രണ്ടു കാലുകൾ ഈറനാം
ചോര ചവിട്ടി നടക്കുന്നു.
അവയിൽ കറുകറുത്തെന്താണു രാത്രിയോ?
വയലിലെച്ചേറോ പാപ്പാസോ?
ഇരുൾ നരിക്കോലങ്ങൾ സിംഹാസനത്തിലേ-
യ്ക്കടിവെയ്ക്കയാകുമോ ഗീത ചൊല്ലി?
അധികാരം കൊയ്യുവാൻ വിടകൊള്ളും തെയ്യത്തി-
ന്നരിവാൾത്തയമ്പും നെൽ മുടിയുമുണ്ടോ?
പടയണിതുള്ളുന്ന കാലുകളിരതേടു-
മരിയുടെ കുലിപ്പടയുടേതോ?
പിറവി കതിവനൂർ വീരന്നോ[6] കാലെന്നോ,
നരബലി പൊട്ടിയ്ക്കോ ചീപോതിയ്ക്കോ?
അറിയുന്നു തലകളും കൈകളും മെയ്യറ്റു
പൊഴിയുന്ന ചോരതൻ ചൂരുമാത്രം.
കടലിൽ മഴ പെയ്യും പോലെ കാലൊച്ചകൾ,
പരിചക്കലമ്പൽ, കരച്ചിൽ മാത്രം.

കുരൽമാലചാർത്തിയ കാളിതൻ വാളുപോ-
ലിടിമിന്നൽ വീഴുന്ന ചെറുവെട്ടത്തിൽ
ഗുഹതൻ മുഖം നോക്കി നിൽക്കുന്നിടശ്ശേരി:
വരുവതു പാലാണോ ചോരയാണോ?

---

5 നോഹയുടെ പെട്ടകം–'ഉത്പത്തി'.

6 കോലത്തുനാട്ടിലെ തെയ്യങ്ങളിലൊന്നായ കതിവനൂർ വീരൻ, മുത്താർമുടിയില കന്നുകാലികളെ തട്ടിയെടുക്കാൻ വന്ന ശത്രുക്കളെ യുദ്ധത്തിൽ തോൽപ്പിച്ച് സ്വയം ചതിച്ചു കൊല്ലപ്പെട്ട 'മന്ദപ്പൻ'എന്ന ഗ്രാമീണവീരപുരുഷനാണ്.

# 18

## എല്ലാം ഓർമ്മിച്ചവൻ

സുങ്ക്രാജ്യത്തെ ഹ്വാത്സേ എന്ന യുവാവിന്
മറവി പിടിപെട്ടു.
അയാൾ വീട്ടിൽ ഇരിക്കാൻ മറന്നു
തെരുവിൽ നടക്കാൻ മറന്നു
വായിക്കാനും ചിന്തിക്കാനും മറന്നു
പിന്നീടയാൾ ബന്ധുമിത്രങ്ങളെ മറന്നു
പകലും രാവും മറന്നു
ഉണ്ണാൻ മറന്നു, ഉടുക്കാനും ഉറങ്ങാനും മറന്നു
ഒടുവിൽ സ്വന്തം പേരു മറന്നു
അങ്ങിനെ ഒരുവനായിരുന്ന ഹ്വാത്സേ
ഒരു നാൾ ആരുമല്ലാതായി
വൈദ്യന്മാർക്കും മന്ത്രികന്മാർക്കും അയാളെ ചികിത്സിച്ച്
ആരെങ്കിലുമാക്കാൻ കഴിഞ്ഞില്ല.

അവസാനം,
പണ്ഡിതനായ മെൻഷിയസ്സിന്റെ ഉപദേശപ്രകാരം
അയാളെ മൂന്നു പകലും രാവും പട്ടിണിക്കിട്ടു
അപ്പോൾ അയാൾ ഉണ്ണാനോർമ്മിച്ചു.
മഞ്ഞിൽ കിടത്തിയപ്പോൾ അയാൾ ഉടുപ്പും പുതപ്പുമോർമ്മിച്ചു.
പിന്നീട് അവരയാളെ വർത്തമാനത്തിലിരുത്തി
അപ്പോൾ അയാൾ ഭൂതകാലമോർമ്മിച്ചു.
അവരയാളെ കഴിഞ്ഞ കാലത്തിരുത്തി
അപ്പോഴയാൾ ഭാവിയോർമ്മിച്ചു

പതുക്കെപ്പതുക്കെ അയാൾ എല്ലാമോർമ്മിച്ചു
ദൈന്യം കലങ്ങിയ ഒരു നിലവിളിയോടെ
അയാൾ മെൻഷിയസ്സിനോടു പറഞ്ഞു:
"ആരുമല്ലാതിരുന്നപ്പോൾ എനിക്കുഭാരമേയില്ലായിരുന്നു
പരിധിയും ചുമതലയുമില്ലാത്ത
സ്വാതന്ത്ര്യമായിരുന്നു എനിക്കു മറവി.
അങ്ങിപ്പോൾ കഴിഞ്ഞതും വരാനിരിക്കുന്നതുമായ
എല്ലാ ഖേദങ്ങളും എനിക്ക് തിരിച്ചുതന്നു
ദയവായി എന്റെ ഓർമ്മകൾ അങ്ങെടുക്കുക,
പകരം എനിക്കെന്റെ വിസ്മൃതി തിരിച്ചുനൽകുക.'

അയാൾക്കു മറവി തിരിച്ചുനൽകാൻ
മെൻഷിയസ്സിനു കഴിഞ്ഞില്ല.
അതുകൊണ്ട് ഹ്വാത്സേയുടെ പരമ്പരയിൽപ്പെട്ട
നാം, മനുഷ്യർ,
ഇന്നും എല്ലാം ഓർമ്മിക്കുവാൻ,
ആരെങ്കിലുമായിരിക്കുവാൻ,
ശപിക്കപ്പെട്ടിരിക്കുന്നു.

('വടക്കൻകഥകൾ', 1976)

## 19

### സൂര്യനെ കണ്ടെത്തിയ കുരുടൻ

"സൂര്യനെങ്ങനെയിരിക്കും?"
കുരുടൻ ഘോഷയാത്രയിലെ മേളക്കാരനോടു ചോദിച്ചു
"ചേങ്കിലപോലെയിരിക്കും."
കുരുടൻ ചേങ്കില മുട്ടിനോക്കി
രാത്രിയിൽ മരണമറിയിക്കുന്ന
ഓട്ടുമണി മുഴങ്ങിയപ്പോൾ
അവൻ വിചാരിച്ചു: "അതാ സൂര്യൻ!"
"സൂര്യനെങ്ങനെയിരിക്കും?"
കുരുടൻ എഴുന്നള്ളിപ്പുകാരനോടു ചോദിച്ചു.
"തീവെട്ടിപോലിരിക്കും."
കുരുടൻ തീവെട്ടി തൊട്ടുനോക്കി
വൈകീട്ട് ആരോ ചൂടുവെള്ളം മുഖത്തൊഴിച്ചപ്പോൾ
അവൻ വിചാരിച്ചു: "ഇതാ സൂര്യൻ!"
"സൂര്യനെങ്ങനെയിരിക്കും?"
കുരുടൻ പിറ്റേന്ന് മുക്കുവനോടു ചോദിച്ചു
"കടൽപോലെയിരിക്കും"
കുരുടൻ കടലിലേക്ക് നൂണിറങ്ങിപ്പോയി
പവിഴപ്പുറ്റുകൾ അവന്റെ കൈ പൊള്ളിച്ചു
കടൽക്കുതിരകൾ അവനെ വഹിച്ചുപറന്നു
സമുദ്രയക്ഷികളുടെ കൊട്ടാരങ്ങളിൽ
അവൻ വിരുന്നു പാർത്തു
കളകളും ശംഖുകളും വിരിച്ച മൗനത്തിന്റെ
ജലശയ്യയിൽ

അവസാനമായിക്കിടക്കുമ്പോൾ അവൻ വിചാരിച്ചു:
"ഇപ്പോഴെനിക്കു മനസ്സിലായി
സൂര്യൻ എന്താണെന്ന്.
പക്ഷേ, അവരവരുടെ കണ്ണുമാത്രമുള്ളവർക്കു
അതു കാണിച്ചുകൊടുക്കാൻ എനിക്കാവില്ല.
മനസ്സിലാകാഞ്ഞത് പറഞ്ഞുകൊടുക്കാനാവും
അനുഭവിച്ചു മനസ്സിലായത്
എങ്ങിനെ പറഞ്ഞുകൊടുക്കും?"
ഇന്നും സമുദ്രസഞ്ചാരികളെ സ്വാഗതംചെയ്യാൻ
ആ കുരുടൻ കടലിന്നടിയിൽത്തന്നെ കിടക്കുന്നു.

('വടക്കൻകഥകൾ', 1976)

# 20

## കവിതാ വിവർത്തനം

കവിതാവിവർത്തനം
ഒരു കൂട്ട വിട്ടു കൂടുമാറ്റമാണ്
മത്സ്യം വെള്ളത്തിലൂടെ ഊളിയിടുന്നതുപോലെ
വിവർത്തകൻ മനസ്സുകളിലൂടെ ഊളിയിടുന്നു
ഓരോ വാക്കിന്റെയും തീരത്ത്
അവൻ തരിമണലിൽ കുനിഞ്ഞിരിക്കുന്നു
ഓരോ കക്കയുടെയും നിറം പഠിക്കുന്നു
ഓരോ ശംഖും ഊതിനോക്കുന്നു.
കവിതാവിവർത്തനം വിക്രമാദിത്യൻ കഥയിലെ
അമ്പരപ്പിക്കുന്ന തല മാറ്റിവെയ്ക്കലാണ്
വിവർത്തകൻ തന്റെ ഉടലിൽ
മറ്റൊരു കവിയുടെ ശിരസ്സ് താങ്ങി നിർത്തുന്നു
ഓരോ വരിയും ഓരോ വഴിയാണ്
ദുഃഖവും യുദ്ധവും മടുപ്പുംകൊണ്ടു
കീറിപ്പറിഞ്ഞ ഒരു വഴി
അനശ്വരരായ മനുഷ്യരും ദൈവങ്ങളും
മരങ്ങളും വിഹരിക്കുന്ന
സംഗീതാത്മകമായ ഒരു പിൻവഴി.
ഒരു വരി അവസാനിക്കുന്നിടത്ത്
ഒരഗാധത പൊട്ടിത്തുറക്കുന്നു
അവിടെ മരിച്ചവരുടെ ആത്മാക്കൾ
ദാഹം തീർക്കാനെത്തുന്നു.
വിശുദ്ധമായ ഈ വഴിയേ പോരുന്നവർ

ചെരിപ്പും ഉടുപ്പും അഴിച്ചുവെയ്ക്കണം
അടിവാരത്തിലെ കാറ്റുകളെപ്പോലെ
നഗ്നരായി നൂണ്ടുപോകണം.
ഒരു ദിവസം ഞാൻ എന്റെ കവിത
എന്റെതന്നെ ഭാഷയിലേയ്ക്കു
വിവർത്തനം ചെയ്യുന്നതായി സ്വപ്നം കണ്ടു

നാമേവരും ഓരോ കവിതയും
നമ്മുടെ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യുന്നു
പിന്നെ നാം അർത്ഥത്തെച്ചൊല്ലി വഴക്കിടുന്നു

എനിക്കു തോന്നുന്നു,
ബാബേൽ ഒരിക്കലും പണിതീരുകയില്ല.

(‘ഏപ്രിൽ’, 1977)

# 21

## പീതാംബരൻ

പൂരംദിവസം, സമൃദ്ധമായ പ്രാതൽ കഴിഞ്ഞ്
നാം ഗൗരവമേറിയ സംഭാഷണമാരംഭിക്കുന്നു.
നാം പ്രതിരോധിക്കേണ്ടതിവയെ:
റിവിഷനിസം, അഡ്വെഞ്ചറിസം, ലിബെറലിസം,
നരോദിസം, സോഷ്യൽ ഇംപീരിയലിസം[1]
നാം അഞ്ചുനിലയുള്ള അമിട്ടു പൊട്ടിക്കുന്നു.
        അമ്പലത്തിൽ കൂട്ടമണി മുഴങ്ങുന്നു
        പീതാംബരൻ പടികടന്നുവരുന്നു
        കിറുക്കന്റെ ശൂന്യമായ ചിരിയുമായി
        അവൻ ഒരുണിനു കാശുചോദിക്കുന്നു
ഉച്ചയൂണിനുശേഷം കുട്ടികളെ മുറിയിലിട്ടു പൂട്ടി
നാം ചർച്ചകൾ പുനരാരംഭിക്കുന്നു.
ബകുനിനും സാർത്രും ചിയാങ്ങ്ചിങ്ങും[2]
നമ്മുടെ മുന്നിൽ കവാത്തു നടത്തുന്നു
തന്ത്രങ്ങളെയും അടവുകളെയും നാം
കുരവയിട്ടു വ്യവച്ഛേദിക്കുന്നു
അർദ്ധഫ്യൂഡൽ, അർദ്ധകൊളോണിയൽ[3]
നാം വായ്ത്താരി തുടങ്ങുന്നു.
        അമ്പലത്തിൽ ശീവേലിക്കൊട്ടുയരുന്നു

[1] എഴുപതുകളിലെ ഇടതുപക്ഷചർച്ചകളിലുയർന്നിരുന്ന പേരുകളും പ്രയോഗങ്ങളും. ഇവിടെ അലസമായ വിപ്ലവവാശിത്വത്തിന്റെ പ്രതിരൂപങ്ങൾമാത്രം.

[2] ഈ കവിതയിലെ ആദ്യത്തെ കുറിപ്പ് നോക്കുക.

[3] ഈ കവിതയിലെ ആദ്യത്തെ കുറിപ്പ് നോക്കുക.

പീതാംബരൻ പടി കടന്നു വരുന്നു
ഇപ്പോൾ കരയുമെന്ന മട്ടിൽ
അവൻ ഒരു ചായയ്ക്കു കാശുചോദിക്കുന്നു
ചായ കഴിഞ്ഞ്, ചായുന്ന സായഹ്ന വെയിലിനൊപ്പം
നാം കലാചിന്തകളിലേയ്ക്കു കടക്കുന്നു
ബ്രെഹ്റ്റ് മുതൽ ബെനെഗൾവരെ[4]
നാം പ്രാസത്തിൽ പേരുകളണിനിരത്തുന്നു
'മിത്തി'ന്റെ നിയോ-മാർക്സിയൻ
വ്യാഖ്യാനത്തിലെത്തുമ്പോഴേയ്ക്കും[5]
അരങ്ങിൽ കേളികൊട്ടു മുഴങ്ങുന്നു
പീതാംബരൻ പടികടന്നു വരുന്നു
തുറിച്ചുനോക്കുന്ന കണ്ണുകളുമായി
അവൻ ഒരു ബീഡി ചോദിക്കുന്നു

തികച്ചും ബുദ്ധിപരമായ നമ്മുടെ നിദ്രയിൽ
പീതാംബരൻ മുടിചൂടി തിരനോക്കിയലറുന്നു
അവന്റെ വെള്ളിനഖങ്ങളിലെ കുടൽമാലയിൽ നിന്ന്
ഇറ്റുവീഴുന്ന ചോരത്തുള്ളികൾ
നമ്മുടെ കണ്ണുകൾക്കുമുകളിൽ
നൂറു രക്തനക്ഷത്രങ്ങളായി ഉദിച്ചുയരുന്നു

നാമുണരുന്നു
ആദ്യമായി നാമുണരുന്നു.

('താക്കീതുകൾ' 1977)

[4] ഈ കവിതയിലെ ആദ്യത്തെ കുറിപ്പ് നോക്കുക.
[5] ഈ കവിതയിലെ ആദ്യത്തെ കുറിപ്പ് നോക്കുക.

## 22

## മയക്കൊഫ്സ്കി ആത്മഹത്യ ചെയ്തതെങ്ങിനെ?

ഒടുവിലത്തെ കത്തിൽ കവി പറയുന്നതു കുറച്ചുമാത്രം
പറയാത്തതോ, വളരെയധികം.

വിപ്ലവത്തിന് ചെറുപ്പമായിരുന്നു.
ഒരു ദിവസം അവർ വന്നു,
അവന്റെ സ്വന്തം സ്വന്തം സഖാക്കൾ
തണുപ്പിൽ അവന്റെ വാക്കും വോഡ്കയും പങ്കിട്ടവർ
ഇപ്പോൾ ഉദ്യോഗസ്ഥപ്രഭുക്കളുടെ
സ്നേഹം കടക്കാത്ത ഇരുമ്പുചട്ടകളിൽ അവന്റെ
മുകളിൽ പ്രത്യക്ഷപ്പെട്ട് അവർ അവനോടു കൽപിച്ചു:
"ഞങ്ങളുടെ അണക്കെട്ടുകളെക്കുറിച്ചെഴുതു!"
അവനെഴുതി, അവന്റെ അണക്കെട്ടുകളെക്കുറിച്ച്
ജനങ്ങളുടെ അണക്കെട്ടുകളെക്കുറിച്ച്,
അവൻ അവർക്കു നൽകി-
ഉദാരമായ മനുഷ്യാദ്ധ്വാനത്തെക്കുറിച്ചൊരു പ്രകീർത്തനം.

അവർ അവനോടു കൽപിച്ചു:
"ഞങ്ങളുടെ നേതാവിനെക്കുറിച്ചെഴുതു!"
അവനെഴുതി, അവന്റെ ലെനിനെക്കുറിച്ച്,
ജനങ്ങളുടെ ലെനിനെക്കുറിച്ച്,
അവൻ അവർക്കു നൽകി-
ഉദാത്തമായ മനുഷ്യസ്നേഹത്തിന് ഒരു ചരമഗീതം.

അവശ്യങ്ങൾ പരുഷമായിക്കൊണ്ടിരുന്നു:
“ഞങ്ങളുടെ ട്രാക്റ്ററുകളുടെ സൗന്ദര്യത്തെക്കുറിച്ചെഴുതു!
ഞങ്ങളുടെ കമ്പ്യൂട്ടറുകളുടെ
അമാനുഷിക പ്രഭാവത്തെക്കുറിച്ചെഴുതു,
അഹങ്കാരം നിറുത്തി ഞങ്ങളുടെ
പഞ്ചവത്സര പദ്ധതിയെപ്പറ്റി
പദ്യരൂപത്തിലൊരു പത്രറിപ്പോർട്ടെഴുതു!”
വിനയവും കവിതയും ഇങ്ങിനെ ശിക്ഷിക്കപ്പെട്ടുകൂടാ.
അവൻ കോക്കസസ്സിന്റെ മുഴക്കമുള്ള തന്റെ പെരുമ്പറ
ഡാന്യൂബിന്റെ തിരകൾക്കു കളിക്കാനെറിഞ്ഞു കൊടുത്തു
പുഷ്കിന്റെയും യെസ്യെനിന്റെയും
വ്രണിതമായ വിരൽപ്പാടുകൾ പതിഞ്ഞ ആ പഴയ
റഷ്യൻ തംബുരു പൊടി തുടച്ചെടുത്തു
അവൻ അവർക്കു നൽകി,
പ്രണയത്തിന്റെ വിശ്ലേഷണത്തെ-
ക്കുറിച്ചൊരു വിലാപകാവ്യം.

പിന്നെ നിശ്ശബ്ദനായി നടന്നു,
സൂര്യനുമൊത്തു ചായ കുടിച്ച് താൻ
അവ്യുന്നത്ര ഉച്ചത്തിൽ
പാടിയിരുന്ന അതേ എഴുത്തുമുറിയിലേയ്ക്ക്.
അവൻ ഇരുണ്ടുവരുന്ന സമതലങ്ങൾക്കുമേൽ
തിരശ്ശീലകൾ താഴ്ത്തിയിട്ടു
ശത്രുക്കൾക്കായി കരുതിയിരുന്ന തോക്ക്
സ്വന്തം ശിരസ്സിനു നേരെ ഉയർത്തി:
അതാണിപ്പോൾ തന്റെ ശത്രു എന്നപോലെ.

റഷ്യൻ കവിതയ്ക്ക് ഉരുക്കുധമനികൾ നൽകിയ
ആ മഹാസ്നേഹം പൊട്ടിച്ചിതറി,
ഇരുപത്തിരണ്ടു വർഷത്തെ വിശ്വസ്തതയണിഞ്ഞ
പാർട്ടിക്കാർഡ് രക്തത്തിൽ കുതിർന്നു
ലെനിൻ കാവ്യവും കുതിർന്നു,
മുഴുമിക്കാത്ത കയ്യെഴുത്തുപ്രതികളിലൂടെ
കവിയുടെ മെരുങ്ങാത്ത ചോര പാഞ്ഞുനടന്നു:
വഴിയുടെ ക്രൂരതയാൽ ലക്ഷ്യത്തിന്റെ കാരുണ്യം
മറന്നുപോകുന്നവർക്ക് ഒരു താക്കീത്,

വളരുന്ന അധികാരപ്രമത്തതയ്ക്കെതിരെ
നീണ്ടുനീണ്ടുവരുന്ന ഒരു ചൂണ്ടുവിരൽ,
സാമ്രാജ്യത്വത്തിലേയ്ക്കു പടിയിറങ്ങുന്നവർക്ക്
ഒരു ദുശ്ശകുനം.

('താക്കീതുകൾ', 1978)

# 23
## പത്മനാഭസ്വാമിക്ഷേത്രത്തിൽ

(ഏപ്രിൽ 24)

ഇല്ല, കല്ലുകളിങ്ങനെ ചേങ്കില മുഴക്കിയിട്ടില്ല
ഇങ്ങനെ കഥകൾ പറഞ്ഞിട്ടില്ല
ദൈവങ്ങളിങ്ങനെ മൃദംഗം വായിച്ചിട്ടില്ല
അപ്സരസ്സുകളിങ്ങനെ നൃത്തംവെച്ചിട്ടില്ല
ആയിരങ്കാൽ മണ്ഡപത്തിന്റെ ഓരോ തൂണിലും
ഓരോ അറബിക്കടൽ കറങ്ങുന്നു
ശിലാരഥങ്ങളിൽ കയറി നാം
അശോകവനിയിൽനിന്നു
കുരുക്ഷേത്രത്തിലേക്കു യാത്രചെയ്യുന്നു
ഗുഹന്റെ തോണി കടവിലടുക്കുന്നില്ല
പാർത്ഥസാരഥിയുടെ ചുണ്ടുകളിൽ
ശ്ലോകങ്ങൾ വറ്റിപ്പോയിരിക്കുന്നു
വിഷാദയോഗം പരമ്പരകളിലൂടെ ആവർത്തിക്കുന്നു
വാതിൽ അടഞ്ഞുപോയിരിക്കുന്നു,
നാം ഭൂതകാലത്തിലകപ്പെട്ടിരിക്കുന്നു
മൃതമായതൊന്നും മൃതമല്ല.
ഇരുണ്ട ശ്രീകോവിലിൽ പത്മനാഭന്റെ താമരയിലിരുന്നു
ബ്രഹ്മാവ് ബീജം ചുരത്തിക്കൊണ്ടേയിരിക്കുന്നു
ചെടികളായും കിളികളായും മനുഷ്യരായും ഗന്ധർവ്വരായും
സൃഷ്ടി നമ്മെ പൊതിയുന്നു
വലിയ പ്രേമങ്ങളും വലിയ ദുഃഖങ്ങളും

നമുക്കു മുമ്പിൽ വീണ്ടും വീണ്ടും അഭിനയിക്കപ്പെടുന്നു

ഒരു ദിവസം ഉളികളിടുന്ന സന്ധ്യയിൽ
ഒരു മഹാസ്വപ്നവുമായി
രാജാവിനെ മുഖം കാണിക്കാനെത്തിയ
പെരുന്തച്ചനെ ഞാനോർമ്മിക്കുന്നു
ചേരചോളപാണ്ഡ്യരാജ്യങ്ങളിലെ ജനങ്ങളുടെ
കൈവിരലുകളെ ഞാനുമ്മവയ്ക്കുന്നു
വനാന്തരങ്ങളിലുറങ്ങിയ കരിമ്പാറകളിൽനിന്ന്
ഇതിഹാസമല്ലാത്ത ഓരോ പൊടിയും
കൊത്തിയെടുത്തുകളഞ്ഞ
മുഴക്കോലിന്റെ വേദവ്യാസന്മാർക്കു മുമ്പിൽ
ഞാനിതാ സാഷ്ടാംഗം പ്രണമിക്കുന്നു.

(‘വേനൽക്കാലം’, 1978)

# 24

## കവിതയും പോലീസും

കവിതയുടെ കൈകളിൽ അവർ വിലങ്ങുവെയ്ക്കുന്നു
വിരലുകൾ തീനാളങ്ങളായി മാറി വിലങ്ങുരുക്കിക്കളയുന്നു
ലാത്തികളൊന്നൊന്നായി കവതയെ തല്ലിച്ചതയ്ക്കാനൊരുങ്ങുന്നു
കവിത വാക്കുവാക്കായിച്ചിതറിവീണ്
ലാത്തികളിൽനിന്നു തെന്നിമാറുന്നു
ബൂട്ടിട്ട കാലുകൾ കവിതയുടെ ശിരസ്സിനു മീതേ ഉയരുന്നു
കവിത ഒറ്റവരിയായിച്ചുരുങ്ങി
വാതില്പഴുതിലൂടെ പുറത്തു കടക്കുന്നു
അവർ കവിതയെ ഉത്തരത്തിൽ കെട്ടിത്തൂക്കിയിടുന്നു
കവിത അരയാലായി മേൽക്കൂര തുളച്ചുയരുന്നു
കവിതയുടെ തുടയിൽ ചൂടുവെയ്ക്കാൻ
അവർ പഴുത്ത ഇരുമ്പുമായി വരുന്നു
തുടകൾ മഴയായിപ്പെയ്ത് ഇരുമ്പിന്റെ അകം കുളിർപ്പിക്കുന്നു
തോക്കിന്റെ പാത്തികൾ
കവിതയുടെ കവിൾ ചതയ്ക്കാനോങ്ങുന്നു
കവിൾ മകുടിയൂതി തോക്കുകളെ താളമൊത്തു തുള്ളിക്കുന്നു
ബയനറ്റിന്റെ മുന കവിതയുടെ കഴുത്തിനുനേരേ നീളുന്നു.
കഴുത്തു ഒരു കുരുവിയായി
ബയനറ്റിനു മീതേ പറന്നിരിക്കുന്നു.
വെടിയുണ്ടകൾ കവിതയുടെ ഹൃദയം
തിരഞ്ഞു ചീറിയടുക്കുന്നു
ഹൃദയം മഴവില്ലായി മേഘങ്ങൾക്കിടയിൽ പാറിയുയരുന്നു
കവിതയുടെ ഉടൽ അവർ

ചൂടുവെള്ളത്തിലാഴ്ത്തി തിളപ്പിക്കുന്നു
ഉടൽ ഒരു തുടിയായി മാറി മലമുകളിൽനിന്നു മുഴങ്ങുന്നു
കവിതയുടെ കണ്ണുകൾ ചൂഴ്ന്നെടുക്കാൻ അവർ
കത്തികളുമായടുക്കുന്നു
കണ്ണുകൾ സപ്തർഷികളോടൊത്ത്
ആകാശത്തിൽ തിളങ്ങി നിൽക്കുന്നു.

('പീഡനകാലം', 1980)

# 25

## നിഷ്പക്ഷത

നിഷ്പക്ഷത
പറക്കാനറയ്ക്കുന്ന ഒരു പക്ഷിയാണെങ്കൽ
ഞാൻ അതിനെ തീറ്റിപ്പോറ്റിയിട്ടില്ല.
നിഷ്പക്ഷത
കയ്യാലപ്പുറത്തെ തേങ്ങയുടെ
താടിക്കു കയ്യും കൊടുത്തുള്ള ഇരിപ്പാണെങ്കിൽ
ഞാനതു പൊതിച്ചു നോക്കിയിട്ടില്ല.
കാറ്റാടിമരങ്ങളുടെ തേങ്ങലിനും
പാതിരാക്കോഴികളുടെ പൊട്ടിച്ചിരിക്കുമിടയിൽ
പതിയിരിക്കുന്ന ഒരു കുറുക്കനാണു
നിഷ്പക്ഷതയെങ്കിൽ
പാതിമയക്കത്തിൽ ഞാൻ അതിന്റെ
ഓരി കേട്ടിട്ടുണ്ട്.
നിഷ്പക്ഷത
വിഷപ്പല്ലുപറിച്ച സർപ്പത്തിന്റെ ഫണം വിടുർത്തലാണെങ്കിൽ
അതൊരു പാമ്പാട്ടിയുടെ പാവയായിരിക്കണം.
ചെന്നായ്ക്കും ആട്ടിൻകുട്ടിക്കും ഒരേ നീതികൊടുക്കുന്ന
കാട്ടുദൈവമാണു നിഷ്പക്ഷതയെങ്കിൽ
അതിന്റെ ഒറ്റക്കൊമ്പ് നിയമസഭകളിലും
ന്യായപീഠങ്ങളിലും
നീണ്ടുവരുന്നതു കണ്ട് ഞാൻ ഞെട്ടിയുണർന്നിട്ടുണ്ട്.
നിഷ്പക്ഷത
അടർക്കളത്തിലെ സംശയാലു കണ്ട കറുത്തപൂവാണെങ്കിൽ

തേർ തെളിച്ചവന്റെ വേഗമാണെനിക്കിഷ്ടം.
നിഷ്പക്ഷത
ന്യായാധിപൻ കഴുകുന്ന കയ്യാണെങ്കിൽ
കുരിശിലേറുന്നവന്റെ രക്തമിറ്റുന്ന
വെള്ളിയാഴ്ചയാണെനിക്കിഷ്ടം.

(1976)

# 26

## സുലേഖ

ഇത്രയേറെ ചിറകുകളുമായി, സുലേഖാ,
നീയിവിടെ എന്തു ചെയ്യുകയാണ്?
വിശുദ്ധിയുടെ വെള്ളവസ്ത്രങ്ങൾ,
വെളുത്ത പനിനീർ, വെളുത്ത സ്വപ്നങ്ങൾ,
ഞാനെല്ലാം കാണുന്നു.

ബലിയൂപങ്ങളുടെ വളർത്തുപുത്രിയാണു നീ
കഠിനവന്തങ്ങളുടെ പ്രാക്തനസുഗന്ധം
പളുങ്കിന്റെ സുതാര്യഹതാശയമായ ചിരി.

ഉപ്പുപാടങ്ങളുടെ ലവണം കിനിയുന്ന കാറ്റുകൾക്കൊപ്പം
ഓരോ രാത്രിയും നീ കടന്നുവരുന്നു
മൂടൽമഞ്ഞുപോലെ മുറിവുകൾ കാട്ടി വിതുമ്പുന്നു
ജനലരികിൽനിന്നു വിറയ്ക്കുന്നു ഹിമകാലനിശീഥിനി
വെളുത്തുള്ളിപോലെ വിളറിയിരിക്കുന്നു
നിന്റെ ചിതയിൽ വിരിയുന്ന
അർബ്ബുദത്തിന്റെ ഇലകൾക്കു തവിട്ടുനിറം.

എരുക്കിന്റേയും പാലയുടേയും നറുഗന്ധം
ശവം കരിയുന്ന മണത്തിലലിയുന്ന ഈ നിലാവിൽ,
ഈ ഹിമക്കുണിനടിയിൽ
നീ എന്നോടൊപ്പം അഭയം തേടേണ്ടതായിരുന്നു-
ഇരുണ്ട കിണറുകൾക്കകത്തു ജീവിക്കുന്ന ഉരുണ്ട

ആ വഴുവഴുപ്പൻ സത്വം അന്നി നമുക്കിടിയിൽ വന്നുനിന്നു.
അതേ സത്വമാണോ
നിന്റെ കുടലുകൾക്കകത്തു കടന്നുകൂടി പെറ്റുപെരുകിയത്?

കാറ്റ് ഉമ്മവെയ്ക്കുന്ന അശോകവൃക്ഷത്തിന്റെ
ഹരിതഗോപുരം പോലെ
നീ ഓർമ്മയുടെ അതിരുകളിൽ കൂർത്തുയരുന്നു
എന്റെ പകലുകൾക്കും കവിതകൾക്കുമിടയിൽകിടന്ന്
ഇലമുളച്ചിയെപ്പോലെ പൊട്ടിപ്പൊട്ടി മുളയ്ക്കുന്നു.
നിന്റെ മരിച്ച മുടിയിഴകളിൽ
സ്വർണ്ണവിരലുകളോടിച്ചുകൊണ്ട്
പട്ടടത്തീ നിന്റെ കൊച്ചുചെവിയിൽ മന്ത്രിച്ചതെന്തായിരുന്നു?
നിന്നെ മടിയിൽ കിടത്തി തലോടിത്തലോടി
നിന്റെ അസ്ഥികളെ വികാരാവേഗത്താൽ
പൊട്ടിത്തെറിപ്പിച്ച്
അവൻ പാടിയ പാട്ടെന്തായിരുന്നു?

സുലേഖാ, നീ മറ്റൊരു കാലത്തു പിറക്കേണ്ടവളാണ്
ഈ ലോകത്തു സൂര്യകാന്തികൾക്കുപോലും
നഖങ്ങളും ദംഷ്ട്രകളുമുണ്ട്
കറുത്ത വിധിപുസ്തകം പോലെ
തടവറകൾ രാജ്യസ്നേഹികൾക്കായി തുറക്കപ്പെടുന്നു
നീതിമാന്മാരുടെ നുറുങ്ങിയ അസ്ഥികൾക്കുമീതേ
മഴ പെയ്യിക്കാത്ത കാറ്റുകൾ ഉരുണ്ടു പോകുന്നു
ഒരുനാൾ സൗരഭ്യങ്ങളുടെ ഭൂമിയിൽ
പുതുമണ്ണിന്റെ മണമുയർത്തുന്ന ആദ്യമഴയായി
നീ വന്നു പിറക്കുക
ഇറവെള്ളമായി ആരിവേപ്പിൻ ചുവട്ടിലൂടെ
ചിരിച്ചു പുളഞ്ഞൊഴുകുക

അപ്പോൾ നിന്റെ മാറിൽ ഒരു കുട്ടി
ഒരു കടലാസുതോണിയൊഴുക്കിവിട്ടു കൈകൊട്ടിച്ചിരിക്കും.
ഒരു ഞാവൽക്കിളി ചുവന്ന ചിറകുവീശി
നിനക്കുമീതേ ക്രൂരമ്പുപൊലെ പറന്നുപോകും:
ആ കിളി ഞാനായിരിക്കും.

(1981)

# 27

## വേനൽ മഴ

(ദക്ഷിണ കൊറിയൻ ജയിലിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് കഴിയുന്ന കവിയും നാടകകൃത്തുമായ കിംചിഹായിക്ക്)

വേനലിലെ ആദ്യത്തെ മഴ പെയ്യുകയാണിപ്പോൾ.
മഴയുടെ ചില്ലുകുഴലിലൂടെ
എണ്ണമറ്റ കുഞ്ഞിമാലാഖമാർ വന്നിറങ്ങി
ഇലകളിൽ നൃത്തംവെയ്ക്കുന്നതും നോക്കി
ഈ ഭൂമിയിലെ പ്രക്ഷുബ്ധമായ പ്രവാസത്തെക്കുറിച്ചോർത്ത്
നിന്റെ തടവറയുടെ ജനലരികിൽ നീ
ഇരിക്കുന്നതെനിക്കു കാണാം

വേനലിന്റെ വിഭ്രാമകമായ മൂർച്ഛയിൽ
പെട്ടെന്നൊരുച്ചമഴപോലെ
നീ ഇവിടെ പറന്നിറങ്ങിയതു ഞാനോർക്കുന്നു.
വാഴകളുടെ ദാഹത്തിനും ബുദ്ധന്റെ ഖേദത്തിനുമിടയിൽ
നാം ആറുപേർ മുളച്ചുനിന്നു
നിന്റെ വൃത്താന്തങ്ങളുമായി ബെർഗ്മാന്റെ
ഉന്മത്തഭൂമിയിൽ നിന്നെത്തിയ
നിന്റെ തീർത്ഥാടക സുഹൃത്ത്[1]
കവിതയെയും കുഞ്ഞുങ്ങളേയും ഓമനിക്കുന്ന
ചുണ്ടുകൾ മറച്ചുവെയ്ക്കാനായി

---

[1] സ്വീഡിഷ് പത്രപ്രവർത്തകനായ ബോ ഗുണ്ണാർസൺ, ഒരു സന്ദർശകൻ, തുടർന്ന് മേഘനാദൻ, കെ.ജി. ശങ്കരപ്പിള്ള.

മേൽമീശയും രാഷ്ട്രീയവും വളർത്തിയ
എന്റെ പ്രിയ സതീർത്ഥ്യൻ,
വർഷത്തിൽ ഒരു പൂമാത്രം വരിയുന്ന
വരണ്ടുറച്ച വനവൃക്ഷംപോലുള്ള എന്റെ കവിമിത്രം
ചുമലിൽവീണ, രശ്മിപോലെ മെലിഞ്ഞ,
നിന്റെ കരം ഗ്രഹിച്ചുകൊണ്ടു ഞാൻ,
മലമുകളിൽ വെച്ചു മുറിവേറ്റ
പോരാളിയെപ്പോലെ ക്രിസ്തുയേശു.
പോക്കുവെയിലിന്റെ സൗവർണ്ണതയിൽ
ചിരപരിചിതമായൊരു പുഴപോലെ നീ
ഞങ്ങളോടു സംസാരിച്ചു:
ഉയരുന്ന മുഷ്ടികളുടെ
വെട്ടിവെട്ടി മാറ്റപ്പെടുന്ന വിപിനത്തെക്കുറിച്ച്,
കമ്പിവേലികളിൽ കുരുങ്ങിപ്പോയ
തരുണസൂര്യൻമാരെക്കുറിച്ച്,
ഇരുട്ടറയിൽ പതുങ്ങിയെത്തുന്ന മരണത്തിന്റെ
നിർവ്വികാരസ്പർശത്തെക്കുറിച്ച്,
ഇരുമ്പഴികൾ രാകി മുറിക്കുന്ന വജ്രക്കത്തികൾ പോലെ
വന്നുപോകുന്ന വിജയദർശനങ്ങളുടെ
വാൽനക്ഷത്രങ്ങളെക്കുറിച്ച്.

കിം ചിഹായ്,
നീ ഒരുവനല്ല, ഒരു വംശമാണ്,
വ്യവസ്ഥിതികളുടെ ചുവരുകളുറയ്ക്കാൻ എന്നും
ദുശ്ശാസനൻമാർക്ക് കവികളുടെ ചോര വേണമായിരുന്നു.
മനുഷ്യരുടെ ബലികുടീരങ്ങൾക്കു മുകളിൽ
കഴുതപ്പുലികൾ ചിരിച്ചു ചിരിച്ചു ചിറകുമുളപ്പിക്കുന്നു
വിപ്ലവത്തിനു പിറകേ വരുന്ന കറുത്ത വിചാരണയിൽ
വിപ്ലവം കുറ്റകൃത്യമായി മാറുന്നു
എങ്കിലും നാലുപേർ നാല്പതു കോടിയായിപ്പെരുകുന്നു
രാപ്പാടികളും പെരുകുന്നു
മഹാസ്വപ്നങ്ങളാൽ ഉത്തേജിതരാക്കപ്പെട്ട്
അവർ പിന്നെയും യുദ്ധം പ്രഖ്യാപിക്കുന്നു
പ്രക്ഷോഭത്തിന്റെ ഋതുഭ്രമണങ്ങളിലൂടെ
ചരിത്രം പിന്നെയും സുഫലയാകുന്നു.

## രണ്ട്

അഴിമുറിച്ചിരമ്പിയെത്തിയ സമുദ്രംപോലെ
നീ വന്നിറങ്ങിപ്പോയിട്ടിപ്പോൾ രണ്ടു മാസമായി.
എന്റെ പനിനീർച്ചെടികൾ രണ്ടു കുറി
വിതുമ്മി വിതുമ്മി പൂവിട്ടു വാടിപ്പോയി.
എന്റെ മക്കൾ ഓടിയോടി കുട്ടിക്കാലം പിന്നിടുകയാണ്
എല്ലാ കുട്ടികളും വലുതാവുകയാണ്
അതെന്നെ എന്തെന്നില്ലാതെ ഭയപ്പെടുത്തുന്നു-
നാം അവർക്കുവേണ്ടി എന്തു ലോകമാണിവിടെ
വിട്ടുപോകുന്നത്?

പകയുടെ നിരന്തര ജ്വലനത്താൽ
ഹൃദയത്തിന്റെ പച്ചയിലകളൊന്നൊന്നായി
കൊഴിഞ്ഞുപോകുന്നതു ഞാൻ കണ്ടുനിൽക്കുന്നു
പകയുടെ ജ്വലനം കഴിയുമ്പോൾ
ചാരം മാത്രം ബാക്കിയാവുന്നു
ചാരം, പിന്നെ കറപുരണ്ട ഭൂമി, മൃഗങ്ങൾ, ഇരകൾ,
മൃഗങ്ങൾ, ഒരു കത്തി, ഒരു പിടച്ചിൽ,
മലം, മൂത്രം, രക്തം കണ്ണുനീർ മാത്രമില്ല[2]

മനുഷ്യരിൽ കെടാത്ത പ്രതീക്ഷയുമായി
കഴുമരത്തിലേക്കു പോകുന്ന സുഹൃത്തേ,
ഞങ്ങളുടെ തെരുവുകളിൽ മഹാമാരിക്കുമുമ്പ്
എലികളെന്നപോലെ
യുവാക്കൾ മുറിവുകൾ പൊത്തിപ്പിടിച്ച്
ഓടിവന്നു പിടഞ്ഞു ചത്തുവീഴുന്നത് നീ കണ്ടിട്ടുണ്ടോ?
ഇലകൾക്കും കല്ലുകൾക്കുമിടയിൽ നിന്ന് സന്ധ്യകളിൽ
ബഹുരൂപികളായ ഞങ്ങളുടെ ദൈവങ്ങൾ
ഉത്സവപ്പറമ്പുകളിൽ നിന്നു പറന്നുവന്ന്
ഞങ്ങളെ ശൂലവും ഖഡ്ഗവും കൊണ്ടാക്രമിക്കുന്നത്
നീ കണ്ടിട്ടുണ്ടോ?
ദൗർഭിക്ഷ്യത്തിന്റെ ബാധ കയറിയ മനുഷ്യർ
ഒരു മണി അരിക്കുവേണ്ടി അയൽക്കാരന്റെ ഹൃദയം
കുത്തിപ്പിളർന്നു തപ്പിനോക്കുന്നതു നീ കണ്ടിട്ടുണ്ടോ?

---

2 തലശ്ശേരിയിലെ കൊലകളുടെ പശ്ചാത്തലത്തിൽ.

ഞങ്ങളുടെ അപമാനിതരായ സ്ത്രീകൾ
വൃദ്ധിക്ഷയം ബാധിച്ച ക്ഷീണചന്ദ്രൻമാരെപ്പോലെ
മൂങ്ങകളുടെ ഇരുണ്ട മൂലലായി അലിഞ്ഞുതീരുന്നതു
നീ കണ്ടിട്ടുണ്ടോ?
ഞങ്ങളുടെ താഴ്വാരങ്ങളിൽ വെട്ടിത്തള്ളപ്പെടുന്ന
വൃക്ഷങ്ങൾ പുരുഷശബ്ദത്തിലും വള്ളികൾ സ്ത്രീശബ്ദത്തിലും
പൂക്കൾ കുട്ടികളുടെ ശബ്ദത്തിലും
നിലവിളിക്കുന്നതു നീ കേട്ടിട്ടുണ്ടോ?[3]
എല്ലാം കണ്ടും കേട്ടും എനിക്കു പെട്ടന്ന് വയസ്സായിരിക്കുന്നു
ചൂടും മഴയുമേറ്റു വിളയുന്ന കനികളെപ്പോലെ
മനസ്സുകൾ ദുരന്താവർത്തനങ്ങളിലൂടെ പക്വത പ്രാപിക്കുന്നു.

## മൂന്ന്

ഇന്നലെയും ഒരു കുട്ടി ആത്മഹത്യ ചെയ്തു[4]
അവനെന്തുകൊണ്ടതു ചെയ്തുവെന്ന്
എന്നെപ്പോലെ മറ്റാർക്കുമറിയില്ല
ശവങ്ങളൊഴുകി നടക്കുന്ന ഒരു
പുഴപോലെയായിരുന്നിട്ടുണ്ട് എന്റെ ജീവിതം.
ഓരോ വേലിയേറ്റത്തിനും ഓരോ ജഡം.
നരഭോജികളുടെ നാട്ടിൽ
ഭ്രാതൃഹന്താക്കളുടെ തലമുറയിലാണ്
ഞാൻ പിറന്നത്.
അത്മഹത്യ ചെയ്തവൻ എന്റെ ഉടപ്പിറന്നവനായിരുന്നു,
വിശ്വാസംകൊണ്ടും, കവിതകൊണ്ടും.
വസന്തം വാകമരത്തെയെന്നപോലെ
താരുണ്യം അവന്റെ സിരകളെ കിരുകിരുപ്പിച്ചു
എങ്കിലും അവന്റെ ഇതളുകൾക്കുമേൽ
ഭാരമേറിയ പാരുഷ്യങ്ങൾ വന്നുവീണുകൊണ്ടിരുന്നു,
പ്രണയബന്ധങ്ങളുടെ കബന്ധങ്ങൾ
അവനുചുറ്റും പിശാച നൃത്തംവെച്ചു
അകലെനിന്നു പവിത്രമായിത്തോന്നിച്ചതെല്ലാം
അടുത്തുവരുമ്പോൾ വികൃതമായി മാറുന്നതവൻ കണ്ടു
വാഹനങ്ങൾ നിലയ്ക്കാത്ത തെരുവു മുറിച്ചുകടക്കാൻ

[3] ‘സൈലന്റ് വാലി’യിലെ വന നശീകരണഭീഷണിയുടെ സന്ദർഭം: ഇന്ന് പൊതുവായ പ്രകൃതിനശീകരണവും.
[4] 1981 മാർച്ച് 31-ന് യുവകവിയും സുഹൃത്തുമായിരുന്ന സനൽദാസ് ആത്മഹത്യ ചെയ്തു.

കാത്തുനിൽക്കുന്ന മുടന്തനെപ്പോലെ
വാക്കുകളുടേയും മനുഷ്യരുടേയും പ്രളയപ്രവാഹത്തിൽ
തന്റേതായ ഒരു നിമിഷത്തിനായി അവൻ കാത്തുനിന്നു.
വളരുന്ന പർവ്വതങ്ങളുടെ ദുസ്തരസങ്കുലമായ
രാവണൻകോട്ടയിൽ
അവൻ മനം തളരുവോളം ചുറ്റിത്തിരിഞ്ഞു
താഴത്തെ ഇരുണ്ട ആഴത്തെ ഭയന്ന് അവസാനംവരെ
അവൻ വിശ്വാസത്തിലള്ളിപ്പിടിക്കാൻ ശ്രമിച്ചു.
എങ്കിലും ഭ്രാന്തുനാറുന്ന പൂക്കളും ശവംചുവയ്ക്കുന്ന കരിമ്പുകളും
വിളയുന്ന ഇരകളുടെ ഇരുട്ടിൽ
പ്രണയങ്ങളും തത്വശാസ്ത്രങ്ങളും അവനെ തുണച്ചില്ല
മൃണ്മയമായ ശരീരത്തിന്റെ സുഖാന്വേഷണങ്ങളും
ഹിരണ്മയമായ ആത്മാവിന്റെ അർത്ഥാന്വേഷണങ്ങളും
അവന്റെ കപ്പലിന്റെ അണിയവും
പാമരവും നെടുകെ പിളർന്നു.
ഒടുവിൽ, ആസക്തിക്കും, വിരക്തിക്കുമിടയിലൂടെ
കുരച്ചു ചാടുന്ന വെള്ളത്തിന്
അവൻ അവന്റെ ആതുരമായ
അത്മാവുപറിച്ചെറിഞ്ഞുകൊടുത്തു.
ഗൗളി, വാൽ മുറിച്ചിടുംപോലെ
പിടയ്ക്കുന്ന തന്റെ നിഴൽമാത്രം
ശത്രുജീവിതത്തിനു നൽകിക്കൊണ്ട്
അവൻ നിഷ്കാമമായ മരണത്തിൽ അഭയം തേടി

## നാല്

ഒരമാവാസിക്കും ഒരു പൗർണ്ണമിക്കുമിടയിൽ
രണ്ടു സഹോദരന്മാരുടെ വേർപാടു താങ്ങാൻ മാത്രം
എന്റെ ഹൃദയം തയമ്പിച്ചിട്ടില്ല.
രണ്ടാഴ്ചമുമ്പായിരുന്നു, ശത്രുവിന്റെ ചൂതാട്ടക്കളങ്ങൾക്കു
തീക്കൊളുത്തിയ എന്റെ മറ്റൊരു
സഹോദരൻ പിടഞ്ഞുവീണത്[5]
ലോഭത്തിന്റെ മൂർച്ച മങ്ങാത്ത കത്തികളാൽ
കറുത്ത ചെന്നായ്ക്കൾ ആ ധീരസൗമ്യതയെ അരിഞ്ഞുവീഴ്ത്തി.
അനിരുദ്ധമായ നീതിയുടെ കേതനം ഉയർത്തിപ്പിടിച്ച്

5 വിപ്ലവസാംസ്കാരികപ്രവർത്തകനായ രമേശൻ, ശത്രുക്കളാൽ കൊല്ലപ്പെട്ടു.

അവൻ കനലുകളിൽ ചവിട്ടി
നിറഞ്ഞ പാട്ടുപാടി കടന്നുപോയി.

ഒരാത്മഹത്യക്കും ഒരു രക്തസാക്ഷിത്വത്തിനുമിടയിൽ
നൈരാശ്യത്തിന്റെയും ആശയുടേയും
രണ്ടു ധീരതകൾക്കിടയിൽ
നാം വന്നുനിൽക്കുന്നു.
ആത്മഹന്താവിനോടു ചേർന്നുനിന്ന് ജീവിച്ചിരിക്കുന്നവൻ
രക്തസാക്ഷിയെ പ്രകീർത്തിക്കുന്നു
ഒരേ ഖേദം നമുക്കപ്പമാകുന്നു
ഒരേ സ്വപ്നം നമുക്കു വീഞ്ഞാകുന്നു
ക്രിസ്തുയേശു ഒരു കയ്യിൽ ആട്ടിൻകുട്ടിയും ഒരു കയ്യിൽ
ചാട്ടവാറുമായി ഞങ്ങളോടൊപ്പമിരുന്നുണ്ണുന്നു.

കിം,
നിന്റെ കഴുത്തിലിതാ കൊലക്കയർ മുറുകുകയാണ്
വസന്തത്തിന്റെ അസഹ്യതയിൽ നിനക്കു ശ്വാസം മുട്ടുന്നു,

തോൽ വലിഞ്ഞു മുറുകുന്നു,
ധമനികൾ പൊട്ടി പൂക്കൾ പുറത്തുവരുന്നു,
നീയാകെ പുഷ്പിക്കുന്നു,
കണ്ണുകൾ ഉദയസൂര്യനെപ്പോലെ വിടർന്നു വിടർന്നുവരുന്നു

കയറിനോടൊപ്പം മഴയും മുറുകുകയാണ്
ഇപ്പെയ്യുന്നത് നിന്റെ വിശുദ്ധ രക്തമാണെന്നെനിക്കു
തോന്നിപ്പോകുന്നു
വെറ്റിലക്കൊടിക്കും വെള്ളിത്തുമ്പിക്കുമൊപ്പം
ഞാനിപ്പോൾ മഴയിലിറങ്ങി നിൽക്കുകയാണ്
വൃക്ഷങ്ങളുടെ വ്രണങ്ങളും മുറ്റങ്ങളുടെ കറകളും
കഴുകി പവിത്രമാക്കി മഴവെള്ളത്തിന്റെ
മാലാഖമാർ തുള്ളിയോടുന്നു
പുഴ കല്ലുകളെയെന്നപോലെ
മഴ അവിശുദ്ധമായ വാക്കുകളെ കഴുകിയുരുട്ടിയെടുക്കുന്നു
അവയിൽ അസത്തിനു പകരം സത്തും
മൃതിക്കു പകരം അമൃതും നിറയ്ക്കുന്നു.

ഗോത്രത്തിന്റേയും ദേശത്തിന്റേയും
ദൈവത്തിന്റേയും പേരിൽ
അറവുകളങ്ങളിൽ മുഴങ്ങിയ രക്തത്തിന്റെ
മണികൾക്ക് ശാന്തി
ദുരധികാരത്തിന്റെ വേതാളം ബലിച്ചോരയുണ്ട്
തലകീഴായി വളരുന്ന
രക്തസാക്ഷികളുടെ മഹാവൃക്ഷത്തിനു ശാന്തി
പ്രേമത്തിനായി മരണശിക്ഷയേറ്റു വാങ്ങിയ
കന്യകമാർക്ക് ശാന്തി
പുതിയ മനുഷ്യനെ സൃഷ്ടിക്കാൻ പുറപ്പെട്ട്
പുതിയ ദൈവങ്ങളെ മാത്രം സൃഷ്ടിച്ചിരുണ്ടു പോയ
മഹാവിപ്ലവങ്ങളുടെ യാഗശാലകൾക്കു ശാന്തി.

എന്നിട്ടും ആത്മദഹനത്തിനും ദമനത്തിനുമപ്പുറം
കർമ്മത്തിന്റെ അവിശ്രാന്ത ജ്വാലയിലേക്കു
തിരിഞ്ഞിരിക്കുന്ന
അനധീയമായ ജിവന്റെ ദൃഷ്ടികൾക്ക് മഹത്വം
മാവു കുഴയ്ക്കുകയും മലയുരക്കുകയും വിലങ്ങറുക്കുകയും

ചെയ്യുന്ന ധീരന്റെ ക്ലമരഹിതമായ കൈകൾക്കു മഹത്വം
കാമത്താൽ അന്ധനും അഹന്തയാൽ ഏകാകിയുമായ
പുരുഷനു മോചനം.
പരിത്യക്തരും അശരണരുമായ സ്ത്രീകൾക്കു മോചനം
ക്ഷീരവും വാത്സല്യവും ലഭിക്കാത്ത കുട്ടികൾക്കു മോചനം
ലോഭമൂർത്തിയുടെ ബലിയൂപത്തിൽ തളച്ചിട്ട
മനുഷ്യയൂഥത്തിനു മോചനം.
ദുശ്ശാസനത്തിന്റെയും നിശാചരനീതിയുടെയും വ്യാളികളെ
അപൂർണ്ണത്തിന്റെ പ്രകാശഖഡ്ഗത്താൽ
പിന്നെയും പിന്നെയും വെട്ടുന്ന
അവിരാമമായ മഹാരോഷത്തിന്റെ മഴകൾക്കു സ്വാഗതം.

(1981)

## 28

### മഴ കുതറുന്നു

മഴ കുതറുന്നു, അലിയുന്നു സന്ധ്യ,
കരിപിടിച്ചൊരാപ്പഴയ പാഠം ഞാൻ
തിരിച്ചുചൊല്ലുന്നു, മഴയതുകൂട്ടി-
ച്ചുരുട്ടി മന്ത്രമായ് ജപിക്കുന്നു:

‘കൊടുങ്കാറ്റെത്തും,
നിൻകുടിലിൻ ജാലകപ്പഴുതു മൂടിയ
കരിയിലയഞ്ചും പറന്നുപോം;
തുലാവർഷം വന്നുവിതുമ്പും;
മൺകട്ടയഴിഞ്ഞുപോമഞ്ചുദിശിയിലും.
പിന്നെ മഴയും കാറ്റുമായ്,
നൊയമ്പുനോറ്റിട്ടുമൊരാളുമെത്താതെ,
കിളിയണയാത്ത സുവർണ്ണനീഡമായ്
അകലെക്കാശിയും!’

(‘ആസന്നമരണചിന്തകൾ’, 1971)

# 29

## സമയമായച്ഛാ...

സമയമായച്ഛാ,
ചിലന്തിനൂൽനെയ്ത
ഭ്രമവല പൊട്ടിനുറുങ്ങുകയായി
സ്ഫടിക ജാലകമുടയുകയായി,
ചുവന്നൊരുത്തരക്കിളിയുമാകാശം
ഇളച്ച രാത്രിയിൽ പൊലിയുകയായി,
ഹൃദയം പൊട്ടിയ ഗഗനത്തിൻ കീഴിൽ
കടലുപ്പിൻരസം നുണയും കാറ്റിന്റെ
കരയും കൈകളിൽ പഴയ വേണുവിൽ
പതയും ദുഃഖത്തിൻ കുശഞൊറികളിൽ
നിഴലുകൾ ഇപ്പും വൃഥാനിലാവുകൾ
ഇളമ്പിയ ദീർഘനിശകളിൽ, പച്ച-
മിഴിതൻ നാഭിയിലുയിർത്തെഴുന്നേല്ക്കും
സരോരുഹത്തിന്റെ കവിതയിൽ, എന്നെ
മഹാവ്യഥയുടെ ലിപികൾ കാട്ടിയ
പുരുഷ, നീണ്ടൊരീ നിലവിളി നിർത്തി
നയനദീപങ്ങൾ കെടുത്തി,ക്കാത്തിരി-
പ്പൊടുക്കി, യെന്റെയായിടാത്തൊരിക്കരിം-
തടാകത്തിൽ തന്നെ പിടഞ്ഞുവീഴുവാൻ,
പ്രശാന്തി തേടുവാൻ, സമയമായച്ഛാ.

('ആസന്നമരണചിന്തകൾ', 1971)

# 30

## ഒടുവിൽ ഞാനൊറ്റയാകുന്നു

ഒടുവിൽ ഞാനൊറ്റയാകുന്നു:
ചുമലിലിരുന്നാ മഴപ്പക്ഷി പാടിയ
വിറയാർന്ന പാട്ടു തോരുന്നു
ഒരു ഗ്രാമവിധവപോലിലകൊണ്ടു തലമൂടി
മെലിവാർന്ന കാറ്റുപോകുന്നു
തെളിവാനിലൊരു കിളിക്കൂട്ടം തൊടുത്തുവി-
ട്ടരളിതൻ ഞാൺ വിറയ്ക്കുന്നു
ഒരു കൊച്ചുചാലായി വറ്റുന്ന മൗനവും-
ഒടുവിൽ ഞാനൊറ്റയാകുന്നു.

ഒടുവിൽ ഞാനൊറ്റയാകുന്നു:
തെരുവിലേയ്ക്കെറിയുന്ന ചോരയും ദൈന്യവു-
മൊരു കൊച്ചു പന്തുപോലെന്നെ
മദ-മോഹ-കാമ പീഡിതരായ് ക്ഷുധാർത്തരാ-
യലയുന്ന രോഗികൾ മനുഷ്യർ
ചിലർ നാലു ചക്രത്തിൽ, ചിലർ രണ്ടിൽ, ചിലർ കാലി-
ലിതൊരാശുപത്രിയിടനാഴി.
ഇണ കാത്തു തുണ കാത്തു വിധി കാത്തു മൃതി കാത്തു
തലതല്ലിയാർത്തു തെറിചൊല്ലി
മീനിന്നു വിലപേശി ജീവന്നു വിലപേശി
നാടിന്നു വിലപേശിനില്പ്പോർ
ശവവണ്ടിപോലീച്ചയാർക്കും മുഖങ്ങളിൽ
മരവിച്ചു വീർത്ത സ്വപ്നങ്ങൾ.

ഒരു കൊച്ചു പുല്ലിന്റെ തണലില്ല, പൂവില്ല,
കിളിയും കിളിപ്പാട്ടുമില്ല.
ഗണനായകൻ മാത്രമമരുന്നു പുലരിയെ,-
സ്സമരോഗ്രഭ്രമിയെപ്പറ്റി.
ഇരകൾക്കു മീതെ പറക്കും പരുന്തുപോ-
ലവനോർത്തു ചുറ്റുന്നു വാക്കിൽ
'വെറുതെയീയധികാരമോഹിതൻ പ്രലപനം',
പറയുന്നു ഖിന്നനൊരു ഭ്രാന്തൻ:
'ഒരു സൂര്യനുമുദിപ്പീല നിങ്ങൾക്കു, തളിർ
കരിയുന്ന നട്ടുച്ചയൊഴികെ.
വരവില്ലയൊരു സ്വർഗദൂതനും പൈതലിൻ
നിണമാർന്ന കൊക്കു നീട്ടാതെ.'
പിരിയുന്നു പിരിയുന്ന ഉുക്കുകയർ പോൽ യോഗം-
ഒടുവിൽ ഞാനൊറ്റയാകുന്നു.

ഒടുവിൽ ഞാനൊറ്റയാകുന്നു:
കലപിലകലമ്പുന്ന ശിഷ്യർക്കിടയ്ക്കു ഞാൻ
മണിയടിക്കൊപ്പമെത്തുന്നു.
കവിത പകുക്കേണമിവരുമായ്-തീൻമേശ
കുടിലം, കഠിനമീയപ്പം.
അടകല്ലിലെന്നപോൽ ചടുലമതുതാടിയെ-
ല്ലിടയിൽ, എൻവചനമൊരുക്കുടം.
തടവുമുറിയീമുറി, യജമാനഭാഷയിൽ
മൊഴിയുമൊരു കാവലാളീ ഞാൻ.
അറവുമൃഗങ്ങളിവർക്കുമേൽ കത്തിപോൽ
കവിതതൻ ക്രൂരമാം കരുണ.
പുഴകൾ, നിലാവുകൾ, കളികൾ, ബാല്യത്തിന്റെ-
യിലകൾ, നാടോടിയീണങ്ങൾ
ഒരുപിടിച്ചാരമായമരും ചിതാകലശ-
മിവരുടെ മാറിൽത്തുടിപ്പൂ.
കടലാസ്സുപൂക്കളിൽ മധുതേടിയുഴറുന്ന
ശലഭങ്ങളതിലെന്റെ വരികൾ
മണിയൊച്ച വാളുപോൽ പിളരുന്നു ഞങ്ങളെ,
ഒടുവിൽ ഞാനൊറ്റയാകുന്നു.

ഒടുവിൽ ഞാനൊറ്റയാകുന്നു:

വരവായി മിത്രങ്ങ,ളുയരുന്ന ശബ്ദത്തിൽ
വിറകൊൾവു മുറിയിലെൻ ബുദ്ധൻ:
കവിതയും കരുണയും കിനിയാത്ത ഹൃദയത്തി
ലുറവറ്റിടും വിപ്ലവങ്ങൾ,
കഠിനമാം യുക്തിതൻ ചക്രത്തിലരയുന്ന
ഹരിത മാനവികസത്യങ്ങൾ,
അരിയേത്, അണിയേത്, നാടിന്റെയകമേത-
തറിയാതൊലിച്ചുപോം രക്തം,
ഇളകാത്ത മണ്ണിൽ വേരോടാതഹന്തയാൽ
മുരടിച്ച മോചനോത്സാഹം
-ഉയരുന്ന തേങ്ങലിൻ തിരകൾപോൽ സംസാര-
മുണരാത്ത ഭ്രമിതൻ മീതെ.
വ്യസനം പുളിപ്പിച്ച വാക്കു വാല്മീകിതൻ
പഴയോരടുപ്പിൽ വേവിച്ചും
ഒരു ചിരിതൻ കതിർ കൊക്കിൽ വെച്ചരികിലെ-
ക്കര തൻ കിനാവു കൂർപ്പിച്ചും
പിരിയുന്നു മിത്രങ്ങൾ, പാൽ പോൽ പകൽ പിരി-
ഞ്ഞൊടുവിൽ ഞാനൊറ്റയാകുന്നു.

ഒടുവിൽ ഞാനൊറ്റയാകുന്നു:
ഇരുളെത്തി, കുഞ്ഞുങ്ങൾ കളിനിർത്തി, യവർ കാണെ
വളരുന്നു, വളരുന്നു ഭയവും.
ചെറുമിഴികൾ പിളരുമോ വേതാളനൃത്തങ്ങൾ,
ചെറുചെവിയിലലറുമോ രക്തം?
ചെറുകഴൽ കടയുമോ പാതകക്കടൽതാണ്ടി,
ചെറുകുടൽ കീറുമോ വ്യാളി?
യമവൃക്ഷശിഖരങ്ങൾ പോർവിമാനങ്ങൾ ത-
ന്നിലകൾ തീമഴപോലെ വീഴ്കെ,
'മരണം' 'മരണ' മെന്നെഴുതിപ്പരക്കുന്ന
പുകയേറ്റു തളരുമോ പ്രാണൻ?
മതി, നിർത്തു! കടലടിക്കളയിൽ കുരുങ്ങിഞാ-
നുഴറുന്നു ശ്വാസമില്ലാതെ.
ഒരു തുരുത്തായിതാ പ്രിയതമാ, അവളിലു-
ണ്ടതി പുരാതന ശാദ്വലങ്ങൾ,
കടുവയും മുയലുകളുമലയും വനങ്ങൾ, വൻ
മുനികൾ തപംകൊണ്ട ഗുഹകൾ,

മുകിലുരുമ്മും പീഠഭൂമികൾ, ആദ്യമായ്
പുലരികളുറന്ന താഴ്വരകൾ,
പടഹങ്ങളുണരുന്ന രണരുദ്രഭൂമികൾ,
ബലിതൻ ഋതുക്കൾ, പിതൃക്കൾ,
വ്രതബദ്ധകൃഷ്ണകൾ, പ്രഥമഗോത്രങ്ങൾ തൻ
വ്രണിതോഗ്രനൃത്താരവങ്ങൾ
അജപാലഗീതങ്ങൾ പതിതർതൻ താളങ്ങൾ,
അനിരുദ്ധജനജാഗരങ്ങൾ.
അവളുടെ മണൽത്തിട്ടിലെത്തി ഞാൻ തിരയുന്നു
അഭയമാസ്നേഹാർത്തഭൂവിൽ
അവളിലേയ്ക്കുളിയിടുന്നു ഞാനുത്സവ-
നടുവിലേയ്ക്കൊരു കുട്ടിപോലെ.
കൊടി, മേള, മമ്മദൈവത്തിനു കുരുതികൾ,
ചെവിയാട്ടുമാനകൾ, നിറങ്ങൾ,
പെരിയൊരാൾക്കൂട്ടത്തിലാണ്ടുവിയർത്തു ഞാ-
നുയരുന്നുരാപ്പാതി തന്നിൽ.
പിറുപിറുക്കുന്നു തകർന്ന ബാബേലിന്റെ-
യടിയിൽ ഞെരിഞ്ഞപോൽ ഞങ്ങൾ.
ചിരിയോടെ പറയുന്നു ഞാൻ: 'മർത്ത്യവംശത്തി-
നവസാനദമ്പതികൾ നമ്മൾ.'
ഇരുളിലിവൾ തേങ്ങുന്നു, ദുഃസ്വപ്നവീഥികളി-
ലൊടുവിൽ ഞാനൊറ്റയാകുന്നു.

ഒടുവിൽ ഞാനൊറ്റയാകുന്നു:
'അരുതരുതു പറയരുതു, നാം നാൽവർ, നാം നൂറ്.
നാം നൂറുലക്ഷങ്ങളല്ലോ!'
-പറയുന്നതാരാണ, താരാണുണർന്ന, തെൻ
ചെറുമക്കൾ, ചെറുമക്കളല്ലോ!
'കരയുന്നതെന്തിന്നു കാലത്തിലെവിടെയോ
പുതുവംശമൂറിത്തുടിയ്ക്കേ?
മിഴിയോർക്ക, മിഴിയോർക്ക, രശ്മിപോൽ ചെറുകൈക-
ളുയരുന്നു ഈ നിശയ്ക്കെതിരെ,
ചെവിയോർക്ക, ചെവിയോർക്ക, തിരപോൽ കുരുന്നുകാ-
ലുയരുന്നിതസുരന്നുമീതേ,
കരളോർക്ക, കരളോർക്കിളം കണ്ഠനാളങ്ങ-
ളൊരുമിക്കുമാഗ്നേയരാഗം:

'അരുതരുതു യുദ്ധങ്ങൾ, കരയരുതു തെരുവുകളി-
ലരുവിയായ് ദളിതർതൻ രക്തം
അരുതിനിയുമമ്മയ്ക്കു പശിയുമച്ഛനു തൂക്കു
മരവുമരുളും നരകനൃത്തം.
അരുതുയരുമീമുഷ്ടിതൻരുഷ്ടബോധികളെ-
യരിയും മഹാദുരധികാരം
അരുതിനിഖ്വനികളിൽ വനങ്ങളിൽ മനങ്ങളിൽ
യമപൂജ ചെയ്യുന്ന ലോഭം.'
 ഞാനൊറ്റയാകുന്നതെങ്ങിനെ കിടാങ്ങളേ-
യീഭൂമി വൃദ്ധയാവോളം?
ഊർദ്ധ്വബാഹുവൊരാളനീതിയാലസ്വസ്ഥ-
മാത്മാവിൽ നിലവിളിപ്പോളം?[1]
അലിവിന്റെ പകൽപിരിഞ്ഞൊടുവിലെസ്സ്വാതന്ത്ര്യ-
പഥികനുമിരുട്ടിൽ വീഴ്വോളം?

ഞാനൊറ്റയാകുന്നതെങ്ങിനെ കിടാങ്ങളേ
ഞാനൊറ്റയായ് പോകുവോളം,
ഞാൻ ഒറ്റയായ് പോകുവോളം?

(1981)

---

1 വ്യാസസ്മരണ

# 31
## കായിക്കരയിലെ മണ്ണ്

കായിക്കരയിൽ ഞാനെത്തുമ്പോൾ
ചായും വെയിലെന്നെ നോക്കുന്നു
ഒരുപിടി മണ്ണു ഞാൻ വാരുന്നു
ചെവിയോടു ചേർത്തുപിടിക്കുന്നു
തുളവീണൊരാത്മാവു കുഴലാക്കി-
യൊരുവനതിന്നുള്ളിൽ പാടുന്നു
ഒരു തൈമാവില ഞാനടർത്തുമ്പോൾ
കുയിലൊന്നതിനുള്ളിൽ മൂളുന്നു
ഇറവെള്ളമൊരു കൈ ഞാൻ കോരുമ്പോൾ
പെരിയാറതിന്നുള്ളിൽ മുരളുന്നു
എഴുപത്തിനാലാണ്ടുമുമ്പത്തെ-
യൊരു സന്ധ്യയോർമ്മയിൽ തെളിയുന്നു...

* * * *

വൃശ്ചികം. വിഷഗ്രസ്തം
ഭൂതലം. രക്തസ്നാതം
പശ്ചിമാംബരം. ശര-
തീക്ഷ്ണമാം ഹിമവാതം.
പകൽ ചാഞ്ഞൊരു വാനിൽ
കുറുകെക്കരഞ്ഞുകൊ-
ണ്ടിടറിപ്പറക്കയാ
ണൊറ്റയ്ക്ക് കരിങ്കിളി.

ബാധയേറ്റപേൽ തുള്ളും
        പനകൾ: പാലക്കാടൻ
ഗ്രാമഗേഹത്തിൻ മുറ്റം.
        ഏകനായ് ധ്യനാകുല-
നായൊരാളുലാത്തുന്നു
        ശമിയാം, കവിയാകാം-
വീഴുന്നു ഞെട്ടറ്റൊരു
        പൂവയാളുടെ മുന്നിൽ.
ഒരു പൂ, വെറുമൊരു
        പൂ, വൊരുലക്ഷം പൂവി-
ലൊരു പൂ, മൗനത്തിന്റെ
        ചെമ്പകച്ചിറകുപോ-
ലൊരു പൂ, ഈറൻ മണ്ണി-
        ലിറക്കിക്കിടത്തിയ
തണുത്ത ശവംപോലെ:
        ഏകാന്തം. നിരാലംബം.
പെട്ടെന്നു പെരുംവെള്ള-
        ച്ചാട്ടംപോ, ലാളിക്കത്തും
കാട്ടുതീപോലെ, ജ്വാലാ-
        മുഖിതന്നുദ്സ്ഫോടംപോൽ
പൊട്ടുന്നിതകത്തെന്തോ,
        തൊണ്ടയിലെന്തോ വന്നു
മുട്ടുന്നു, നാവിൽ പച്ച-
        ച്ചോര തൻചുവപോലെ…
ഒരു പ്രേതയാത്രയായ്
        പോകുന്നു കൺമുന്നിലൂ-
ടിരുൾ വാറ്റിയ കോപ്പ-
        യേന്തിയ നരവംശം:
ഇന്നൊരുമുടി, നാളെ-
        യൊരു പ, ല്ലതിൻപിറ്റേ-
ന്നുല്ലാസം, അഭിലാഷം,
        കർമ്മം, അന്ത്യത്തിൽ പ്രാണൻ
ഓരോന്നായ്ക്കൊഴിയുന്നൊ-
        രുടലിൻ ചെറുവൃക്ഷം
ശൂന്യത്തിൽ തിരിയുന്ന
        മൃതികാന്തം പോൽ ഭൂമി… .

നിത്യവും പുതുതായി
വെട്ടിയ ശവക്കുഴി-
കൾക്കുമേൽ നിലാക്കോടി-
യിട്ടാർക്കും നറുംചന്ദ്രൻ,
കൈകോർത്തുശിശുക്കളെ-
പ്പോലെനാഥരായ് ശവ-
മാടത്തിൽ തേങ്ങും
കറുകപ്പുല്ലും ചെറുകാറ്റും,
മണലിൽ ഭ്രാന്തൻ ഞണ്ടു
കോറിയ ചിത്രങ്ങളിൽ
തെളിയും തേർവീഴ്ചകൾ,
യുദ്ധത്തിൽ കത്തും ജന-
പഥങ്ങൾ, മഹാമാരി
താണ്ഡവമാടും പുരാ-
പുരങ്ങൾക്കുമേൽ കൊക്കു
കൂർപ്പിക്കും കഴുകന്മാർ,
ബലിച്ചോറുണ്ടുണ്ടമാ-
വാസിരാത്രിപോൽ ചീർത്തു
പെരുതായ് ഭ്രമിക്കുമേൽ
ചിറകുനീർത്തും കാകൻ,
നീതിക്കുവേണ്ടിപ്പൊങ്ങും
മുഷ്ടികൾ കടിച്ചെട്ടു-
ത്താഴിയിൽ മദിക്കുന്ന
പെരുംസ്രാ, വധികാരം,
കീറി വീണഴുകിയ
സാമ്രാജ്യക്കൊടിക്കുറ-
യാടയായ് ചുറ്റിത്തുള്ളും
കുട്ടികൾ, കരിമ്പന്മാർ,
അഭയാർത്ഥികളെപ്പോൽ
നാമശൂന്യരായ് ചുറ്റി-
യലയും നരപര-
മ്പര തൻ വ്യഥായാനം... .

ഒരു പൂ, വൊരു വെറും
പൂ, വെന്നാലവൻ കണ്ടു
അതിൽ 'രേവ'യിൽ മാഞ്ഞ

ലീലതൻ വ്യർത്ഥോന്മാദം,
ശ്രാന്തപാന്ഥയായ്
ദമയന്തിപോൽ വനത്തിലേ-
കാന്തയാം നളിനി തൻ
വ്രതബദ്ധമാം ഖേദം,
തമസാരതീര, ത്തുട-
ജന്തവാടിയിലൊറ്റ-
യ്ക്കിരവിൽ കുരുതിപ്പൂ-
വായ സീത തൻ ധ്യാനം,
പതിതയൊരു
ചണ്ഡാലികയ്ക്കും ഗണികയ്ക്കും
ദളിതപത്നിക്കും മേൽ
പെയ്ത മേഘത്തിൻ സ്വർണ്ണം...
ഉഗ്രദർശനങ്ങൾ ത-
ന്നരുൾ പൊട്ടലിൽ പര-
ന്നുള്ളുകാട്ടുവാൻ വാക്കി-
ന്നായവൻ കൈ നീട്ടുന്നു.
തിരയൊന്നടങ്ങുവാൻ
കടലോരത്തിൽ തന്റെ
ചെറുതോണിയുമായി
മുക്കുവൻ നിൽക്കുംപോലെ
ചില നാഴിക പിന്നെ
നിൽക്കുന്നു, വിഷം കട-
ഞ്ഞമൃതാക്കുവാൻ, ചിന്താ-
ലീനനായ് പ്രശാന്തനായ്.
മെല്ലെയെത്തുകയായീ
ആദ്യത്തെ വരി, ഉന്തു-
വണ്ടിയിൽ മുടന്തനെ-
പ്പോലാർത്തം, 'ഹാ, പുഷ്പമേ... !'

ചിലന്തി വല നെയ്യും
പോലവൻ ചലിക്കുന്നു
പിറകാ,ട്ടതിൽ പിന്നെ
മുന്നോട്ടും വശത്തേയ്ക്കും
ഒരു പൂ, വൊരു വെറും
പൂ, വതിൽ ബാല്യത്തിന്റെ

നിറങ്ങൾ, താരുണ്യത്തി-
ന്നീണങ്ങൾ, നിലാവുകൾ,
ഭ്രമരപഥങ്ങളിൽ
കനകവെയിലാട്ടം
ഒടുവിൽ വിരഹോന്മാ-
ദത്തിന്റെ ബലിച്ചോര,
ഹിമബിന്ദുവിലുപ്പു
നിറയ്ക്കും മണ്ണിൻ ഖേദം
കുറുകിപ്പുലമ്പുന്ന
ജ്വരത്തിൻ പിറാവുകൾ
മറ്റൊരു തരുവിന്മേൽ
ചേക്കേറും പൂവിൻജന്മം,
സ്വപ്നമായൊടുങ്ങുന്ന
വാഴ്വിതിൻ മഹാദൈന്യം...
സഹയാത്രികരെല്ലാം
മുങ്ങിപ്പോയ് തീരത്തൊറ്റ-
യ്ക്കുണയും മരവിച്ച
നാവികനെപ്പോൽ കവി
തിരിച്ചെത്തുന്നു: 'കണ്ടു
ഞാനിന്നു മരണത്തെ-
യൊരു കൈക്കുമ്പിൾ കടൽ-
വെള്ളത്തിൽ, കിടാങ്ങളേ!'

* * * *

കായിക്കരിയിൽ നിന്നെത്തുമ്പോൾ
മായും വെയിലെന്നെക്കാണുന്നു.
പേനയടപ്പു തുറക്കുമ്പോ-
ഴാരുടെ കണ്ണീരോ ചാടുന്നു?
വേരു കിളിച്ചു മറിക്കുമ്പോ-
ഴാരുടെയെല്ലുകിലുങ്ങുന്നു?

പ്രണയങ്ങളിന്നുമനാഥങ്ങൾ,
പരതന്ത്രർ പതിത സമൂഹങ്ങൾ
കുടികൾ തീപ്പക്ഷി വിഴുങ്ങുന്നു
ശവമല്ലോ പൊയ്കയിൽ പൂക്കുന്നു.
മരമല്ല തണലിനായ് നട്ടു ഞങ്ങൾ

വഴിനീളെ-തോക്കുകൾ, കഴുമരങ്ങൾ.
തെരുവിലെക്കുരുതിതൻ ചോരകൊണ്ടേ
ചെറുപൈതങ്ങൾ സ്ലേറ്റു മായ്ക്കുന്നു
അനിയനെ രണ്ടായ് പകുത്തുവെച്ചാ-
ണിവിടെപ്പിറന്നാൾ തുടങ്ങുന്നു.
മാറ്റുന്നു ചട്ടങ്ങൾ ഞങ്ങ,ളെങ്ങാൻ
മാറ്റിയാലോ അവ ഞങ്ങളെത്താൻ?
അതിനാൽ മൃതിതൻ കറുത്തകല്ലാൽ
പ്രതിമയായ് നിശ്ചലനാക്കി നിന്നെ.
വരരുതേ സാഗരംപോൽ മുഴങ്ങും
സ്വരവുമായ്, സ്വാതന്ത്ര്യസ്മൃതിയുമായി.
ഭയമാണു ഞങ്ങൾക്കു സമരബദ്ധം
കരുണയെ, മരണത്തെ, ജീവിതത്തെ.
ഭയമാണു കർമ്മത്തെ, മോചനത്തെ,
ഭയമേ കിഴക്കിലുദിക്കുവോനെ!

(1982)

# 32

## ഭ്രമിയുടെ ചടങ്ങുകൾ

തത്തകൾ ഭ്രമിയിലെങ്ങും ഒരേഭാഷ സംസാരിക്കുന്നു
ഇന്ത്യയിലെ കാക്കയുടെ കരച്ചിലിന്റെ സൂചന
ചൈനയിലെ കാക്ക പോലും പെട്ടെന്നു തിരിച്ചറിയുന്നു
ഗംഗയും വോൾഗയും ഒരേ വാദ്യങ്ങൾ വായിക്കുന്നു
ഓക്കുകൾ, തേക്കുകൾ മയിലുകൾ, മുയലുകൾ
അഗ്നിയുടെ സിംഹങ്ങൾകൂടി എല്ലാ വനങ്ങളിലും
വാസനയുടെ ഒരേ ഹരിതഭാഷ സംസാരിക്കുന്നു
ധ്രുവക്കരടികളുടെ മുരൾച്ചയുടെ പാരുഷ്യംപോലും
ശീതസമരത്തിൽ നിന്നു വരുന്നതല്ല
ദിനോസറുകൾ ദൈവങ്ങളെപ്പോലെ
സംസ്കൃതത്തിൽ സംസാരിച്ചതിനാൽ
മനസ്സിലാക്കപ്പെടാതെ മൺമറഞ്ഞുപോയെങ്കിലും.

അച്ചടിയന്ത്രത്തിന് അലക്കുയന്ത്രം പറയുന്നതു
മനസ്സിലായില്ലെങ്കിലും, മഴപോലെ പിറുപിറുക്കുന്ന
ടൈപ്പ്റൈറ്ററുകളുടെ പരാതികൾ ഊഹിച്ചെടുക്കാനാവും.
മനുഷ്യകണ്ഠങ്ങളുടെ ചോരപുരളുമ്പോൾ മാത്രമാണ്
തീവണ്ടിച്ചക്രങ്ങളുടെ ഭാഷ ദുരൂഹമാകുന്നത്.

മനുഷ്യരും, പിറന്നുവീഴുമ്പോൾ നിലവിളിക്കുന്നത്
എല്ലാ ദേശത്തും ഒരേ ഭാഷയിലാണ്
പിന്നെപ്പിന്നെ പച്ചക്കുതിര
പഴുതാരയെ മനസ്സിലാക്കുന്നതുപോലും

അവർക്ക് പരസ്പരം മനസ്സിലാക്കാൻ പ്രയാസമാകുന്നു
ഇരുമ്പിൽ കറയും ഈർച്ചപ്പൊടിയും
യന്ത്രക്കൊഴുപ്പു തുടച്ചെറിഞ്ഞ നൂലിൻകെട്ടുകളും
കീടനാശിനികളും വെടിമരുന്നും
ഭാഷയിൽ കയറിക്കൂടുന്നു
ആശ്രിതന്റെ വിനയവും വത്സലന്റെ അടവും
പ്രചാരകന്റെ നുണയും ഇണയുടെ ദുശ്ശങ്കയും
ഇരയുടെ ചോരയും
വാക്കുകളുടെ ബാക്കിയായ സുതാര്യതയും നശിപ്പിക്കുന്നു.

ഒലീവുമരങ്ങൾ അറബിയുടെ നാട്ടിലും
യഹൂദന്റെ നാട്ടിലും
ഉത്പത്തിപ്പുസ്തകത്തിന്റെ തന്നെ
ഭാഷയാണു സംസാരിക്കുന്നത്
എന്നിട്ടും ഓറഞ്ചുതോപ്പുകൾക്കിടയിൽ
ഇതാ പുതിയ ഒരു ഓഷ്‌വിറ്റ്സ്.[1]
ഇക്കുറി പടിവാതിൽക്കൽ കൂട്ടിയിട്ടിരിക്കുന്നത്
ജൂതക്കുട്ടികളുടെ പാവകളും പീപ്പികളും കൊട്ടത്തോക്കുകളുമല്ല,
ഭ്രഷ്ടരായ പാലസ്തീൻ പോരാളികളുടെ തോക്കുകളാണ്.
പെരുമ്പാമ്പിന്റെ വായിൽനിന്നു തുറിച്ചുനിൽക്കുന്ന
കുട്ടിയുടെ കാലുകൾപോലെ നിസ്സഹായമായ
ജിപ്സിത്തോക്കുകൾ
പട്ടുപുതച്ചുകിടക്കുന്ന ഓരോ വാക്കും പൊക്കിനോക്കുമ്പോൾ
വെട്ടിനുറുക്കപ്പെട്ട ശവത്തിന്റെ ഗന്ധമുയരുന്നു
കുട്ടികൾ ചെടിക്കമ്പു മുറിക്കാൻ കത്തിയോങ്ങുമ്പോഴും
അകം അറിയാതെ ഞെട്ടിത്തേങ്ങുന്നു.
മൗനം കൊലക്കത്തിക്കു മൂർച്ചകൂട്ടുന്നു
സംസാരത്തിലോ, ആരാച്ചാരുടെ നിഴൽവീഴുന്നു.

അപ്പോൾ കവിവരുന്നു
വാക്കുകളുടെ രാത്രികൊണ്ട്
വെളിച്ചത്തിന്റെ വീടുപണിയാൻ
വിഡ്ഢിയായ പ്രവാചകൻ വരുന്നു
വെയിലിന്റെ ഇലകളും സംഗീതത്തിന്റെ ഇതളുകളുംകൊണ്ട്
അവൻ വാക്കുകളെ ഉഴിയുന്നു

[1] ജർമനിയിലെ നാസി കോൺസൻട്രേഷൻക്യാമ്പ്.

പ്രാവിന്റെ കുറുകലും അരയാലിന്റെ മർമ്മരവുംകൊണ്ട്
അവൻ വാക്കുകളെ തലോടുന്നു
അദ്ധ്വാനത്തിന്റെ വിയർപ്പിലും അദ്ധ്വാനിയുടെ വിശപ്പിലും
അവൻ വാക്കുകളെ കഴുകിയെടുക്കുന്നു
ഏകാകിയുടെ നെടുവീർപ്പിലും ജനതതിയുടെ ക്രോധത്തിലും
അവൻ വാക്കുകളെ മുക്കിയെടുക്കുന്നു
സ്വപനത്തിന്റെ പൊടിയും സഹനത്തിന്റെ തെളിയുംകൊണ്ട്
അവൻ വാക്കുകളെ തുടച്ചുമിനുക്കുന്നു
ഓർമ്മയുടെ പഞ്ഞിയും കരുണയുടെ മരുന്നുംകൊണ്ട്
അവൻ വാക്കുകളുടെ പൊറ്റയടർത്തിക്കളയുന്നു
ബുദ്ധന്റെ ഉപ്പും യേശുവിന്റെ വീഞ്ഞും
അവൻ വാക്കുകളിൽ വെച്ചുകെട്ടുന്നു
യാഥാർത്ഥ്യത്തിന്റെ എഴുപതു മൂലകളുള്ള
വജ്രശിലകൊണ്ട് അവൻ മലമുകളിൽ
പിന്നെയും വാക്കുകൾ കൊത്തിവെയ്ക്കുന്നു
സ്നേഹം. സമരം. സ്വാതന്ത്ര്യം.

വ്യർത്ഥമായ ചടങ്ങുകൾകഴിഞ്ഞ്, ഉദയരശ്മികളോടൊപ്പം,
അവൻ കൊടുമുടിയിൽ നിന്നു താഴേക്കെടുത്തു ചാടുന്നു
അവന്റെ പൊട്ടിച്ചിതറിയ തലച്ചോറിൽനിന്ന്
ഒരായിരം തത്തകളൊന്നിച്ച് ആകാശത്തിൽ പറന്നുയരുന്നു.

തത്തകൾ ഭൂമിയിലെങ്ങും ഒരേഭാഷ സംസാരിക്കുന്നു
ഈജിപ്തിലെ കാക്കയുടെ കരച്ചിലിന്റെ സൂചന
ഇസ്രായേലിലെ കാക്കപോലും പെട്ടെന്നു തിരിച്ചറിയുന്നു
യാങ്ട്സിയും മിസ്സൗറിയും ഒരേ വാദ്യങ്ങൾ വായിക്കുന്നു.

(1982)

# 33

## വീട്

പാവകളുടെ പെരുന്നാളാണിന്ന്.
വീടുകളിൽനിന്ന് അലങ്കരിച്ച പാവകൾ
തെരുവുകളിലേക്കിറങ്ങി വരുന്നു.
ആകാശത്തിലെ നക്ഷത്രങ്ങൾ കെട്ടുപോയതുകൊണ്ട്
നാമും വീട്ടിൽ ഒരു നക്ഷത്രവിളക്കു തൂക്കുന്നു
പ്ലാസ്റ്റിക് പുൽക്കൂട്ടിലെ
പാവക്രിസ്തുവിന്റെ പിറവിയറിയിക്കാൻ
ഈ കടലാസ്സുനക്ഷത്രങ്ങൾ മതി.
കിഴക്കുനിന്നോ പടിഞ്ഞാറുനിന്നോ
ജ്ഞാനികളിനി വരാനില്ല.
വന്നവർ വന്നവർ ഈ ഭൂമിയിൽ പാവകളായി
അനീതിക്കു മുന്നിൽ മൗനികളായ ജ്ഞാനികൾക്ക്
ഒരു ജനനത്തിനും സാക്ഷ്യം വഹിക്കാനാവില്ല.
രക്ഷകരുടെ പൊയ്മുഖങ്ങൾക്കു പിറകിൽ
പ്രസവം കാക്കുന്നവൻ മരണംകാക്കുന്നവനുമായി
വാർഡു വച്ചുമാറുന്നു.
ഇനിയും ജ്വലിക്കുന്ന കണ്ണുകളാരുടേതാണ്?
ആരും മരിക്കാത്ത വീടേതാണ്?
എന്നെ വിട്ടയയ്ക്കു.

രണ്ട്

നമ്മുടെ പ്രണയത്തിന്റെ സ്മാരകമായി

നാം ഈ രാധാകൃഷ്ണപ്രതിമ
നമ്മുടെ വീടിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചു.
കാലികൾ ഇടയന്റെ വിളിയെത്താത്ത
വനദൂരങ്ങളിലേക്കു പൊയ്ക്കഴിഞ്ഞു.
കടമ്പുകൊണ്ടുപണിത തീന്മേശമേൽ
ഗോകുലത്തിലെ ഒടുവിലത്തെ പശുവും
തളികകളിൽ നിരന്നുകഴിഞ്ഞു.
ഇനിയും പ്രതിമകളെ പൂജിക്കണമെങ്കിൽ
ചുടലയിൽ നൃത്തംവയ്ക്കുന്ന ശിവനെ പകരം പ്രതിഷ്ഠിക്കു
എന്നെ വിട്ടയയ്ക്കൂ.

## മൂന്ന്

ഈ സുവർണ്ണപഞ്ജരത്തിൽ
നാമിരുവരും ബന്ധനസ്ഥരാണ്.
നമുക്കു പരസ്പരം കെട്ടഴിക്കാനാവുന്നില്ല.
നമ്മുടെ കട്ടിലുകളിൽകിടന്ന് ശവങ്ങൾ കത്തിയെരിയുന്നു.
ജാലകപ്പഴുതിലൂടെ നാം ആരെയോ കാത്തുനിൽക്കുന്നു.
നമ്മുടെ തടവറയുടെ കാവൽക്കാരെപ്പോലെ
തെരുവിൽ നിഴലുകളുലാത്തുന്നു.
അവരും തടവിലാണ്.
മുക്കിക്കൊല്ലുന്ന കൈ നീണ്ടെത്തുംമുമ്പ്
ഈ കെണി പൊളിച്ചുമാറ്റൂ
എന്നെ വിട്ടയയ്ക്കൂ.

## നാല്

പനിനീർച്ചങ്ങലയുടെ കണ്ണികളിലൂടെ
വർഷങ്ങളുടെ എലികൾ നമ്മെ കരണ്ടുതിന്നുന്നു.
എനിക്കു വയസ്സാകുന്നു, നിനക്കു വയസ്സാകുന്നു.
കോശങ്ങളുടെ നഗരങ്ങളിൽ എച്ചിൽ കുമിഞ്ഞുനാറുന്നു.
രാജാവിനു വിഷവും കൊണ്ടുവരുന്ന അടിമയെപ്പോലെ
മരണം തെക്കുനിന്നു പുറപ്പെടുന്നു.
എങ്കിലും പശ്ചാത്തപിക്കാത്തവർ
പൂമ്പൊടി നാവിലേറ്റി പരാഗണം തുടരുന്നു.
ഗോപുരത്തിന്റെ ഉച്ചിയിലെ ഭ്രാന്തൻ
കോപത്തിന്റെ വർഷങ്ങളെക്കുറിച്ചു പാടുന്നു.

സവാരിക്കാരൻ വഴിയിൽ വീണു മരിച്ച കുതിര
ഒഴിഞ്ഞ ജീനിയുമായി തിരിച്ചെത്തുന്നു.
എന്നെ വിട്ടയയ്ക്കൂ.
എനിക്കു മനസ്സിലായി:
നാം വീടുകളിൽ സൂക്ഷിക്കപ്പെടുന്ന
അവസാനത്തെ വംശമാതൃകകളാണ്.
നാമാണ് പരിണാമത്തിലെ നഷ്ടപ്പെട്ട കണ്ണി.
മനുഷ്യവർഗ്ഗം പിറക്കാനിരിക്കുന്നതേയുള്ളൂ.
എന്നെ വിട്ടയയ്ക്കൂ.
എന്നെ വിട്ടയയ്ക്കൂ.

(1982)

# 34

## ലോകാവസാനം

ഏഴാം ദിവസം സന്ധ്യയിൽ ദൈവം ദുഃസ്വപ്നങ്ങൾ അസ്വസ്ഥമാക്കിയിരുന്ന തന്റെ വിശ്രമത്തിൽനിന്നുണർന്നു. 'സ്വർഗ്ഗം ആദിയിലെ ജലത്തിലേയ്ക്കു തിരിച്ചുപോകട്ടെ', പിതാവ് അരുളിച്ചെയ്തു. പുരാണങ്ങാളിൽനിന്നും മുത്തശ്ശിക്കഥകളിൽനിന്നും പീഡിതരുടെ സ്വപ്നങ്ങളിൽ നിന്നും സ്വർഗ്ഗം ഒരു ഹിമക്കട്ടിപോലെ അലിഞ്ഞു മാഞ്ഞുപോയി. സ്വർഗ്ഗമുണ്ടായിരുന്നിടത്ത് ചലനമറ്റ ജലം മാത്രം ബാക്കിയായി.

'ഭൂമിയിൽനിന്നും പച്ചമാഞ്ഞുപോകട്ടെ.' വനങ്ങൾ തൃണങ്ങളെ ഞെരിച്ചമർത്തി നിലവിളിച്ചുനിലപൊത്തി. തിനവയലുകളെ തത്തകൾപോലുമുപേക്ഷിച്ചു. പനങ്കുലകൾ കാക്കകളെവിരുന്നിനുവിളിക്കാതായി. അണ്ണാർക്കണ്ണൻ മാമ്പൂക്കളെ കിനാവു കാണാതായി. ഉണങ്ങിയ മരങ്ങളിൽ പഴങ്ങൾക്കു പകരം ശാശ്വതഹിമം തൂങ്ങിക്കിടന്നു. മനുഷ്യരുടെ മഴുക്കൾ മഴ തടഞ്ഞു. വെള്ളച്ചാട്ടങ്ങളുടെ സിംഹസംഗീതം പിൻവലിക്കപ്പെട്ടു. വയലുകളുടെ തൊലിയിൽ വാർദ്ധക്യം നിറഞ്ഞു. പാമ്പുകൾ മാളങ്ങളിലേയ്ക്കെന്നപോലെ പുഴകൾ മണ്ണിലേയ്ക്കു വലിഞ്ഞു. ഋതുക്കളുടെ രഥം പൊടിയിലാഴ്ന്നു. അതു ആറാം ദിവസമായിരുന്നു.

'കരയിൽ ഇഴയുന്നവയും നടക്കുന്നവയും ഓടുന്നവയും പോയ്മറയട്ടെ.' വർഷം മറന്ന ആകാശവും നായാട്ടുകാരുടെ തോക്കുകളും അവയുടെ പ്രവൃത്തികളിലേർപ്പെട്ടു. അവസാനത്തെ മാൻകിടാവ് അസഹ്യമായ ദാഹവുമായി വറ്റിയ അരുവിയിലേക്കോടുന്നത് അവസാനത്തെ മുയൽക്കുഞ്ഞു നോക്കിനിന്നു. ആനകൾ തുമ്പിക്കയ്യുയർത്തി വംശസ്മൃതികളിൽ മുഴുകി മുഴുകി കണ്ണീരൊഴുക്കി. പച്ചിലയുടെയും പൂമ്പൊടിയുടെയും രുചി മറന്ന പുൽച്ചാടികളും പൂമ്പാറ്റകളും ചിറകുകൾ പൊഴിച്ച് അവസാനത്തെ വരയൻ കുതിരകളെ മൂടി. മരിച്ച തള്ളയുടെ അകിട്ടിൽ മുട്ടി മുട്ടി ഒടുവിലത്തെ പശുക്കിടാവും പിടഞ്ഞുവീണു. അഞ്ചാംദിവസമായിരുന്നു അത്.

'ജലത്തിൽ നീന്തുന്നവയും ആകാശത്തിൽ പറക്കുന്നവയും അപ്രത്യക്ഷമാകട്ടെ.' പരീക്ഷണങ്ങളുടെ വിഷം കലർന്ന കടൽവെള്ളത്തിൽ തിമിംഗലങ്ങൾ ഗിരിശിഖരങ്ങൾപോലെ

മലർന്നുപൊങ്ങി. സ്രാവും പരലും മലങ്കും ഇരുളുന്ന ആകാശം നോക്കിക്കിടന്നു. സാഗരകന്യകമാരും ജലപ്പിശാചുക്കളും ഒടുവിലത്തെ തേങ്ങലിൽ വൈരം മറന്ന് പരസ്പരം പുണർന്നു. ശാന്തിയുടെ പിറാവുകൾ വിഷപ്പുക ശ്വസിച്ച് നിത്യത തേടി. കുയിലും രാപ്പാടിയും പാട്ടുനിർത്തി തിരിച്ചുപോയി. മയിലുകൾ മേഘങ്ങൾക്കു പ്രലോഭിക്കാനാകാത്ത നിറങ്ങളിലലിഞ്ഞുചേർന്നു. അതു നാലാം ദിവസമായിരുന്നു.

'മനുഷ്യൻ ഭൂമിയിൽ നിർമ്മിച്ച സൗന്ദര്യങ്ങളെല്ലാം അസ്തമിക്കട്ടെ.' ഇക്കുറി യന്ത്രങ്ങൾ പെറ്റുപെരുകി; യന്ത്രമനുഷ്യർ തെരുവിൽ തീയും വാളുമായി ഇറങ്ങിനടന്നു. ബുദ്ധവിഹാരങ്ങൾ, നാടൻപാട്ടുകൾ, വിക്രമാദിത്യൻ കഥകൾ, പഴയ സുവിശേഷം, ക്ലാസ്സിക്കൽ സംഗീതം, വെഴ്സായ്കൊട്ടാരം, ആഞ്ജലോയുടെ ദാവീദ്, സിസ്റ്റീൻപള്ളി, പേഴ്സ്യൻ കംബളങ്ങൾ, വാല്മീകിരാമായണം, ബേലൂർക്ഷേത്രം, ഹാംലെറ്റ് നാടകം — എല്ലാം ഒന്നൊന്നായി തകർക്കപ്പെട്ടു. സ്ഫിൻക്സ് എല്ലാം നോക്കിനിന്നു. ഒടുവിൽ ഉത്തരം ലഭിച്ചപോലെ തീയിലേയ്ക്കെടുത്തു ചാടി. അങ്ങനെ മൂന്നാം ദിവസവും അസ്തമിച്ചു.

'എന്നെ പശ്ചാത്തപിപ്പിച്ച മനുഷ്യസൃഷ്ടി നിലയ്ക്കട്ടെ.' തലസ്ഥാനങ്ങളിൽ ക്രാന്തദർശികളായ മനുഷ്യർ ഒരുക്കിവെച്ചിരുന്ന ആയുധപ്പുരകൾ സമയമായെന്നറിഞ്ഞു പൊട്ടിത്തെറിച്ചു. ഭ്രൂഗർഭപരീക്ഷണശാലകളിൽനിന്ന് രോഗബീജങ്ങളും വിഷവാതകങ്ങളും മരണരശ്മികളും ഉയർന്നുപൊങ്ങി. പോർവിമാനങ്ങളുടെയും ഗോളാന്തരബാണങ്ങളുടെയും ശബ്ദത്തിൽ കുട്ടികളുടെ പീപ്പികളും ജിപ്സികളുടെ പാട്ടുകളും വറ്റിയമർന്നു. ഗർഭിണികൾ മൂപ്പെത്താത്ത ചാപിള്ളകളെ പ്രസവിച്ചു. മുലപ്പാലും ലാവയും കൂടിക്കലർന്നു. ഭൂമിയുണ്ടായിരുന്നിടത്ത് ഒരുപിടിചാരം പാറിനടന്നു. രണ്ടാംദിവസം അങ്ങനെ അവസാനിച്ചു.

'ഇരുട്ടുണ്ടാകട്ടെ', മുന്നിലെ നിർജ്ജീവമായ വെളിച്ചത്തിന്റെ കടലിനെ നോക്കി ദൈവം കൽപ്പിച്ചു. ചക്രവാളത്തിൽനിന്ന് സൂര്യന്റെ അവസാനത്തെ തുള്ളിയും വറ്റി മറഞ്ഞു. നക്ഷത്രങ്ങൾ ഒന്നൊന്നായണഞ്ഞു. ചന്ദ്രന്മാർ പാവങ്ങളുടെ അപ്പംപോലെ കരിഞ്ഞുതുങ്ങി. ഇല്ലായ്മയുടെ നിറം പ്രപഞ്ചമണ്ഡലങ്ങളെ പൊതിഞ്ഞു. അത് ഒന്നാം ദിവസമായിരുന്നു.

ഇപ്പോൾ ദിവസങ്ങളവസാനിച്ചിരുന്നു. സ്ഥലകാലങ്ങളുടെ അന്ത്യത്തിലെ മഹാശൂന്യതയിൽ ഏകാകിയായ ദൈവം മുഖംപൊത്തി തേങ്ങി.

'വെളിച്ചമുണ്ടാകട്ടെ', അവൻ കല്പിച്ചു.
വെളിച്ചമുണ്ടായില്ല.

(1982)

# 35

## സോക്രട്ടീസും കോഴിയും

‘നിന്നെത്തന്നെ അറിയുക’
ഒരു സന്ധ്യക്ക് വിഷക്കോപ്പ
അവന്റെ കാതിൽ മന്ത്രിച്ചു.
വീട്ടിൽ കയറ്റാത്ത ഭാര്യയിലും
ശപിക്കുന്ന മക്കളിലുംനിന്നു തന്നെ രക്ഷിച്ച
തുല്യദുഃഖിതർക്കു നന്ദിപറഞ്ഞു ചിരിച്ച്
അവൻ കാലടി മുതൽ ഹൃദയം വരെ പടരുന്ന
മരവിപ്പുകൊണ്ട് മരണത്തെ നിർവ്വചിച്ചു.
അസ്ക്ലേപ്പിയൂസ്സിന്നു കൊടുക്കേണ്ട
കോഴിയുടെ കാര്യം ക്രീറ്റോ മറന്നുപോയി.
പ്ലേറ്റോവും അരിസ്റ്റോട്ടിലും
അതേച്ചൊല്ലി വഴക്കായി.
കടത്തിന്റെ പലിശ കൂടിക്കൂടിവന്ന്
ഒടുവിൽ ഗ്രീസുമുഴുവൻ തീറെഴുതേണ്ടിവന്നു.

ഹും, കോഴികൾക്കു
സംസ്കാരത്തെക്കുറിച്ചെന്തറിയാം!

(1984)

# 36

## സിദ്ധാർത്ഥനും അരയന്നവും

അരയന്നം
കഥകളിയരങ്ങിലേയ്ക്കു രക്ഷപ്പെട്ടു.
സിദ്ധാർത്ഥനോ,
നാട്ടിലൊരു നല്ല ശിഷ്യനെപ്പോലും കിട്ടാതെ
ഭക്തൻ നൽകിയ മായം ചേർത്ത മാംസം കഴിച്ച്
സിദ്ധികൂടിയെന്ന കഥ പ്രചരിപ്പിച്ച്
തല മൊട്ടയടിച്ച് മഞ്ഞയണിഞ്ഞ്
ലാമമാർ അഹിംസ ചെയ്തു പോറ്റുന്ന
ഒരു വിഗ്രഹമായി വേഷം മാറി
അതിർത്തിക്കപ്പുറത്തേക്ക്
ഒളിച്ചു കടന്നു.

(1984)

# 37
## ഇവനെക്കൂടി

(മഹാകവി വൈലോപ്പിള്ളിക്ക് അന്ത്യപ്രണാമം)

ഇവനെക്കൂടിസ്സ്വീകരിക്കുക ഹേമന്തത്താൽ
മെലിഞ്ഞ കുളിർനീരിൻ കൈകളാൽ നിളാനദീ!
ഇവനായുയർത്തുക
തുമ്പിക്കൈ പഞ്ചാരിക്കു
ചെവിയാട്ടിടുമാലിൻ-
ചോട്ടിലെപ്പൂരക്കാറ്റേ!
മൂടുക തിരുവില്വാ-
മലയിൽ പുനർജനി
നൂണെത്തും നിലാവിനാ-
ലീ ജഡം ധനുരാവേ![1]
കുനിയൂ സ്വപ്നാസ്വസ്ഥ-
മീ നെറ്റി ചുംബിക്കുവാൻ
നിളയേയുമയായ
ദേവതാത്മാവാം സഹ്യൻ![2]
ഇവനേ ഞങ്ങൾക്കോണ-
പ്പാട്ടിനു ചോടായ്, കന്നി-

[1] 'ഇവനായുയർത്തുക … ധനുരാവേ!': തൃശ്ശൂർപൂരത്തിലെ 'ആലിൻചുവട്ടിലെ മേളം' പ്രസിദ്ധം. കാറ്റിനെ ആനയായി സങ്കൽപ്പിക്കുന്നു. തിരുവില്വാമലക്ഷേത്രത്തിൽ 'പുനർജനി'യെന്ന ഗുഹയിലൂടെ നൂണു കടന്നാൽ പാപങ്ങൾ നശിച്ച് മോക്ഷം ലഭിക്കുമെന്ന് സങ്കൽപ്പം.

[2] 'നിളയേയുമയായ… സഹ്യൻ!': 'അസ്ത്യുത്തരസ്യാംദിശി ദേവതാത്മാഹിമാലയോ നാമ നഗാധിരാജഃ' കാളിദാസന്റെ കുമാരസംഭവത്തിൽ ഹിമാലയം 'ദേവതാത്മാവാണ്.' ഹിമവാന് പാർവതി എങ്ങനെയോ അതുപോലെയാണ് സഹ്യനന്ന് നിളാനദി.

വയലിൽ നെല്ലിൻ പാലായ്,
വീര്യമായ് തെക്കൻ പാട്ടിൽ,
ഇവനേ നിറച്ചു തേൻ
പാതിരാപ്പൂവിൽ, കാക്ക-
ച്ചിറകിൽ സൂര്യോത്സവം,
ശൈവമിളന്നീരിൽ,
അറിവിൽ പച്ച, കൈത-
പ്പൂവിലാതിരാച്ചന്ദ്രൻ,
മുറിവിൽ മൂർച്ച, മുള-
ങ്കാടിന്നു കുറുങ്കുഴൽ.
ഇവനെക്കൂടിസ്സ്വീകരിക്കുക കപിലർതൻ[3]
മരുതുമിലഞ്ഞിയും നനച്ചൊരെൻ തായ്നദീ!
ഒരുനാൾ പിതാവിൻ തോൾ
വിട്ടിറങ്ങി നീ, നീല-
ക്കുറിഞ്ഞിക്കാടിൻ മിന്നൽ-
പ്പിണർപോലുറവയായ്
മഞ്ഞിന്റെ പടവുക-
ളിറങ്ങീ ചിലമ്പൊലി,[4]
പുള്ളുവക്കുടം കാട്ടിൽ,
ചുരത്തിൽ പാണത്തുടി.
പ്രായമായ് കരിമ്പന-
നടുവിൽ തീണ്ടാനാഴി
സീതപോൽ വിറയ്ക്കുന്ന
മലവാരത്തിൽ; നീറി[5]
നീ വിജനതകളിൽ
ദമയന്തിതൻ കീറ-
ച്ചേലയിൽ,[6] സാന്ദ്രക്കളി-
ലലഞ്ഞു പൊരുൾ തേടി.[7]
പൂതത്തെ മുലപ്പാലാൽ

[3] കപിലർ — പാണ്ടിനാട്ടിൽ ജനിച്ചതായി കരുതപ്പെടുന്ന സംഘകാലകവി. ലഭ്യമായ സംഘകവിതകളിൽ 246 എണ്ണം കപിലരുടേതായി ഗണിക്കപ്പെടുന്നു.

[4] 'ചിലമ്പൊലി': 'ചിലപ്പതികാരം' ഓർക്കുക. തുടർന്നു നാടൻപാട്ടുകളുടെ ഘട്ടം.

[5] 'പ്രായമായ്... മലവാരത്തിൽ': എഴുത്തച്ഛന്റെ സ്മരണ. 'തീണ്ടാനാഴി' ഒരു ചെടി (ചിലയിടത്തു മുക്കുറ്റിക്കും തൊട്ടാവാടിക്കും ഈ പേരു പറയും).

[6] 'നീറി നീ... ചേലയിൽ': 'വിജനേ ബത' ഓർക്കുക. ഉണ്ണായിയുടെ നളചരിതം.

[7] 'സാന്ദ്രക്കളിലലഞ്ഞു': കുമാരനാശാന്റെ നായികാനായകന്മാർ. 'പൂതത്തെ... വെന്നു': ഇടശ്ശേരിക്കവിത പൊതുവെ; 'പൂതപ്പാട്ട്' വിശേഷിച്ചും.

വെന്നു, പാതിരാകളിൽ
ന്നുണ നീ നരകത്തിൻ
പാലങ്ങൾ നരിച്ചീർപോൽ.[8]
അപ്പോഴാണിവനെത്തീ-
യെട്ടുകെട്ടുകൾ കത്തും
പട്ടട വെണ്ണീറിൽ തൻ
നെല്ലിക്ക നീർ കോരുവാൻ.
ആചമിച്ചുതന്നുള്ള-
ങ്കൈയിൻ നിൻ തീരക്കണ്ണീർ-
പ്പാടം: തൻ തടവറ
ക്കിണ്ണത്തിലിന്നിൻ കാള-
ക്കൂടമുണ്ടിവൻ നാളെ-
ക്കുഞ്ഞുങ്ങൾക്കമൃതാകാൻ,
വീടൊഴിഞ്ഞവരുടെ
വേവിന്നാൽത്തണലാകാൻ.
ഇവനെക്കൂടിസ്സ്വീകരിക്കുക, യാറാട്ടിന്നു
വരവായിവൻ, നിരാഭരണൻ, നാദാകാരൻ.
ഇവന്നു കൊടി പനി-
നീർ മുള്ളിൽ പടർന്നേറു-
മൊരു കയ്പവല്ലരി,
വാഹനം കടൽക്കാക്ക,
പുലി നേർക്കുമ്പോളോണ-
വില്ലാണു ദിവ്യായുധം
കുരുത്തോലയും കൊടി-
ത്തൂവ്വയും തിരുവാട,
കനലാഴിയിൽ നൃത്തം,
വചനമപ്പം, കുരു-
മുളകാൽ നിറമാല,
പൂജിക്കാൻ കുറവന്മാർ,
മലയ്ക്ക് മകൻ, വിളി-
പ്പുറത്തു മുറിവേറ്റ
വനങ്ങൾ, മനങ്ങൾ തൻ
മൃഗങ്ങൾ വിളിക്കുകിൽ
പെരുമാളിവൻ നേരാം
വാക്കിനും വടക്കിനും:

8 'ന്നുണ നീ … നരിച്ചീറുപോൽ': കുഞ്ഞിരാമൻനായരുടെ കവിതയിലെ നഷ്ടഭാഗ്യസ്മൃതികൾ.

ഇവന്നു പ്രിയമേറ്റം
കലികാലത്തിൻ തോറ്റം.
ഇവനെക്കൂടിസ്സ്വീകരിക്കുക, നീർ താണാലും
വരളാതിന്നും കടൽ തേടുന്ന നിളാനദീ!
പൂരങ്ങൾ നിന്നിൽ വിഷം
തുപ്പുന്നു; പരണന്റെ[9]
ചുരപ്പുന്നയും പ്ലാശും
പയ്യിയും തളരുന്നു.
കുരച്ചുനിൽക്കും മൃത്യു
വളയും ഗ്രാമങ്ങളെ
മയക്കുവെടിവെച്ചു
വീഴ്ത്തുന്നു നായാട്ടുകാർ.
ഏറുന്നു വീണ്ടും നമ്മ-
ളൊഴിച്ച പിശാചുകൾ
കാവിയിൽ, വെളുപ്പി-
ലാത്മാക്കൾക്കു വിലപേശി.
ഓണത്തിലുണരുന്നു
വാമനൻ; വിഷുക്കണി
പാളത്തിലെന്നും വീഴു-
മസ്വസ്ഥയുവരക്തം.
ആതിരാ രാവിൻ രുദ്ര-
കീർത്തനങ്ങൾ തൻ തുറക്കി-
ലാടുന്ന പൊന്നുണ്ണിക്കു
ദംഷ്ട്രയും നെറ്റിക്കണ്ണും.
പാരുഷ്യം പെരുകുന്നു
വാക്കിലും മനസ്സിലും.
മാതുലാ, പൊറുത്താലും-
തീർന്നു മാമ്പഴക്കാലം.
മിടിപ്പു താഴുന്നതെൻ
ഭാഷതൻ നെഞ്ചിന്നല്ലോ
ഇറക്കിക്കിടത്തിയ-
തെന്റെ യൗവനമല്ലോ
തിരുമ്മിയടച്ചതു
നീതിതൻ മിഴിയല്ലോ
തഴുതിട്ടതോ, സ്നേഹ-

[9] 'പരണൻ': കപിലർക്കു സമശീർഷനായ മറ്റൊരു സംഘകാലകവി.

നീലമാം കലവറ.
ചിതയിൽപ്പൊട്ടുന്നതെൻ
നാടിന്റെ നട്ടെല്ലല്ലോ,
മണലിലെരിഞ്ഞമ-
രുന്നതോ മലർകാലം.
താഴുന്ന വെയിൽ, തണു-
പ്പേറുന്നു; ഒടുക്കത്തെ
മാവിൽ കൂടണയു-
മൊറ്റക്കിളി ചിലയ്ക്കുന്നു:
'പാവമീ നാടിൻ സ്വർണക്കിണ്ണമായിരുന്നിവൻ:
ദാ, നോക്കു വാനിൽ: പൂർണചന്ദ്രനായവൻ വീണ്ടും.'[10]

(1985)

[10] 'പാവമീ... വീണ്ടും': വൈലോപ്പിള്ളിയുടെ 'ചന്ദ്രന്റെ ചിരി' സൂചിതം.

# 38

## രാമനാഥൻ പാടുമ്പോൾ

(മഹാഗായകൻ എം.ഡി.രാമനാഥന്‌ പ്രണാമം)

രാമനാഥൻ പാടുന്നു

മൗനത്തിന്റെ തടാകത്തിൽ
പളുങ്കിന്റെ വസന്തം
വനഹൃദയത്തിലെ മഹാവൃക്ഷത്തിന്നകത്തെ
ഹരിതരസത്തിന്റെ വിളംബിതസഞ്ചാരം
ഗുഹാന്തരത്തിലെ കുളിർ നീരുറവയുടെ
മന്ത്രസ്ഥായിയിലുള്ള വിശുദ്ധവിസ്താരം:
മൗനത്തിന്റെ രജതയാമങ്ങൾക്കു കുറുകെ
നാദത്തിന്റെ പൊന്മാൻ ചാടുന്നു
സ്ഥലചരങ്ങളോടും ജലചരങ്ങളോടും രാമൻ
അവന്റെ വ്യാകുലമായ ചോദ്യമാവർത്തിക്കുന്നു
സേതുവിൽ പ്രതിദ്ധ്വനിക്കുന്ന പെരുമ്പറകൾ
അസ്ത്രവർഷങ്ങളുടെ അനുസ്യൂതഹുങ്കാരങ്ങൾ
ഓരോ രാവണശിരസ്സിനും നിർവാണവാഗ്ദാനങ്ങൾ
അഗ്നിയുടെ നെറ്റി പിളരുന്ന
അഭിമാന പ്രാർത്ഥനകൾ...
പിളരുന്ന ഭൂമിയുടെ മുഴങ്ങുന്ന തേങ്ങലോടെ
രാഗവിസ്താരമവസാനിക്കുന്നു
വീണ്ടും മുറികൂടിയ ഭൂമിയുടെ വിമൂകമായ
കിതപ്പിൽനിന്ന് കീർത്തനമാരംഭിക്കുന്നു

ത്യാഗരാജന്റെ മറഞ്ഞുപോയ സീതമ്മ
വാടാത്ത അശോകവനിയായി പൂത്തുയരുന്നു.

രാമനാഥൻ പാടുന്നു

ലുബ്ധൻ സ്വർണനാണയങ്ങളെന്നപോലെ
ഗായകൻ സ്വരങ്ങൾ തുടച്ചു തിരഞ്ഞെടുക്കുന്നു
അർത്ഥങ്ങളുടെ വെറും ശരീരമുരിഞ്ഞിട്ട ശബ്ദം
ജന്തുക്കളിലും വസ്തുക്കളിലുംകൂടി കടന്നുപോകുന്നു:

കാളയുടെ കുരലിൽ അവനൊരു തുടി
കുയിലിന്റെ തൊണ്ടയിൽ പുള്ളുവന്റെ കുടം
ആനയുടെ കുരലിൽ അമറുന്ന തംബുരു
ഇപ്പോൾ അവനൊരു മുരളി
അവന്റെ തുളകളിലൂടെ
വേനലിൽ മെലിഞ്ഞ പുഴകൾ
ഇപ്പോൾ ഒരു വീണ
അവന്റെ കമ്പികളിലൂടെ
ശരത്കാലത്തെ മഴകൾ
ഇപ്പോൾ മൃദംഗങ്ങളുടെ ഗിരിനിര
അവിടെ, വന്നുപോയ വസന്തങ്ങളുടെ
ഊഷ്മളമായ മുഴക്കം
ഇപ്പോൾ വയലിനുകളുടെ താഴ്വര
അവിടെ, വരാനിരിക്കുന്ന ഹേമന്തത്തിന്റെ
മരവിപ്പിക്കുന്ന പെരുക്കം.
പല്ലവികളുടെ സുവർണഗോവണികൾ കയറി
പ്രകാശത്തിന്റെ ആരോഹണം:
നാദഗോപുരത്തിന്റെ നട്ടുച്ചയിലേക്ക്
അനുപല്ലവികളുടെ വെണ്ണക്കല്പടവുകളിലൂടെ
ക്രീഡാക്ഷീണവുമായി അവരോഹണം:
നട്ടുമുറ്റത്തെ സൗമ്യസായന്തനത്തിലേക്ക്.

രാമനാഥൻ പാടുമ്പോൾ

ലയം ഭക്തിയുടെ ഉടൽവിട്ടു പറന്നുയരുന്നു
രാഗം അതിന്റെ സുതാര്യമായ ആത്മാവു വീണ്ടെടുക്കുന്നു:

ഗതകാലപുഷ്കരത്തിൽ[1] വിടരുന്ന താമരകൾക്കിടയിൽ
സാമജവരനിളകിയാടുന്ന ഹിന്ദോളം
വിജനമായ രജതഗിരിയുടെ സ്ഫടികതുഷാരം
സുന്ദരേശ്വരനായി നടനമാടുന്ന ശങ്കരാഭരണം
വിന്ധ്യസാനുവിലെ ഹിമമുഖപടമണിഞ്ഞ
വനസരോവരത്തിന്റെ മായാമാളവഗൗളം
ദമയന്തീസന്ദേശവുമായി പറന്നുയരുമ്പോൾ
വസന്തമേഘങ്ങൾക്കിടയിൽനിന്നുതിരുന്ന ഹംസധ്വനി
ജഗദംബയുടെ ഘനലാസ്യത്തിലെന്നപോലെ
വസുന്ധര മലരണിയുന്ന ആനന്ദഭൈരവി.

കേൾവിക്കാരാ,

നിലയ്ക്കാത്ത പ്രതിദ്ധ്വനികളുടെ
ആയിരങ്കാൽ മണ്ഡപത്തിൽ
കാവേരിയുടെ മരിക്കാത്ത കാറ്റേറ്റു വിശ്രമിക്കുക
പാടിക്കഴച്ച തൊണ്ടയിൽ
തോൽ പൊളിച്ച മൗനം പിഴിഞ്ഞൊഴിക്കുക
ആടിത്തളർന്ന കാലുകൾ
നിർജ്ജനതയുടെ തിരകളിലാഴ്ത്തി തണുപ്പിക്കുക.

രാമനാഥൻ പാടുമ്പോൾ

എതോ ഹിമാവൃതഭൂഖണ്ഡത്തിലാണ്ടുപോയ
പ്രക്തനനഗരത്തിന്റെ തെരുവുകളിലലയുന്ന പഥികൻ
ഇപ്പൊഴും വറ്റാതൊഴുകുന്ന മനുഷ്യശബ്ദത്തിന്റെ
തെളിനീരുറവ കണ്ടെത്തുന്നു.

രാമനാഥൻ പാടുമ്പോൾ

മരിക്കുന്ന ഭൂമിയിൽനിന്നു പറന്നുയരുന്ന
അവസാനത്തെ ശൂന്യാകാശനാവികൻ
മറ്റൊരു നശത്രത്തിൽ ഇലവിരിഞ്ഞുയരുന്ന

---

[1] ഗതകാലപുഷ്കരം: മൊഹൻജൊദാരോവിലെ കുളം ഓർക്കുക. ഹിന്ദോളം (‘സാമജവരഗമന…’ എന്ന കീർത്തനം ഓർക്കുക). ശങ്കരാഭരണം, മായാമാളവഗൗളം, ഹംസധ്വനി, ആനന്ദഭൈരവി – രാമനാഥനു പ്രിയപ്പെട്ട രാഗങ്ങൾ.

ജീവന്റെ നാമ്പു കണ്ടെത്തുന്നു.

(1985)

# 39

## വീടും തടവും

നീ ഒരു സൂര്യകാന്തിയുടെ വിത്തു കൊണ്ടുവന്നു
ഞാൻ പകലിന്റെ ഒരില.
നീ ഒരു കുമ്പിൾ നിലാവു കൊണ്ടുവന്നു
ഞാൻ ഒരു രാത്രി നിറയെ നൃത്തം.
നീ ഒരു പേടമാനിന്റെ കണ്ണീരു കൊണ്ടുവന്നു
ഞാൻ കാട്ടുകടന്നലിന്റെ തേൻ
നീ സ്വർഗ്ഗത്തിന്റെ ഒരു തൂവൽ കൊണ്ടുവന്നു
ഞാൻ ദൈവത്തിന്റെ ഒരു വാക്ക്.

നാമുണ്ടാക്കിയ വീടു വെളുത്തതായിരുന്നു.
അതിൽ നിറയെ കറുത്ത കുഞ്ഞുങ്ങൾ
അവരുടെ നിലവിളി സഹിക്കവയ്യാതായപ്പോൾ
ഞാൻ നെന്മണി തേടി സൂര്യനിലേക്കു പറന്നു.

ഇപ്പോൾ എന്റെ ചിറകും പാട്ടും ഇവിടെ തടവിലാണ്,
ഒരു കാർമേഘത്തിന്നകത്ത്.

എന്റെ ഏകാന്തത ഇടിമുഴക്കത്തിലൂടെ സംസാരിക്കുന്നു.
മിന്നൽപിണരിലൂടെ ഞാൻ നമ്മുടെ വീടു തപ്പുന്നു.

തണുപ്പു വരുമ്പോൾ എന്റെ പാട്ട് മഴയായി വീഴുന്നു,
നമ്മുടെ വെളുത്ത വീടിന്മേൽ,
നമുക്കിടയിലെ കറുത്ത് ശൂന്യതയ്ക്കുമേൽ.

(1985)

# 40

## മരണത്തെക്കുറിച്ച് രണ്ടാംകവിത

തിരക്കിട്ട ജോലി കഴിഞ്ഞു കിതയ്ക്കുന്ന
ഒരു വെള്ളിയാഴ്ചയായിരുന്നു അത്.
നിർജ്ജനമായ നിലാവിൽ
വിചിത്രവീണയിൽനിന്നൊഴുകിയെത്തിയ ഭൈരവി
നൃത്തംചെയ്തുകൊണ്ടിരുന്നു.
മേഘങ്ങളുടെ പൊന്തപ്പടർപ്പുകളിൽനിന്ന്
കാട്ടുപൂച്ചയുടെ തിളങ്ങുന്ന കണ്ണുകളുമായി
ചന്ദ്രൻ എത്തിനോക്കി.
കരിയുറുമ്പിൻ നിരകൾ
മരിച്ച ഓർമ്മകളെ വലിച്ചിഴയ്ക്കുന്ന
മെലിഞ്ഞ ഇടവഴിയുടെ മഞ്ഞിലൂടെ
ഞാൻ ഉത്സവം സ്വപ്നം കണ്ടു
മടങ്ങുകയായിരുന്നു.
ചെണ്ടകളുടെയും തിമിലകളുടെയും
ഇരമ്പത്തിന്നിടയിൽനിന്ന്,
ചെകുത്താന്റെ മാംസം മുറിച്ചുണ്ടാക്കിയ
രണ്ടു കാലടികൾ എന്നെ പിന്തുടർന്നു.
മിന്നൽപ്പിണർപോലെ ഒരു കത്തി
എന്റെ മുതികിന്റെ കടമ്പ ചാടി
എന്റെ ഹൃദയത്തിന്റെ ചെറിത്താഴ്വരയിലേയ്ക്ക്
ആഴ്ന്നിറങ്ങി.
ജീവിതംപോലെ കുറിയ പുല്ലുകൾക്കും
വയലറ്റുകണ്ണുകളുള്ള ഒടിച്ചുകുത്തിപ്പൂക്കൾക്കും

എന്റെ വിനീതമായ രക്തം പകർന്ന്
അവരെന്നെ കുന്നിന്മുകളിലേക്കു വലിച്ചിഴച്ചു.
ആകാശത്തേക്കുയർന്നുനിന്ന
ഒരു ശൂലത്തിന്റെ ഇരുമ്പുപല്ലുകളിൽ
ചുടാനുള്ള മുയലിനെപ്പോലെ
അവരെന്നെ തറച്ചുയർത്തി:
'ഭാവിയുടെ അടിമേ,
ഈ കോപ്പ നിനക്കിരിക്കട്ടെ
നിന്റെ വാരിയെല്ലുകളുടെ
ഉപ്പുപാലങ്ങൾക്കടിയിലൂടെ ഒഴുകുന്ന
ഈ കുടലുകൾ വിഷസർപ്പങ്ങളാണ്
നിന്റെ കണ്ണിന്റെ പാനഭാജനത്തിൽനിന്നൊഴുകുന്ന
ഈ വിവർണ്ണമായ വീഞ്ഞോ,
പാപത്തിന്റെ സത്തും.'

ഒരു കാക്ക എന്റെ ശിരസ്സിനു മുകളിലൂടെ
അങ്ങോട്ടുമിങ്ങോട്ടും പറന്ന് അടയാളം കാണിച്ചു.

ഒരു കാക്ക, പല കാക്കകൾ,
നിലാവു കെടുത്തിക്കൊണ്ട്
എന്നെ കാക്കത്തൂവലുകളാൽ മൂടി.
കറുപ്പിന്റെ ആ കടലിൽനിന്ന് കുമിളപോലെ
ഒരു വെളുത്ത കുണുയർന്നുവന്നു:
എന്റെ പ്രാണനുമായി.

('മരണത്തെക്കുറിച്ച് മൂന്നുകവിതകൾ', 1985)

# 41

## മുടിയനായ പുത്രൻ

ഉത്സവംപോലെ കൊടികളും കൂട്ടുകാരുമായി
ഞാൻ ലോകത്തേയ്ക്കുപോയി
ശവമഞ്ചം പോലെ ഒറ്റയായി
വിട്ടിലേയ്ക്കു തിരിച്ചുവന്നു.

പകൽവെളിച്ചവും ഗോതമ്പുകതിരുകളും
കുട്ടിത്തുന്നിയ എന്റെ ഉടുപ്പിനു പകരം
അവരെനിക്കു രാത്രിയുടെ മേലങ്കി തന്നു.
കുയിലുകളുടെ കൂട്ടിൽ ഞാനൊളിപ്പിച്ചുവച്ചിരുന്ന
ദൈവത്തിന്റെ മുട്ട കട്ടെടുത്ത്
പകരം അവിടെ സാത്താന്റെ സർപ്പമുട്ട കൊണ്ടുവെച്ചു.

കണ്ണാടികണക്കെ ഞാൻ പൊട്ടിച്ചിതറി
എന്റെ ഓരോ ശകലവും ഏദനിൽ
സൂര്യകാന്തിപ്പെണ്ണുങ്ങളുമൊത്ത്
വീഞ്ഞിന്റെ മേഘങ്ങളിൽ സവാരിചെയ്തു.
പന്നിത്തൊഴുത്തിൽ നിന്ന്
പൂച്ചയെപ്പോലെ മുരളുന്ന വിശപ്പ്
എന്നെ മാന്തിക്കീറിയപ്പോൾ
ഞാൻ തിരിച്ചുവന്നു.
നെറ്റിയിൽ അറവുകാരൻ പതിച്ച മുദ്രയും
ഹൃദയത്തിൽ ദുഃഖത്തിന്റെ ഹിമച്ചെടിയുമായി
ഞാൻ വന്നു.

പാപത്തിന്റെ വെണ്ണക്കല്ലുപാകിയ രാജവീഥികളിലും
കുന്തിരിക്കംപോലെ പുകയുന്ന വേശ്യാഗൃഹങ്ങളിലും
സഹനത്തിന്റെ പശുക്കളുടെ
വ്രണമലിനമായ അകിട്ടിലും നിന്ന്
ഒരു കീർത്തനം പോലെ വിവശവിശുദ്ധനായി
ഞാൻ വന്നു.

എന്നാൽ ഒരിക്കൽ ലോകത്തേയ്ക്കിറങ്ങിയവന്
വീട്ടിൽ ശാന്തിയില്ല
ഒരു സ്മാരകശിലപോലെ
ഞാൻ നിർജീവനായിരിക്കുന്നു.
എന്റെ ആനന്ദസംഗീതം
മരുഭൂവിലെ മുൾക്കള്ളികളിൽ ആട്ടിൻകുട്ടിയെന്നപോലെ
ഈ ചുമരുകളിൽ കുരുങ്ങിക്കിടക്കുന്നു
എന്റെ ചുവടുകളിൽ നിന്നു
കാറ്റും അരയന്നങ്ങളും കൊയ്ത്തും നൃത്തവും
വീണുപോയിരിക്കുന്നു.
കൂടു കത്തിപ്പോയ കിളിയെപ്പോലെ
ഞാൻ വാക്കിൽനിന്നു വാക്കിലേക്കു പറന്നുഴലുന്നു.
ബാബിലോണിന്റെ തകർന്ന കിളിവാതിലുകൾക്കു ചുറ്റും
അറബിക്കഥകളുടെ വറ്റിപ്പോയ കുളത്തിനു ചുറ്റും
ഞാൻ വെറുതെ വട്ടമിടുന്നു.

ഇന്നലെ ഒരുവൾ എന്റെ നെഞ്ചിനു മീതെ
ഒരു പനിനീർപ്പൂ കൊണ്ടുവെച്ചു:
ഞാൻ മരിച്ചുകഴിഞ്ഞവനെന്നപോലെ.

ഭരണിയിലേയ്ക്കു മടങ്ങിപ്പോയ
മുക്കുവന്റെ ഭൂതത്തെപ്പോലെ
കടലിൽ തിരിച്ചെറിയപ്പെടാനായി
ഞാൻ ഈ കല്ലറയിൽ കഴിയുകയില്ല.
പുറത്ത് ചിറകടിക്കുന്ന
ചാറ്റൽമഴയുടെ കുരുവികളുണ്ട്
ബാബേൽ തകർന്നതറിയാതെ
വള്ളിയൂഞ്ഞാലിന്നരികിൽ കൊഞ്ചുന്ന കുട്ടികളുണ്ട്
കുഞ്ഞുങ്ങളെ വെളിച്ചത്തേക്കാനയിക്കാൻ

ആനന്ദത്തോടെ പിളരുന്ന അരക്കെട്ടുകളും
നിലാവു വീണ മട്ടുപ്പാവുപോലെ
നിറഞ്ഞ മുലകളുമുള്ള അമ്മമാരുണ്ട്
പാറപ്പുറത്തുനിന്നു വയലിൽ തെറിച്ചുവീണ
ഒരു വിത്തുണ്ട്
അയൽക്കാർ തുറിച്ചുനോക്കുന്ന
വേദപുസ്തകത്തിലെ ഒരു ദൃഷ്ടാന്തകഥയായി
ഇവിടെ കഴിയുന്നതിനെക്കാൾ ഭേദം
സഹാറയുടെ ഈന്തപ്പനകളിൽ
ഒരു ചുടുകാറ്റാവുകയാണ്.
വിട, ഞാൻ പോകുന്നു.
ഈ വീട് കുരുടനായൊരു മൃഗമാണ്.

('മൂന്നു ദൃഷ്ടാന്തകഥകൾ', 1985)

# 42

## റോം, മഴയിൽ

(താസോസ് ഡി നെഗ്രിസ്സിന്)

റോമിലെ മഴ ഉത്ഭവിക്കുന്നത്
മരിച്ച മകനെ മടിയിൽ കിടത്തിയ
മറിയത്തിന്റെ കണ്ണുകളിൽ നിന്നാണ്.
പുറപ്പാടിന്റെ കാൽപാടുകൾ മഴയിലലിയുന്നു
വഴി കാട്ടിയ നക്ഷത്രങ്ങൾ
പ്രളയത്തിൽ മുങ്ങിമരിക്കുന്നു
കൊളോസ്സിയത്തിനു മുകളിൽ ഒരു കാക്ക
മനുഷ്യന്റെ അവസാനത്തെ നൂറ്റാണ്ടറിയിക്കുന്നു
സെന്റ് പീറ്റർ ദേവാലയത്തിനു മുകളിലൂടെ
ഒരു ബോംബർവിമാനം ചീറിപ്പായുന്നു.

('പശ്ചിമകാണ്ഡം', റോം, 1985 മെയ് 8)

# 43
## വീഞ്ഞിനൊരു സ്തോത്രം

(ഇസെത് സരായ്‌ലിച്ചിന്)

വീഞ്ഞു ദൈവത്തിന്റെ ഹൃദയത്തിലായിരുന്നു
മുന്തിരി സൃഷ്ടിച്ചപ്പോൾ അതവൻ സ്നേഹത്തോടെ
മണ്ണിലേക്കു പകർന്നു
ഓരോ കോപ്പയും ചുണ്ടോടടുപ്പിക്കുമ്പോൾ
നാം ഭൂമിയെ ഉമ്മവെയ്ക്കുന്നു
ഓരോ തുള്ളിയും രക്തത്തിലെത്തി കിളികളായി പാടുന്നു
നമ്മെ വസന്തത്തിന്റെ വൃക്ഷങ്ങളാക്കിക്കൊണ്ട്.
നമ്മുടെ കൈകൾ പുഷ്പിക്കുന്നു.
ഇലകളിൽ കാറ്റു പ്രണയം മന്ത്രിക്കുന്നു
നമ്മുടെ വേരുകൾ സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.
വേനലുകളും നരകങ്ങളും യുദ്ധങ്ങളിൽ മരിച്ചവരുടെ അസ്ഥികളും
കുഴിച്ചുമൂടപ്പെട്ട സ്വപ്നങ്ങളും പിന്നിട്ട്
മനുഷ്യരെയെല്ലാമൊന്നിപ്പിക്കുന്ന
മാന്ത്രികജലത്തിന്റെ ഉറവ കാണുംവരെ.

അയൽക്കാരനുവേണ്ടി ഉയർത്തപ്പെടുന്ന ഓരോ കോപ്പയും
വെള്ളം വീഞ്ഞാക്കിയവനുള്ള ഒരു പളുങ്കുസ്തോത്രം.

(‘പശ്ചിമകാണ്ഡം’, സരായെവോ, 1985 മെയ് 10)

# 44

## ഫ്രാങ്ക്ഫർട്

(ജോൺ കെൻഡ്രിക്കിന്)

മെഫിസ്റ്റോ ഇപ്പോൾ
ഏതാഗ്രവും സാധിച്ചുതരുന്ന ഒരു യന്ത്രമാണ്
ഫോസ്റ്റിനു ഒരു ബട്ടണമർത്തിയാൽ മതി,
ഹെലെൻ ബി.സി.യിൽനിന്ന് നേരെ വന്നിറങ്ങും.[1]

യന്ത്രത്തോക്കേന്തിയ പോലീസുകാർ
ഒമ്പതാം സിംഫണി മൂളുന്നു
ഷില്ലർ പ്രകീർത്തിച്ച ആനന്ദം
കടയിലിരുന്നു കടാക്ഷിക്കുന്നു:[2]
പ്രത്യേകം മൃദുവാക്കപ്പെട്ട ഒരു റബ്ബർകാമുകി.

ലോകത്തെ എല്ലാ ക്ലോക്കുകൾക്കും
ഹിറ്റ്ലറുടെ കൈകൾ.

('പശ്ചിമകാണ്ഡം', ഫ്രാങ്ക്ഫർട് 1985 മെയ് 15)

1 മെഫിസ്റ്റോഫിലിസ്സ് എന്ന ചെകുത്താന് ആത്മാവു വിറ്റ ഡോക്ടർ ഫോസ്റ്റസ്സിന്റെ കഥ. ഹെലെനെ കാണുകയായിരുന്നു ഫോസ്റ്റസ്സിന്റെ അന്തിമാഭിലാഷം. ഗൊഥേയുടെ ജർമ്മൻ കാവ്യനാടകവും മാർലോയുടെ ഇംഗ്ലീഷ് കാവ്യനാടകവും ഓർക്കുക.

2 ഷില്ലറുടെ 'Ode to Joy' ആണ് ബീഥോവന്റെ ഒമ്പതാം സിംഫണിക്കാധാരം. ഊന്നൽ വൈരുദ്ധ്യങ്ങളിൽ.

# 45

## പ്രണയ ബുദ്ധൻ

‘ഭൂമിയിലേയ്ക്കുംവെച്ച മധുരമേറിയ ചുംബനമേതാണ്?’
ഒരിക്കൽ നീയെന്നെ ഉത്തരംമുട്ടിച്ചു:
‘ഉറക്കിക്കിടത്തിയ കുഞ്ഞിന്റെ നിറുകയിൽ
അതിനെ ഉണർത്താതെ അമ്മ അർപ്പിക്കുന്ന
തൂവൽപോലുള്ള ചുംബനമാണോ?
സ്വർണ്ണമുരുകുന്ന സൂര്യകാന്തിപ്പൂവിനപ്പുറവുമിപ്പുറവും നിന്ന്
കാമുകൻ കാമുകിക്കു നൽകുന്ന തിളയ്ക്കുന്ന
ആദ്യചുംബനമാണോ?
ഭർത്തൃജഡത്തിന്റെ മരിച്ച ചുണ്ടിൽ വിധവ അർപ്പിക്കുന്ന
വിരഹസ്നിഗ്ദ്ധമായ അന്ത്യചുംബനമാണോ?
ഗുരുവിന്റെ നവനസ്നാതപാദത്തിൽ
യുവസംന്യാസി അർപ്പിക്കുന്ന
വിശുദ്ധമായ വിരക്തചുംബനമാണോ?
അതോ, കാറ്റ് മരത്തിനും ഇല കിളിക്കുഞ്ഞിനും
വെയിൽ വനത്തിനും നിലാവ് നദിക്കും മഴ മലയ്ക്കും
നിരന്തരം നൽകുന്ന ഹരിതചുംബനങ്ങളോ?’

ഇപ്പോൾ ഞാനതിനുത്തരം പറയാം:
ദേവികുളത്തിനു മുകളിൽ മൂടൽമഞ്ഞിനൊരു വീടുണ്ട്
അപ്പുറത്തു മലഞ്ചെരിവുകളിൽ
കുത്തിയൊലിക്കുന്ന മരതകം,
ഇപ്പുറത്തു ഭൂമിയോളം പഴക്കമേറിയ പാറകളുടെ
ആദിമ ഗാംഭീര്യം.

പാറക്കെട്ടുകൾക്കിടയിൽ മരണംപോലെ
ഇരുട്ടും നിഗൂഢതയും നിറഞ്ഞ ഗുഹ
അതിൽവെച്ച് പേരറിയാത്ത മുപ്പത്തിയേഴുതരം
കാട്ടുപൂക്കളുടെ സമ്മിശ്രസുഗന്ധം സാക്ഷിനിർത്തി
ഞാൻ നിന്നെ ചുംബിച്ചു.
അതിൽ ആദ്യചുംബനമുണ്ടായിരുന്നു,
അന്ത്യചുംബനവും.
നീ കുഞ്ഞും കാമുകിയും വിധവയുമായിരുന്നു
ഞാൻ കാറ്റും ഇലയും വെയിലും നിലാവും മഴയുമായി.
കാലം മുഴുവൻ ഒരൊറ്റ നിമിഷത്തിലേയ്ക്കു ചുരുങ്ങി
ഇരുളിൽ നമ്മുടെ ചുംബനം ഇടിമിന്നൽപോലെ തിളങ്ങി,
ആ ഗുഹ ബോധിയായി,
എനിക്കു പ്രണയത്തിന്റെ വെളിപാടുണ്ടായി.

ഇപ്പോൾ ഞാൻ ജന്മങ്ങളിലൂടെ സഞ്ചരിക്കുന്നു.
അവസാനത്തെ മനുഷ്യജോടിക്കും
പ്രണയനിർവാണം ലഭിച്ചുകഴിഞ്ഞേ
ഞാൻ പരമപദം പ്രാപിക്കുകയുള്ളൂ.

(1986)

# 46

## കടവാതിലുകൾ

(ദിലീപ് ചിത്രേയ്ക്ക്)

തടാകത്തിനു മുകളിലെ
സന്ധ്യയുടെ മരം ചുറ്റി പറന്നുനടക്കുന്നത്
ടെലിഫോണുകളല്ല, കടവാതിലുകളാണ്
എനിക്ക് എന്നും തെറ്റിപ്പോകുന്നു
അവയ്ക്കിടയിൽ പെട്ടെന്ന്
ചാർളീ ചാപ്ലിനെ ഞാൻ തിരിച്ചറിയുന്നു,
എന്റെ മരിച്ചുപോയ രണ്ടു കൂട്ടുകാരെയും.
ഇവർ രക്തരക്ഷസ്സുകളാണെന്നു
പറയുന്നതു വെറുതേ.
മുഖം കണ്ടാലറിയാം ഇവർ ചോര കുടിക്കില്ലെന്ന്.
ഏറിയാൽ മുലപ്പാൽ.
കിട്ടിയില്ലെങ്കിൽ നിലാവ്.
ഇവർക്കു താടിയും കണ്ണടയുമുണ്ടായിരുന്നെങ്കിൽ
ഞാനിവർക്കിടയിൽ
കുറച്ചുകൂടി സ്വസ്ഥനായിരുന്നേനെ.
അരയാൽക്കൊമ്പിന്റെ ഈ ശംബൂകർക്ക്[1]
ആര്യനായ ലെവി-സ്ട്രോസ്സിനെക്കുറിച്ചെന്തറിയാം?[2]
ഇരുളിൽ ഇവർ അതിവേഗമയയ്ക്കുന്ന

---

[1] തല കീഴായി തപസ്സുചെയ്ത ശൂദ്രമുനി, രാമനാൽ വധിക്കപ്പെട്ടു (കമ്പരാമായണം, ഉത്തരകാണ്ഡം).

[2] ഘടനാപരമായ നരവംശശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്.

മൂകസന്ദേശം കേൾക്കൂ:
'നരവംശം അവസാനിക്കാൻ പോകുമ്പോൾ
നരവംശശാസ്ത്രമെന്തിന്?'

('മദ്ധ്യമാവതി', 1984)

# 47

## വീടുമാറ്റം

ഇല്ല വരുന്നില്ലുറക്കം പ്രിയേ, പ്രിയേ,[1]
ചൊല്ലുവതെങ്ങിനെയെന്നുടെയാധികൾ?

ആരുടെ കാലടി കാണുന്നു ഞാൻ തൂത്തു-
വാരിയ മുറ്റത്തു മണ്ണിൽ പുലരിയിൽ?
ആരൊഴുക്കും ചോരയാലെൻ തലയിണ
പാതിരാ തോറും കുതിർന്നൊട്ടി വീർക്കുന്നു?
ആരുടെ ബാധയകറ്റുവാൻ നെറ്റിയാൽ
പാലമേലാണിയടിച്ചു കേറ്റുന്നു നാം?
ആരെറിയുന്നു ചേർ പുത്തരിച്ചോറി,ലാ-
രാരകത്തന്യമാം ഭാഷ മൊഴിയുവോൻ?
ആരെന്റെ വാക്കിന്റെയർത്ഥങ്ങൾ ചോർത്തുവോൻ
ആരെൻ ക്രിയകൾ കുടിച്ചു വറ്റിക്കുവോൻ?

ഇല്ല, വരുന്നില്ലുറക്ക, മെന്നുരല്ലി-
തല്ലിതെൻ വീട്, ഞാനല്ലയെൻ മേനിയിൽ.

ഇന്നലെക്കൂടിയും ജോലി കഴിഞ്ഞിങ്ങു
വന്നപ്പൊഴോർക്കാതെ പോയി ഞാനോമനേ
മുമ്പു നാം പാർത്തൊരപ്പച്ചയാം വീടിന്റെ-
യുമ്മറത്തോളം, കുളിച്ചു മാമ്പൂവിൽ ഞാൻ.

1 ‘പിയാ, നീംദ് ന ആയ്...’ ബിഹാരിരാഗത്തിൽ മല്ലികാർജ്ജുൻമൻസൂർ പാടിയ ഈ ഗാനം ഈ കവിതയെ പ്രചോദിപ്പിച്ചിട്ടുണ്ട്; അതുകൊണ്ട്, ഈ പല്ലവി.

പത്തിവിടർത്തുന്ന ചെമ്പകപ്പൂമണം
കൊട്ടച്ചെടികളിൽ ചുറ്റിപ്പിണയവേ
പട്ടിൽ പൊതിഞ്ഞൊരു ദേവിയെപ്പോൽ തന്റെ
തട്ടകത്തിൽ തണൽ വീശി പൂവാകകൾ.

ഇല്ല വരുന്നില്ലുറക്കമെൻ വേരുകൾ
വിങ്ങുന്നു, മുങ്ങിമരിക്കുന്നു ശൈശവം.

പച്ചവയൽ ചിറകേറ്റിയ തത്തകൾ
അത്തിയെപ്പാണനായ് മാറ്റിയ മൈനകൾ
നീലയാം ശക്തിയാൽ വാനിലുയരുവോ-
ന്നുണിൻ തളികയാം നൈതലാമ്പൽക്കുളം
കുന്നിൻപുറത്തു പറന്നു മന്ദാരങ്ങൾ
പൊന്നിൻ ചിലങ്ക കിലുക്കീ തകരകൾ
നെല്ലറവാതിൽ തുറക്കെയെത്തും മണം
നമ്മെത്തലോടി, പിതാമഹർ-കർഷകർ-
തന്നുഷ്മളോച്ഛ്വാസമാ, യവർ തൻ കൈകൾ
കൊന്നയ്ക്കു കൊമ്പായ്, ചൊരിഞ്ഞു തേൻനെഞ്ചുകൾ
കണ്ട ഫലങ്ങളിലൊക്കെ, നിറച്ചു നീർ
കണ്ണുകൾ കാറ്റിൽ, കരിമ്പിൻ സിരകളിൽ.

ഇല്ല വരുന്നില്ലുറക്കം പ്രിയേ, ഇങ്ങു
വന്നതിൽപ്പിന്നെ നാം വൃദ്ധരായെത്രമേൽ!

ഈ വീട്ടിലില്ല തേൻകൂട്ടം കുടപ്പനം
ശീലമായ് കയ്പുകൾ, തുപ്പിക്കളയുന്നു
ഞാൻ മധുരങ്ങൾ, വിഷം നിറഞ്ഞത്രമേൽ
വായിൽ, മനസ്സിൽ, രക്തത്തി,ലീണങ്ങളിൽ.
ഈ വീട്ടിലില്ല മുക്കുറ്റിതൻ പൂക്കളിൽ
വീണു പൊന്നാവുന്ന പുള്ളുവൻപാട്ടുകൾ,
ഇല്ല പറന്നുയരുന്ന മെതിയടി
ഇല്ല നാടൻ മലയാളത്തിലച്ഛന്റെ
നല്ല മൊഴിയിൽ ചുരത്തുമകിടുകൾ-
പൊങ്ങും കദളികൾ-പാട്ടുമുറവകൾ
നിർത്തീ മൃഗങ്ങൾ സംസാര,മീമുറ്റത്തി-
ലെത്തിനോക്കാറില്ല പൂരങ്ങൾ, പുള്ളുകൾ.

ഇല്ല വരുന്നില്ലറക്കം പ്രിയേ, കൊണ്ടു
വന്നു പിതൃസ്വമായീ വീട്ടിലെന്തു നാം?

വർണ്ണധർമ്മങ്ങൾ തൻ ഗർവങ്ങൾ, ഊമയായ്
പെണ്ണിനെ മാറ്റും സ്മൃതികൾ, പറയനെ-
ത്തീണ്ടിയാൽ വീണുപോം സ്വർണ്ണദന്തങ്ങളാം
പുണ്യങ്ങൾ, അന്തിക്കിരതേടിയന്യന്റെ
പെണ്ണിനെത്തിന്ന വായ് ശുദ്ധമാക്കുന്നുണർ-
ന്നെന്നും കുലുക്കുഴിയും വേദമന്ത്രങ്ങൾ,
കോണകവാലിന്റെ നീളത്തിനാലള-
ന്നീടും തറവാട്ടുമേന്മകൾ, മച്ചിലെ-
ദൈവങ്ങളെച്ചൂഴ്ന്നുനിൽക്കുന്ന രാത്രികൾ,
ചോരമണക്കും വിരുന്നുമുറിയിലെ
മാനിൻ തലകൾ, കിരാതശിരസ്സുകൾ,
ഗോപിക്കുറികൾ, മുറിക്കിച്ചുവപ്പിച്ച
ശ്ലോകത്തിലാടിക്കുഴഞ്ഞുണ്ണിയാടികൾ,
ഭക്തിപൂർവം നിത്യപാരായണത്തിന്നു
യുദ്ധകാണ്ഡങ്ങൾ, സിദ്ധാർത്ഥദഹനങ്ങൾ
വേളിച്ചരടിൽ തളഞ്ഞുപോം വീര്യങ്ങൾ
വേലിവഴക്കിൽ ശമിക്കുമുറുമികൾ
ഭാഗിച്ചുകിട്ടീ നമുക്കു: നെല്ലിപ്പൂക്കൾ
പോയതെ,ങ്ങെങ്ങു പൂച്ചപ്പഴക്കാട്ടുകൾ?

ഇല്ല വരുന്നില്ലറക്കം പ്രിയേ, 'കാട്ടു
പുല്ലുക'ളെന്നീയുലകിൻ പതികളാം?
എങ്ങു കുന്തംപോലെ കൂർപ്പിച്ചൊരിച്ചുകൾ?
എങ്ങു കുറിച്ച്യപ്പടനിലപ്പച്ചകൾ?

പൊള്ളുകയാണുള്ളു
നമ്മളെപ്പെറ്റൊര-
ത്തള്ളപ്പറയി-
യുറങ്ങരുതാരുമേ!

(1987)

# 48

## ആദികവികൾ

സഹ്യശിരസ്സാർന്ന
എന്റെ ദ്രാവിഡഗോത്രത്തിന്റെ ആദികവികളേ,
ആരായിരുന്നു നിങ്ങൾ?
ഏതു മലയുടെ പുലരിയാണ്
നിങ്ങളുടെ വരികളിൽ ഇത്രയേറെ സ്വർണ്ണം,
ഇത്രയേറെ പൂക്കളുടെ സുഗന്ധം, നിറച്ചത്?
ഏതു പുഴയുടെ ജലമാണ്
നിങ്ങളുടെ രക്തത്തിൽ
തിളങ്ങുന്ന പദങ്ങളുടെ പരൽമീനുകളുമായി
തുള്ളിച്ചാടിയത്?
ഏതു വയലിന്റെ തിനയാണ്
നിങ്ങളുടെ ഞരമ്പുകളിലെ
മൈനകൾക്കു തീറ്റയായത്?
ഏതു താഴ്വരയുടെ പച്ചയാണ്
നിങ്ങളുടെ നിദ്രകളിൽ ഇത്രയേറെ സ്വപ്നങ്ങളുടെ
പവിഴം നിറച്ചത്?

ഒരു മഹാശക്തിമന്ത്രംപോലെ വീണ്ടും വീണ്ടും
ഞാൻ നിങ്ങളുടെ ഐന്ദ്രജാലികനാമങ്ങളുരുക്കഴിക്കുന്നു:

കപിലർ,
തന്റെ കുറഞ്ഞിപ്പാട്ടുകളിൽ വാകയും ഇലഞ്ഞിയും
പ്ലാശും പിച്ചകവും വിടുർത്തിയവൻ,

വത്സലജാഗ്രതയുടെ തഴലും തട്ടയും കുളിരും യാഴും മുഴക്കി,
കവിതകൾ പഴുത്തു ചാഞ്ഞ വയലുകൾക്കു കാവൽ നിന്നവൻ,
ഇടയന്റെ പുല്ലാങ്കുഴലിൽനിന്നും നാട്ടക്കുറിഞ്ഞിയൊഴുക്കി
വിരഹിണിയുടെ മിഴിമയിലുകളെ നൃത്തം ചെയ്യിച്ചവൻ

പരണർ,
തന്റെ ദ്രാവിഡഭാഷയുടെ മൃദുസ്വരങ്ങളിൽ
മിഴാവും മുരശും കിണൈപ്പറയും മുഴക്കിയവൻ,
പോർനിണമണിഞ്ഞ പൊന്തപ്പടർപ്പുകളിൽ
കടുന്തുടിയുമായലഞ്ഞു തീപ്പടർത്തിയവൻ,
പ്രകാശം പരത്തുന്ന വേങ്ങമരങ്ങൾക്കിടയിലൂടെ
വിരിഞ്ഞ മാറുമായി ഇടിമുഴക്കങ്ങളിലേക്കു സവാരി ചെയ്തവൻ

പെരുംകടുങ്കോ,
കണിക്കൊന്നകളിൽ കാർത്തികനക്ഷത്രങ്ങൾ കൊളുത്തിവച്ച
കാടുകളുടെ കാമുകൻ,
കാട്ടുമല്ലികയും ചെങ്കരിങ്കാലിയും തലയിൽ ചൂടി
ഇണയാനകൾക്കു മദം പകർന്നവൻ,
കാട്ടാറിന്റെ സിംഹഗാനങ്ങൾക്കു തന്റെ കൊങ്കണദേശത്തെ
പെണ്ണരിപ്പിറാവുകളുടെ ചിറകു നൽകിയവൻ

ഇടൈക്കാടനാർ,
കുടകപ്പാല പൂക്കുന്ന മഴക്കാലത്തിന്റെ ദേവൻ,
കായാമ്പൂക്കളിൽ പറ്റിച്ചേർന്ന ഈയാംപാറ്റകളിൽനിന്നു
തെളിവാനിലേക്കുള്ള ദൂരം സ്നേഹംകൊണ്ടളന്നവൻ,
മഴയിൽ തണുത്തുവിറയ്ക്കുന്ന ഇടയത്തിക്കു തീക്കായാൻ
ശബ്ദങ്ങളുടെ അരണി കടഞ്ഞ് അഗ്നി നിർമ്മിച്ചവൻ

അമ്മൂവനാർ,
കടൽത്തീരച്ചേരികളുടെ മധുരഗായകൻ,
അണ്ണാൻ പല്ലുകൾ നിറഞ്ഞ മുൾച്ചെടികൾക്കിടയിൽ മുറിഞ്ഞ
പുന്നമരപ്പൂക്കൾക്ക് മുക്കുവത്തിയുടെ ചിരികൾ നൽകിയവൻ
ഉപ്പളങ്ങളിൽനിന്നു ഉപ്പുവണ്ടി വലിച്ചു തളർന്ന കൈകൾക്ക്
വേളൂരിപോലെ മിന്നുന്ന വെള്ളിവളകൾ സ്വപ്നം കണ്ടവൻ

വീണ്ടുമെത്ര പേരുകൾ:

കണ്ണകിയുടെ ചിലമ്പൊലികൊണ്ട് ഹൃദയത്തിന്റെ
വേപ്പുമരത്തിൽ മധുരം നിറച്ച ഇളങ്കോ,
യുദ്ധഭൂമികളുടെ ക്രൗര്യത്തിൽനിന്നു കണ്ണീരിന്റെ
തടാരിപ്പറകൾ മുഴക്കിയ കഴാത്തലൈയാർ,
പതിയെത്തേടി യാത്രതിരിച്ച വ്യാകുലതയ്ക്കൊപ്പം
പുലിമടകൾ കയറിയിറങ്ങിയ ഔവ്വൈയാർ,
അടരുകൾ തരിശാക്കിയ നഗരങ്ങളിലിരുന്ന്
അലിവിന്നായി പ്രാർത്ഥിച്ച ഗൗതമനാർ....

ആരായിരുന്നു നിങ്ങൾ?
പടിഞ്ഞാറൻ കാറ്റിൽ ഞങ്ങൾ മറന്നുപോയ
നിങ്ങളുടെ സംഗീതാത്മകമായ നാമധേയങ്ങൾക്കു
പിറകിലൊളിച്ചിരുന്ന രക്തമാംസങ്ങളുടെ
രുചിയും രൂപവുമെന്തായിരുന്നു?
ആരായിരുന്നു ചാതേവനാർ?
ആരായിരുന്നു കയമനാർ, കള്ളംപാളനാർ?
ഏത് ഊരിലായിരുന്നു കാപ്പിയാറ്റു കാപ്പിയനാർ?
ഇളംകണ്ണനാർ എത്ര ദിവസം പണിയെടുത്തു
എത്ര ദിവസം പട്ടിണികിടന്നു കുമട്ടൂർ കണ്ണനാർ?
കൃഷിയിടങ്ങളിലും മുക്കുവച്ചേരികളിലും
ഇടയക്കുടികളിലും പടത്താവളങ്ങളിലുംനിന്ന്
നിങ്ങൾ വിയർപ്പും മിഴിനീരുമൊഴുക്കി മുളപ്പിച്ചു വലുതാക്കിയ
ആ പാലമരത്തിൽനിന്ന് ഏറ്റവുമിളയ ഒരു പൂവ്
ഇതാ സ്വന്തം വൃക്ഷത്തെ നോക്കിക്കാണുന്നു

ആദികവികളേ,
എന്റെ വാക്കുകൾക്ക് നിങ്ങളുടെ പഴമൊഴികളുടെ
വീര്യവും കരുണയും പകർന്നുതരൂ
ഞാനെന്റെ കഠിനയാത്ര തുടങ്ങട്ടെ
എന്റെ ദേശത്തിന്റെ കുരുതികളിലേക്കും കരുത്തുകളിലേക്കും:

ഒരു പുതിയ ഉണർവ്വിന്റെ തളിരു തേടി
ഒരു പുതിയ കാതലിന്റെ ഉറപ്പു തേടി

(1987)

# 49

## നെല്ല്

എന്റെ നഷ്ടപ്പെട്ട വീട്
ഒരു നെല്പാടത്തിന്റെ തീരത്തായിരുന്നു
ആ പാടം ഇന്നൊരു മൈതാനമാണ്.
അവിടെ കുട്ടികൾ ക്രിക്കറ്റ് കളിക്കുന്നു.
എങ്കിലും ഇടയ്ക്കിടെ അവരുടെ കാലുകളിൽ
എന്തോ ഒന്ന് കിക്കിളിയാക്കുന്നു:
കിരുകിരുക്കുന്ന ഒരു നെല്ലിൻനാമ്പ്.
കോട്ടകളിയുടെയും
തലപ്പന്തുകളിയുടെയും ഓർമ്മപോലെ
അവരെ അത് അസ്വസ്ഥരാക്കുന്നു

നെല്ലിന്റെ കുട്ടിക്കാലം എനിക്ക്
എന്റെ കുട്ടിക്കാലംപോലെ പരിചിതമാണ്.
ഈറൻ മൺതരികൾക്കടിയിലൂടെ
ഇളം പച്ച ശിരസ്സുകൾ
അടുത്ത മഴയ്ക്കു കാതോർക്കുന്നു
വയൽ മുഴുവൻ തത്തത്തൂവലുകളാൽ മൂടുന്നു
പിന്നെ ഭൂമിയുടെ ക്രൗര്യങ്ങളിൽ
ഇലകൾക്ക് ഉരം വെയ്ക്കുന്നു
ചിലപ്പോൾ ഒരു പുഴു, ചിലപ്പോൾ ഒരു തുമ്പി
മരതകത്തിന്റെ നെല്പടവുകൾ കയറി
കതിരിന്റെ ഉച്ചയിലിരുന്ന്
സ്വർഗ്ഗത്തിന്റെ

മണിയൊച്ച കേൾക്കാൻ തലയുയർത്തുന്ന
നെന്മണികളുടെ കൂപ്പുകൈകളിലേക്ക്
ഭൂമിയുടെ വാത്സല്യം കയറിവരുന്നു:
ഉഴവുകാരന്റെ ഓണക്കിനാവിൽനിന്ന്
ഞാറു നട്ടവരുടെ വീരഗാഥകളിൽനിന്ന്
കളപറിച്ചവരുടെ വേലയുടെ ഉപ്പിൽനിന്ന്-
സുരഭിലമായ ഇന്ദ്രജാലം, പ്രകൃതിയുടെ ദുഗ്ധം.
സ്വർണക്കൊട്ടാരത്തിന്റെ തവിട്ടുമുറിയിൽ
ഒരു വെളുത്ത രാജകുമാരി
കൊയ്ത്തുകാരനെ സ്വപ്നം കാണുന്നു
ഒരു ദിവസം കനകം മുറ്റങ്ങളിലേക്ക് ഒഴുകുന്നു-
വയലിനെ നെല്ലിപ്പൂക്കൾക്കും
കുരുകിലുകൾക്കും വിട്ടുകൊടുത്ത്.
തയമ്പു വീണ കാലുകൾ സ്വർണ്ണം മെതിച്ചുകൂട്ടുന്നു
സ്നേഹം നിറഞ്ഞ കൈകൾ
മുളങ്കാടുകളുടെ കരച്ചിൽ വിടാത്ത മുറങ്ങളിൽ
അതു ചേറിച്ചേറി ശുദ്ധീകരിക്കുന്നു
നെല്ലു പുഴുങ്ങുന്നതിന്റെ സമൃദ്ധസുഗന്ധം
കാക്കകളുടെ ചിറകുകളിൽ
പ്രകാശത്തിന്റെ വേഗം നിറയ്ക്കുന്നു
പിന്നെ മരവും ഇരുമ്പും കല്ലും ചേർന്ന സൈന്യം
രാജകുമാരിയെ
സ്വർണത്തടവറയിൽനിന്നു മോചിപ്പിക്കുന്നു
അടുക്കളയുടെ ഊഷ്മളതയിൽ ഉടംവെച്ച്
അവൾ വിശക്കുന്ന മനുഷ്യരുടെ തളികയിൽ
അരയന്നംപോലെ പറന്നിറങ്ങുന്നു
നാവുകൾ രസത്തിൽ നിന്നു
രസത്തിലേക്കു മടങ്ങുന്നു
കുന്തമുനകൾ നീട്ടി നിൽക്കുന്ന
'പാണ്ടി'യുടെ രൗദ്രമേളം
ഉപ്പലിഞ്ഞ ചോറിന്റെ കറുത്ത വീര്യത്തെ
വെണ്മണിയാക്കി മാറ്റുന്ന
'പൊക്കാളി'യുടെ ശൃംഗാരം
അടഞ്ഞ ബുദ്ധ നേത്രങ്ങളുടെ
പൊന്നിമകളിലൊളിപ്പിച്ച
'വട്ട'ന്റെ ഉജ്ജ്വല കരുണം.

വരൾച്ചകളെ അതിജീവിച്ച
'മുണ്ടക'ന്റെയും 'അതിയ'ന്റെയും പഴശ്ശിവീരം

ഞങ്ങളുടെ മുത്തച്ഛന്മാർക്കു മുന്നിൽ
വനങ്ങളുടെ ശ്മശാനങ്ങളിൽ പുഴകളുടെ ലഹരിമോന്തി
നൃത്തംചെയ്തു മോഹിപ്പിച്ചവൾ
വേദങ്ങൾക്കും നാടൻ പാട്ടുകൾക്കും മുമ്പ്
കാരണവന്മാരുടെ നാവിൽ കളിയാടിയവൾ
അമ്മമാരുടെ കൈകളിലൂടെ
കളങ്ങളായി ഒഴുകിയെത്തി
ഞങ്ങളുടെ ഉത്സവമുറ്റങ്ങളെ മോടിപിടിപ്പിച്ചവൾ
വല്ലപ്പോഴും മാത്രം കയ്യെത്തുന്ന അടയും അപ്പവും
പാൽപ്പായസവുമായി ഞങ്ങളുടെ കുട്ടിക്കാലത്തെ
പ്രലോഭിപ്പിച്ചവൾ,
മുതിരുമ്പോൾ ഞങ്ങളെ ഭൂമിയുടെ
എല്ലാ കോണിലേയ്ക്കുമോടിക്കുന്നവൾ,
ഏതു കോണിൽനിന്നും
ഞങ്ങളെ തിരിച്ചു വിളിക്കുന്നവൾ
ഭാവിയുടെ നക്ഷത്രത്തെപ്പോലെ
ഞങ്ങളുടെ സ്വപ്നങ്ങളെ
കലാപങ്ങളിലേക്കു പ്രകോപിപ്പിക്കുന്നവൾ,
ഞങ്ങളുടെ പ്രാണൻ നിലനിർത്തുന്നവൾ,
ഞങ്ങളുടെ ദിക്കു നിർണയിക്കുന്നവൾ,
ഒരു പിടി, ഒരു പിടി ചോറ്.

(1987)

# 50

## രണ്ടാം വരവ്

(പി. കുഞ്ഞിരാമൻനായരുടെ സ്മരണയ്ക്ക്)

ഏകാന്തസായന്തനം: നിള നീരവം
ചാരെ: മണൽക്കോട്ടയൊന്നിൽ തടവിലാം
രാജകുമാരി, കറുത്തു മെലിഞ്ഞവൾ-
മേലേ ശരംപോലൊരു വെള്ളിമേഘത്തി-
ലൂടെ കടന്നുപോം പക്ഷി;പരക്കുന്ന
ചോര; ദൈവത്തിൻ മരണമൊഴിപോലെ
താരകൾ, വേച്ചുവിറച്ചു വരുന്നവ;
ദൂരെയിരുളിൽ മുങ്ങിപ്പോം മലനിര;
പേടിപ്പെടുത്തും പനകളിൽ കാറ്റിന്റെ
പ്രേതാരവങ്ങൾ; പൊതുശ്മശാനത്തിലി-
പ്പോയനാൾവെച്ച ശവത്തിന്റെ നിശ്ശൂന്യ
ജാതകം വെള്ളം മരിച്ചതീരത്തിലെൻ
കാലിൻചുവട്ടിൽ, പിരിഞ്ഞോരിണകൾതൻ
ചൂടുവിടാത്ത മണലിൽ; കറങ്ങുന്ന
ചൂരൊന്നനാഥം-ഉതിർമുല്ലയായിടാം-
പോയ കാലത്തിന്റെ സൗരഭംപോൽ; സന്ധ്യ
മാരുതൻ തേങ്ങുന്ന ശംഖിൽ, അവന്റെ ക-
ണ്ണീരുപോലീർപ്പം നിറയുന്ന കക്കയിൽ.
കുക്കുന്ന വണ്ടി: "വിടുകീ മുടിഞ്ഞ വീ-
ടാക്കാമകലത്തിൽനിന്നെ,ക്കയറുക."
എങ്കിലുമള്ളിപ്പിടിച്ചിരിക്കുന്ന ഞാ-

നെന്റെ ദ്രവിച്ച സ്വപ്നത്തിൻ തടികളിൽ,
ഒന്നു കിളയ്ക്കുകിലെന്റെ മുത്തച്ഛന്റെ
കണ്ണും ഹൃദയവും കിട്ടുന്ന മണ്ണിതിൽ.
നോക്കിയിരിപ്പൂ മെലിഞ്ഞു കുണ്ടിൽപോയൊ-
രിപ്പുഴതൻ കണ്ണിൽ ഞാൻ നിർന്നിമേഷനായ്
നോക്കിയിരിക്കെക്കുമിളകൾ പൊട്ടുന്നു
കേൾക്കുന്നു ഗദ്ഗദം, പിന്നെപ്പുഴയ്ക്കുമേൽ
പൂക്കുന്നു വാക്കുകൾ: വെള്ളാമ്പലുകൾപോൽ
ശുദ്ധമാം വാക്കുകൾ, പിന്നെയും പിന്നെയു-
മൊറ്റമണിപോൽ മുഴങ്ങിനിൽക്കുന്നവ.
ഏതോ മുതലതൻ വായിലകപ്പെട്ടു
പോയ ഗജേന്ദ്രന്റെ തുമ്പിയിൽനിന്നൊരു
താമരനീളുന്നപോലെ,ച്ചവിട്ടേറ്റു
താണ സ്നേഹത്തിന്നതലനിശ്വാസങ്ങൾ
പോലെ, നരകാന്ധകാരത്തിൽനിന്നൊരാൾ
പാതാളവീണയിൽ ഭൂമിയെയോർത്തോർത്തു
ഭൂപാളമാലപിക്കുംപോ,ലതിലൂടെ
രാവൊടുങ്ങിപ്പിന്നെയും വീടു കാണുന്ന
പോലെ, പ്രളയത്തിനുള്ളിൽനിന്നും ദേവ-
താരുവൊന്നിൻതളിർ മറ്റൊരുലകിലെ-
സ്സൂര്യന്റെ പച്ചക്കിരണമായ് നീളുന്ന
പോലെ; ത്തടവിലായോരു കിളിമകൾ
താതനെയോർത്തൊരിക്കൽക്കൂടി മറ്റൊരു
സീതാപഹാരകഥ മൊഴിയുംപോലെ,
ഏതൊരാളേതൊരാൾ പാടുന്നു? തീരത്തു
രാവു വളരുന്നതാദ്യമായ് കണ്ടവൻ,
മാവുകൾ വേവുന്ന തീയിലീയാറിന്റെ-
യോരത്തു വൈശാഖസന്ധ്യയ്ക്കെരിഞ്ഞവൻ,
രാജഹംസങ്ങൾ തൻ പാട്ടിൻ പുലരിതൻ
പൂമലപൂക്കുന്ന നാൾ കാത്തിരുന്നവൻ,
ചേങ്ങലക്കോലിൽക്കയറിസ്സുരാതലം
കണ്ടു തിരികെ വന്നീ മണ്ണുമുത്തിയോൻ
എള്ളുനീർപോലിറ്റുവീഴുന്ന കണ്ണുനീർ-
ത്തുള്ളിയിൽ പോയ പൂക്കാലങ്ങൾതൻ കാൽച്ചി-
ലങ്കകൾ കേട്ടു മറയും നിലാവുമൊ-
ത്തഞ്ജനക്കാട്ടിലലഞ്ഞവൻ-വിക്രമൻ

ഉത്രാടനാളിലൊഴിഞ്ഞ പത്തായങ്ങൾ
മുക്കുറ്റിതൻ കനകത്താൽ നിറച്ചവൻ,
കുത്തുമാടത്തിലണഞ്ഞ വിളക്കിന്റെ
ചോട്ടിലൊറ്റയ്ക്കുകിടന്ന പൊടിയുന്നൊ-
രസ്ഥികൂടത്തിലാ രാത്രിതൻ കാളിയെ
നൃത്തമാടാനായ് വിളിച്ച, ചതിപ്പട-
യെത്തിയന്യാധീനമാക്കിയ തൻ വീടു
വെട്ടിപ്പിടിക്കാൻ കരുത്താവഹിച്ചവൻ
അഷ്ടമുടിക്കാറ്റിനെപ്പോലെ, സഹ്യന്റെ
കാട്ടുതീപോലെ,യളകയിലാടിയി-
ലെത്തിയ കാർമുകിൽപോലെ,യുയർത്തിയ
മസ്തകം താഴ്ത്താതിതിലേ പടർന്നവൻ.

കാതോർത്തു ഞാൻ; മൃതർ പാടുമത്താഴ്ന്നൊരു
നാദത്തി,ലന്തിയിൽ മന്ത്രിപ്പതെന്തിവൻ?:

‘നരകം കണ്ടൂ ഞാനെൻ
    നെഞ്ചിലും തെരുവിലും
തല ഞാനിടിച്ചെത്ര
    മൂകവിഗ്രഹങ്ങളിൽ!
ദുരിതപ്പരുന്തുകൾ
    ഗ്രാമവീഥിയെക്കൊക്കി-
ലെടുത്തു പറന്നതും
    നിളയിൽ ജലത്തിന്റെ
ജഡം നിന്നഴുകിയ
    ചേർ വന്നു നിറഞ്ഞതും
ഹരിതകവചങ്ങൾ
    പോയൊരെൻ സഹ്യൻനീളെ
മുറിവേറ്റശരണ-
    വീര്യത്താൽ പിടഞ്ഞതും
കുരുടന്മാരെപ്പോലെ
    കുഞ്ഞുങ്ങൾ തുമ്പക്കുടൻ
കുലതൻ വടിവെന്തെ-
    ന്നറിയാതുഴന്നതും
പിന്നെയുമോണത്തുമ്പി
    വന്നതു കാൺകെക്കരൾ

വെന്തതും, വാൽക്കണ്ണാടി
　　ചവിട്ടിയുടച്ചതും
-മകനെ, മറക്കരു-
　　തൊക്കെയും, പൊരുതുക
വയലിൽ വിത്തൂട്ടുന്ന
　　പുലയന്നൊപ്പം, പുലി-
മടയിലുറങ്ങുന്ന
　　കുറവന്നൊപ്പം, കാട്ടു-
കിഴങ്ങാൽ മരണത്തെ
　　മയക്കും ലാടന്നൊപ്പം
പൊരുതു, കവർക്കായി
　　വീണ്ടെടുക്കുക നാടിൻ
ചരിതങ്ങളെ,ച്ചിര-
　　സുകൃതങ്ങളെ,ച്ചേറ്റിൽ
മറയും മലരിനെ,
　　പ്പുഴയെ, വനങ്ങളെ
കറുകക്കറുപ്പിനെ,
　　മുത്തങ്ങാക്കൊഴുപ്പിനെ,
അടയ്ക്കാമണിയന്റെ
　　മണത്താൽ മോഹിപ്പിക്കും
വരമ്പിൽ കൈ നീട്ടുന്ന
　　കനകച്ചുഴപ്പിനെ,
തെങ്ങിനും കവുങ്ങിനും
　　പ്ലാവിനുമൊപ്പം പച്ച
യുങ്ങിന്, കൊടിത്തുവ്വ-
　　യ്ക്കാടലോടകത്തിനും
തങ്ങുവാനിടംനൽകും
　　ഭൂവിതിന്നൗദാര്യത്തെ,
പുള്ളുവക്കുടത്തിനെ,
　　മാപ്പിളയീണങ്ങളെ,
വള്ളുവനാടിൻ സ്നേഹം
　　കിലുക്കും പൂതങ്ങളെ!
വരട്ടേ പാവങ്ങൾത-
　　ന്നോണം, ഞാൻ പാതാളത്തിൻ
വസന്തം പോലന്നാളിൽ
　　വന്നെത്താം കുടച്ചൂടി.’

നേരമിരുണ്ടു, മറഞ്ഞു പോയക്കേകെ
രാവിൻ വനത്തിൽ, കുമിളകൾ, പോയ് നിള
താനൊന്നുമെങ്ങുമറിയാത്തപോൽ മൂക-
നീലയായ്, തീരത്തു ബാക്കിയായ് കേവലം
വാണിഭക്കാർതൻ വെളിച്ചങ്ങൾ, തീവണ്ടി
വേറൊന്നിരച്ചെത്തി,യെൻ നാട്ടുവാങ്ങുവാ-
നാർ വന്നതിക്കുറി: ഗാമയോ ശീമയോ?

(1987)

# 51

## ഗുരു

### പ്രതിഷ്ഠ

തന്റെ പുലിയോടൊപ്പം ഗുരു
ഏകാന്തതയുടെ കുന്നിറങ്ങി വന്നു
തന്റെ അരുവിയോടൊപ്പം ഗുരു
ധ്യാനത്തിന്റെ മലയിറങ്ങി വന്നു
തന്റെ ജനങ്ങളോടൊപ്പം ഗുരു
ദുരിതങ്ങളുടെ കരയിൽനിന്നു
തന്റെ സ്വപ്നത്തിന്റെ ശില ഗുരു
ആറ്റുവെള്ളത്തിൽനിന്നു വീണ്ടെടുത്തു.

അവൻ നിറഞ്ഞ കടലിനെയും
ചവിട്ടേറ്റ പുല്ലിനെയും ധ്യാനിച്ചു
വീരന്റെ ഉറുമിയെയും
ചൊട്ടയിട്ട തെങ്ങിനെയും ധ്യാനിച്ചു
ബുദ്ധന്റെ താമരയെയും
മഹാവീരന്റെ നിലാവിനെയും ധ്യാനിച്ചു.

ഉർവരതയുടെ മന്ത്രങ്ങൾ ജപിച്ച് ഗുരു
പാവങ്ങളുടെ ശിവലിംഗം പ്രതിഷ്ഠിച്ചു
കുംഭമാസത്തിലെ കുരുത്തോലയും
കണിക്കൊന്നയുടെ ആദ്യത്തെ മൊട്ടുകളുംകൊണ്ട്
അവൻ മുക്തിയുടെ ദൈവത്തെ ആരാധിച്ചു

അവശരുടെ കണ്ണീരും
ഈറ്റക്കടുവയുടെ പാലുംകൊണ്ട്
ദൈവത്തെ അഭിഷേകം ചെയ്തു
തന്റെ പുലരിയോടൊപ്പം ഗുരു
ബ്രഹ്മപദം വിട്ട് ഇറങ്ങി നടന്നു
സ്വന്തം മണ്ണിലെ മരങ്ങൾക്കും മനുഷ്യർക്കുമിടയിൽ
കർമ്മങ്ങളുടെ കൊടുംവെയിലിൽ
കരുണയുടെ പെരുമഴയിൽ.
അവൻ ഉണർത്തി, വിതച്ചു, വിളയിച്ചു.

## കണ്ണാടി

ഈ കണ്ണാടിയിൽ നോക്കൂ,
ആദ്യം നീ നിന്റെ കുനിഞ്ഞ മുഖം കാണും
വീണ്ടും നോക്കൂ, നീ നിന്റെ ബന്ധുക്കളെ കാണും
മുത്തച്ഛൻമുതൽ പേരക്കിടാവുവരെ.
പശ്ചാത്താപംകൊണ്ടോ നിറവേറായ്കകൊണ്ടോ
വ്യാകുലമായ മുഖങ്ങൾ
ചാട്ടവാറടിയേറ്റ വ്രണം വീർത്ത മുതുകുകൾ
ക്ഷണികപ്രണയത്തിന്റെ വെളുത്ത സന്തതികളെ
പേറുന്ന കറുത്ത ഉദരങ്ങൾ.

വീണ്ടും നോക്കൂ, നീ കാണും
പറയിയുടെ പേറ്റുനോവും
പാക്കനാരുടെ പരിഹാസവും
തിരുവരങ്കന്റെ തുടിയും
ഉളിയന്നൂരിലെ ഉളിയും
വാസ്കോഡ ഗാമയുടെ കപ്പലും
കുറുമ്പരുടെ ഒളിപ്പോരും
പറങ്കിക്കോട്ടയിലെ പീരങ്കിയും
പറയപ്പടയുടെ പെരുമ്പറയും.

ഇപ്പോൾ നീ തിരിച്ചറിഞ്ഞു,
നിന്റെ സ്ഥലവും നിന്റെ കാലവും
നിന്റെ കളരിയും നിന്റെ കുറുന്തോട്ടിയും
നിന്റെ തോറ്റവും നിന്റെ ഊറ്റവും.
പോകൂ, അക്കരേക്കു പോകൂ,

പോരൂ, ഇക്കരേക്കു പോരൂ,
പാലംകടന്ന് ഈ കണ്ണാടിയിൽ നോക്കൂ
നിന്റെ മുഖം കാണൂ
നീ ആയിരുന്നതിൽ നിന്ന്
നീ ആകാനിരിക്കുന്നതിലേക്കുയർത്തിയ
നിന്റെ മുഖം, നിന്റെ രക്തം,
നിന്റെ ആത്മാവിന്റെ കൊടി.

## ധ്യാനം

'കണ്ണടച്ചിരിക്കുന്നവരെല്ലാം
ധ്യാനിക്കുകയല്ല', ഗുരു പറഞ്ഞു
എന്നിട്ട് ഗുരു വയലിലെ കൊറ്റിയെയും
മതിലിലെ പൂച്ചയെയും നോക്കി.
'കണ്ണു തുറന്നിരിക്കുന്നവരെല്ലാം
ധ്യാനിക്കാതിരിക്കുകയുമല്ല' ഗുരു പറഞ്ഞു
'വയലിൻ വായിക്കുന്ന ജാഗ്രതയോടെ
തറയിൽ മുഴുകിയിരിക്കുന്ന
ആ ചാലിയനെ നോക്കൂ
അവൻ നെയ്യുന്ന വിരിയിൽ അവനറിയാതെ
ബ്രഹ്മാവിന്റെ നാലാമത്തെ ശിരസ്സ്
വിരിഞ്ഞുവരുന്നതു കാണൂ.
മറിയുന്ന പുതുമണ്ണിന്റെ സുഗന്ധത്തിൽ
താനലിയുവോളം കരിയുന്തിപ്പാടുന്ന
ആ പുലയനെ നോക്കൂ.
അവന്റെ ഉഴവുചാലിൽ പെട്ടെന്ന്
സീത പ്രത്യക്ഷപ്പെട്ടു കരയുന്നതു കേൾക്കൂ.'
'കണ്ണടച്ചിരിക്കുന്നവരെല്ലാം
ധ്യാനിക്കുകയല്ല', ഗുരു പറഞ്ഞു
എന്നിട്ട് ഇമ പൂട്ടി ഇര കാത്തിരിക്കുന്ന
വ്യാപാരിയെയും, ഭക്തകളെക്കാത്ത്
യോഗമുദ്രയിലിരിക്കുന്ന
സംന്യാസിയെയും നോക്കി.

'കണ്ണു തുറന്നിരിക്കുന്നവരെല്ലാം
ധ്യാനിക്കാതിരിക്കുകയുമല്ല,' ഗുരു പറഞ്ഞു.
തട്ടാന്റെ ഉമിയിൽ ശിവൻ താണ്ഡവമാടി

കുറവന്റെ അടുപ്പിൽ പാർവ്വതി തപസ്സിരുന്നു
കുശവന്റെ ചക്രത്തിൽ വിഷ്ണുവിന്റെ
ശിരസ്സുയർന്നു വന്നു.
ആശാരിയുടെ വാതിൽപ്പടിയിൽ
ലക്ഷ്മിയുടെ താമര പ്രത്യക്ഷപ്പെട്ടു.
മറവന്റെ കുരുമുളകുകൂട്ടയിൽ എരിവുള്ള
ഒരു പച്ചദൈവം പിറവി കാത്തിരുന്നു
കൊല്ലന്റെ ഉലയിൽ ഒരു പുതുയുദ്ധത്തിന്റെ
ബ്രഹ്മാസ്ത്രം ചുട്ടുപഴുത്തു.

(1987)

## 52
### ചെന്നായ്

ഞാനാണ പ്രസിദ്ധനായ ചെന്നായ്,
മൂന്ന ലോകത്തിന്റെയും ഉടമ.
എന്റെ യുക്തി കാടിന്റെ യുക്തിയാണ്.
എന്റെ ഭാഷ മരണം.
ഭൂമി എനിക്ക് എന്റെ ഇരകൾ ഓടിനടക്കുന്ന
തളികയാണ്
വേനൽ ജ്വലിക്കുന്ന എന്റെ കണ്ണുകളിൽനിന്ന്
ഒരാട്ടിൻകുട്ടിക്കും രക്ഷപ്പെടാനാവില്ല.
ഞാൻ നായ്ക്കളെപ്പോലെ ഉച്ഛിഷ്ടം ഭക്ഷിക്കുന്നില്ല
കരടികളെപ്പോലെ തേൻ തേടി നടക്കുന്നില്ല.
ശവങ്ങൾ ഞാൻ കഴുകന്മാരും
കുറുനരികൾക്കും വിട്ടുകൊടുക്കുന്നു
എന്റെ ദ്രംഷ്ട്രകളെ ലഹരി പിടിപ്പിക്കുന്നത്
ചൂടുചോരയുടെ മണമാണ്.
യുദ്ധംപോലെ സമാധാനവും എനിക്കിഷ്ടമാണ്
ശാന്തമായ കാടിന്റെ പതിവുശബ്ദങ്ങളിൽ
എന്റെ ഇരകളുടെ ഞരക്കങ്ങൾ വറ്റിപ്പോകുന്നു.

ഞാനാണ സ്വർഗസ്ഥനായ ചെന്നായ്,
മൂന്ന കാലത്തിന്റെയും ഉടമ.
ഒരൊറ്റ ഓരികൊണ്ട്
ഞാൻ പർവതങ്ങൾ പിളരുന്നു.
ഒരൊറ്റ കാൽവെപ്പാൽ ഭൂമി കുലുക്കുന്നു

ഒരൊറ്റ നോട്ടത്താൽ വസന്തങ്ങളെ ചുട്ടെരിക്കുന്ന
ഒഴുകുന്നവയെ ഞാൻ പിടിച്ചുകെട്ടുന്നു.
പറക്കുന്നവയുടെ പാട്ടു നിർത്തുന്നു
ഋതുക്കൾ എന്റെ നഖങ്ങൾക്കു കീഴിലാണ്
ഭൂഖണ്ഡങ്ങൾ എന്റെ വാലിൽ തൂങ്ങിയാടുന്നു
ഞാൻ എന്റെ ഇരകളുമായി സംവാദത്തിന്നില്ല.
ഞാൻ സന്ധികളിൽ വിശ്വസിക്കുന്നില്ല.
എന്നെ ചോദ്യംചെയ്യുന്നവൻ
പ്രകൃതിനിയമം ലംഘിക്കുന്നു
എന്റെ ഭക്ഷണമാവുകയെന്നത്
എന്റെ ഇരകൾക്കു സ്വപ്നം കാണാവുന്ന
ഏറ്റവും വലിയ ഭാഗ്യമാണ്.
അതാണു മോക്ഷം.
ബോധിസത്വൻ ഇനിയും പിറക്കേണ്ടതില്ല.

(1988)

# 53

## ഓർമ്മയിൽ കാടുള്ള മൃഗം

ഓർമ്മയിൽ കാടുള്ള മൃഗം
എളുപ്പം മെരുങ്ങുകയില്ല.
അവന്റെ തൊലിയിൽ
കാട്ടുചതുപ്പുകളുടെ തണുപ്പ്
അവന്റെ രോമകൂപങ്ങളിൽ
വനപുഷ്പങ്ങളുടെ ഗാഢഗന്ധം
അവന്റെ കൃഷ്ണമണികളിൽ
പാറകളിലൂറി വീഴുന്ന കാട്ടുസൂര്യൻ.
അവന്റെ വായിൽ
കാട്ടാറുകൾ ഗർജ്ജിക്കുന്നു
അവന്റെ നാവിൽ
കാട്ടുതേൻ നീറുന്നു
അവന്റെ ചെവികളിൽ
വിപിനമേഘങ്ങൾ മുഴങ്ങുന്നു
അവന്റെ രക്തത്തിൽ
കാട്ടാനകൾ ചിന്നം വിളിക്കുന്നു
അവന്റെ ഹൃദയത്തിൽ
വനജ്യോത്സ്നകൾ പുഷ്പിക്കുന്നു
അവന്റെ വിചാരങ്ങൾ
കാട്ടുപാതകളിലൂടെ കുതിച്ചുപായുന്നു.
ഓർമ്മയിൽ കാടുള്ള മൃഗം
എളുപ്പം മെരുങ്ങുകയില്ല

എന്റെ ഓർമ്മയിൽ
കാടുകളുണ്ട്.

(1988)

# 54

## അവസാനത്തെ നദി

അവസാനത്തെ നദിയിൽ
വെള്ളമല്ലായിരുന്നു, രക്തമായിരുന്നു
ലാവയുടെ പ്രവാഹംപോലെ
അതു ചുട്ടു തിളച്ചുകൊണ്ടിരുന്നു
അതിൽ നീർ കുടിക്കാനെത്തിയ
അവസാനത്തെ ആട്ടിൻകുട്ടികൾ
ഒന്നു നിലവിളിക്കുംമുമ്പേ മൂർച്ഛിച്ചുവീണു
അതിനു കുറുകെപ്പറന്ന പറവകൾ
പിടഞ്ഞു പിടഞ്ഞ് അതിൽ വീണു മറഞ്ഞു
തലയോട്ടുകളിൽനിന്ന് കണ്ണീരൊഴുക്കിക്കൊണ്ടിരുന്നു
ജനലുകളിൽനിന്ന് നിലച്ച ഘടികാരങ്ങൾ
താഴെ വീണുകൊണ്ടിരുന്നു.

അവസാനത്തെ നദിയിൽ
ഒരമ്മയുടെ അസ്ഥികൂടം പൊങ്ങിക്കിടന്നു.
അതിന്മേൽ തുഴഞ്ഞ് മറുകര തേടുന്ന
ഒരു കുട്ടിയുണ്ടായിരുന്നു
അവന്റെ കൈകളിൽ അമ്മ മരിക്കുംമുമ്പു നല്കിയ
ഒരു മാന്ത്രികമണിയുണ്ടായിരുന്നു
അവന്റെ ഓർമ്മയിൽ ചിരികൾ
മുഴങ്ങുന്ന ഒരു വീട്ടും.
ആ മണിയുടെയും ഓർമ്മയിലെ വീടിന്റെയും
നിഴൽ, വറ്റിപ്പോയ നദികളുടെ

ശവങ്ങൾക്കുമേൽ വീണുകൊണ്ടിരുന്നു.

'നിനക്കെന്നെ ഭയമില്ലേ?'
അവസാനത്തെ നദി കുട്ടിയോടു ചോദിച്ചു.
'ഇല്ല. മരിച്ചുപോയ നദികളുടെ ആത്മാക്കൾ
എന്റെ കൂടെയുണ്ട്. സരയുവും സരസ്വതിയും.
ഗംഗയും കാവേരിയും. നൈലും നിളയും.
ഞാൻ അവയോടു സംസാരിച്ചിട്ടുണ്ട്.
പോയ ജന്മങ്ങളിൽ അവയാണെന്നെ
വളർത്തിയത്', കുട്ടി പറഞ്ഞു.

'നിന്റെ അച്ഛനാണ് അവരെക്കൊന്നത്.
അവരുടെ ചോരയാണ് എന്നിലൊഴുകുന്നത്
അവരുടെ ശാപമാണ് എന്നിൽ തിളയ്ക്കുന്നത്.'
കുട്ടി മറുപടിയായി മണി മുഴക്കി. മഴ പെയ്തു.
നദി സ്നേഹംകൊണ്ടു തണുത്തു,
രക്തം നീലയായി, മീനുകൾ തിരിച്ചുവന്നു
വൃക്ഷങ്ങൾ തളിർത്തു, ഘടികാരങ്ങൾ
വീണ്ടും നടക്കാൻ തുടങ്ങി.

അങ്ങനെയാണ് മനുഷ്യചരിത്രം
ആരംഭിച്ചത്. ആ മണി പിന്നെ നിലച്ചില്ല.

(1988)

# 55

## എനിക്കു മരിച്ചവരോടു സംസാരിക്കാൻ കഴിവുണ്ട്

എനിക്കു മരിച്ചവരോടു
സംസാരിക്കാൻ കഴിവുണ്ട്,
മരിച്ച മനുഷ്യരോടും മരങ്ങളോടും
നദികളോടും.
ചിലപ്പോൾ ഞാനെന്റെ പൂർവികരെ കണ്ടുമുട്ടുന്നു
എന്റെ അമ്മൂമ്മ പഴഞ്ചൊല്ലുകളിന്മേൽ പറന്നുനടക്കുന്നു
എന്റെ അപ്പൂപ്പൻ കടങ്കഥകളുടെ പാലങ്ങൾ കടക്കുന്നു
ചിലർ ശ്ലോകങ്ങളിൽ ഊഞ്ഞാലാടുന്നു
ചിലർ ചതുരംഗക്കരുക്കളുടെ പുറത്ത് സവാരിചെയ്യുന്നു
ചിലർ ഞാറു നട്ട് വട്ടത്തിൽ കളിക്കുന്നു
ചിലർ സ്വർഗത്തിന്റെ വെറ്റില നുള്ളുന്നു.
ചിലപ്പോൾ ഞാനെന്റെ സുഹൃത്തുക്കളെ കണ്ടുമുട്ടുന്നു
ശരീരം പളുങ്കുപോലെയാണെന്നതൊഴിച്ചാൽ
അവർക്കൊരു വ്യത്യാസവുമില്ല
അതിലൂടെ അവരുടെ ഹൃദയം നമുക്കു കാണാം
അവ നിലച്ചുവെന്നു നാം കരുതിയതു തെറ്റായിരുന്നു
നമ്മുടേതിനേക്കാൾ വേഗത്തിലാണവ മിടിക്കുന്നത്
മരിച്ചവർ വിലപിക്കുന്നതു നമ്മെപ്പോലല്ല
അവരുടെ ശബ്ദം ചാറ്റൽമഴയുടെ ശീല്ക്കാരമാണ്
അവർ ചിരിക്കുന്നത് കൊഴിയുന്ന ഇലകളെപ്പോലെ.
വല്ലപ്പോഴും പറക്കാറുണ്ടെന്നതൊഴിച്ചാൽ
അവർ ജീവിച്ചിരിക്കുന്നവരെപ്പോലതന്നെയാണ്
നമ്മുടെ അതേ ആർത്തികളും നൈരാശ്യങ്ങളും

നമ്മുടെ അതേ ആകാംക്ഷകളും ഉത്കണ്ഠകളും.
മരണം സംശയങ്ങളുടെ അവസാനമല്ല
ചോദ്യങ്ങൾക്കു മുമ്പിൽ അവർ പരുങ്ങുന്നു.
അവർക്ക് അവരുടെ ഭാഷ നഷ്ടപ്പെട്ടിരിക്കുന്നു.
അവരുടെ സൂര്യൻ തലയോട്ടിപോലെ കിഴക്കുദിക്കുന്നു
അവരുടെമേൽ കൂണുകൾ വളരുന്നു.

ഞാൻ എന്നോടുതന്നെ സംസാരിച്ചിരിക്കുമ്പോൾ
ഞാൻ മരിച്ചവരോടു സംസാരിക്കയാണ്,
നിങ്ങളോടു സംസാരിക്കുമ്പോഴും.
നമ്മുടെ ഭാഷയിൽ സൂര്യൻ അസ്തമിച്ചിരിക്കുന്നു.

(1988)

# 56

## ബുദ്ധൻ കളഹണ്ടിയിൽ[1]

കടക്കുന്നു പിന്നെ ബുദ്ധൻ
കണ്ണുനീരിൻ മഹാനദി:
അവശൻ മുക്കുവൻ; തോണി-
യസ്ഥിമാത്രം, പുരാതനം.
തുഴ വീഴുമ്പോൾ ഞെട്ടുന്നു
പുഴ ദുഃസ്വപ്നമോർത്തപോൽ.
തോണിക്കാരന്റെ നീൾപ്പാട്ടിൽ
മൂളുന്നു കാളരാത്രികൾ.

എത്തുന്നു പ്രാണനായ് ബുദ്ധൻ
മൃത്യുവിൻ തമ്പിലേകനായ്.
വയൽ നീറിക്കിതയ്ക്കുന്നു
ഗ്രീഷ്മസൂര്യനഖങ്ങളിൽ.
പൊഴിക്കുന്നു വെള്ളമേഘം
കഴുകന്റെ കൊട്ടും മഴ.
കൊക്കിൻ കാലുപോലെ നേർത്ത
വരമ്പിൽ ക്ഷീണഗാത്രനായ്
ഇരിക്കെബ്ബുദ്ധനോടോതീ
ബുദ്ധനേത്രങ്ങളിങ്ങനെ:

'കാമത്താലല്ല കത്തുന്നു

---

[1] കളഹണ്ടി: ഒറീസ്സയിലെ ക്ഷാമബാധിതപ്രദേശം.

വിശപ്പാ,ലുഴി ഗൗതമ!
ഇവർക്കു വേണ്ട നിർവാണം
നിശ്ശൂന്യതയിവർ സ്വയം.
ജ്ഞാനത്തിൻ കുറവാലല്ലാ
വരളുന്നത് നാവുകൾ;
ധ്യാനത്തിൻ കുറവാലല്ലാ
വയർ വെന്തെരിയുന്നതും
ഇവർ നോക്കുന്ന തത്ത്വജ്ഞം
വിടരും ചൊടിയല്ല, നിൻ
വിരലിൽ തൂങ്ങുമാ ഭിക്ഷാ-
പാത്രത്തിൽ കൊതിയോടിതാ.'

അവന്റെ ഭിക്ഷാപാത്രത്തിൽ
മിഴിനീർ മാത്ര;മേറെ നാൾ
അതുതന്നെ കുടിച്ചല്ലോ
കഴിഞ്ഞോരിക്കുറുത്തവർ.
'ഇവിടെ ബ്ഭിക്ഷ തേടാനോ
നീ വന്നെത്തി തഥാഗത?'-
മുനിയെക്കളിയാക്കുന്നൂ
ശപിക്കും കൺകളായിരം:
'വയർ നിറഞ്ഞവർക്കല്ലോ
ധർമ്മസൂക്തങ്ങൾ, ഹേ, ജിന,
തരു ചോറും മീനു'മെന്നാ
മിഴികൾ താണിരക്കവേ,
അലിവാൽ തന്നുടൽ ചൂണ്ടി-
യവരോടോതി നിർഭയൻ:
'ഇക്കിഴങ്ങു തരുന്നൂ ഞാൻ
നിങ്ങൾക്കൊരു വ്യവസ്ഥയിൽ.
ഇതിൻ കാമ്പാ,ലിതിൻ നീരാൽ
ബുദ്ധവീര്യങ്ങൾ നേടുക.
നിങ്ങൾതൻ വേർപ്പുറച്ചല്ലോ
പൊന്നായീ നഗരങ്ങളിൽ
നിങ്ങൾതൻ ചോരകൊണ്ടല്ലോ
മണ്ണിൽ പൂത്തു കതിർക്കുല.
പോയ് മുഴക്കു ദുർബലന്റെ-
യുണർവിന്റെ പെരുമ്പറ.

പോയ് തിരിച്ചു പിടിക്കു, നി-
ന്നപ്പം, നിന്നധികാരവും.
വീണ്ടെടുക്കാനൊരു വേറെ
വരളും ഹൃദയത്തിനെ,
ഹിംസതൻ പ്രളയക്കോളിൽ
മുങ്ങിച്ചാകുന്ന ഭൂമിയെ?'

ഏവം കിടന്നു സിദ്ധാർത്ഥൻ
ഭൂവിൽ പൊൻതളികയ്ക്കകം.
സാവധാനമിഴഞ്ഞെത്തീ
പശിയാൽ പാതി ചത്തവർ.
അവന്റെ നെഞ്ചിൽ കൈ കുത്തി-
യെണീറ്റു നേരെ നിന്നവർ,
നടന്നു സംഘമായുന്നി-
സ്സഗതന്റെ വചസ്സുകൾ.
അവർ കൈകോർത്തുവെച്ചോരു
ചുവടിൽ പൂത്തു താമര;
അവരാർത്തൊരു വന്മുക്തി-
മന്ത്രത്തിൽ പെയ്തു കാർമുകിൽ.
മഴ സ്പർശിക്കെ നൃത്തംചെ-
യ്തുണർന്നു ജഡമത്രയും.
നനഞ്ഞ വഴിയിൽ പച്ച
കുത്തീ ബുദ്ധന്റെ കാലടി;
മലതോറും പൂത്തിറങ്ങീ
ബുദ്ധനേത്രങ്ങൾ, താരകൾ.

കടക്കുന്നൂ പിന്നെ ബുദ്ധൻ
കണ്ണുനീരിൻ മഹാനദി:
കടക്കുന്നവനോടൊപ്പം
ചരങ്ങൾ, അചരങ്ങളും.

(1988)

# 57
## കവികളുടെ ഭാഷ

(ആന്ദ്രേയ്ക്ക്)

പ്രിയപ്പെട്ട ആന്ദ്രേ,
താങ്കൾ എന്റെ കവിത
താങ്കളുടെ ഭാഷയിൽ വായിക്കുകയാണ്
പക്ഷേ, അത് എന്റെ കവിതതന്നെയാണെന്ന്
എന്താണുറപ്പ്?
താങ്കളുടെ ഓർമ്മകൾ വേറെ, താങ്കളുടെ
സംഗീതവും വേറെ.
നാം രണ്ടു ലോകങ്ങളിൽ ജീവിക്കുന്നവർ.
കേൾവിക്കാരുടെ ഈ കൈയടി
എനിക്കോ താങ്കൾക്കോ?

താങ്കൾ പറയുന്നതെനിക്ക് കേൾക്കാം:
'കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ-,
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ.
ഒരേ കുതിരപ്പുറത്ത് അവർ പറക്കുന്നു
ഒരേ സ്വപ്നത്തിന്റെ അപ്പം പകുക്കുന്നു
ഒരേ കോപ്പയിൽനിന്ന് കയ്പു കുടിക്കുന്നു.

സ്വന്തം ജനതയെ സ്നേഹിക്കുകകൊണ്ട്

അവർ എല്ലാ ജനതയെയും സ്നേഹിക്കുന്നു
സ്വന്തം മണ്ണിൽ വേരാഴ്ത്തുന്നതുകൊണ്ട്
എല്ലാ ആകാശത്തിലും പുഷ്പിക്കുന്നു
ഒരു വേദത്തിലും ഉറച്ചുപോകാത്തതുകൊണ്ട്
എല്ലാറ്റിന്റെയും നേരറിയുന്നു

ഹേ, കവേ,
ഈ ബാൾട്ടിക് കടലിലെ വെള്ളംതന്നെയാണ്
അറബിക്കടലിലെയും വെള്ളം
എന്റെ യൂറാൽമലയിലും
താങ്കളുടെ സഹ്യനിലും ഒരേ മഞ്ഞു ചേക്കേറുന്നു
എന്റെ പൈൻമരവും
താങ്കളുടെ കരിമ്പനയും
ഒരേ ചന്ദ്രനെ ജടയിലേറ്റുന്നു.
എന്റെ മൈനയാണ് താങ്കളുടെ ചുമലിൽ,
എന്റെ നക്ഷത്രമാണ് താങ്കളുടെ കണ്ണിൽ.'

പ്രിയപ്പെട്ട ആന്ദ്രേ,
താങ്കൾ താങ്കളുടെ കവിത
എന്റെ ഭാഷയിൽ വായിക്കുകയാണ്.
പക്ഷേ, അതു താങ്കളുടെ കവിതതന്നെയാണെന്ന്
എന്താണുറപ്പ്?

(കവിത വായന, റീഗാ, 'മഞ്ഞ്', 1988)

# 58

## ടോൾസ്റ്റോയ് ഇവിടെ ഇല്ല

(റസൂൽഗംസത്തോവിന്)

ടോൾസ്റ്റോയുടെ ഷൂസ് ഇവിടെയുണ്ട്
അവ താണ്ടിയ ദൂരങ്ങൾ ഇവിടെയില്ല
ടോൾസ്റ്റോയുടെ കണ്ണടയുണ്ട്
അതു കണ്ട ആഴങ്ങളില്ല
ടോൾസ്റ്റോയുടെ റാന്തലുണ്ട്
അതു പൊഴിച്ച നിലാവില്ല
ടോൾസ്റ്റോയുടെ തീൻമേശയുണ്ട്
അതിലദ്ദേഹം ഭക്ഷിച്ച ദുരിതങ്ങളില്ല
ടോൾസ്റ്റോയുടെ പേനയുണ്ട്
അതിൽ നിറച്ച ഏകാകിതയില്ല
ടോൾസ്റ്റോയുടെ കയ്യെഴുത്തുപ്രതികളുണ്ട്
പിയെറിയുടെയും ആന്നാ[1] യുടെയും
സംഘർഷങ്ങളില്ല.
ടോൾസ്റ്റോയുടെ ശിരസ്സുണ്ട്
അതു നിർമ്മിച്ച വായനക്കാരില്ല
ഞാൻ ഇവിടെയുണ്ട്
ഞാൻ ഇവിടെയില്ല.

(ടോൾസ്റ്റോയ് മ്യൂസിയത്തിൽ, 1988)

[1] ടോൾസ്റ്റോയുടെ പ്രശസ്ത കഥാപാത്രങ്ങൾ: 'യുദ്ധവും സമാധാനവും', 'ആന്നാകരേനിനാ'.

## 59

### വരാന്ത

ഈ വരാന്തയിലൂടെ
ഏറെക്കാലമായി ഞാൻ നടക്കുന്നു
എന്നാൽ ഞാൻ
എന്റെ മുറിയിലെത്തുന്നില്ല.
ഈ വരാന്ത ചുറ്റിയാലും ചുറ്റിയാലും
തീരാത്ത ഭൂമദ്ധ്യരേഖ
നടന്നാൽ തീരാത്ത പൊള്ളുന്ന സഹാറ
നീന്തിയാൽ തീരാത്ത സമുദ്രം.
എവിടെയോ എനിക്ക് ഒരു മുറിയുണ്ടെന്ന്
എനിക്കറിയാം; അവിടെ
ഞാൻ ഇന്നോളം കണ്ടിട്ടില്ലാത്ത
ഒരു യഥാർത്ഥ സുഹൃത്തും
ഞാനിന്നോളം എഴുതിയിട്ടില്ലാത്ത
ഒരു യഥാർത്ഥ കവിതയും
എന്നെ കാത്തിരിക്കുന്നുണ്ടെന്നും.
എതിരേ വരുന്നവരോട്
ഞാൻ ചിലപ്പോൾ തിരക്കുന്നു:
ഈ വരാന്ത എങ്ങോട്ടുപോകുന്നു?
അവർക്കുമറിയില്ല.

അവരും അവരുടെ മുറിയന്വേഷിക്കുകയാണ്.
മുറികണ്ടെത്തിയാലും
അതു തുറക്കാൻ

അവരുടെ കയ്യിൽ
താക്കോലില്ലെങ്കിലും.

(1988)

# 60

## കുഴലൂത്തുകാരൻ

ഞങ്ങൾക്ക് ഇത്രമാത്രമേ ഓർമ്മയുള്ളൂ:
കുഴലൂത്തുകാരൻ വന്നു
എലികളെ അവൻ വകവരുത്തി
പാട്ടിൽ മയങ്ങി ഞങ്ങളവനെ പിൻചെന്നു
ഞങ്ങൾ മലകടന്നതോടെ തുരങ്കം അടഞ്ഞു
അന്നു മുതൽ ഞങ്ങൾ മലക്കിപ്പുറമുള്ളവരെപ്പോലെ
വേഷം ധരിക്കാനാരംഭിച്ചു,
അവരെപ്പോലെ നടക്കാനും
ചിരിക്കാനും സംസാരിക്കാനും ശീലിച്ചു
ഞങ്ങൾ ഇവിടത്തെ ദൈവങ്ങളെ പൂജിച്ചു
ഇവിടത്തെ രാജാവിനെ വണങ്ങി
ഇവിടത്തെ നിയമമനുസരിച്ചും നികുതിയടച്ചും
പാതയുടെ വലതുവശം പറ്റി നടന്നും
നല്ല പൗരൻമാരായി

മലയ്ക്കപ്പുറമുള്ളവരുമായി ഈ രാജ്യം
യുദ്ധമാരംഭിച്ചപ്പോൾ ഞങ്ങൾ
ഞങ്ങളുടെ തന്നെ സോദരരെക്കൊല്ലുകയും
സോദരിമാരുടെ മാനം കെടുത്തുകയും ചെയ്തു.

ഇപ്പോൾ ഞങ്ങൾ തിരിച്ചറിയുന്നു
ഞങ്ങളുടെ ചോരയുടെ നിറമേ
ഞങ്ങൾ മറന്നുപോയിരിക്കയായിരുന്നു

ഇത് എലികളുടെ നാടാണ്
ധാന്യപ്പുരകൾ തിന്നുതീർക്കുന്നതവർ
സിംഹാസനങ്ങളിൽ കയറിയിരിക്കുന്നതവർ
ഞങ്ങളും എലികളാവാൻ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്നു

ഞങ്ങളിപ്പോൾ കാത്തുനിൽക്കുന്നു,
ആ കുഴലൂത്തുകാരനെ
തിരിച്ചു മല കടക്കാൻ
വീണ്ടും ഞങ്ങളാകാൻ.

(1988)

# 61

## അമ്മ

എന്റെ അമ്മ ധ്രുവനക്ഷത്രമല്ല
ഓരോ നിമിഷവും മരിച്ചുകൊണ്ടിരിക്കുന്ന
ഒരു സ്ത്രീ മാത്രം,
താണുതാണു പോകുന്ന ഒരു താരാട്ട്.
അവർ വടക്കൻപാട്ടിലെ വീരനായികയല്ല
അവർ പൊരുതിയത്
അടുക്കളയിലെ പച്ചവിറകിനോടും
അലക്കുതൊട്ടിയിലെ കട്ടവിരിപ്പിനോടും
കുട്ടികളെ വിഴുങ്ങാൻ വന്ന പട്ടിണിയോടും മാത്രം.
അവർ താമരയിലയിൽ
പ്രേമലേഖനങ്ങളെഴുതിയില്ല,
നാൾവഴിപ്പുസ്തകത്തിൽ കൂടിവരുന്ന ചെലവും
കൂടാതെ നിൽക്കുന്ന വരവും
പൊരുത്തപ്പെടുത്താൻ ശ്രമിച്ച് വശംകെടുക മാത്രം.
പച്ചവെള്ളം തിന്ന്,
പാലുവിറ്റുണ്ടാക്കിയ പണം കൊണ്ട്
അവർ അഞ്ചു കുട്ടികളെപ്പുലർത്തി
രണ്ടുപേരെ വഴിയിൽ വെച്ച് കുഴ കൊണ്ടുപോയി.

അമ്മയെ അടിമുടി അറിയാമെന്ന്
ഞാൻ അഹങ്കരിച്ചിരുന്നു.
ഓർത്തുനോക്കുമ്പോൾ എത്ര കുറച്ചുമാത്രമേ
എനിക്കറിയൂ എന്നറിയുന്നു.

അമ്മയ്ക്ക് വലിയമ്മയെയും ചെറിയമ്മയെയും പോലെ
ഭ്രാന്തില്ല; എങ്കിലും അവർ അന്യരുടെ മുമ്പിലും
ഗൗളിയെപ്പോലെ ആത്മഗതം ചെയ്യുന്നതും
ഒറ്റയ്ക്ക നടക്കുമ്പോൾ ആലില പോലെ
പിറുപിറുക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്.
ഗോമതിപ്പശു മരിച്ച ദിവസവും
ചേട്ടന്ന ഫീസുകൊടുക്കാൻ
ഓട്ടുപാത്രങ്ങൾ പണയംവെച്ച ദിവസവും
സഹായം ചോദിച്ചതിന് അമ്മാവൻ
അവരെ ആട്ടിയോടിച്ച ദിവസവും
അച്ഛൻ തീർത്ഥാടനത്തിൽ മരിച്ച വാർത്ത വന്ന ദിവസവും
അമ്മ ചായിപ്പിലെ ദൈവങ്ങളോടു
വഴക്കു കൂടുന്നതു ഞാൻ കേട്ടിട്ടുണ്ട്.
ദൈവങ്ങളുടെ മറുപടി കേൾക്കാൻ ഞാൻ
ഒളിച്ചുനിന്നു; അമ്മയുടെ തേങ്ങലല്ലാതെ
മറ്റൊരു ശബ്ദവും ഞാൻ കേട്ടില്ല.

അമ്മ ഏറെയും സംസാരിച്ചിരിക്കുന്നത്
പശുവിനോടും പട്ടിയോടും കോഴിയോടും
കാക്കയോടും തൊടിയിലെ മരങ്ങളോടുമായിരുന്നു
അവരെ അനാഥയാക്കിയ മനുഷ്യരോട്
അവരങ്ങനെ പകരം വീട്ടി.

അമ്മ വെറുതെയിരിക്കുന്നത്
ഞാൻ കണ്ടിട്ടേയില്ല. രക്തസമ്മർദ്ദവും
ചുമയും കിതപ്പും ഒന്നിച്ചുശ്വാസംമുട്ടിക്കുന്ന
ഈ എൺപതിലും അവർ പാടത്തോ
തൊടിയിലോ പശുത്തൊഴുത്തിലോ
കുട്ടികളെ കുളിപ്പിച്ച തന്റെ കൈകൾ അഴുക്കാക്കുന്നു.
ചിലപ്പോൾ കൊയ്യുന്നു, ചിലപ്പോൾ മെതിക്കുന്നു
ചിലപ്പോൾ ചേറിക്കൊഴിക്കുന്നു
പതിരോട് പതിരിന്നിടയിൽ ഒരു
നല്ല നെന്മണി തിരക്കുന്നു, വരുംകാലത്തിന്
നൂറുമേനി വിളയിക്കുവാൻ.

കുട്ടികളെ കൺമുന്നിൽവെച്ച്

തീപ്പിടിച്ച വയ്ക്കോൽ തുരുമ്പുപോലെ
അവർ ഈ ഞൊടി ചാരമാവുന്നു
ചക്രം ചവിട്ടുന്ന കുളംപോലെ
കാണെക്കാണെ വറ്റുന്നു
എണ്ണ തീർന്ന പട്ടടപോലെ പൊട്ടുന്നു.

ഇപ്പോഴേ എനിക്കു കാണാം:
അമ്മ ആകാശത്തെ
കറുമ്പിപ്പയ്യുകളുടെ പിറകെ ഓടുന്നത്
ചന്ദ്രന്റെ തട്ടിമറിഞ്ഞ പാൽപ്പാത്രം
നേരെ വെയ്ക്കുന്നത്
ആന്യഗ്രഹങ്ങളിൽ പശുവിനു പുല്ലുതേടി അലയുന്നത്
നക്ഷത്രങ്ങളെ ചേറി വൃത്തിയാക്കുന്നത്
പറന്നുനടക്കുന്ന ആത്മാക്കളോടു സംസാരിക്കുന്നത്
സൂര്യന്റെ പുലരിക്കതിരുകളിലൂടെ
പേരക്കിടാങ്ങളെ തഴുകാൻ കൈനീട്ടുന്നത്
ചാറ്റൽ മഴയിലൂടെ ലോകത്തിന്റെ
പോക്കിനെക്കുറിച്ച് പിറുപിറുക്കുന്നത്
ഇടിമിന്നലിന്റെ പൂക്കുലപിടിച്ചു തുള്ളുന്നത്,
ഇടിമുഴക്കത്തിലൂടെ
നാളെയെക്കുറിച്ച് വെളിച്ചപ്പെടുന്നത്.

(1989)

# 62

## സാൽവദോർ ദാലി ദൈവത്തെക്കാണുന്നു

വാഹനങ്ങളുടെ പ്രേതങ്ങളും
സ്വർണ്ണദലങ്ങളുള്ള വൃക്ഷങ്ങളും
മരതക നിറമുള്ള മേഘങ്ങളും
മഴവില്ലുകളിൽ ഉണങ്ങാനിട്ട ഘടികാര നാവുകളും
ചോരക്കടലുകളിറ്റുവീഴുന്ന യേശുശിരസ്സും പിന്നിട്ട്
സാൽവദോർ ദാലിയുടെ ആത്മാവ്
സ്വസ്തികാചിഹ്നം കൊത്തിവെച്ച
സ്വർഗത്തിന്റെ പടിവാതിൽക്കൽ ചെന്നെത്തി.
പ്രകാശത്തിന്റെ എക്സ്-റേ മേഖലയ്ക്കും
ലെയ്സർ മേഖലയ്ക്കുമപ്പുറമായിരുന്ന അവിടെ
ആടുന്ന നക്ഷത്രയൂഥങ്ങളും കറങ്ങുന്ന ഗ്രഹസമൂഹങ്ങളും
ചേർന്നൊരുക്കിയ പത്താം സിംഫണി മുഴങ്ങിനിന്നു.
കണ്ണീരിറ്റു വീഴുന്ന ഭീമാകാരമായ
രണ്ടു പോത്തിൻ കൊമ്പുകൾക്കിടയിലൂടെ
സ്വന്തം നിശ്ശൂന്യതയ്ക്കു മുറിവേറ്റാലോ എന്ന് ഭയന്ന്
കുനിഞ്ഞു കടന്ന് അതു സ്വർഗ്ഗത്തിന്റെ മുറ്റത്തെത്തി.

തിരുനാൾ കഴിഞ്ഞതേയുള്ളൂവെന്ന് വ്യക്തമായിരുന്നു
ചൂടുവിടാത്ത ആട്ടിൻതലകൾ
അപ്പോഴും നിലവിളിച്ചുകൊണ്ടിരുന്നു
അഴകിത്തുടങ്ങിയ ആപ്പിൾക്കുന്നുകളിൽ ചെന്നുതട്ടി
ആ നിലവിളികൾ വെള്ളിനാണ്യങ്ങളായി മാറിക്കൊണ്ടിരുന്നു
മൂന്നു കണ്ണുകളും നീണ്ട രോമങ്ങളുമുള്ള കാക്കകൾ

ആ നേർച്ചകൾ കൊത്തിയെടുത്ത്, പീതജലമൊഴുകുന്ന
അരുവികൾക്കപ്പുറത്തേക്ക് പറന്നുകൊണ്ടിരുന്നു.
ബലിക്കല്ലുകളിൽനിന്ന് ശിശുക്കളുടെ ശിരസ്സുകൾ
ഇറ്റിറ്റുവീണുകൊണ്ടിരുന്നു.
മരണത്തിന്റെ വൃക്ഷത്തിന്മേൽ 'ജീവന്റെ വൃക്ഷം'
എന്നെഴുതിവെച്ചിരുന്നു.
രക്തം നിറച്ച കാസകളിൽ 'വീഞ്ഞ്' എന്ന്;
കണ്ണീർ നിറച്ച കുടങ്ങളിൽ 'കുടിവെള്ളം' എന്ന്;
വിഷം നിറച്ച കുപ്പികളിൽ 'തേൻ' എന്നും

സ്വർഗ്ഗത്തിന്റെ ഈ മറുഭാഷയെക്കുറിച്ച്
ദാലിയുടെ ആത്മാവ് വിചാരം കൊള്ളുമ്പോൾ
പർവതങ്ങളുടെ വലിപ്പമുള്ള മണികൾ
പെട്ടെന്നു മുഴങ്ങാനാരംഭിച്ചു.
അവയുടെ കയറുകൾ വലിച്ചിരുന്നത്
നൂറു തലകളുള്ള കുതിരകളായിരുന്നു.
തുടർന്ന് ജനന-മരണങ്ങളുടെ കനത്ത പുസ്തകവും പേറി
മൂങ്ങകളുടെ മുഖമുള്ള അമ്പതു മാലാഖമാർ
അവിടെ പറന്നെത്തി; അവരിൽ തടിച്ച മാലാഖ
ആനറാഞ്ചിയുടെ തൂവൽ വെളുത്ത മേഘച്ചാറിൽ മുക്കി
മരണത്തിന്റെ കറുത്ത കോളത്തിൽ
ദാലിയുടെ പേര് എഴുതിച്ചേർത്തു.

പിന്നെ യഹോവയായ ദൈവം വന്നു.
പഴയ സുവിശേഷത്തിന്റെ താഴുകളിൽനിന്ന്
അവൻ ശൂന്യതയുടെ പടവുകളിറങ്ങിവന്നു.
കോടി രാത്രികളുടെ ഇരുട്ടിൽ
ദാലിയുടെ ആത്മാവ് അന്ധമായിപ്പോയി.
ഇരുട്ടിന്റെ തിര ഒന്നടങ്ങിയപ്പോൾ അത്
ദൈവത്തിന്റെ മുഖത്തേക്കു പാളിനോക്കി:
അവന്റെ നരച്ച മുടിയിഴകളിലോരോന്നിലും
മരിച്ചവർ നരിച്ചീറുകളെപ്പോലെ തലകീഴായി
തൂങ്ങിക്കിടന്നു; അവന്റെ രജതദംഷ്ട്രങ്ങളിൽ നിന്ന്
കുട്ടികളുടെ രക്തം ഇറ്റിറ്റുവീണ്
അവന്റെ വെള്ളത്താടിയെ സന്ധ്യയാക്കിക്കൊണ്ടിരുന്നു.
കണ്ണുകളുടെ സ്ഥാനത്ത് അവന്

ആഴമേറിയ രണ്ടു കിണറുകളായിരുന്നു.
ഇടത്തേതിൽ ഭൂതവും വലത്തേതിൽ ഭാവിയും
മരിച്ചുപൊന്തിക്കിടന്നു.

ഈ ശാശ്വത വർത്തമാനത്തിൽ അവന്റെ ഒരു കൈ
ഭൂമിയിലേക്ക് നീണ്ടുചെന്ന് ഇടയ്ക്കിടെ
പിടയുന്ന മനുഷ്യരേയും കൊണ്ടുയർന്നുവന്നു.
മറ്റേ കൈ നക്ഷത്രങ്ങളെ ഓരോന്നോരോന്നായി
ഞെരിച്ചു കെടുത്തിക്കൊണ്ടിരുന്നു.
അവന്റെ ഒരു കാൽ നരകത്തിലെത്തി
അവിടത്തെ പുണ്യാത്മാക്കളെ മെതിച്ചുകൊണ്ടിരുന്നു.
മറ്റേ കാൽ സ്വർഗസുന്ദരികൾക്ക് തലോടുവാനായി
വിശ്വാസികളുടെ കുനിഞ്ഞ മുതുകുകൾകൊണ്ടു പണിത
മാംസപീഠത്തിൽ കയറ്റിവെച്ചിരുന്നു.

ചാട്ടവാറുകൾ കൊണ്ടുണ്ടാക്കിയ
ഒരു സംഗീതോപകരണം ദാലി അവിടെ കണ്ടു.
അതിൽ കട്ടകൾക്കുപകരം
കറുത്ത ശിരസ്സുകളായിരുന്നു.
അവ അമർത്തുമ്പോൾ ചാട്ടവാറുകൾ പുളയുകയും
ഭീകരമായൊരു സംഗീതമുയരുകയും ചെയ്തു.
ആ ദിവ്യസങ്കീർത്തിനത്തിന്റെ നീലനിറം
ദാലിയുടെ ആത്മാവിനെ വലയം ചെയ്തു.
അതോടെ കറങ്ങുന്ന ഖഡ്ഗങ്ങളുമായി
കരീബുകൾ രംഗപ്രവേശം ചെയ്തു.
അവർ ആ ആത്മാവിനെ
സർറീയലിസ്റ്റുകൾക്കുവേണ്ടി പ്രത്യേകമൊരുക്കിയ
വിഷവാതകപ്പുരയിലേയ്ക്ക്
ആഘോഷമായി നയിച്ചുകൊണ്ടുപോയി
അങ്ങനെ ദാലി ജനിച്ചു.

(1989)

# 63

## ഇനിയൊന്നു വിശ്രമിക്കട്ടെ

(എന്റെ സഹോദരിക്ക്, എല്ലാ സഹോദരിമാർക്കും)

ഇനിയൊന്നു വിശ്രമിക്കട്ടെ.
ഒടുവിൽ ഒഴിഞ്ഞൂ തിരക്കുകൾ, അതിഥികൾ
വിടപറഞ്ഞൂ, തോർന്നു കളികളും ചിരികളും:
കഴുകിക്കഴിഞ്ഞു ഞാൻ കോപ്പകൾ, കിണ്ണങ്ങൾ;
സിഗരറ്റുകുറ്റികൾ ുത്തു; വീര്യം വാർന്ന
കടുമണക്കുപ്പികൾ മാറ്റി;ച്ചിതറിയോ-
രരചർ, വിദൂഷകർ, റാണിമാർ, മന്ത്രിമാർ,
വിലയറ്റ 'കൂലി'കൾ (അതിലേതു ഞാൻ?) ഒക്കെ
മുറതെറ്റിടാതെയെടുക്കിത്തളർന്നു ഞാൻ
ഇനിയൊന്നു വിശ്രമിക്കട്ടെ.
മധുരമേ കവിതയിൽ, കൈശോര, മതിലേറെ
മധുരമേ കൗമാര, മിതു കേട്ടിരിപ്പു ഞാൻ.
അതു സത്യമാകാം, അറിഞ്ഞില്ല; ഓർമ്മവെ-
ച്ചൊരുനാൾ മുതൽക്കെനിക്കവിരാമ്മീക്ലമം.
വഴിയിലെപ്പൂ കൈകൾ നീട്ടുമ്പോഴോതി ഞാൻ:
'സമയമില്ലിപ്പോൾ', കളിക്കുവാനയലത്തു
കുസൃതികൾ കൊഞ്ചിത്തിരക്കു കൂട്ടുമ്പൊഴും,
'സമയമില്ലിപ്പോൾ', നിലാവെന്റെയഴികളിൽ
'വരികെ'ന്നു കൈകാട്ടി മൂകം വിളിക്കവേ,
'സമയമില്ലിപ്പോൾ' ഇളങ്കാറ്റു 'കാവിൽ, ദാ,
കൊടികേറി, വേലയ്ക്കുപോകാം, കയറുകെൻ

മുതുകി' ലെന്നോതിക്കുനിഞ്ഞു നിൽക്കുമ്പൊഴും
'സമയമില്ലിപ്പോൾ, തിരക്കാണു ചേട്ടനു-
മനിയനുമച്ഛനും, വരിക പിന്നീ,ടന്നു-
സമയമുണ്ടാകാം ചിരിക്കുവാൻ, പൂക്കുവാൻ.'
ഇനിയൊന്നു വിശ്രമിക്കട്ടെ
സമയമുണ്ടായില്ലെനിക്കു ചിരിക്കുവാൻ.
മൃതികൊണ്ടുപോയാദ്യമച്ഛനെ; നിർത്തി ഞാൻ
പഠനം, പകലുകൾ ദീർഘിക്കെ വന്നെത്തി
വരണമാല്യവുമായി നഗരത്തിൽ നിന്നൊരാൾ.
'പഴയ ദുഃഖങ്ങളേ, പോകട്ടെ', ചൊല്ലി ഞാൻ,
'പുതിയ ദുഃഖങ്ങളിന്നെന്നെ വിളിക്കുന്നു:
പുതിയ പാത്രങ്ങൾ-കഴുകിക്കമിഴ്ത്തുവാൻ,
പുതിയ വിഴുപ്പുകൾ-തല്ലിയലക്കുവാൻ.
പുതിയയൊരാൾ-ശാസിക്കുവാൻ, ശകാരിക്കുവാൻ,
പുതിയ സ്വപ്നങ്ങൾ-മുളയിലേ നുള്ളുവാൻ.
പുകവന്നു കായലിൻതീരത്തു തോട്ടത്തിൽ
വിടരുന്ന പൂക്കളെപ്പാടിപ്പുകഴ്ത്തവേ,
'സമയമില്ലിപ്പോൾ', പറഞ്ഞു ഞാൻ; തീവണ്ടി
'വരു, നാട്ടുചുറ്റിക്കറങ്ങുവാ,നെൻ നെഞ്ചി-
ലമരു'കെന്നൊരു ചൂളമിട്ടു ക്ഷണിക്കവേ,
'സമയമില്ലിപ്പോൾ' ഇളംവെയിൽ തുമ്പയാൽ
മുറിയിൽ കളമിട്ടു 'ഹാ, വരു, നാട്ടിലേ,-
യ്ക്കവിടെയിന്നോണം, തിമിർക്കാം' തരിക്കവേ,
'സമയമില്ലിപ്പോൾ, തിരക്കാണു മക്കൾക്കു-
മവരുടെയച്ഛനും വരിക പിന്നീ,ടന്നു
സമയമുണ്ടാകാം തിമിർക്കുവാൻ, കായ്ക്കുവാൻ.'
ഇനിയൊന്നു വിശ്രമിക്കട്ടെ
സമയമുണ്ടായില്ലെനിക്കു തിമിർക്കുവാൻ
ഇരവുകൾ ദുഃഖസ്വപ്നജടിലമായ് ദീർഘിക്കെ.
ഇടറുന്നു ഞാൻ, ഭാരമേറ്റിക്കയറ്റങ്ങൾ
കയറുന്ന പഴയചക്രങ്ങൾപോൽ; കോപ്പത-
ന്നടിയിലെച്ചണ്ടിയായ് വരളുന്നു; മുറ്റങ്ങൾ
പലനാട്ടിലും ഉത്ത ചൂലുപോൽ പൊടിയുന്നു,
പുഴുകുന്നലക്കുവാൻ വൈകും വിഴുപ്പുപോൽ
ജനലേറെവർഷം തുറക്കാത്തെ മുറിപോലെ-
യിരുളും മനസ്സിനെ മാറാലമൂടുന്നു.

മൃദുലമായില്ലൊന്നുമിനിയെന്നതിൽ, ഞാൻ കരി
കഴകിയാൽ പോകാത്ത വികൃതപാത്രം, തേഞ്ഞൊ-
രുരൽ, രുചിയൊക്കെയുമൊന്നായൊരച്ചിലിൻ
നിറകുപ്പ, തുളവീണ തൊട്ടി, വറ്റും കിണർ.
ഇനിയൊന്നു വിശ്രമിക്കട്ടെ.
മതി, വയ്യ; വലുതായി കുട്ടികൾ, പോകട്ടെ-
യിനിയെന്റെ വിശ്രാന്തി നിറയുന്ന വീട്ടിൽ ഞാൻ
പകൽനീളെ നീലയിൽനീന്തുന്ന പറവയും
ഇരതേടി വിപിനങ്ങളെരിയിച്ച കടുവയും
വെയിൽചാഞ്ഞ നേരത്തു വീടുകൾ തേടുന്നു
ഒരുവേളയിളവുണ്ടു സൂര്യനും ചന്ദ്രനും
മതി: എനിക്കായില്ല പൊരുതാൻ കിടാങ്ങളേ.
ഉണരുവാനാകുമോ നിങ്ങൾക്ക് ക്ലാന്തമീ
ബലിയിൽ? ഹാ, ശ്രാവണപ്പൊൻതുമ്പികൾപോലെ-
യിലകളേ വന്നെന്നെ മൂടുക, വേരിന്നു
ചിറകേറ്റമലിവുറ്റ സ്വർണ്ണമണ്ണേ, വന്നു
പൊതിയുക, പെയ്യെന്റെയുടലിൽ മാമ്പൂക്കളേ!
കുതികൊൾകയാനന്ദ മേഘങ്ങൾപോലെന്റെ
ചുമലൂന്നി, മണികൊട്ടുമാട്ടിൻതരികളേ!
'അരിയപൂങ്കുലപോലെ വാൽപൊക്കിയോടിയീ-
യുടൽ വീണയാക്കുവിനണ്ണാൻ കിടാങ്ങളേ!
ഇഴയുകയെന്മെയ്യിലുരഗരാഗങ്ങളേ!
തളരുമീമാംസം കുളിർപ്പിക്ക മഴകളേ!
ഇനിയൊന്നു വിശ്രമിക്കട്ടെ
പുലരിയിലാദ്യമായ് മിഴികൾ തുറക്കുവാൻ
കവലപ്പെടാതെ കിടന്നുറങ്ങട്ടെ ഞാൻ!
പതിയെ വെള്ളപ്പൂച്ചപോലെത്തുമുച്ചകൾ
കുരുവിവാൽപോൽ കനമില്ലാത്ത സന്ധ്യകൾ
അറിയട്ടെയെൻ ശിഥിലാസ്ഥികൾ, രക്തത്തിൽ
നുരയട്ടെ നിശ്ചിന്തമന്തിവെയ്‌ലിൻ ലയം.
അചരങ്ങൾതൻ ഹിരണ്മയമൂകഭാഷയിൽ
പ്രിയഭൂമി മൂളുന്ന പാട്ടുകേൾക്കട്ടെ ഞാൻ!
വരികയായ് ഞാൻ, വഴിയരികിലെനിക്കായി
വിരിയുക വീണ്ടുമെൻ പൂക്കളേ, ഞാൻ വരാം
ജനലിൽ വന്നെന്നെ വിളിച്ച വെൺചന്ദ്രികേ,
മുതുകിൽ സവാരിക്കു ഞാൻ വരാമുത്സവം

മുളയിടും കാവിലെൻ കാറ്റേ, വരാം കായ-
ലരികിലരൂപിയാം ധൂമമേ, ചുറ്റിടാ-
മുലകാവിവണ്ടീ, കടൽക്കരെക്കണ്ണട-
ച്ചിനിവരും തിരതന്നിരമ്പും കാതോർത്തു
കുളിരാം രജനിതൻ കാറ്റേ, തിരുവോണ-
മധുരത്തിൽ മുങ്ങിടാം വെയിലേ, സമയമു-
ണ്ടിനിയേറെയേറെ, യനന്തതയാണെന്റെ-
യടയുന്ന മിഴികളിൽ, വരികെന്റെയോമനേ!

(1990)

# 64

## ജോൺമണം

(ജോൺ എബ്രഹാമിന്)

സന്ധ്യ. കുട്ടികൾ വന്നു
ചൊല്ലുന്നു: 'മണമച്ഛാ'
'എന്തൊന്നിൻ മണം?' മാറി
മാറിയെൻ മക്കൾ മണം
വർണ്ണിക്കയായ്: 'തീവണ്ടി
സ്റ്റേഷനോടടുക്കും പോൽ'
'അല്ല, യാശുപത്രിതൻ
മുറ്റത്തു നിൽക്കുംപോലെ'
'അല്ല, പൂരത്തിൻ പിറ്റേ-
ദ്ദിവസം തേക്കിൻകാട്ടിൽ
ചെന്നപോ' 'പുലരിയിൽ
പൂത്തൊരു കാട്ടിൽ കാറ്റു-
പൊങ്ങുമ്പോൾ നടക്കുംപോൽ'
'കായലിൽ വൈകുന്നേരം
വഞ്ചിയിൽ പോകുംപോൽ' 'പാൽ
തിളച്ചു തൂവുംപോലെ'
'മഴ പെയ്യുമ്പോൾ പുതു
മണ്ണിൽ നിന്നുണരുന്ന
മണം' 'ഉച്ചയിൽ ടയർ
കരിയും കൊടും മണം'
'മഷിപ്പാടുണങ്ങാത്ത

കവിതയുടെ മണം'
'നിമിഷം മുമ്പേ പെറ്റ
കുഞ്ഞിന്റെ പുതുമണം'
'മാൾദതൻ പുകയില-
ക്കാടുകളുടെ മണം'
'വേദപുസ്തകം തുറ-
ന്നീടുമ്പോൾ പൊന്തു മണം'
'അഞ്ചപ്പമയ്യായിര-
മായ് വിടർന്നിടും മണം'
'സ്വർഗ്ഗത്തേയ്ക്കുയർന്നുപോം
ചോളനാമ്പൊന്നിൻ മണം'
'അവസാനത്തെത്തിരു-
വത്താഴവീഞ്ഞിൻ മണം'
'കുരിശിൽനിന്നും വീണ
രക്തത്തിൻ ബലിമണം'
'മതി', ചൊല്ലിഞ്ഞാ, 'നിത്ര
മണങ്ങളൊന്നിച്ചേറ്റാൻ
പിറന്നോനൊരാൾ മാത്രം
ജോൺ മാത്രം' പടികട-
ന്നവനിങ്ങെത്തീ, ഈസ്റ്റർ
ഇന്ന്, നാല്പതു നാളായ്
മുഴപ്പട്ടിണിയവൻ,
ഒരുക്കു തീന്മേശമേൽ
വീഞ്ഞു, മപ്പവും അവ-
ന്നിഷ്ടമാം ബീഥോവന്റെ
സിംഫണികളും, സോള-
മന്റെ കീർത്തനങ്ങളും.

(1990)

## 65

### ഫ്രാൻസിസ്

ഞാൻ, അസ്സീസ്സിയിലെ ഫ്രാൻസിസ്,
ഇലകൾക്കൊപ്പം വിടരുന്നവൻ
വേരുകൾക്കൊപ്പം പടരുന്നവൻ
പൂക്കളിൽ മണക്കുന്നവൻ,
പഴങ്ങളിൽ മധുരിക്കുന്നവൻ.
ഭൂമിമുഴുവൻ എന്റെ മുറ്റം
മല, എന്റെ മുത്തച്ഛൻ,
എന്നെ മുതുകിലേറ്റി ഓമനിച്ചു
മഴ, എന്റെ മുത്തശ്ശി,
എന്നെ കുളിരുകൊണ്ടു പുതപ്പിച്ചു
എന്റെയമ്മ കാട്
അവളെനിക്കു തണലും കനിയും തന്നു
എന്റെയച്ഛൻ കാറ്റ്
അവനെന്നെ ഉലകം മുഴുവൻ കാട്ടിത്തന്നു
ചന്ദ്രൻ എന്നെ സ്വപ്നംകാണിച്ചുറക്കി
സൂര്യൻ എന്നെ തൊട്ടുവിളിച്ചുണർത്തി
എന്റെ ചുമലിൽ പറന്നിരിക്കുന്നു
പിറാക്കളും മേഘങ്ങളും,
എന്റെ മടിയിൽ തുള്ളിക്കളിക്കുന്നു
ചെന്നായ്ക്കുട്ടികളും തിരമാലകളും.
അലറുന്ന കൊടുങ്കാറ്റിനെ
ഞാൻ സട തലോടി മെരുക്കുന്നു
കടിഞ്ഞാൺ പൊട്ടിച്ച പ്രളയം

എനിക്കു സവാരിക്കായി കുനിഞ്ഞുതരുന്ന
കുരച്ചുയരുന്ന കാട്ടുതീ എന്റെ നെടുവീർപ്പിൽ
വാൽ അകിട്ടിലാക്കി പിൻവാങ്ങുന്നു
സോദരൻ മിന്നൽ എന്നെക്കാൺകെ
വെള്ളികെട്ടിയ പത്തി താഴ്ത്തുന്നു
സോദരിജലം എന്റെ വിളികേൾക്കെ
കുടമണി കിലുക്കി ഓടിയെത്തുന്നു
അധികാരദാഹിയുടെ ഗർവ്വിഷ്ഠമായ നെറ്റിയും
പ്രതികാരമോഹിയുടെ ചുട്ടുതിളയ്ക്കുന്ന രക്തവും
എന്റെ വിരൽ തൊട്ടാൽ തണുക്കുന്നു
ഞാൻ, അസ്സീസ്സിയിലെ ഫ്രാൻസിസ്,
ഞാനാകുന്നു ഊമയുടെ വാക്കും കുരുടന്റെ കാഴ്ചയും
ഞാനാകുന്നു പുഴുവിന്റെ കുളമ്പും മുയലിന്റെ ചിറകും
ഞാൻ സ്നേഹിക്കുന്നു,
അതുകൊണ്ട് ഞാൻ നിലനിൽക്കുന്നു.
എന്റെ തലോടലേറ്റ തോക്കുകൾ
വിശക്കുന്നവർക്കായി അപ്പം വർഷിക്കുന്നു.
അദ്ധ്വാനിയുടെ വിയർപ്പെന്റേത്
അടിമയുടെ കുരിശെന്റേത്
തടവറയിലെ മൃതിയെന്റേത്
അടർക്കളത്തിലെ ബലിയെന്റേത്.
ആയുധങ്ങളുടെ കലവറയൊഴിയുകയും
കടലേഴും ചോരയാൽ നിറയുകയും ചെയ്യുമ്പോൾ
നിങ്ങൾ എന്നിലേയ്ക്കു വരും
നാം പണിയും പുതിയ യരുശലേം
മരിച്ച ഓരോ മനുഷ്യനും മൃഗത്തിനും
ഓരോ കല്ല് കണ്ണീരിൽ പടുത്തുകൊണ്ട്.
കിളിത്തൂവലുകളിൽ നാം പറക്കും,
അന്യഗ്രഹങ്ങളിലേയ്ക്ക്,
കതിർക്കുലകളും ഒലീവിലകളുമായി.

(1990)

# 66

## കയറ്റം

ഇനി വയ്യ കയറുവാൻ മല; കാൽ കഴയ്ക്കുന്നു
മിഴിയിൽ തഴയ്ക്കുന്നു രാത്രി.
വരവായി മൂടൽമഞ്ഞിരുളാണ്ട ഗുഹയിൽ നി
ന്നിരുകൈയിലും നഖംനീട്ടി.
മരവിക്കയായെൻ ശിരസ്സിലെസ്സൂര്യ,നെൻ
ഹൃദയത്തിലെപ്പൂവനങ്ങൾ;
മരവിക്കയയെൻ സുഷുമ്നതൻ താരങ്ങൾ
സിരയിലെസ്സ്വർണമത്സ്യങ്ങൾ.
വഴിയിൽ മരിച്ചുപോയ് നാഡിതൻ കുതിരകൾ.
മരണമോ വായുവിൽ തോഴീ?

* * * *

ഒരു നാളിൽ നാം തുള്ളി പുൽച്ചാടികൾപോലെ
ഹരിതസാനുക്കൾതൻ മാറിൽ
ചിറകേറ്റി നാം മഞ്ഞുതുള്ളികൾ; സ്വർഗീയ
മരതകമായവ മാറി.
ഒരു കുട ചൂടാതെ മഴയിൽ കുളിച്ചുനാം,
തളിർപോലുമണിയാതെ വെയിലിൽ.
പഴമായി നീ,യതിൻ മധുരമായ് ഞാൻ; വെള്ളി
യരുവി നീ, മാരിവിൽമീൻ ഞാൻ;
സ്ഫടികമായ് നീ, ഞാൻ വെളിച്ചമായ്; കാറ്റിൽഞാൻ
കരിയില, മാനിൽ ഞാൻ പുള്ളി.

പരിണാമകഥയാടി നാം; ദിനങ്ങൾക്കെന്തു
മിനുസം, നിലാത്തുവൽ പോലെ!

കരടി വന്നതു പിന്നെ, അതു മുരണ്ടു, നമ്മൾ
മഴയെന്നു കരുതിപ്പുതച്ചു.
കരടി വന്നതു പിന്നെ, അതു മുട്ടിവാതിലിൽ,
'അതു കാറ്റ്', ജനൽ നാമടച്ചു.
അതു വന്നടുക്കളപ്പിറകിൽ നിൽക്കുമ്പോഴും
'അതു രാത്രി', നാം പോയ്ക്കിടന്നു.
കരടിയോ കട്ടിലിന്നടിയിൽ, നാം പാതിരാ-
യ്ക്കറിയാതുണർന്നു തുപ്പുമ്പോൾ
തടയുന്നു കൈകളിൽ രോമങ്ങൾ അവനെപ്പൊ-
ഴവിടെത്തി, യീനമുക്കിടയിൽ?

പുലരിയിൽ കണ്ണാടി നോക്കി ഞാൻ ഞെട്ടുന്നു:
ഉടലാകെ നീളുന്ന രോമം.
അതു മൂടിവെക്കാൻ മുഴുക്കൈയുടുപ്പിട്ടു
മുരളുന്നു ഞാൻ, 'ചായ വേഗം'.
അതുമൊത്തുവാൻ വാ തുറക്കെ നീ കണ്ടുവോ
നിണമണിഞ്ഞെൻ ദംഷ്ട്ര രണ്ടും?
അവ കണ്ടുവെന്നോ സഖീയാദ്യമായ് നിന്നെ-
യിവനുമ്മ വെച്ചൊരാരാവിൽ?
അനുദിനമവ കൂർത്തുനീണ്ടുവെന്നോ നിന്റെ
മൃദുവാമിറച്ചി തൻ രുചിയിൽ?
വഴിയിലൂടുരുളുന്ന വാ മൂടി നീ തന്ന
ചെറുതേൻ നുണഞ്ഞും മുരണ്ടും.
എതിരെ വരുന്നവർക്കൊക്കെയും ദംഷ്ട്രകൾ!
അതു കണ്ടു ഞാനമ്പരക്കെ,
പറയുന്നു ചങ്ങാതി: "ആണുങ്ങളാകുവാ-
നൊരുദംഷ്ട്രയെങ്കിലും വേണ്ടേ?
അതു പൗരുഷത്തിന്റെ കൊടിയല്ലി,രോമവും
നഖവും മുരൾച്ചയും പോലെ?"

ഇവരിൽ നീ തേങ്ങിയോ, ചൊല്ലിയോ നിദ്രയിൽ:
"ഇനിയുമക്കാലം വരില്ലേ?
തളിരുപോലുള്ളൊരാപ്പഴയ ശബ്ദത്തിൽ നീ-

യൊരു വട്ടമെന്നെ വിളിക്കു.
നിണഗന്ധമേശാത്ത ചുണ്ടിൻ നിലാവിനാൽ
പഴയപോലെന്ന വർണിക്കേ,ണ്ടട്ടുക്കളെ-
ക്കരിയിൽ ഞാൻ വേർത്തു വീഴുമ്പോൾ
ഒരു വിരൽ കൊണ്ടൊന്നു താങ്ങു,കീത്തടവറ-
യ്ക്കരികിൽ വന്നെന്നെത്തലോടൂ.
മഴപോലെ നീയൊന്നു കരയൂ, കുടപ്പാല-
മലരിന്റെ കുലപോൽ ചിരിക്കു.
നിറയട്ടെ നമ്മളിൽ പോയ ബാല്യത്തിന്റെ
തിരവോണരുചികൾ, നിറങ്ങൾ"
അതുകേട്ടുണർത്തി ഞാൻ നിന്നെ;പ്പറഞ്ഞു നീ:
"ഒരു മല ഞാൻ കിനാക്കണ്ടു.
വരിക നാം പോവുകാ മലയിൽ; വരില്ലത്ര-
യുയരത്തിൽ നിന്റെ മിത്രങ്ങൾ,
അവിടെയെത്തില്ല ദുഃസ്വപ്നങ്ങൾ, കുരുതിയിൽ
നിലവിളിക്കുന്ന കുഞ്ഞുങ്ങൾ,
അവിടെയെത്തില്ലാ നിനക്കു നീയറിയാതെ
വിഷവീഞ്ഞൊരുക്കുന്ന കൃപകൾ
അവിടസ്തമിക്കാത്ത പൗർണമി, കൊഴിയാത്ത-
യിലകൾ, ഹാ വാടാത്ത പൂക്കൾ:
അവിടത്തെയരുവിയിലൊഴുകുന്ന കനകമാ-
ണവിടെക്കരിമ്പാറ വജ്രം;
നരിയെയിക്കിളിയാക്കുമാടിന്റെ കുട്ടികൾ,
തഴുകുന്ന കീരിയെസ്സർപ്പം
അവിടെപ്പിതൃക്കൾ തൻ ശ്വാസത്തിലുരുകുന്ന
പവിഴശൃംഗത്തിന്നു കീഴിൽ
ഒരു നീലനീലത്തടാകമുണ്ടതിൽ നിന്നു-
മൊരു കല്ലുമുങ്ങിയെടുത്താൽ,
അതു കൈയിലേന്തി നാമെന്താഗ്രഹിച്ചാലു-
മതുസത്യമായ് തീരുമെത്ര.
വരു, നമുക്കാഗ്രഹിക്കാം രോഗ, ദാരിദ്ര്യ-
മരണങ്ങളില്ലാത്ത ഭൂമി."

ഇനി വയ്യ കയറുവാൻ മല, പ്രാണവായുപോയ്
ഉറയുന്നു മജ്ജയിക്കാറ്റിൽ.
വരികയായ് മരണമെൻ തലയൊട്ടിയിൽ, പ്രാണ-

നിലിയുമെൻ ശ്വാസത്തിൽനിന്നും,
അവിടെത്തുകില്ല ഞാനോമനേ, പട്ടട-
പ്പുകയായിയെന്റെയുഛ്വാസം.
ഒരു കിളിപ്പാട്ടിന്റെ തണലിൽ, മുലപ്പാല്യ
കിനിയുന്ന കറുകത്തഴപ്പിൽ,
ഇവിടെ ഞാൻ നിന്മടിത്തട്ടിൽ തലചായ്ച്ചു
വിടപറഞ്ഞീടട്ടെ തോഴീ!
ഇവിടൊരു കൊച്ചരയാലിന്റെ തൈ നട്ടു
കയറുകൊറ്റയ്ക്കിനി ബാക്കി.
അവിടത്തെ നീലപ്പളുങ്കിൻതടാകത്തി-
ലിട്ടുകയെൻ ചാരവും കൂടി.
മിഴിയടച്ചാഗ്രഹിക്കുക, ആണു പെണ്ണിന്നു
നരകമാകാത്തൊരു ഭൂമി;
ഇനിവരും തലമുറയ്ക്കായ് ശുദ്ധവായുവും
ജലവും സ്വതന്ത്രമാത്മാവും.
മുകളിൽ നീ കാണുമപ്പോൾ കിളിക്കൂട്ടമൊ-
ന്നതിൽ ഞാനുമുണ്ടായിരിക്കും
മുകിലിൽ തിളങ്ങിടും നക്ഷത്ര ജാലമൊ
ത്തതിൽ നീയുമൊരുവളായ് തീരും.

(1990)

# 67

## പഴനി

പഴനി നിശ്ശബ്ദമായ ഒരാരവമാണ്
വേൽകയറ്റിയ ഒരു വായ്
കാവിയുടുത്ത ഒരു ഹൃദയം
കാവടിയാടുന്ന ഒരു തെരുവ്
മുണ്ഡനം ചെയ്ത ഒരു സ്വപ്നം
ഭസ്മം പൂശിയ ഒരു നൈരാശ്യം

ഇവിടെ മുരികന്റെ ഈച്ചകൾ
ഭക്തന്റെ പകലിനെ വേട്ടയാടുന്നു,
മുരുകന്റെ മൂട്ടകൾ
ഭക്തരുടെ രാത്രിയെയും

കുതിരച്ചാണകത്തിൽ വീണ
ജമന്തിപ്പൂക്കൾ കത്തുന്ന
കർപ്പൂരത്തിന്റെ രൂക്ഷഗന്ധത്തിലേയ്ക്ക്
കണ്ണീർ കലർന്ന എച്ചിൽ വന്നുവീഴുന്നു.

ശാപ്പാട്ടുകടയിൽ ഇലയെടുക്കുന്ന
കുട്ടിയുടെ നെടുവീർപ്പുകൾ
മലമുകളിൽ നിന്നൊഴുകുന്ന
സൗന്ദരരാജന്റെ മുഴങ്ങുന്ന ഭക്തിയിൽ
മുങ്ങിപ്പോകുന്നു.
അവന്റെ അച്ഛൻ

ക്ഷൗരക്കത്തിയിൽ തപസ്സിരിക്കുന്ന
താഴെ മുടിക്കുമ്പാരങ്ങളിൽ നിന്ന്
ദരിദ്രനായ ഒരെലി ദൈവത്തിന്റെ
കെട്ടുകാഴ്ചകളിലേയ്ക്ക് കൊതിയോടെ
എത്തി നോക്കുന്നു:

അറുമുഖൻ ശ്രീവള്ളിക്കൊപ്പം
തങ്കത്തേരിൽ വന്നിറങ്ങുന്നു.
ഒരു മുഖം പ്രണയത്തിന്:
ഞങ്ങൾ തെരുവിൽ
മുടിയഴിച്ചിട്ടലയുന്നതുകണ്ട ഭ്രാന്തിക്ക്
ഒരു മുഖം യുദ്ധത്തിന്:
ആഗ്രഹങ്ങളുടെ തേര് ചേറിൽതാഴുമ്പോൾ
ഞങ്ങളുടെ മേൽ നിരന്തരം പെയ്യുന്ന
ക്രൂരമ്പുകളുടെ പേമാരിക്ക്
ഒരു മുഖം ഉർവ്വരതയ്ക്ക്:
ഞങ്ങളുടെ കുടിലുകൾ ആണ്ടുതോറും
കണികാണുന്ന ഒരേയൊരു സമൃദ്ധിക്ക്
ഒരു മുഖം ആനന്ദത്തിന്:
ചാരായത്തിന്റെ ലഹരിപുകയുന്ന
കണ്ണുകൾ തുടച്ച് ഞങ്ങൾ കാണുന്ന
ആ അപൂർവ്വാതിഥിക്ക്
ഒരു മുഖം യൗവനത്തിന്:
ബാല്യത്തിൽനിന്ന് നേരേ
വാർദ്ധക്യത്തിലേയ്ക്ക് വേച്ചുവീഴുന്ന ഞങ്ങൾക്ക്
എന്നെന്നും അദൃശ്യമായ
ആ അരുണഋതുവിന്
ഒരു മുഖം സൗന്ദര്യത്തിന്:
കയ്യെത്താത്ത കളിത്തട്ടുകളിൽ
ഞങ്ങളുടെ കരിഞ്ഞ ഉടലുകളെ
പരിഹസിച്ചു നൃത്തംചെയ്യുന്ന
ആ കാമത്തിടമ്പിന്.

ഹേ, മലമുകളിലെ
വൈഡൂര്യങ്ങളുടെയും
ലാസ്യമാടുന്ന മയിൽപീലികളുടെയും പ്രഭോ,

ഞങ്ങളുടെ ദിനങ്ങൾക്കു നിറംപകരാൻ
നിന്റെ മയിലിന്റെ ഒരു പീലിയോ?
ഞങ്ങൾ വിശറികൾക്ക് ആറ്റാനാകാത്ത
ഒരുഷ്ണത്തിലുരുകിത്തീരുന്നവർ.
ഞങ്ങളുടെ ചന്ദ്രൻ ചാണകവറളിപോലെ.
ഞങ്ങളുടെ സൂര്യൻ
പന്നിക്കൂട്ടിലുദിക്കുന്നു
ഞങ്ങളുടെ സ്വപ്നങ്ങൾ
പാമ്പിൻതോലണിഞ്ഞിരിക്കുന്നു.
ഞങ്ങൾ മരിക്കുന്ന ചേരയുടെ
ചെളിവെള്ളത്തിലാണ്ടവർ
നീ സ്വർഗ്ഗത്തിന്റെ
സുവർണ്ണധൂളിയിലാണ്ടവൻ.
ഞങ്ങൾ നിരായുധർ
ജീവിതത്തിൽനിന്നുപോയ് മറഞ്ഞ
മധുരം വേലായുധന്റെ
പഞ്ചാമൃതമായി വിൽക്കുന്നവർ
വാടുന്ന കനാകംബരത്തിന്റെ
പൂക്കൂടകളിൽ നഷ്ടപ്പെട്ട
കവിതയുടെ സുഗന്ധം തേടുന്നവർ
കാവടിച്ചിന്തിന്റെപുറത്തേറി
ചോളപ്രൗഢികളിലേയ്ക്ക്
മിഥ്യാസവാരിചെയ്യുന്നവർ.

പഴനി
പടികൾക്കുമേൽ പടികൾ
ഓരോ പടിയിലും
ഓരോ ചാപിള്ള
അഴലുകളുടെ പഴനി
അശരണരുടെ ആരണ്യം.

(1990)

# 68

## ശരീരം, ഒരു നഗരം

എന്റെ ശരീരം ഒരു നഗരം
എന്റെ കണ്ണുകൾ കാവൽപാളയങ്ങൾ
അവിടെ കാഴ്ചകളുടെ നിതാന്ത ജാഗ്രത
എന്റെ കാതുകൾക്കിടയിൽ തീവണ്ടിത്താവളം
അവിടെ ആൾക്കൂട്ടങ്ങളുടെ നിരന്തരഘർഘരം
ഇരയ്ക്കോ ഇണയ്ക്കോ കാത്തുനിൽക്കുന്നവർ
തളർന്നുറങ്ങിപ്പോകുന്നവർ
എന്നും വണ്ടി തെറ്റുന്നവർ
കൂട്ടം പിരിഞ്ഞലയുന്ന
അനാഥരായ വിചാരങ്ങൾ
മണിയടികൾക്കും കൂക്കലുകൾക്കുമിടയിൽ
നഷ്ടപ്പെട്ട ഓർമ്മകൾ
പച്ചവെളിച്ചം കാണാതെ കാത്തുനിന്നു
കിതയ്ക്കുന്ന തീ നിറഞ്ഞ സ്വപ്നങ്ങൾ

എന്റെ സിരകൾ ചിലങ്കകെട്ടിയ പുഴകൾ
ഞരമ്പുകൾ പ്രകാശവും സംഗീതവുമൊഴുകുന്ന
കമ്പികൾ,
കുടലുകൾ ഗതാഗതം നിറഞ്ഞ തെരുവുകൾ

എന്റെ ഹൃദയത്തിന്റെ നാലറകൾ
ഒന്ന് തടവറ, അവിടെ ശവങ്ങളുടെ ഏകാന്തത
ഒന്ന് പള്ളി, അവിടെ പ്രാർത്ഥനകളുടെ വന്ധ്യത

ഒന്ന് ആശുപത്രി, അവിടെ
രോഗികളുടെ ഞരക്കങ്ങളും മരുന്നുകളുടെ മണങ്ങളും
ഒന്ന് കോടതി, അവിടെ നീണ്ടുപോകുന്ന
വിചാരണകളും നിസ്സംഗമായ വിധിതീർപ്പുകളും

ഞാനെങ്ങിനെ പറയാനാണ്,
എന്റെ മൂക്കിന്റെ ഗന്ധങ്ങൾ പായ്‌നിവർത്തുന്ന
തുറമുഖത്തെക്കുറിച്ച്
ഏതു വേദനയും കടിച്ചുപൊട്ടിക്കുന്ന
എന്റെ പല്ലുകളുടെ അക്ഷീണമായ മില്ലിനെക്കുറിച്ച്
എന്റെ നാവിന്റെ ശബ്ദവും രസവും നിറഞ്ഞ
അങ്ങാടിയെക്കുറിച്ച്
രഹസ്യഭാഷയിൽ ഋതുഭേദങ്ങൾ
രേഖപ്പെടുത്തുന്ന എന്റെ തൊലിയുടെ
നിരീക്ഷണകേന്ദ്രത്തെക്കുറിച്ച്
എന്റെ മുടികളുടെ
സൂര്യനുദിക്കാത്ത ഉദ്യാനത്തെക്കുറിച്ച്
നിശ്ചലനൃത്തങ്ങൾ നിറഞ്ഞ എന്റെ
കാലുകളുടെ സ്തൂപങ്ങളെക്കുറിച്ച്
എന്റെ കൈകളുടെ
ഫയലുകളും ഗുമസ്തന്മാരും നിറഞ്ഞ
കച്ചേരികളെക്കുറിച്ച്,
എന്റെ ഗ്രന്ഥികളുടെ ഉറങ്ങാത്ത
വ്യവസായശാലകളെക്കുറിച്ച്,
എന്റെ സന്ധികളുടെ
ഗതാഗതം നിറഞ്ഞ കവലകളെക്കുറിച്ച്
ഞാനെന്തുപറയാനാണ്?

ഈ നഗരത്തിലുണ്ട്
ജനനത്തിന്റെ പെരുക്കവും
മരണത്തിന്റെ ഞരക്കവും
ഇവിടെയുണ്ട്
വ്യഭിചാരിയുടെ പരുങ്ങലും
മഹാത്മാവിന്റെ പ്രവചനവും.
ഇവിടെത്തന്നെയുണ്ട്
വ്യാപാരിയുടെ വിലപേശലും

സന്യാസിയുടെ വൈരാഗ്യവും
കൂട്ടിലടച്ച കാടുകളും
തുടൽപൊട്ടിക്കുന്ന വസന്തങ്ങളും
തൊട്ടാൽ പെയ്യുന്ന മേഘങ്ങളും
ചിപ്പിയ്ക്കകത്തെ കുയിലുകളും,
പുറപ്പാടിന്റെ മുറിവുകളും
എത്തിച്ചേരലിന്റെ സംഭ്രാന്തികളും
ചുംബനങ്ങളുടെ സത്രങ്ങളും
വികാരങ്ങളുടെ കാഴ്ചബംഗ്ലാവുകളും.

ഓർക്കുക:
ഈ ശരീരം ചിതയിൽവെയ്ക്കുമ്പോൾ
നിങ്ങൽ ഒരു നഗരത്തെയാണ്
ദഹിപ്പിക്കുന്നത്.
ഓർക്കുക:
ഈ ശരീരം കുഴിയിലിറക്കുമ്പോൾ
നിങ്ങൾ ഒരു ജനതയെയാണ്
കുഴിച്ചുമൂടുന്നത്!

(1990)

# 69

## അച്ഛൻ

അച്ഛന്റെ മേശ
അത്ഭുതങ്ങളുടെ കലവറയായിരുന്നു.
അച്ഛന്റെ പഴയ ചമയങ്ങളുടെ ചില്വാനം
പോലീസുകാരന്റെ പിച്ചള ബട്ടണുകൾ
വക്കീൽ ഗുമസ്തന്റെ ആധാരക്കെട്ടുകൾ
പാലക്കാട്ട് എസ്റ്റേറ്റുകാര്യസ്ഥനായിരുന്നപ്പോൾ
കൊണ്ടുവരാറുള്ള 'വിനോളിയാ'സോപ്പിന്റെ
മങ്ങിത്തുടങ്ങിയ മണം
പിന്നെ, ഒരിക്കലും തുറക്കാതിരുന്ന
ഏതൊക്കെയോ സ്വർഗ്ഗങ്ങളുടെ
താക്കോൽക്കൂട്ടങ്ങൾ,
ഒരിക്കലും കൂട്ടിത്തീരാതിരുന്ന കണക്കുകൾ
കൊണ്ടുശ്വാസം മുട്ടുന്ന വരയൻ പുസ്തകങ്ങൾ,
ഏതോ ബർമ്മക്കാരൻ സുഹൃത്തു കൊടുത്ത,
സുഗന്ധം മുഴുവൻ വാർന്നുപോയ സെന്റുകുപ്പി,
ഓട്ടമുക്കാലുകളുടെ നടുത്തുളയിലൂടെ
ഊർന്നുപോയ സ്വപ്നങ്ങളുടെ സ്വർണ്ണത്തരികൾ.
കടത്തിന്റെയും വിശപ്പിന്റെയും പ്രേതങ്ങളെ
അകറ്റിനിർത്താൻ
മന്ത്രത്തകിടുനിറച്ച ഒരേലസ്സ്,
ഒരിക്കലും ദർശനം നൽകാത്ത ഭാഗ്യദേവതയുടെ
പ്രകീർത്തനങ്ങൾ നിറഞ്ഞ ജാതകക്കെട്ടുകൾ
ഓരോ വിഷുവിനും മങ്ങിവരുന്ന

ഞങ്ങളുടെ മുഖങ്ങൾ കണികാണാൻ
മടിച്ചുറങ്ങുന്ന ഒരു വാൽക്കണ്ണാടി
ശപ്തരാമന്മാരെയും ഭ്രഷ്ടസീതമാരെയും
പിൻചെന്നുചെന്നുതേഞ്ഞ ഒരെഴുത്താണി
നാൽപ്പത്തിയേഴിൽസ്തംഭിച്ച ഹൃദയവുമായി
തണുത്തു മരവിച്ച ഒരിംഗ്ലീഷ്ടൈംപീസ്.
ഞാൻ കാണുമ്പോൾ അച്ഛന്
ജോലിയൊന്നുമില്ലായിരുന്നു
എങ്ങിനെയാണ് അച്ഛൻ അമ്മയെയും
മരണത്തിന്റെ കൊക്കിൽനിന്നു തെറിച്ചുവീണ
മൂന്നു മക്കളെയും പോറ്റിയിരുന്നത്?
ഞങ്ങളുടെ അത്താഴം നല്ലനാളുകളുടെ
ഓർമ്മകൾ മാത്രമായിരുന്നില്ല,
കണ്ണീരിന്റെ പുളിപ്പുള്ള
ഗോതമ്പുദോശയുമുണ്ടായിരുന്നു
നാല്പതുസെന്റു ഭൂമി അഞ്ചുപേരെപുലർത്താനായി
വിയർത്തു, ഞങ്ങളും വിയർത്തു,
എന്നിട്ടും പനകൾ വെട്ടിമാറ്റി അച്ഛൻ നട്ട
തെങ്ങുകൾ കനിയാതെ നിന്നു,
വടിയേന്തിയ അദ്ധ്യാപകരെപ്പോലെ,
ഞങ്ങളുടെ തുള്ളിച്ചാടലിനെ ശാസിച്ചുകൊണ്ട്.

പിന്നെ തീർച്ചയായും ദൈവങ്ങളുണ്ടായിരുന്നു
ശിവന്റെ ത്രിശൂലം ഞങ്ങളുടെ
നെഞ്ചിലൂടെ തുളഞ്ഞുകയറി,
അയ്യപ്പന്റെ പുലി ഞങ്ങളെ കടിച്ചുകുടഞ്ഞു,
കാളിയുടെ കഴുത്തിൽ ഞങ്ങളുടെ
തലയോട്ടികളുമുണ്ടായിരുന്നു.
കലണ്ടറിലെ മഹാലക്ഷ്മി എല്ലാം കണ്ടു പുഞ്ചിരിച്ച്
താമരയിൽ ഇരിപ്പു തുടർന്നു.
സരസ്വതിയെ വാലൻപുഴുക്കൾ കരണ്ടുതീർത്തു.

അയ്യപ്പൻ വിളക്കുകളുടെ തണുത്ത രാത്രികളിൽ
അച്ഛൻ ഉറഞ്ഞുതുള്ളിയിരുന്നു.
ആഴിയിലെ കനൽ അച്ഛന്റെ കാൽ
പൊള്ളിക്കില്ലെന്ന് ഞങ്ങൾക്കറിയാമായിരുന്നു.

അതിനെക്കാളെത്രയോ ചൂടേറിയ തീക്കട്ടകളിലൂടെയാണ്
അച്ഛൻ എന്നും നടന്നിരുന്നത്!
തുള്ളുമ്പോഴൊക്കെ എന്തുകൊണ്ടാണച്ഛാ,
അച്ഛൻ മുരുകന്റെ ഭാഗം തിരഞ്ഞെടുത്തത്?
കവിളുകളിലൂടെ വേൽ കുത്തിയിറക്കി
നമ്മുടെ മൂകവംശത്തിന്റെ രോഷമാവിഷ്കരിക്കാനോ?
ഞങ്ങളെ മുറിവേൽപിക്കുന്നതിനുപകരം
അച്ഛൻ സ്വയം മുറിവേല്പിച്ചു.
ഞങ്ങളെ കൊല്ലുന്നതിനുപകരം സ്വയം കൊന്നു,
അമിതാദ്ധ്വാനത്താൽ ക്ഷീണിച്ച ഹൃദയം
തന്റെ ഇഷ്ടദേവതയ്ക്കു കാഴ്ചവെച്ചുകൊണ്ട്,
"ഈ ചെമ്പവിഴം കൂടി, സ്വാമീ,
അങ്ങയുടെ കിരീടത്തിൽ."

ഇന്ന് അച്ഛന്റെ മകൻ വളർന്നിരിക്കുന്നു
അച്ഛന്റെ വേൽ ഇതാ
എന്റെ ഹൃദയത്തിൽ ഞാൻ
കുത്തിക്കേറ്റിയിരിക്കുന്നു,
ആ ചോരയുടെ ഉറവ് തൊണ്ടയിലെത്തുമ്പോഴാണ്
ഞാൻ പാടുന്നത്,
എങ്കിലും മഴവരുമ്പോൾ ഇന്നും
തുടയിൽ താളംപിടിച്ച് അച്ഛൻ പാടാറുള്ള
താരാട്ടിന്നായി മകൻ കാതോർക്കുന്നു:
എവിടെയാണച്ഛാ അതിൽ പറയുന്ന,
നിറയെ കിളികൾ പൂത്തുനിൽക്കുന്ന
ആ നീലവൃക്ഷവും അതിന്റെ പൊത്തിലെ
സ്വർണ്ണമുട്ടയും?
അതിൽനിന്നു വിരിഞ്ഞുയരുന്ന
കണ്ണഞ്ചിപ്പിക്കുന്ന ആ പുതിയ പകലെവിടെ?
എന്റെ കണ്ണുകൾ കഴയ്ക്കുന്നു അച്ഛാ,
ഇരുട്ട് നമ്മുടെ ലോകത്തെ ആക്രമിക്കുകയാണ്
പറയൂ അച്ഛാ,
എവിടെ, കുനിഞ്ഞ ശിരസ്സുകളെ
മുഴുവൻ ഉയർത്തുന്ന ആ മഹാപ്രകാശം?
എവിടെ, കീറപ്പായിൽ തണുത്തുവിറച്ചു
കിടക്കുന്ന ആ പുതിയ ലോകത്തിന്ന്

ചൂടുപകരുന്ന കനൽനിറഞ്ഞ താരാട്ട്?

(1990)

# 70

## വീട്ടിലേക്ക്

കുടക്കല്ലുകൾ നൃ, ണമ്മ-
ദൈവങ്ങളെ വണങ്ങിയും
തിണ നാലും കടന്നേറി
നെയ്തൽ നോക്കിച്ചിണുങ്ങിയും[1]
സഹ്യനിൽനിന്നു നിളയെ-
ച്ചുറ്റിയെത്തുന്ന തെന്നലേ,
വേങ്ങ തൻ ചില്ലയാൽ നീയെ-
ന്നമ്മതൻ വേർപ്പകറ്റുക!
മരുതിൻ പൂമണം കൊണ്ടു
കുളിപ്പിച്ചു കിടത്തുക!
കണ്ണിൽ കാവടി തുള്ളുന്ന
പൊൽപ്പൂവാക വിടർത്തുക!
മുളങ്കാടിൻ കുഴൽപ്പാട്ടാൽ
ചെവിയിൽ തേൻ തുളിക്കുക!

എൺപതാണ്ടുകൾ ഞങ്ങൾക്കായ്
വെയിലിൽ വെന്തതീയുടൽ:
വയൽച്ചേറിൽ, പറമ്പിൽ ചെം-
മണ്ണിൽ, കാലിത്തൊഴുത്തിലും.
കുഞ്ഞുണ്ണിതൻ നീർപിഴിഞ്ഞീ
ശിരസ്സിൻ കനലാറ്റുക!

---

[1] ‘നെയ്തൽ’, കടലോരപ്രദേശം. അഞ്ചു ‘തിണ’ (ഭൂവിഭാഗം) കളിലൊന്ന്.

ഇവൾ കണ്ടിട്ടില്ല യേറെ-
യുത്സവത്തിൻ ത്തുടുപ്പുകൾ
ഇടവപ്പാതിതൻ യാഴും[2]
മുരശ്ശും കേട്ടതെന്നിയേ
ഇവൾ കേട്ടിട്ടില്ലയേറെ-
സ്സൗമ്യസ്നേഹവചസ്സുകൾ
മാമ്പൂക്കൾ വിടരുന്നേരം
നന്ദി ചൊല്ലിയതെന്നിയേ
ഇന്നോളം രണ്ടു നേരത്തും
ഇവളുണ്ടതു കാഞ്ഞിരം-
ഗൗളിത്തെങ്ങിളനീർ, ലക്ഷ്മി
പൈമ്പാൽ, കദളി തേൻപഴം
ചുരത്തീ, പുഞ്ച പൊൻനെല്ലു-
മിക്കൈ തൊട്ടപ്പോഴെങ്കിലും.
ഇനിപ്പയ്യിക്കയമൃതം
മുതി ചുംബിച്ച ചുണ്ടിതിൽ!
ഇവൾ തൊട്ടാവാടിക്കാടിൻ
മുനയേറി നടന്നവൾ;
വിണ്ടകാലിൽ കോതാമൂരി-
പ്പയ്യിൻ ത്തുവെണ്ണ വെയ്ക്കുക![3]

ഇവൾ വസന്തകാലത്തും
കാരമുള്ളിൽ കിടന്നവൾ
മുരിക്കിൻ കനിവിൻ നീരാ-
ലുണക്കുക വ്രണങ്ങളെ!

ഉറക്കുകമ്മയെസ്സ്വച്ഛം
നിന്റെ മഞ്ഞിന്റെ തൊട്ടിലിൽ.
ഒഴിക്ക വേപ്പിലക്കെട്ടാൽ[4]
ദുഃസ്വപ്നത്തിന്റെ ബാധകൾ.
ഒരു താരാട്ടു പാട്ടായി-
ട്ടലിയട്ടേയഴിഞ്ഞിവൾ,
എന്നെക്കുഞ്ഞാക്കി മൂടട്ടേ-

[2] 'യാഴ്', ഒരു പഴയ തന്ത്രിവാദ്യം, 'മുരശ്', പറച്ചെണ്ട.

[3] കോതാമൂരിയാട്ടത്തിലെ ഗോദാവരിപ്പശു, നന്മയും സമൃദ്ധിയും.

[4] വീടിന്റെ തട്ടിൻപുറത്ത് വേപ്പിലകൾ തൂക്കിയാൽ ഭൂതങ്ങളൊഴിയുമെന്ന് സംഘകാല വിശ്വാസം.

യത്താരാട്ടിന്റെയുപ്പുനീർ
ആ വാത്സല്യത്തിരച്ചാർത്തിൽ
നീന്തിപ്പായ്ക്കപ്പൽ പിന്നെയും
മുത്തും പൊന്നും നിറച്ചെന്റെ
'മുചിരി'[5] ക്കെത്തിടും വരെ
ഇലവർങ്ഗസുഗന്ധം പെയ്-
തെൻ നാട്ടുകുളിരും വരെ:
അപ്പോൾ തെക്കേപ്പുളിങ്കൊമ്പ-
ത്തമ്മ പൗർണമിയായ് വരും,
ചാവേർപ്പടകൾതൻ വാളിൽ
ത്തുങ്ങി ഞാൻ വീടണഞ്ഞീടും.[6]

(1990)

---

[5] എന്റെ ജന്മനാടിന്റെ (കൊടുങ്ങല്ലൂർ) പഴയപേര്.

[6] നഷ്ടസംസ്കാരം വീണ്ടെടുക്കാൻ ഒരു പുതിയ സമരം ആവശ്യമാണ്. 'വീട്' ഇവിടെ സ്വത്വം തന്നെ. (ഈ കവിത അമ്മയുടെ രോഗശയ്യയിൽ വെച്ച് ഉണ്ടായതാണ്.)

# 71

## ചെമ്പരത്തി

ദീർഘകേസരങ്ങളേ!
സൗവർണ്ണ പരാഗമേ!
രക്തമാർത്തെത്തും ദള-
ഗർവെഴും സൗന്ദര്യമേ!
നാൾതോറും വലുതാവും
മാന്ത്രികപ്പവിഴത്തിൻ
ചേലാർന്നമൊട്ടിൻ മൂക-
നിദ്രതൻ പ്രഭാതമേ!
കുരുന്നു കൈകൾ കിള്ളി-
പ്പൊളിക്കെപ്പച്ചപ്പട്ടി-
ന്നടിയിൽ വിരിയുന്ന
ദന്തത്തിൻ പ്രതാപമേ!
താളിയായ് മുടിച്ചാർത്തിൽ
സൗരഭം പെയ്യിക്കുവാൻ
പേലവമരതകം
വിടർത്തുമിലകളേ!
ഇളയച്ചുണ്ടിൽ വീർത്തു
നെറ്റിയിൽ പൊട്ടും ചോപ്പ-
നിതളിൽ നിറയുന്ന
വാത്സല്യപ്രകർഷമേ!
ഇരവിൽ ദുഃസ്വപ്നത്താൽ
ഞാൻ വിയർത്തുണരുമ്പോൾ
ജനലിൽ പൂരത്തിന്റെ

കുടകൾ വിടർത്തോളേ!
കൊമ്പിലെന്നെയും കേറ്റി-
ക്കുണുങ്ങിത്തലയാട്ടി-
ക്കുഞ്ചിരോമവും പൊക്കി-
സ്സവാരി പോവുന്നോളേ!
കാളിതൻ കഴുത്തിലും
വാളുനെറ്റിയിൽ വെട്ടും
രാമന്റെ നിണത്തിലും
മാലയായ് ഞെട്ടിച്ചോളേ-
യാത്രപോകുമ്പോളെന്നെ
ത്തിരിഞ്ഞുനോക്കുന്നോളേ!
വീട്ടിലെത്തുമ്പോൾ വീടെ-
ന്നറപ്പു നല്കുന്നോളേ!
പൂക്കളുണ്ടിന്നേറെയെൻ
തോട്ടത്തിൽ: പടിഞ്ഞാറ്
പൂക്കാലമെത്തുന്നത്
കാക്കു'മോർക്കിഡു'കളും
റോക്കൻറോൾ ചെയ്യും 'മോണിങ്-
ഗ്ലോറി'യും ബാലേനൃത്ത-
മോർത്തൊറ്റക്കാലിൽ നിൽക്കും
'ഡാലിയാ'കളും: പക്ഷേ
നിന്നോളം പ്രിയങ്കരി-
യില്ലെനിക്കാരും നാളെ
വർണശൂന്യമാം ലോകം
പൂൽകും ഞാനപ്പോഴും നീ
വന്നുപൂവിടുകെന്റെ
സ്പന്ദനം നിലച്ചോരു
നെഞ്ചിനുമീതെ, സ്വപ്ന
സന്നിഭമെൻ ഹൃദ്രക്തം
നിന്നൊഴുകട്ടെ നിന്റെ
വന്യമാം സിരകളിൽ
യൗവനക്കൊടിപോലെ-
ന്നുണ്ണികൾക്കുശിരേകാൻ.

(1990)

# 72

## മുങ്ങിക്കുളി

‘ഒന്നു മുങ്ങിക്കുളിച്ചിട്ടെത്ര നാളായി!’
ചൊല്ലുന്നു ചൂടിലുരുകിത്തിളച്ചു നീ.

വറ്റും കുളങ്ങളിൽ വെള്ളക്കൊടികളായ്
കൊറ്റികൾ വെയ്‌ലിന്നു കീഴടങ്ങുന്നതും
മീനമേഘങ്ങളസഹ്യദാഹങ്ങളാൽ
വാനിൽ ചുരമാന്തി മുക്രയിടുന്നതും
കണ്ടു നിൽക്കാൻ കഴിയാതെ തല താഴ്ത്തി-
യുമ്മറത്തെത്തിച്ചടഞ്ഞിരിക്കുന്നു ഞാൻ.
പൊള്ളും മണലിൽ തകർന്നു വീഴും മഴ-
വില്ലിൻപൊടികൾ വിരലിൽ തുടച്ചെട്ടു-
ത്തെന്നോട്ടു വീണ്ടും പിറുപിറുക്കുന്നു നീ:
‘ഒന്നു മുങ്ങിക്കുളിച്ചിട്ടെത്ര നാളായി!’

ഒരു നാൾ നിറഞ്ഞു കിടന്നിരുന്നു കുളം
നാട്ടിൻപുറത്ത്.
അതിൻവക്കിലാടിനിന്നു
കറുക, ചെറൂള, മുയൽച്ചെവി,
തകര, പുല്ലാഞ്ഞി, കീഴാർനെല്ലി,
തുമ്പ, നിലപ്പന, അപ്പ, സീതാമുടി,
ഞെട്ടാഞ്ഞൊടിയന്മീടാമിണക്കിയും
കാറ്റു കലുക്കിത്തെളിനീലവെള്ളത്തി-
ലാകെ നക്ഷത്രം നിറയ്ക്കുമാറുള്ളൊരു

പാലമരവും.

ചേച്ചിയെത്തെല്ല പരിഭ്രമിപ്പിച്ച
ഞാനാണ്ടുപോയ് സന്ധ്യസുഗന്ധങ്ങളിലൂടെ:
കുളിർജലത്തിന്റെ വിരലുകൾ അമ്മയെപ്പോലെ.
അടിയിലെന്നെക്കാത്തുകാത്തു കിടന്നു
ആലിബാബയുടെ രത്നങ്ങൾ നിറയും ഗുഹ,
സിൻദ്ബാദിന്റെ മുങ്ങിയ കപ്പലും.[1]
ഒട്ടകത്തിൻപുറത്തേറിയണയുന്ന
പകലുകൾക്കീന്തപ്പഴത്തിന്റെ മാധുരി.
പരവതാനിപ്പുറത്തേറിപ്പറന്നു പോം
രാവുകൾക്കത്തറിൻ രൂക്ഷമാം സൗരഭം.
പൊങ്ങി വന്നു പിന്നെ ഞാൻ കൈയി-
ലല്ലാവുദീന്റെ വിളക്കുമായ്.
കല്പന കാത്തു കുനിഞ്ഞു നിൽക്കും
ജിന്നിനോടു പറഞ്ഞു ഞാൻ:
"വാക്കുകൾ, സ്വപ്നലോകങ്ങൾ പടുക്കുവാൻ."
മുണ്ടിൻ മുഷിഞ്ഞ കോന്തലകൊണ്ടു
വളയിടാക്കൈകളാൽ
ചേച്ചി മിഴി തുടച്ചപ്പോൾ.

പിന്നെയതു പതിവായി:
മുങ്ങിക്കുളിക്കുക, താഴേക്കു താഴേക്കു
മൂക്കു പൊത്തിപ്പറന്നാഴുക:
എത്തി ഞാൻ പലകുറിയെൻ ജിന്നിനോടൊത്തു
ബാബിലോണിൽ, ഡമാസ്കസ്സിൽ, ബാഗ്ദാദിലും
വൈഡൂര്യപർവതസാനുക്കളിൽ, നിത്യ-
താരുണ്യമേകും രസം ചേർന്ന പൂക്കളിൽ.
പൊങ്ങി ഞാൻ പിന്നെയും
വായിൽ പുതുമാസചന്ദ്രൻ വിരിയുന്ന
പൊന്മയൂരത്തിന്റെ പീലികൾ കുത്തിയോ
ഏഴു കടലിന്നുമപ്പുറം സുലൈമാന്റെ
സ്വർഗ്ഗീയമാം മോതിരം ചാർത്തിയോ
പൊങ്ങിപ്പറക്കും കമറിന്റെ തുവെള്ള

[1] അറബിക്കഥകൾ ഓർക്കുക. പിന്നീട് വരുന്ന വൈഡൂര്യപർവതവും പൊന്മയൂരവും സുലൈമാന്റെ മോതിരവും കമറിന്റെ കുതിരയും കടൽക്കിഴവനും ആനറാഞ്ചിയും മറ്റും അവിടെനിന്നുതന്നെ.

മന്ത്രക്കുതിരയതിൻ മുതുകേറിയോ.
ഒക്കയും കണ്ടു കണ്ടത്ഭുതമാർന്നൊരു
ഹൂറിയായ് മാറിയെൻ ചേച്ചി.
അമ്മ കഥാസരിത്സാഗരമായ് വന്നാലതല്ലി,
അമ്മൂമ്മയായ് പഞ്ചതന്ത്രം.
അച്ഛന്റെ ജാതകാഖ്യാനങ്ങളിൽ ബോധി-
സത്വന്റെ ജന്മങ്ങൾ പൂണ്ടു പഠിച്ചു ഞാൻ
സ്ഥാവര ജംഗമ ഭാഷകൾ,[2]
നിർവാണയാത്രയിലെന്റെ വടക്കുകിഴക്കുകൾ.
പിന്നെ വറ്റീ കുളം
മാറി ഞാൻ വീടു പലകുറി
ഒടുവിലിത്തരിശിലായ് സ്ഥിരതാമസം.
പോയ് ജലം, അമ്മ,
രാവേറെക്കഥകൾ പറഞ്ഞു മരണത്തെ
വെന്നൊരക്കന്യക, കസ്തൂരി, നൃത്തം, കറുപ്പ്,
പോയ് ചേച്ചിയുമച്ഛനും
പോയ് സാലഭഞ്ജികമാരും.
വല്ലപ്പൊഴുമൊരു പൊന്മ പറന്നെത്തി-
യാഴമോർമ്മിപ്പിച്ചു കൊത്തി നോവിക്കുന്നു,
വല്ലപ്പൊഴുമൊരു മുക്കുറ്റി വീർപ്പുമുട്ടിക്കുന്നു,
വല്ലപ്പൊഴും തുമ്പി ഭ്രാന്തനായ് മാറ്റുന്നു.
ആനറാഞ്ചിപ്പക്ഷി മാത്രമുണ്ടി, ങ്ങതിൻ
ഘോരനിർഘോഷത്തിലാകെ വിറയ്ക്കുന്നു
ഭൂതലം; പൊങ്ങും പൊടിയിൽ മറയുന്നു
പൂവുകളാദ്യം വിരിയിച്ച സംഗര-
ഭൂമികൾ, ആസക്തിതൻ പെരുക്കങ്ങളിൽ
വീണലിയുന്നു വേദങ്ങൾ, ജനങ്ങൾ തൻ
ചോരതൻ ചൂടാലതു വിരിയിക്കുന്നു
പോർമദത്തിന്റെ വന്മുട്ടകൾ, ഹാ, പൊടി
മൂടുന്നു ത്യാഗങ്ങൾ തീർത്ത വഴികളെ.
തോളിലിരിക്കും കടൽക്കിഴവന്റെ കാ-
ലേറെക്കഴുത്തിലിറുകി നാം വീഴുന്നു
വീരർ മറഞ്ഞോരു മൂകമാം രാത്രിയിൽ
കത്തുന്നു നമ്മുടെ ബാല്യകാലത്തിന്റെ
സ്വപ്നനഗരിയാം ബാഗ്ദാ,ദതിൻ പുക-

---

2 ജാതകകഥകൾ.

യെത്തുന്ന നമ്മുടെ വീട്ടിലും; കത്തുന്ന
തൊട്ടിലും കട്ടിലും പാട്ടും കഥകളും.

'ഒന്നു മുങ്ങിക്കുളിച്ചിട്ടെത്ര നാളായി!'
ചൊല്ലുന്നു തീയ്യിന്നുദരത്തിൽനിന്നു നീ,
കണ്ടു നില്ക്കുന്നു കറുത്ത തിമിംഗല-
മൊന്നിന്റെ വായിലെൻ കൂടെപ്പിറപ്പുകൾ
ചെന്നടിയുന്നത് കൈകാലനക്കുവാൻ
വയ്യാതെ ഞാൻ, കടൽ മാറുന്നു ചോരയായ്.
എങ്കിലുമോമനേ, വറ്റാതുറവയൊ-
ന്നുണ്ടെന്റെയുള്ളി,ലതിന്റെ തീരത്തുണ്ടു
സൗവർണപുഷ്പങ്ങൾ പെയ്യുമൊരു മരം
തിയ്യിലും പച്ചയായ്; പോരുകീ ഛായയിൽ.
പിന്നെക്കഥകളും സ്വപ്നങ്ങളും ശാന്തി
മന്ത്ര, മെല്ലാർക്കും സുഖപ്രാർഥനകളും
മുറ്റും ഹൃദയത്തെയൂഞ്ഞാലുവള്ളിയാൽ
ചുറ്റിക്കടഞ്ഞാലുമീ വെയിൽപ്പാലാഴി.
ബാക്കിയുണ്ടാമമൃതീ മൃതിക്കുള്ളിലു-
മിത്തിരിയെങ്കിലും നാളെയെയൂട്ടുവാൻ.

(1991)

# 73

## മഷിക്കുപ്പിയും കൂണും

ഇടിവെട്ടിയ ഒരു ദിവസമാണ്
മഷിക്കുപ്പി കൂണിനെ കണ്ടുമുട്ടിയത്.
വിറച്ചു നില്ക്കുന്ന കൂണിനോട്
മഷിക്കുപ്പി ചോദിച്ചു:" നീയെങ്ങനെ
ഇത്ര വെളുത്തതായി?"

കൂണ് പറഞ്ഞു:
"ഞാൻ സ്വർഗത്തിലെ ഒരു മാലാഖയായിരുന്നു.
ദൈവത്തെ ചോദ്യം ചെയ്തതുകൊണ്ട്
ശാപമേറ്റു കരിഞ്ഞ് കറുത്ത ഒരു
കൊച്ചു വിത്തായി ഞാനീ ഭൂമിയിൽ നിപതിച്ചു.
മഴവില്ലു കണ്ടപ്പോൾ സ്വർഗത്തിന്റെ ഓർമ്മയിൽ
ഞാൻ മുളച്ചു, എന്റെ ചിറകുകൾ ഈ
വെളുത്ത കുടയായി വിടർന്നു. ആട്ടെ,
നീയെങ്ങനെ ഇങ്ങനെ കറുത്തുവെന്നു
പറഞ്ഞില്ലല്ലോ?"

മഷിക്കുപ്പി പറഞ്ഞു:
"ഭൂമിയിലെ അമ്മമാരുടെ തലമുറകളുടെ
കണ്ണീരാണ് ഞാൻ.
വേദനയുടെ നൃത്തത്തിൽ വാടിയ
അവരുടെ ഹൃദയത്തിൽനിന്നു
വരുന്നതുകൊണ്ടാണ് എനിക്കീ കറുപ്പ്.

കടലാസ്സിൽ അക്ഷരരൂപങ്ങളിൽ
വാർന്നു വീഴുകയാണെന്റെ പണി.
മനുഷ്യരുടെ ബീജഗണിതംമുതൽ
മഹാകാവ്യംവരെ എല്ലാറ്റിലും
എന്റെ ഇരുണ്ട സമസ്യകൾ
മരണത്തിന്റെ നിഴൽ വീഴ്ത്തുന്നു.
ഞാൻ കറുത്തിരിക്കുന്നതും
നീ വെളുത്തിരിക്കുന്നതും
ഒരേ കാരണംകൊണ്ടുതന്നെ.”

പറഞ്ഞു നിർത്തിയ ഉടൻ
മഷിക്കുപ്പി ക്ഷണിന്മേലേക്ക് ചെരിഞ്ഞു.
അതോടെ
എങ്ങും രാത്രിയായി.

(1991)

# 74

## ഹിറോഷിമയുടെ ഓർമ്മ

(ഹിറോഷിമാദിനം, 1991: പെരിങ്ങോമിലെ ജനങ്ങൾക്ക്)

ഞങ്ങൾ പുല്ലുകൾ,
കൊടുങ്കാറ്റിനും ഒടിക്കാനാകാത്തവർ,
ഭൂകമ്പങ്ങളെയും വിപ്ളവങ്ങളെയും
മുയലുകളെയും അതിജീവിച്ചവർ
മഹാപാതകങ്ങളുടെ മൂകസാക്ഷികൾ,
ഞങ്ങൾ പറയുന്നു:
ഇനിയും ഇതാവർത്തിച്ചുകൂടാ.

1

ഞങ്ങളോർക്കുന്ന ഹിറോഷിമാ:
കോടി സൂര്യന്മാരുടെ പ്രകാശവുമായി
മരണം പൂത്തിറങ്ങി.
പിന്നെ കരി, ചാമ്പൽ,
തലയോട്ടുകളുടെ ഉദ്യാനം.
മുലപ്പാലും രക്തവും ഇറ്റുവീണ
കരിഞ്ഞ കിമോണോകൾ
പൊള്ളുന്ന ഹൃദയവുമായി
വീടിന്റെ കുളിരു തേടി ഇഴഞ്ഞെത്തി
പടിയിൽ പിടഞ്ഞുവീണ കുട്ടികളുടെ
കുഞ്ഞിച്ചെരിപ്പുകൾ, ഭയംകൊണ്ട്

സ്കൂൾസഞ്ചികളിൽനിന്ന് എടുത്തുചാടി
തറയിൽ വീണുരുകിപ്പോയ പാവക്കുട്ടികൾ,
നിലച്ച യന്ത്രങ്ങളിലൊട്ടിപ്പിടിച്ചുപോയ,
അപ്പവും വസ്ത്രവും നെയ്ത വിരലുകൾ.
മരിച്ച പാട്ടുകളുടെ തൊപ്പികൾ
മരിച്ച നൃത്തങ്ങളുടെ ഞൊറിപ്പാവാടകൾ
ഉരുകിപ്പോയ പ്രണയങ്ങൾ,
കത്തുന്ന ഓഗസ്റ്റിന്റെ ധവളതാപത്തിൽ
ഉരുകിപ്പോയ ചെറിപ്പൂക്കൾ
ഉരുകിയ കണ്ണുകൾ
ഉരുകിയ ഘടികാരങ്ങളിൽ
ഉരുകി നിലച്ച കാലം,
ഉരുകിപ്പോയ സ്ളേറ്റുകളിൽ
ഉരുകിയൊലിച്ച ഭാഷ.

2

ഞങ്ങൾ പുല്ലുകൾ,
ഭൂമിയെ ശൂന്യാകാശത്തിലെ
കറങ്ങുന്ന മരതകമാക്കുന്നവർ
കളിക്കുന്ന കുഞ്ഞുങ്ങൾക്കും അടരുന്ന
പൂവുകൾക്കും കാൽനോവാതെ കാക്കുന്നവർ
മരിക്കുന്നവന്റെ തലയോട്ടിയിൽ
മധുരങ്ങൾ പച്ച കുത്തുന്നവർ,
ഞങ്ങൾ പറയുന്നു:
ഇനിയും ഇതാവർത്തിച്ചുകൂടാ.

ഞങ്ങളോർക്കുന്നു ചെർണോബിൽ:
കത്തിയേറുകാരനെപ്പോലെ
രക്തവും പുരണ്ടല്ലോ മരണം വന്നത്
കാളപ്പോരുകാരനെപ്പോലെ
ഇറുകിയ കാലുറയും ചുവന്ന തുവാലയുമായല്ല.
ഭൂമിക്ക് ജന്മം നല്കിയ
ആദ്യത്തെ പൊട്ടിത്തെറിപോലെ
ഉത്സവങ്ങൾ നിറഞ്ഞ ഏപ്രിലിലെ
വേനൽപ്പാതിരയിൽ
രാപ്പാടികളുടെ തൊണ്ടകളെയും

ജിപ്സികളുടെ കാലുകളെയും
നിശ്ചലമാക്കിക്കൊണ്ട് വീണ്ടും
ഹിറോഷിമയുടെ തിക്തസൂര്യൻ വന്നിറങ്ങി
വസന്തത്തിൽനിന്നു വേനലിലേക്ക്
ഇഴഞ്ഞുപടരുന്ന ചൂടിന്റെ അദൃശ്യസർപ്പങ്ങൾ,
ആട്ടിൻപറ്റങ്ങളുടെ കുടമണികളിലേക്കും
കാക്കകളുടെ 'ക്രാക്രാ'യിലേക്കും
പൂച്ചകളുടെ 'മ്യാവൂ'വിലേക്കും
ഇഴഞ്ഞിഴഞ്ഞു കയറുന്ന വിഷദീപ്തി,
വീർപ്പിക്കുന്ന ബലൂണിലേക്ക്
ശ്വാസത്തോടൊപ്പം പാഞ്ഞു
കയറിപ്പോകുന്ന പ്രാണൻ
പൊള്ളിദാഹിക്കുന്ന ഉണ്ണികളെയേറ്റി
എങ്ങോട്ടും നയിക്കാത്ത വഴികളിലൂടെ
ഓടുന്ന അമ്മമാർ,
വ്യർത്ഥപ്രാർത്ഥനകൾപോലെ
വെള്ളിക്കിടക്കകളിൽ പിറന്നുവീഴുന്ന ചാപിള്ളകൾ,
മരണമൊഴുകുന്ന പാൽക്കുപ്പികൾ,
ചോരകുടിക്കുന്ന തക്കാളിത്തോട്ടങ്ങൾ,
സുവർണ ഖഡ്ഗങ്ങളോങ്ങിനിൽക്കുന്ന
ഗോതമ്പുവയലുകൾ.
മരിച്ച കിളികൾ പൊഴിയുന്ന മുരടിച്ച മരങ്ങൾ
കയ്പുനിറഞ്ഞ തേൻ, കറുത്ത പൂമ്പൊടി,
കറുത്ത മഞ്ഞ്,
കൊല്ലുന്ന മഴ, കൊല്ലുന്ന വായു,
കൊല്ലുന്ന, കൊല്ലുന്ന, നിലാവ്.

3

ഞങ്ങൾ പുല്ലുകൾ,
അണുവർഷത്തിന്റെ പുള്ളികൾ വീണ
സ്വപ്നത്തിന്റെ പച്ചക്കൊടികൾ,
അടർക്കളങ്ങളുടെ മരുഭൂമികളിലും
ജീവന്റെ ആർദ്രത വഹിക്കുന്നവർ
രാത്രിയുടെ കുളമ്പടികളിൽ
ഞെരിഞ്ഞമരാനല്ല ഞങ്ങൾ വളർന്നത്
കേൾക്കു ഞങ്ങളുടെ ഹരിതസന്ദേശം:

ഉണ്ണികളെയൂട്ടാൻ
താരാട്ടുകളും വെള്ളരിവള്ളികളും
ഈ മണ്ണിൽ നട്ടുപടർത്തിയ അമ്മമാരേ,
ശാന്തിയുടെ പുത്തനുദയത്തിനു
നാവേറുപാടുന്ന പുള്ളുവക്കുടത്തെ
സാക്ഷിയാക്കി ഉണരൂ,
ആണവഗ്രഹണത്തിൽനിന്നു കാക്കൂ,
കുറുന്തോട്ടിയുടെ വേരുകളുള്ള
നിങ്ങളുടെ വാത്സല്യത്തിന്റെ
അമൃതചന്ദ്രനെ.
മുണ്ടകൻ വയലുകളിലും
പേരക്കിടാങ്ങളുടെ കിനാക്കളിലും
ഭാവിയുടെ സ്വർണ്ണം വിളയിക്കുന്ന
ധീരരായ കർഷകരേ,
തെയ്യക്കോലങ്ങളിൽ വന്നുദിക്കുന്ന
കാരണവന്മാരുടെ കണ്ണീരിനെ
സാക്ഷിയാക്കി ഉയരൂ,
വിഷമരണത്തിൽനിന്നും കാക്കൂ,
കമുകിൻപൂക്കുലയുടെ മണമുള്ള
നിങ്ങളുടെ കർമ്മത്തിന്റെ
അക്ഷയസൂര്യനെ.
പറയന്റെ ചെണ്ടയിലും പാവങ്ങളുടെ
ഹൃദയത്തിലും ഒരിക്കൽ കൂടി
സമൃദ്ധജീവന്റെ ത്രിപുട മുഴങ്ങുംവരെ,
ഇടയന്റെ പുല്ലാങ്കുഴലും ഇടവത്തിന്റെ
കാർമുകിലും പെയ്യുന്ന അമൃതവർഷിണിയിൽ
ഈ ഭൂമി ഒരിക്കൽ കൂടി തളിരിടുംവരെ.

(1991)

# 75
## പറയുന്ന കബീർ

ഒഴുകുന്ന കബീർ ഒരു തീർത്ഥംപോൽ.
അണയുന്ന കബീർ രാമാസ്തമയം
അരുണിമ ചാർത്തിയ സരയൂതീര,-
ത്തൊരു പ്രാർഥനപോൽ
നിറയുന്ന കബീർ.

കഴുകന്മദിച്ച നഖം നീട്ടുന്നൊരു
പുലരിയിൽ മാനവരക്തം പൂശിയ
പക തൻ പാവുകളായൊരു വഴികളിൽ
വഴികളിൽ മൃദുലപ്രേമം നെയ്യും
ഹൃദയമെറിഞ്ഞു നടക്കുന്ന കബീർ.[1]
പറയുന്ന കബീർ:
“മണ്ണിൻ മതമെൻ മത, മെൻ കുലമോ
വിണ്ണിന്റേതും; മഴയെൻ ജാതി.
വർണ്ണം-? ബ്രാഹ്മണനെന്നോ ചന്ദന-
മര, മിപ്പരൽ മീൻ ക്ഷത്രിയനോ നദി-
യെന്നോ വൈശ്യൻ? ശൂദ്രന്മാരോ
പൂവുകൾ, കിളികളവർണന്മാരോ?”

പാടുന്ന കബീർ:
“കണ്ടവരുണ്ടോ രാമനെ? അവനെ-

[1] ജനകീയ ആധ്യാത്മികതയുടെ വക്താവായിരുന്ന ഭക്തകവി കബീർ ഒരു മുസ്ലീം നെയ്ത്തുകാരനായിരുന്നുവെന്ന് ഐതിഹ്യം.

ക്കണ്ടിട്ടില്ലാ ഞാൻ—നീലക്കടലൊഴികെ,
നിറവാനൊഴികെ, ഗിരിനിരയൊഴികെ
കതിരോനൊഴികെ, കൊടുങ്കാറ്റൊഴികെ.”

തേടുന്ന കബീർ:
“കണ്ടവരുണ്ടോ സീതയെ? അവളെ-
ക്കണ്ടിട്ടില്ലാ ഞാൻ—പുതുമയൊഴികെ.
കുളിർമഞ്ഞൊഴികെ, പൗർണമിയൊഴികെ,
വനമലരോഴികെ, ഇളമാനൊഴികെ,
പ്പൂങ്കാറ്റൊഴികെ, താരാട്ടൊഴികെ,
വെൺമയിലൊഴികെ, ത്തുമ്പികളൊഴികെ.”

കാവിയണിഞ്ഞൊരു ചെന്നായ്ക്കൂട്ടം
ശൂലത്തിൻ കോർമ്പല്ലുകൾ തൻ ചെറു-
വീണയിലാഴ്ത്തി, യതിൻ ഗാനത്തിൻ
ചോര കുടിക്കെധ് ധീരം വിരൽതൻ
മാറിൽ ച്ചുണ്ടിപ്പറയുന്ന കബീർ:
“രാമൻ പിറവിയെടുത്തൊരുസ്ഥാനമി-
താ,ണിതെടുക്കുക, പണിയുകയിവിടെ-
ക്കോവിലതെൻ മാംസത്തിൽ, ചോരയിൽ.
വേദാതീതം ഭേദാതീതം
സ്ഥാനാതീതം പൊരുളുപിറന്ന-
തയോധ്യയിലോ, വനരഥ്യയിലോ? മതി;
നിർത്തുകയിനിയീ മിഥ്യാവാദം.
പത്തടി മണ്ണിൻ തീറാധാര-
മതിർത്തിയൊഴാത്തവനെന്തി,ന്നെന്തിനു
ദിക്കില്ലാത്ത മനസ്സിനു ദേശം?

അന്ധസഹോദര, നിൻ പൂണൂലിൻ
തുമ്പിലിരിപ്പുണ്ടെന്നോ ദൈവം?
എണ്ണാമോ ജപമാലയിലവനെ?
വെണ്ണക്കല്ലിൽ തടവിലിടാമോ?

ഇന്നലെ നീ തീവെച്ച കുടിലുകൾ;
വെന്തുകരിഞ്ഞതു ചണ്ഡാലന്മാ-
രല്ലെൻ ദൈവം! കെട്ടിത്തൂക്കീ-

യിന്നലെ ജാതി മറന്നന്യോന്യം
പുൽകിയൊരിണകളെ, അന്നാക്കയറിൽ
നൊന്തുപിടഞ്ഞതുമെന്നുടെ ദൈവം!
അടിയേൽക്കുന്നൊരു ദളിതൻ ദൈവം!
തൊഴിൽ വിൽക്കുന്ന ദരിദ്രൻ ദൈവം!
ഉടൽ വിറ്റരിവാങ്ങുന്നവൾ ദൈവം!
കൊടിയൊരനീതിക്കെതിരായുയരും
തുടിയും കുഴലും കൊടിയും ദൈവം!
തുടൽ പൊട്ടിച്ചു വെളിച്ചമൊലിച്ച
വടുക്കളുമായി വരുന്നതു ദൈവം!
മഴുവിൻ കീഴെക്കരയും മരവും
അഴിയിൽ പിടയും മൃഗവും ദൈവം!
വെട്ടിത്തള്ളിയ കാട്ടിൽനിന്നോ
കെട്ടിപ്പൊക്കുമണിക്കെട്ടിന്റെ
വയറ്റിൽ താണ തടത്തിൽനിന്നോ
പോരിൽ ചെയ്യും ചോരയിൽനിന്നു,
വരൾച്ചയിൽനി,ന്നുരുൾ പൊട്ടലിൽനിന്നോ,
വേരും കൂരയുമറ്റു വരുന്നൂ
മാരാപ്പേറ്റിയനാഥം ദൈവം!

പോവുകയിവിടെ,ക്കുടുവയിറങ്ങും
ചേരികളിൽ ചിരിമാഞ്ഞൊരു കുട്ടിക-
ളാരുടെയോ ദീപാവലിവിരിയാ-
നായ് വെടിയുപ്പാക്കുഞ്ഞിക്കൈകളിൽ
വാരി നിറയ്ക്കും ശാലകളിൽ, കരി
കോരി വിയർത്തവർ ശവമായിരുളിൽ
വീണടിയും ഖനികളിലും, പതിയുടെ
വീടാം ചിതയിൽ പെണ്ണു ദഹിക്കും
ഗ്രാമങ്ങളിൽ, നഗരങ്ങൾ നല്കിയ
രോഗത്താൽ മലയത്തി കുറിഞ്ഞി-
പ്പൂവിൽ പൊള്ളി മരിക്കും മലകളിൽ!
അവരുടെ ഹൃദയം മിഥിലാസിതമതി-
ലിനി വരിയേണ്ടു കിനാവിൻ സീത.
അവരുടെ ബോധമയോധ്യ,യതിന്നക-
മിനിയുയരേണ്ടു വിമോചനരാമൻ!"

(1991)

# 76

## തോടി

(കുമാർ ഗന്ധർവിന്റെ സ്മരണയ്ക്ക്)

കണ്ണടയ്ക്കുക:
കുന്നിൽ ചുമലിൽ നൃത്തംചെയ്യും
കൽവിളക്കുകൾ.
കുഴൽ വിളിച്ചു ഡോലക്കേറ്റി
ച്ചെഞ്ചരൽ വഴിയൂടെ-
ക്കയറിപ്പോവും ഗ്രാമം.
മുകളിൽ തുണിപ്പന്തൽ, കൊടികൾ.
നിറങ്ങൾതൻ വടക്കൻ പൂരം.
പെരുമഴ തന്നിരമ്പങ്ങൾ.
കറങ്ങും കുതിരമേൽ
ചിരിക്കും ബാല്യങ്ങൾ തന്നരികിൽ
മുഖം മറച്ചമ്മമാർ
തലയിൽക്കെട്ടണിഞ്ഞു
കാതിൽ വെള്ളിവളയങ്ങളും തൂക്കി
ലഹരി പുകച്ചീടുമച്ഛന്മാർ.
പുഴുങ്ങിയ കടലകൊറിക്കുന്ന യുവാക്കൾ.
ഗോത്രസ്വപ്നമുരുട്ടിയെടുത്തൊരു
മൺകുതിരകൾ.
മീൻകണ്ണെഴുതിയഴകുറ്റ രാജപുത്രികൾ.
അങ്കക്കലിയിൽ ചേകോർ.
മരക്കൊട്ടാരം. ബലൂൺ തോട്ടം.

മഴയ്ക്കു മുപ്പത്തേഴു നിറങ്ങൾ ചുവടൊത്തു
കളിക്കും 'ഭീൽ' പെൺകൊടി-
മാരുടെ വളകളിൽ.
വരിക മഴകളെ, പച്ചകുത്തുക
കാലിന്നടിയിൽ, കൈത്തണ്ടയിൽ,
കവിളിൽ, ഹൃദയത്തിൽ.

താഴ്വര:
നീലപ്പൂവിൻ മേളം
മിന്നൽപോൽ നീരിൽ നാളം.
അക്കുളിരുന്ന തീയിന്റെയോരത്തൂടെ
ത്തുമഞ്ഞിന്നൊഴുക്കുപോൽ
തിരക്കുമാട്ടിൻപറ്റം.
പാടിയും കുണുങ്ങിയു-
മവയെത്തെളിച്ചാട്ടി-
ക്കാലിലെച്ചിലമ്പുകൾ കിലുക്കി
മഴവില്ലിന്നാടയിലൊരു 'ഗുജ്ജാർ' പെൺകൊടി.
മേഘങ്ങളിൽ കാളിദാസനെപ്പോലെ
തിളങ്ങും കൊടുമുടി.

താഴെ വിസ്തൃതി:
പച്ച, പച്ചയാമപാരത.
ദേവതാരുവിൻ തിരയ്ക്കപ്പുറ-
മോറഞ്ചിൻ ദേവതമാർ.
പിന്നെയും ചോളത്തിൻ ലാസ്യം, സ്വർണ്ണം.
കാറ്റ്, കാറ്റിനു മീതേ പുഴ.
പുഴയിൽ തോണിക്കാരൻ
മൂളുന്നു: 'പിയാ മോരാ.'

ഗോപവായിക:
പുല്ലാങ്കുഴൽ. കോലടിക്കുന്ന ഗോപിമാർ.
തീൻ താൾ, ദ്രുതം.
വേഗംവേഗമാം കയ്യും കാലും.
കുലുങ്ങുമുടൽകളിൽ ചന്ദനം നനയ്ക്കുന്ന
വിയർപ്പിൻ ചാറ്റൽ മഴ.
കറങ്ങും വയ്ക്കോൽക്കുര.

കറങ്ങും പശുക്കൂട്ടം.
കറങ്ങും കടമ്പിന്റെ
നീലിച്ച കഥക് നൃത്തം.
കറങ്ങും സായന്തന-
സൂര്യന്റെ സമ്മോഹനം.
കഠിനം തൃഷ്ണാവ്യഗ്ര-
മുടലിൽ ഭൂതാവിഷ്ട-
ധമനീ തന്തുക്കളി-
ലല്ല ചന്ദ്രന്മാർ പെയ്യുമുദയോന്മാദം.
കോശമോരോന്നും തരാനയിൽ
ചെറുതാരകപോലെ
വിറയ്ക്കും മൂർച്ഛാസ്ഫോടം.

കൺ തുറക്കുക:
മാഘസായാഹ്നം.
ഭോപ്പാൽ.
വാക്കു പൂക്കുന്ന സരോവരം.
നരകമേഴിൽനിന്നും
പൊങ്ങീടും നിലവിളി
മുഴങ്ങിപ്പൊള്ളും കവികുലത്തിൻ
ചെവികളിലമൃതം.
കുമാർഗന്ധർവറിവീലൊന്നും.
തോടി സ്വയമേ പാടുന്നേരം
വെറുതെ താളം പിടി-
ച്ചമരും നാടോടിപോലവനും,
ശ്രുതിമീട്ടി പ്രിയയും.
മൗനം.
നീലനീലയാമാഴങ്ങളിൽ
വിടരുന്നു ഞാൻ.
നാദശരീരൻ.
സ്വച്ഛൻ.
ശിവൻ.

(1991)

# 77

## കുരുമുളക്

കുരുമുളകിനെ സൂക്ഷിക്കുക!
ഇവൾ വെറും പച്ചമുളകല്ല!
കരയിലും കടലിലും ഇവൾ പടയിറക്കും
ജനപദങ്ങൾ കൊള്ളയടിക്കും
കൊട്ടാരങ്ങൾക്കു തീകൊളുത്തും
ആൺപ്രജകളെ അനാഥരാക്കും
പെൺപ്രജകളെ വിധവകളാക്കും
അരചനെയും അടിമയാക്കും.

ഹെലെൻ-സാരമില്ല
ക്ലിയോപാട്രാ-സാരമില്ല
ഇവൾ ഉറുമികൾ കണ്ണിലേറ്റിയ
കടും പച്ചയുണ്ണിയാർച്ച
കുറിഞ്ചിനിലത്തിൽ നാമ്പിട്ട്
കടൽമുഴങ്ങുന്ന മുചിരിയുടെ കലവറകളിൽ
നൂറുമേനി വിളഞ്ഞവൾ
തിരികളിൽ തരിയായ് വിളഞ്ഞ്
പാട്ടുകളുടെ മദമുണ്ടു വീർത്തുദിച്ചവൾ
വള്ളിയൂഞ്ഞാലിലാടി ഇലഞൊറികൾ നീക്കി
എന്നെ നുണയൂ എന്നു കണ്ണിറുക്കുന്നവൾ
കണ്ണകിയുടെ ചിലമ്പിൽനിന്നു തെറിച്ചുചിതറിയ
പകയിൽ പഴുത്ത ചെമ്പവിഴം
മുറങ്ങളിലും പായകളിലും

സൂര്യനോടൊത്ത് ഉറങ്ങിയെണീറ്റവൾ
കറുത്ത തൊലിക്കകത്ത്
ഒരുഷ്ണമേഖല മുഴുവനൊതുക്കിയവൾ
ചുളിഞ്ഞുണങ്ങുമ്പോഴും എരിവുകൊണ്ട്
വെയിലിന്റെ നാവുപൊള്ളിക്കുന്നവൾ.
കുരുമുളകിനെ സൂക്ഷിക്കുക!
ഇവൾ ഉണ്ണുനീലിയുടെ
ചൂടൊഴിയാത്ത തെക്കിനിയിൽനിന്ന്
ഏലത്തിന്റെ അകമ്പടിയോടെ
ഏഴു കടലും കടന്നെത്തി
വെള്ളക്കാരെ കോരിത്തരിപ്പിച്ചവൾ
ഫീനിഷ്യരുടെ കപ്പൽപ്പായകൾക്ക്
ലഹരി നരയുന്ന വേഗം,
പ്ലിനിക്കു വഴികാട്ടിയ കരിനക്ഷത്രം
മാർക്കോപോളോയുടെ കണ്ണുകളിലെ
പച്ച മിന്നൽക്കൊടി,
അറബിക്കഥകളിലെ വനനർത്തകി,
പന്തലായിനിയിൽനിന്നു ബാഗ്ദാദിലേക്ക്
മന്ത്രവിരിപ്പേറി പറന്നുപോയവൾ
കൊല്ലത്തുനിന്നു റോമൻ സിംഹാസനത്തിലേക്കുള്ള
ദൂരം മുതലപ്പുറത്തുകയറി അളന്നുതീർത്തവൾ,
കോഴിക്കോടിന്റെ കന്യാവടിവുകളെ
ചീനപ്പട്ടിന്റെ മൃദുലതയണിയിച്ചവൾ,
യവനന്റെ പൊന്നിനോടും
ചീനന്റെ വെള്ളിയോടും
ഇറങ്ങി തറയിലിരിക്കാൻ കൽപ്പിച്ച മണിമകുടം
മുനിയറകൾക്കു മുകളിലെ
നങ്ങച്ചിയുടെ ചിലങ്ക
തെമ്മലയെ പച്ചകുത്തിയ കുറത്തിത്തലൈവി
തുറമുഖനിലവറകളിലെ കുറിച്യപ്പട്ടറാണി
വൈശികതന്ത്രത്തിൽ വൻമിടുക്കി
വിളികേട്ട വീരരെയെല്ലാം
മടിശ്ശീലയഴിപ്പിക്കുന്നവൾ
ഉടുതുണി പണയം വെപ്പിക്കുന്നവൾ
പറങ്കിയുടെ മരതകം, പരന്ത്രീസിന്റെ പുഷ്യരാഗം,
ലന്തക്കാരന് ഇന്ദ്രനീലം,

അറബിയുടെ അമദമണി,
ബിലാത്തിക്ക് ഏഴു പളുങ്കും മുറിക്കുന്ന
കറുത്ത വജ്രം
പതികൾ അയ്വരെയും,
ഒന്നിച്ചു തുള്ളിക്കുന്ന കൃഷ്ണ
പൂന്താനത്തെയും വിഭക്തനാക്കുന്ന
കടത്തനാടൻ ലളിത
കാപ്പിരിക്കാമോദരി
തീൻമേശകളുടെ കനകധൂളി
പളുങ്കളുക്കുകളുടെ ചെറുദ്വാരകകളിൽനിന്ന്
കുഴൽപ്പാട്ടുപോലെ പെയ്തിറങ്ങി
കൊമ്പും കുളമ്പുമുള്ള ചാട്ടങ്ങളെ
ഊൺതളികയുടെ ഹരമാക്കി ഉയിർപ്പിക്കുന്നവൾ
'ബ്ളൂ' സംഗീതത്തിന്റെ മുട്ട,
കനിവറ്റ എരിവുറ്റ ജാസ്സ്.

കുരുമുളകിനെ സൂക്ഷിക്കുക!
നമ്മുടെ സ്വതന്ത്ര്യം കവർന്നവൾ
നമുക്കു സ്വതന്ത്ര്യം തിരിച്ചുതന്നവൾ
ഭൂമി മുഴുവൻ എരിച്ചുപിടിച്ചടക്കിയവൾ
മടങ്ങിയെത്തി പിന്നെയും
മുറ്റത്തെ മാവിൽ പടരുന്നവൾ
കടം വീട്ടാനുള്ള പവനുവേണ്ടി
ഇന്നും ഉറക്കമൊഴിക്കുന്നവൾ
ആസക്തനായ ഒരു പുതുകാമുകന്,
പുതുയജമാനന്,
പിന്നെയും വിരുന്നൊരുക്കുന്നവൾ,
കാത്തിരിക്കുന്നവൾ
കറുത്തവൾ.

(1992)

# 78

## കവിബുദ്ധൻ

വിജനം പർവതം; വെള്ളി-
യരുവി; ശുഭ്രമംബരം
സ്വച്ഛഹേമന്തസായാഹ്നം
സ്വർണമാക്കിയ മന്ദിരം
അലിവിൻ ഹിമക്കൂടംപോൽ
ഗുരു, ശാന്തൻ, നിരാമയൻ:
പുലരിക്കിരണം പോലെ-
യരികിൽ കൊച്ചു സേവകൻ;
"ജ്ഞാനത്തിൻ ഖനി നീ, വജ്രം
വേണമൊന്നീ ദരിദ്രനും
ധ്യാനത്തിന്റെ രഹസ്യം നീ
ദാനമേകുക ഹേ, ബുധ!"

"ബാലൻ നീ," ഗുരുവോതുന്നു
"ധ്യാനം ദുസ്തരസാഗരം."

"പോകാം മണലാരണ്യത്തിൽ,
കേറാം ദുർഗമപർവതം;
തേടാം ഞാൻ പുലിമേയുന്ന
കാനനത്തിന്നിരുട്ടിലും
ഉപേക്ഷിക്കാം വസ്ത്ര,മന്നം,
ഭവനം, നിദ്ര, സ്വപ്നവും,
ത്യജിക്കാം ഞാൻ ഭയം, കോപം,

സുഖം, മമത, ദുഃഖവും
പകലാക്കാം രാത്രികൾ ഞാൻ
മനനത്തിൽ നിലാവിനാൽ;
മഴവീണൊരു വെൺപത്മ-
ദളമായ് മാറ്റിടാം മനം
ഇളപ്പത്തിനതിൻ മെച്ചം…"
ഇടറാതോതി ബാലകൻ

ഗുരു കൈകാട്ടി: " നീ കേട്ട-
തിരുകൈയിന്റെ ശബ്ദമാം
ഒരുകൈയിന്റെ ശബ്ദം നീ-
യിനി വത്സാ, തിരക്കുക!"

ശിരസ്സിൽ കനലുംകൊണ്ടു
നടകൊള്ളുന്ന ശിഷ്യനെ
മലതന്നുച്ചിയിൽനിന്നു
തലോടീ രണ്ടു കണ്ണുകൾ:
നീലമേഘഛായവീഴ-
മാഴമേറും സരസ്സുകൾ

എത്തീ താഴ്വരയിൽ ശിഷ്യൻ,
കേട്ടു പൊള്ളുന്ന കാതിനാൽ-
ഒറ്റക്കമ്പിയിലേകാകി
മീട്ടുന്നൂ ശ്രുതി, മോഹകം:
ദാഹിക്കും യാത്രികൻ വേനൽ-
ക്കിണറ്റിന്നുള്ളിൽ ബാക്കിയാം
കുളിനീരിൽ പാളവീഴും
സ്വരം കേൾക്കുമ്പൊഴെന്നപോൽ.
അത്തരംബുരു കടംവാങ്ങി-
യെത്തിയ ബുദ്ധ കോരകം
കേൾപ്പിച്ചൂ ഗുരുവെ, ത്തന്നെ-
ത്തണുപ്പിച്ച സരിത്സ്വരം

"ഇതല്ലി, തല്ലൊറ്റക്കൈയിൻ
സ്വനം, പോവുക, തേടുക!"

– ഗുരുവിന്നരുൾ കാറ്റായീ,
ഇറങ്ങീ ജ്വാല പൊന്മല.
മഞ്ഞുപെയ്യുന്ന ശീൽക്കാരം
മന്ത്രംപോലെ വിളിക്കവേ,
മഴ വന്നിട്ടകക്കാമ്പിൽ
മണിപോലെ മുഴങ്ങവേ,
അരളിക്കൊമ്പിളങ്കാറ്റിൻ
തേങ്ങലിൽ നൊന്തുണങ്ങവേ,
വാലിൽ ശിശിരവും തൂക്കി
മീവൽക്കൂട്ടം പറക്കവേ,
ഇതാണിതാണ താൻ തേടും
സ്വരമെന്നോർത്തു പോയവൻ
“കവിയായ് നീ കഴത്തോളം
ബുദ്ധനാവാൻ നടക്കണം
ഇനി മുക്കാൽക്കാതെ”മെന്നായ്
ഗുരു; എളിമയായവൻ.

പോയി വീണ്ടുമവൻ, കേട്ടൂ
പോരിൽ വാളിൻ ഝണൽഝണം,
കഴുകന്മാർ ശവം കണ്ടു
മദിക്കും മേഘഗർജനം,
വിലപിക്കുന്ന വൈധവ്യം,
വിജേതാവിന്റെ വൈഖരി
തുറുങ്കും തോട്ടിയും തീർക്കും
രാജശാസന വൈഭവം,
വിലങ്ങൊക്കെ തകർത്തേറും
പരതന്ത്രന്റെയാരവം.

“കവിയായ് നീ പാതി, കാത-
മര, ബുദ്ധനിലേക്കിനി.”

അവൻ കേട്ടു കാട്ടുതീയിൽ
കിളിക്കുഞ്ഞിന്റെ പ്രാർത്ഥന;
കടലിൽ വല വീഴുമ്പോൾ
ചെറുമീനിന്റെയർഥന,
കുഴലും കുരയും കേൾക്കും

മുയലിന്നുൾത്തുടിപ്പുകൾ,
ഇറുക്കാൻ നഖമെത്തുമ്പോൾ
മലർനെഞ്ചിൽ മിടിപ്പുകൾ
കേട്ടു, കാൽക്കീഴിൽ നീറും നെ-
യ്യുറുമ്പിൻ നെടുവീർപ്പുകൾ
കണ്ണടയ്ക്കും പുഴുക്കുഞ്ഞു
മണ്ണിനേകുന്ന ചുംബനം
മഴവീഴുന്ന തേന്മാവി-
ന്നിലാനാരിൻ പ്രകമ്പനം
തുണകാണാതലയും പൂ-
മ്പൊടി നൽകും നിവേദനം
ഇണയെപ്പിരിയും നേരെ-
ത്തണവിൻ പരിദേവനം
വിത്തിന്നു മുളപൊട്ടുന്ന,
വേരനീളുന്ന, നിസ്വനം
വെയിൽ ചായും സ്വരം, രാവിൻ,
നിലാവിൻ കാലടിസ്വരം.

"കവിയായ് നീ മുക്കാലും, കാൽ-
ക്കാതം ബുദ്ധനിലേക്കിനി."

കേട്ടു താരങ്ങൾ തൻ മൂളി-
പ്പാട്ട് ഭ്രുവിന്റെ ഘർഘരം,
ശൂന്യമാകെ മുഴക്കുന്ന
പ്രണവത്തിന്റെ മർമ്മരം
തമസ്സിനുള്ളിൽ ജ്യോതിസ്സ-
മസത്തിൽനിന്നു സത്തയും
മൃത്തിൽനിന്നമൃതും ചേർന്നി-
ട്ടുചരം ചരമാം സ്വരം
മൗനം മൗനത്തിൽ വീഴുന്ന
നാദം, നീരാവമാം രവം.

"ഗുരോ പഠിച്ചു ഞാൻ ധ്യാനം
പോയ് ഞാൻ കാതിന്നു മപ്പുറം;
എത്ര സീമിതമീമാംസം
പഞ്ചേന്ദ്രിയ നിയന്ത്രിതം!"

പുണർന്നു ഗുരു തൻ ശിഷ്യ-
വരമെക്കരുണാകരം:
"ബദ്ധനല്ലിന്നു നീ ബുദ്ധൻ,
സിദ്ധം ജീവനതത്ത്വവും
വത്സ,പോക,പ്രയത്നിക്ക
ദുഃഖിതർക്കു ശിവം വരാൻ
പുഴുവിന്നും പൊടിക്കും പുൽ-
ക്കോടിക്കും മുക്തി നൽകുവാൻ.
ഇതല്ലോ ഭിക്ഷുവിൻ ധർമ്മ-
മിതത്രേ കവിധർമ്മവും;
ഒരേ ധ്യാന,മൊരേ യാനം
ഒരേ ബോധി, യൊരേ ഗതി."

(1992)

# 79
## കവിതയിൽ

എന്റെ കവിതയിൽ ഞാൻ
കത്തിദ്ദഹിച്ചുകൊണ്ടിരിക്കുന്നു,
എന്റെ ചിതയിലെന്നപോലെ.
എന്റെ കവിതയിൽ ഞാൻ
വാക്കുകൾ അടുക്കിയടുക്കിവെയ്ക്കുന്നു,
പച്ചവിറകുകൾപോലെ.
വാഴയിലയിൽനിന്നു ഞാൻ
അതിൽ കയറിക്കിടക്കുമ്പോൾ
വാക്കുകൾക്കു തീപ്പിടിക്കുന്നു
എന്റെ അസ്ഥികൾ പൊട്ടിത്തെറിക്കുന്ന ശബ്ദം
അതിൽനിന്നു നിങ്ങൾക്കു കേൾക്കാം,
എന്റെ ഹൃദയം പൊള്ളിയമരുന്ന ശീത്കാരം
എന്റെ കരിയുന്ന കുരൽ പാടുന്ന
ശബ്ദരഹിതമായ് ഗാനം.
നിങ്ങൾ ചുറ്റും കണ്ടുനിൽക്കുന്നു,
കനലുകൾ വീണുകൊണ്ടിരിക്കുന്ന
കണ്ണുകൾകൊണ്ട് ഞാൻ കാണുന്ന ജീവിതം,
തിളച്ചുപൊട്ടിത്തുവുന്ന ചോരക്കുഴലുകളിൽനിന്ന്
ഉരുകിയൊലിക്കുന്ന എന്റെ സ്വപ്നം
വേവുന്ന തലച്ചോറിൽനിന്ന്
ചിതറിത്തെറിക്കുന്ന ഓർമ്മകൾ.
നിങ്ങൾ എണ്ണ പകരുന്നു,
പിന്നെയും വിറകിടുന്നു,

കുടലുകൾ കുത്തിനോക്കുന്നു
എന്റെ ചെവികളിൽ താരാട്ടുപൊള്ളുന്നു
എന്റെ വിരലുകൾ അടർന്നടർന്നു വീഴുന്നു
കാലുകളിൽ നടന്ന ദൂരങ്ങൾ
എരിഞ്ഞുതീരുന്നു.
ഞാൻ ചാരമാകുന്നു
ചാരത്തിൽ ഒരു പൂച്ചയും കുഞ്ഞുങ്ങളും
ചൂടു കണ്ടെത്തുന്നു
ചാരത്തിൽ ഒരു കാട്ടുതകര പൂവണിയുന്നു
ചാരത്തിൽ കറുത്ത കിടാങ്ങൾ തുള്ളിച്ചാടുന്നു
അത് ഗംഗയിലൊഴുക്കിക്കളയരുത്.

(1992)

# 80

## മീര പാടുന്നു

തിരിച്ചെടുക്കുക രാജൻ,
വിലകെട്ട പൊന്നും രാവി-
ന്നിരുളും ചേർത്തങ്ങെനിക്കായ്
പണിത നീഡം.

തിരിച്ചുതന്നാലുമങ്ങു
മുറിച്ചൊരെൻ ചിറകുകൾ
പറക്കട്ടെയിവൾ സ്വച്ഛം
ഉദയവാനിൽ.

എടുക്കുകയൂരി, എന്റെ
മോതിരവിരലിലങ്ങു
കുടുക്കിയൊരഹന്തതൻ
കഠിനവജ്രം.

തിരിച്ചുതന്നാലുമങ്ങു
കനകഖഡ്ഗത്താൽ വെട്ടി
മുറിച്ചൊരെൻ തംബുരുവിൻ
പതിതഗീതം.

എനിക്കു പൊള്ളുന്നുവങ്ങെൻ
മെലിഞ്ഞ കൈകളിലിട്ട
തിളയ്ക്കുന്ന വൈഡൂര്യത്തിൻ

വളകളേൽക്കെ.

കുരുങ്ങുന്നു കൊലക്കയർ
കണക്കു നീയണിയിച്ച
പവിഴമാലകളെന്റെ-
യിളംകഴുത്തിൽ.

കുടുങ്ങിനിൻ പുഷ്യരാഗം
പതിച്ച പൊൻതഴകളിൽ
മറന്നുപോയെൻ പദങ്ങൾ
പഠിച്ച നൃത്തം.

തരികെന്റെ ചിലങ്കകൾ
മുഖപടം മാറ്റി ഞാനാ-
ത്തെരുവിലക്കിറങ്ങട്ടേ
വെയിലിനൊപ്പം.

കഴലുകൾ കഴപ്പോള-
മിളികിയാടട്ടെ, നീല-
മയിലുപോൽ മഴവില്ലിൻ
ലഹരി മോന്തി.

അഴിക്കട്ടേ കസവിനാൽ
കനംതൂങ്ങു മുടുപ്പുകൾ
അവയ്ക്കുള്ളിൽ ശ്വാസംമുട്ടി-
പ്പിടയുന്ന ഞാൻ.

എനിക്കിന്നുമുതൽ ഗ്രാമ-
വയൽപ്പച്ച മണക്കുമി-
പ്പരുത്തിതൻ കുളിരേകും
ഉടുപ്പു പോരും.

അഴിച്ചുവെച്ചോട്ടെ ഞാനീ
മകുടവു,മെൻ മുടിക്കെ-
ട്ടഴിഞ്ഞിട്ടീക്കൊടുങ്കാറ്റിൻ
കൊടിയാവട്ടെ.

മഴയിൽ ഞാൻ കുളിക്കട്ടെ,
തരിക്കട്ടെ വസന്തമെൻ
ഇലയിൽ, ചില്ലയിലെന്റെ
-യുടലിൽ, വേരിൽ.

തരിക തിരിച്ചെൻ സ്വപ്നം
നിറഞ്ഞ കൗമാരം, കളി-
ചിരികൾതൻ കളകളം
നരഞ്ഞ ബാല്യം.

ഇരിക്കട്ടേ കഥ പെയ്യും
നിലാവിൽ ഞാൻ മുത്തശ്ശിതൻ
മടിക്കൂട്ടിൽ കുഞ്ഞുടപ്പി
-ട്ടൊരിക്കൽക്കൂടി.

തുറക്കുകീ ജാലകങ്ങൾ
മരുക്കാറ്റിൻ ചിറകേറി-
പ്പരക്കട്ടെ ചെമ്പകത്തിൻ
സുഗന്ധമെങ്ങും.

വിളിക്കയാണെന്നെയിന്നു
മലകടലാക്കും നീല-
ക്കുറിഞ്ഞികൾ, നീലനീല-
ക്കിളികൾ പൂക്കൾ,

വിളിക്കുന്നു ഘനശ്യാമ-
വിപിനം, ഹാ, നീലവാനം,
വിളിക്കുന്നു സമുദ്രത്തി-
ന്നനന്തനീലം.

അറിഞ്ഞുപോയ് രാജൻ, നിന-
ക്കറിയാത്തൊരാനന്ദത്തിൻ
പരമമാം രഹസ്യം ഞാ-
നൊരു കിനാവിൽ.

ഒരു മയിൽപ്പീലിയുടെ
നിറമല്ലോ സ്വാതന്ത്ര്യത്തി-
ന്നൊരു വേണുഗാനത്തിന്റെ-
തതിന്റെ നാദം.

പൊടിയിലും വിയർപ്പിലും
മുങ്ങിയതു സ്വതന്ത്ര്യത്തി-
ന്നുടൽ, സാധു ഇടയന്റേ-
തതിന്റെ ഗന്ധം.

ഇടിവെട്ടി മഴകോരി-
ച്ചൊരിയുന്ന പാതിരാവിൽ
മരണത്തിൻ നിഴൽക്കീഴി-
ലതിന്റെ ജന്മം.

അതു കരയുമ്പോൾ ഞെട്ടി-
ത്തിരിക്കുന്നു സിംഹാസനം:
അതിനെ ഞെരിക്കാൻ ദൂത-
രുണർന്നിരിപ്പൂ.

ഒരു കൊച്ചു മാറാപ്പിൽനി-
ന്നതിൻ കുഞ്ഞിവിരൽ കാൺകെ
പ്രളയവുമതിന്നായി
വഴിമാറുന്നു.

ഭയമിന്നു വലിച്ചെറി-
ഞ്ഞിരിപ്പു ഞാനെന്റെ വെള്ളി
മെതിയടിക്കൊപ്പം, വ്രീളാ-
നാട്യത്തൊടൊപ്പം.

മധുര കേസരത്തിൻ പൊൻ-
തടവറവിട്ടു ഞാൻ പെൺ-
ചിറകിൽ വെൺ പരാഗമായ്
പറന്നിടട്ടേ.

ഇതുവരെ ഞാൻ പൊഴിച്ച

മിഴിനീരിൻ യമുനയിൽ
കമലദളങ്ങളായ് ഞാൻ
വിരിയുവോളം.

ഇതുവരെ ഞാൻ കുടിച്ച
വിഷമതിലമൃതാകാ-
നൊരു നീലക്കഴൾ കാത്തു
പുളയുവോളം.

നിറുകയിൽ നിന്നും മായ്ച്ചു
കളഞ്ഞൊരെൻ സിന്ദൂരത്തിൻ
തുടുപ്പൊരു പുലരിയായ്
പരക്കുവോളം

മിഴികളിൽ നിന്നു മായ്ച്ച
മഷിയിൽ നിന്നൊരു ശ്യാമ
വിമുക്തി വിഗ്രഹ മുയി-
രെടുക്കുവോളം.

(1992)

# 81

## നഗരത്തിലെ പ്രണയം

നഗരത്തിലെ പ്രണയം
ചുട്ടുപഴുത്ത ഇരുമ്പിലൊഴിച്ച
ഒരു കുളിർനീർത്തുള്ളിയാണ്
ഹൃദയത്തിൽ അത് നീറ്റുന്ന
ഒരു പുക മാത്രം ബാക്കിയിടുന്നു.
നഗരത്തിലെ പ്രണയം
തിരക്കിലോടുന്ന ഒരു വണ്ടിയിൽനിന്ന്
മറ്റൊന്നിലേക്കെറിഞ്ഞുകൊടുക്കപ്പെടുന്ന
ഒരു പനിനീർപ്പൂവാണ്
രണ്ടു വേഗങ്ങൾക്കിടയിൽപെട്ട്
അതു ചതഞ്ഞരയുന്നു
തെരുവിൽ ഒരു ചോരപ്പാടുമാത്രം
അവശേഷിക്കുന്നു.
നഗരത്തിലെ പ്രണയം
ഒരു മുറി തേടി അലയുന്ന
ഒരു ജോടി ചെരിപ്പാണ്
കൂർത്ത കല്ലുകളേറ്റ്
അവ തേഞ്ഞുപോകുന്നു
നടുവിലൊരു തുള മാത്രം ബാക്കിയാകുന്നു
അതിലൂടെ അഗ്നിപരീക്ഷ കഴിഞ്ഞ
പ്രണയിനി വനസ്മരണകളുരിഞ്ഞിട്ട്
അന്തർദ്ധാനം ചെയ്യുന്നു
നഗരത്തിലെ പ്രണയം

നഗരത്തിലെ ആകാശംപോലെയാണ്
അതുണ്ടെന്നു നമുക്കറിയാം
പക്ഷേ നോക്കുന്നിടത്തെല്ലാം
നാം ചുവരുകൾ മാത്രം കാണുന്നു
നഗരത്തിലെ പ്രണയം
തടവുകാരൻ പ്രത്യാശാപൂർവ്വം
കഴിക്കുന്ന അവസാനത്തെ
വിഷഗുളികയാണ്
അതിന്റെ രുചി കയ്പോ മധുരമോ
എന്ന് അയാൾക്കൊരിക്കലും
അറിയാനാവില്ല.

('ദില്ലി-ദാലി', 1992)

# 82

## റിപ്പ്‌വാൻ വിങ്ക്ൾ

ഇരുപതു വർഷം കഴിഞ്ഞ് ഞാനുണർന്നപ്പോൾ
ഒന്നും മാറിയിരുന്നില്ല
അതുകൊണ്ട് ഞാനിതാ
ഉറക്കത്തിലേക്ക് തിരിച്ചുപോകുന്നു
മാറുമ്പോൾ എന്നോട് പറയുക.
ലോകമെങ്ങനെയായിരുന്നെന്ന്
ഞാൻ പറഞ്ഞുതരാം
അവിടേക്ക് തിരിച്ചുപോകാൻ
നിങ്ങൾ കൊതിക്കും മട്ടിൽ

(1993)

# 83

## ഗാന്ധിയും കവിതയും

ഒരു ദിവസം മെലിഞ്ഞ ഒരു കവിത
ഗാന്ധിയെക്കാണാൻ ആശ്രമത്തിലെത്തി.
കുനിഞ്ഞിരുന്ന് രാമനിലേക്കുള്ള
നൂൽ നൂൽക്കുകയായിരുന്നു ഗാന്ധി.
താൻ ഒരു ഭജനയാകാത്തതിൽ ലജ്ജിച്ച്
വാതിലിൽത്തന്നെ നിന്ന കവിതയെ
ഗാന്ധി ആദ്യം ശ്രദ്ധിച്ചില്ല.
കവിത മുരടനക്കിയപ്പോൾ ഗാന്ധി
നരകം കണ്ട തന്റെ കണ്ണടയിലൂടെ
ഇടംകണ്ണിട്ടു നോക്കി ചോദ്യമാരംഭിച്ചു:
'എപ്പോഴെങ്കിലും നൂൽ നൂറ്റിട്ടുണ്ടോ?
തോട്ടിയുടെ വണ്ടി വലിച്ചിട്ടുണ്ടോ?
വെളുപ്പിനെണീറ്റ് അടുക്കളയിലെ
പുകയേറ്റിട്ടുണ്ടോ?
എപ്പോഴെങ്കിലും പട്ടിണി കിടന്നിട്ടുണ്ടോ?'

കവിത പറഞ്ഞു:
ജനിച്ചതു കാട്ടിലായിരുന്നു,
ഒരു നായാടിയുടെ വായിൽ.
വളർന്നത് മുക്കുവത്തിയുടെ കുടിലിലും.
എങ്കിലും പാട്ടല്ലാതെ
ഒരു തൊഴിലുമറിയില്ല.
കുറെക്കാലം പാട്ടുപാടി

കൊട്ടാരങ്ങളിൽ കഴിഞ്ഞു
അന്നു വെളുത്തുകൊഴുത്തിരുന്നു.
ഇപ്പോൾ തെരുവിലാണ്, അരവയറിൽ.

ഗാന്ധി പുഞ്ചിരിച്ചു പറഞ്ഞു:
'ഈ ഒടുവിൽ പറഞ്ഞ കാര്യം
നല്ലതുതന്നെ; പക്ഷേ
സംസ്കൃതം പറയുന്ന ശീലം മുഴുവനുപേക്ഷിക്കണം.
വയലിലേക്കു ചെല്ലൂ,
കർഷകർ സംസാരിക്കുന്നതു ശ്രദ്ധിക്കൂ.'

കവിത ഒരു വിത്തായി രൂപം മാറി
വയലിലെത്തി
പുതുമഴപെയ്ത് നിലമുഴുതു മറിക്കാൻ
കൃഷിക്കാരനെത്തുന്ന ദിവസവും കാത്തുകിടന്നു.

(1993)

# 84

## ചെറിയ ചെറിയ ഉപകരണങ്ങൾ

വലിച്ചെറിയൂ മഴത്തുള്ളികളുടെ
ഇളം ശബ്ദം ഞെരിച്ചു കളയുന്ന ഈ പറച്ചെണ്ട
ദലമർമ്മരങ്ങളെ വരിഞ്ഞുകൊല്ലുന്ന
ഈ പെരുംകുഴൽ

മരിക്കുന്നവന്റെ അവസാനത്തെ വാക്കിനെ
വിഴുങ്ങിക്കളയുന്ന ഈ കടുംതുടി.
വിധവയുടെ നെടുവീർപ്പിനുമേൽ തവിട്ടുചിറകുമായി
പറന്നുവീണു കൊത്തിക്കൊല്ലുന്ന ഈ ഇലത്താളം.
ഓടക്കുഴൽപോലും വേണ്ടാ.

ചെറിയ ചെറിയ ഉപകരണങ്ങൾ മതി,
ഓലപ്പീപ്പികളെക്കാൾ ചെറിയവ
തെരുവിലുറങ്ങുന്ന കുഞ്ഞുങ്ങളെ പുതപ്പിക്കുന്ന
മാലാഖമാരെപ്പോലെ
ശബ്ദമുണ്ടാക്കാതെ ചിറകനക്കുന്നവ
പുല്ലിൽനിന്നു പുല്ലിലേക്ക് പറക്കുന്ന
തുമ്പികളെപ്പോലെ മൂകമായി മൂളുന്നവ
ആലിലകളെപ്പോലെ കാറ്റിനോടു
സ്വകാര്യം പറയുന്നവ
അദൃശ്യമായ നൂലുകളിൽ ദൈവത്തിലേക്ക്
പറന്നണയുന്ന
കിണറുകളിലെ തെളിഞ്ഞ ഉറവകൾപോലെ

വിശുദ്ധമായ ആഴങ്ങളിൽനിന്നു വരുന്നവ
ശബ്ദത്തെക്കാൾ താഴ്ന്ന ശബ്ദമുണ്ടാക്കുന്നവ.

എനിക്ക് സിംഹത്തെപ്പോലെ ഗർജ്ജിക്കേണ്ട
തുക്കാറാം അരിച്ചാക്കു ചുമന്നു നടന്നുപോയ
ചുവടുകളുടെ പൊടിയിലിരുന്ന്
ഒറ്റക്കമ്പിയിൽ പാടിയാൽമതി
ഗോരയുടെ കൈകൾ കുഴച്ച പുതുമണ്ണുകൊണ്ട്
നാളെയുടെ വിഗ്രഹങ്ങൾ ചുട്ടെടുത്താൽമതി
കബീറിന്റെ തറയിൽ വാക്കുകൾ നൂറ്റെടുത്ത്
നാമദേവൻറെ സൂചികൊണ്ട്
എനിക്ക് ഭാവിയുടെ ഉടുപ്പുകൾ തയ്ക്കണം
അക്ക മാതേവിയുടെയും ഔവ്വയാറിന്റെയും
വാടാത്ത സുരഭില ശബ്ദങ്ങൾകൊണ്ട്
എനിക്കതിനെ അലങ്കരിക്കണം
വർത്തമാനത്തിന്റെ കത്തുന്ന ഗോവണിയിൽനിന്ന്
എല്ലാ ഉടുപ്പുകളും ഊരിയെറിഞ്ഞ്
മനുഷ്യരക്തം കലരാത്ത സ്വച്ഛമായ ഉറവകളിലേക്ക്
എനിക്കുളിയിടണം
വേരുകൾക്കും ഖനികൾക്കും സംസ്കാരങ്ങൾക്കുമിടയിൽ
കുഴിച്ചുമൂടപ്പെട്ട ആകാശം എനിക്ക് വീണ്ടെടുക്കണം
ആത്മാവിന്റെ ചെറിയ ഉപകരണം മീട്ടി
എനിക്കതിൽ ഒരു പുതിയ സൂര്യനെ തുയിലുണർത്തണം

എനിക്കെന്റെ ദൈവത്തെ സ്പർശിക്കണം.
കുരുടൻ ആദ്യമായി വിറയ്ക്കുന്ന വിരലുകൾകൊണ്ട്
പനിനീർപ്പൂ സ്പർശിക്കുംപോലെ.

(1994)

# 85

## മലയാളം

ഭൂമിയുടെ പുഴകൾക്കും കനികൾക്കും മുമ്പേ
എന്നെ അമ്മിഞ്ഞുട്ടിയിരുന്ന പൊക്കിൾക്കൊടി
വേദനയുടെ ധന്യമൂർച്ഛയിൽ സ്വയം പിളർന്ന്
എന്നെ ഉലുവയുടെയും വെളുത്തുള്ളിയുടെയും
തീക്ഷ്ണ സുഗന്ധങ്ങളിലേക്കാനയിച്ചവൾ
വെളിച്ചത്തിന്റെ അപ്പൂപ്പൻതാടികൾകൊണ്ട്
ഉണ്ണിയുടലിലെ ഈറ്റുചോര തുടച്ച്
മാമ്പൂമണത്തിൽ സ്നാനപ്പെടുത്തിയവൾ
പൊന്നും വയമ്പും കൊണ്ട് എന്റെ നാവിൻതുമ്പിൽ
ഖനികളുടെ ആഴവും വനങ്ങളുടെ സാന്ദ്രതയും പകർന്നവൾ
ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളുംകൊണ്ട്
എന്നെ സ്വപ്നങ്ങളിലേക്കുറക്കിക്കിടത്തിയവൾ
വിരൽത്തുമ്പിൽപ്പിടിച്ച് മണലിന്റെ വെള്ളിക്കൊമ്പിൽ
ഹരിശ്രീയുടെ രാജമല്ലികൾ വിടർത്തിയവൾ
അച്ഛനോടും സൂര്യനോടുമൊപ്പം കിഴക്കുപുറത്തുദിച്ച്
വ്യാകരണവും കവിതയും കാട്ടി
എന്നെ ഭയപ്പെടുത്തി പ്രലോഭിപ്പിച്ചവൾ
എന്റെ സ്ളെയിറ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്
എന്റെ പുസ്തകത്താളിൽ പെറ്റു പെരുകിയ മയിൽപ്പീലി
എന്റെ ചുണ്ടുകളിലെ മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം
വഴിയരികിൽ ഞാൻ കേട്ടുവളർന്ന നിരന്തര ഖരഹരപ്രിയ
സ്വരങ്ങളിലൂടെ തേനും വ്യഞ്ജനങ്ങളിലൂടെ ഇരുമ്പുമൊഴുക്കുന്ന
അമ്പത്തൊന്നു കമ്പികളുള്ള വീണ

ഞാറ്റുവേലയിൽ നിന്നു ഞാറ്റുവേലയിലേക്കു പോകുന്ന
കിളിപ്പാട്ടിന്റെ കലുങ്ങുന്ന ഋക്കുപാലം
അറിവും ആടലോടകവും മണക്കുന്ന
പഴമൊഴികളുടെ നിറനിലാവ്
പാമ്പിൻമാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ
നൂണുപോകേണ്ട മൈലാഞ്ചിവഴികൾ
സന്ധ്യകളിൽ അഗ്നിവിശുദ്ധയായി
കനകപ്രഭ ചൊരിഞ്ഞ എഴുത്തച്ഛന്റെ സീതാമാതാവ്
പച്ചയും കിരീടവുമണിഞ്ഞ് അരമണിയും ചിലമ്പും കിലുക്കി
ഞങ്ങൾ നേടിയ വാടാത്ത കല്യാണസൗഗന്ധികം
ഉത്സവപ്പിറ്റേന്നത്തെ പുലരിമയക്കത്തിൽ
ചേങ്കിലമുഴക്കത്തോടൊപ്പം കാതുകളിൽ പൂത്തുനിന്ന
സാമ്യമകന്നോരുദ്യാനം
ക്ഷീരസാഗരശയനന്റെ നാഭിയിൽ മുളയെടുത്ത
സ്വാതിയുടെ സംഗീത സരോരുഹം
ആലിൻചോട്ടിലെ എണ്ണമറ്റ മേളത്തിരകളിൽ
ആലിലയിൽ പൊന്തിക്കിടന്ന ചൈതന്യം
സോളമന്റെ താഴ്വരയിലെ ഹംസശുഭ്രയായ ലില്ലി
മോശയ്ക്കൊപ്പം പ്രവചിച്ചവൾ, ദാവീദിനോടൊത്ത്
കാളക്കുറ്റന്മാരുടെ കോമ്പിൽനിന്നു കരഞ്ഞവൾ,
പുറപ്പെട്ടവൾ, ക്രൂശിക്കപ്പെട്ടവൾ, ഉയർത്തെഴുന്നെറ്റവൾ,
മലയാളം.

2

ഓർമ്മിപ്പിക്കരുതേ, ഓർമ്മിപ്പിക്കരുതേ,
ഉണ്ണിക്കണ്ണന്റെ കാലടികൾ പതിഞ്ഞ
ചെറുശ്ശേരിയുടെ വ്യാകുലചെമ്പകം പൂത്ത
നടുമുറ്റത്തെക്കുറിച്ചെന്നെ ഓർമ്മിപ്പിക്കരുതേ.
ഓർമ്മിപ്പിക്കരുതേ, പൂന്താനത്തിൻറെ പാനകളിൽ
പൂവിട്ട ചന്ദനമരങ്ങളുടെ ഗതസൗരഭ്യം
ഓരോ സ്ത്രീയും ലാളിക്കാൻ കൊതിച്ച
വള്ളത്തോളിന്റെ മുക്തശിരസ്സിന്റെ സഹ്യശൃംഗം
വിജനപുളിനങ്ങളുടെ മറ്റൊരുർവ്വശിയെത്തേടി
ഏകാകിയായലഞ്ഞ ആശാനെ വിഴുങ്ങിയ
വിചാരത്തിന്റെ ആഴച്ചുഴികൾ
ഓർമ്മിപ്പിക്കരുതേ.

മേഘലോകത്തുനിന്ന ഭ്രഷ്ടനാക്കപ്പെട്ട ഒരു ഗന്ധർവ്വനെപ്പോലെ
പാലപൂക്കുന്ന പുഴത്തീരങ്ങളിലിരുന്ന്
കുഞ്ഞിരാമൻനായർ കുടിച്ചുതീർത്ത
രാത്രികളുടെ അമ്ലചഷകങ്ങൾ
ഓ, ഞാൻ മറന്നുപോകട്ടെ.
കാത്തിരുന്ന ഹൈമവതിയുടെ കൈകളിലേക്കെന്നപോലെ
കൊലക്കയറിന്റെ സുവർണ്ണവലയത്തിൽ ഉടലർപ്പിച്ച്
നീലകണ്ഠനായ ഇടപ്പള്ളിയുടെ വ്യഥിതഗംഗ
അരളിപ്പൂവിന്റെ ശ്വാസകോശവും ആമ്പലിന്റെ ഹൃദയവുമായി
ശ്മശാനങ്ങളിൽ തടവിലാക്കപ്പെട്ട ഒരു സംഗീതദേവിയെപ്പോലെ
തന്റെ തപ്തതന്ത്രികളിൽ മറുലോകമാലപിച്ച ചങ്ങമ്പുഴയുടെ
രക്തസ്നാതമായ പാതാളഗീതം
ഇനിയും വരാത്ത ഒരു തിരുവോണത്തിന്റെ,
കരുണയുടെ കരുത്താർന്ന മഹാബലിയെപ്പോലെ
ആറുമാസപ്പൂങ്കുലച്ചൂടി മണ്ണിന്റെ നിനവുകളിൽനിന്നുയർന്നുവന്ന്
മഞ്ഞത്തുമ്പികളെ ഓരോ ശിരസ്സിനു ചുറ്റും പറത്തിവിട്ട്
കടന്നുപോയ വൈലോപ്പിള്ളയുടെ
പ്രവചനനിർഭരായ ഏകാന്തത
ഏഴു കടലുകളുടെയും ശബ്ദമുള്ള തന്റെ മുരളിയിൽ
ഒരദൃശ്യവിശുദ്ധിയുടെ ലയം നിറച്ച്
ആഷാഢമേഘത്തെപ്പോലെ മഴവിൽപ്പാതകളിലൂടെ
കടന്നുപോയ ജീ.യുടെ സായാഹ്ന മൃദുലത
സഹനത്തിന്റെയും സമരത്തിന്റെയും ചീറിയടിക്കുന്ന
പെരുങ്കടലിൽ ഒരൊറ്റ നക്ഷത്രത്തെ പിൻചെന്ന്
ആരും കണ്ടെത്താത്ത സ്നേഹത്തിന്റെ നീലവൻകരയിൽ
തന്റെ ജനതയെ അണച്ച ഇടശ്ശേരിയുടെ കൊളംബസ് ഹൃദയം
ഓർമ്മിപ്പിക്കരുതേ
ഓർമ്മിപ്പിക്കരുതേ.

3

എവിടെയായിരുന്നു നിന്റെ പിറവി?
ആദിമനുഷ്യന്റെ ആംഗ്യങ്ങളിലും വരകളിലും നിന്ന്
ആദ്യത്തെ ഭാഷയോടൊപ്പം
നീയും വനാന്തരങ്ങളിലുദിച്ചുയർന്നുവോ?
കാസ്പിയൻ കടലിന്റെ ഗഹനതീരങ്ങളിൽ
മൃഗച്ഛായകൾ വീണ നിലാവിനെപ്പിളർന്ന

കുന്തങ്ങളുടെ സംഗീതത്തിൽ നീയുണ്ടായിരുന്നാ?
നോഹയുടെ പെട്ടകത്തിൽ, അല്ലെങ്കിൽ മനുവിനോടൊപ്പം
മീൻകൊമ്പിൽ കെട്ടിയിട്ട തോണിയിൽ
പ്രളയത്തെ അതിജീവിച്ചവരിൽ നീയുമുണ്ടായിരുന്നോ?
അത്‌ലാന്റിക്കിൽ ആണ്ടുപോയ മെഡിറ്ററേനിയൻ നാടിന്റെ
ശിഷ്ടസ്മൃതികൾ തോളിലേറ്റി ഹിന്ദുക്കുഷ് കടന്ന്
തളരുന്ന കാലുകളുമായി നീ ഇന്ത്യയിൽ പ്രവേശിച്ചുവോ?
നിന്റെ ഓർമ്മയിലിരുമ്പുന്നതെന്ത്?
ആഫ്രിക്കൻ കാടുകളുടെ ചിന്നംവിളിക്കുന്ന പെരുമ്പറകളോ,
അതോ മെസെപ്പൊട്ടേമിയൻ സമതലങ്ങളുടേ
മുക്രയിടുന്ന കാറ്റുകളോ?
അസ്വസ്ഥമായിരുന്നു ഏലാം ഭാഷയുടെ വരൾച്ചയിൽ
തെക്കൻമഴ കാത്തുകിടന്ന നിന്റെ വിത്തുകൽ
അസ്വസ്ഥമായിരുന്നു കാമോദരികളായ ഹാരപ്പൻ ലിപികളിൽ
ഒളിച്ചിരുന്ന നിന്റെ പ്രാക്തനതൃഷ്ണകൾ.
വേദങ്ങൾക്കുംമുമ്പേ കാവേരിയിൽ നിന്റെ
നൃത്തത്തിന്റെ നിഴൽ വീണുവോ?
പേരാറും പെറിയാറും നിന്റെ ശബ്ദങ്ങളെ
ഉരുട്ടിയുരുട്ടിയെടുത്തുവോ?
സൂര്യനസ്തമിക്കുന്ന തിനവയലിൽ ചൂരലിന്റെ ഏറുമാടത്തലിരുന്ന്
വാകപ്പൂ വിടരുന്നതു കാട്ടി നീ വിരഹിണികളെ ആശ്വസിപ്പിച്ചുവോ?
മിഴാവിന്റെ മുഴക്കത്തിനൊത്തു ചെങ്കുവളപ്പൂ തലയിൽവച്ച്
തുമ്പമാലയിട്ട് ചിലമ്പണിഞ്ഞ് അടർ വെന്നു വന്ന
ചേരലാതനോടൊപ്പം നടമാടിയ സുന്ദരിമാരിൽ
നീയുമുണ്ടായിരുന്നുവോ?
ഏലത്തിന്റെയും ഇലവർങ്ഗത്തിന്റെയും
സുഗന്ധം സഹിക്കാനാകാതെ
കടൽകടന്നെത്തിയ ഓരോ വിദേശിയും
സുഗന്ധികൾക്കു പകരം നിന്റെ ഖജനാവിൽ
വാക്കുകളുടെ തങ്കനാണയങ്ങൾ നിക്ഷേപിച്ചുവോ?
വട്ടെഴുത്തിന്റെ താഴികക്കുടങ്ങളിലും
കോലെഴുത്തിന്റെ കനകഗോപുരങ്ങളിലും
സൂര്യനെപ്പോലെ നീ വെട്ടിത്തിളങ്ങിയോ?
ശോകനാശിനിയുടെ തീരത്തെ സീതാസ്മൃതി നിറഞ്ഞ
പനയോലഞരമ്പുകളിൽ നീ നിന്റെ ജാതകം കുറിച്ചുവെച്ചുവോ?
ഗൊയ്ഥേയുടെ നാട്ടിൽനിന്നെത്തിയ ഒരു പാതിരിക്ക്

നിന്റെ തപസ്സിളക്കുന്ന സൗന്ദര്യം
ഉറക്കമില്ലാത്ത രാത്രികൾ നൽകിയോ?
ആബേലിന്റെയും ഇയ്യോബിന്റെയും യേശുവിന്റെയും
കഥ പറയുമ്പോൾ അലിഞ്ഞുപോകാതിരിക്കാനായി
നീ ലോഹഹൃദയരായ അച്ചുകളായി അവതരിച്ചുവോ?
രാമകഥകൾ പാടിപ്പാടി നീ
കാണെക്കാണെ പുതുകിപ്പുതുകി വളർന്നുവോ?
ആയിരത്തൊന്നു രാവുകൾ കഥപറഞ്ഞ്
നീ മൃതിയെ അതിജീവിച്ച് സന്തതികളെ നേടിയോ?
കുറവക്കുടിയും പുലയത്തറയും നാലുകെട്ടും കോവിലകവും
കുന്തിരിക്കം പുകയുന്ന കൊവേന്തയും
കെസ്സുപാട്ടു മുഴങ്ങുന്ന മരയ്ക്കാൻകുടിയും ഒരൊറ്റ വീടെന്നപോലെ
നിന്നെ തലോലിച്ചൂട്ടിയുണർത്തിയോ?
എനിക്കറിയില്ല ഹേ, വേതാളമേ,
എനിക്കിതു മതി, ഈ മണ്ണിന്റെ
നിലയ്ക്കാത്ത് മരതകപ്രവാഹം.
ശബ്ദങ്ങളുടെ ഈ അനശ്വരസമുദ്രം
ധ്വനികളുടെ അക്ഷയമായ ആകാശം.

4

ആ അമ്മയ്ക്ക്, ഓർമ്മയിൽ അവിരാമം അലതല്ലുന്ന
ആ അമൃതവേദനയുടെ കടലിന്
ആ ആനന്ദത്തിന്, അപൂർവ്വമായി മാത്രം ഞാൻ ദർശിച്ചിട്ടുള്ള
മദിരയും പനിനീർപ്പൂക്കളുമേന്തിയ ആ വിദൂരദേവതയ്ക്ക്
ഇ ഇണയ്ക്ക്, എന്റെ ഹതാശവും ഉന്മത്തവുമായ മരുഭൂമിയിൽ
സ്വർണ്ണമത്സ്യങ്ങളും ലില്ലിപ്പൂക്കളുമായി
ഉറവെടുത്ത രജതസരിത്തിന്
ഈ ഈശ്വരന്, എന്റെ എല്ലാ കത്തുകളും
കൃത്യമായി തിരിച്ചയയ്ക്കുന്ന
സ്വർഗ്ഗത്തിന്റെ തപാലധികാരിക്ക്
ഉ ഉർവ്വരതയ്ക്ക്, മുത്തങ്ങാപ്പുല്ലുമുതൽ
മനുഷ്യൻവരെ ജീവനിലൂടനീളം
പെരുക്കത്തിന്റെ കിക്കിളി നിറയ്ക്കുന്ന കാമത്തിന്റെ ഉപ്പിന്,
ഊ ഊർജ്ജത്തിന്, അണുവിലും ആകാശത്തിലും
താണ്ഡവമാടുന്ന മഹാശിവാകാരത്തിന്
എ എതിർപ്പിന്, സിരയിൽനിന്നും സിരയിലേക്കു പകർന്ന്

ഭൂമിയുടെ രൂപം മാറ്റിയെടുക്കുന്ന ആ എഴുത്തച്ഛൻപൊരുളിന്
ഏ ഏകാന്തതയ്ക്ക്, വിഷം കുടിച്ചു പാടുന്ന കവിയുടെ
നിരാലംബരായ ചകിതഹൃദയത്തിന്
ഒ ഒരുമയ്ക്ക്, സഹിക്കുന്ന മനുഷ്യരുടെ ഒരേയൊരു പ്രത്യാശയ്ക്ക്
ഓ ഓർമ്മയ്ക്ക്, പുതിയ ലോകത്തെ പൂവണിയിക്കുന്ന
പഴയ ലോകത്തിന്റെ തിരുവോണത്തിന്
ക കരുണയ്ക്ക്, കാലം ചെല്ലുന്തോറും കണ്ടെത്താൻ
ആഴത്തിലാഴത്തിൽ
കുഴിച്ചുചെല്ലേണ്ടിവരുന്ന ആ അദൃശ്യസരസ്വതിക്ക്
ച ചലനത്തിന്, കാലമെന്നു നാം പേരിടുന്ന
ആ അനാദ്യന്തമായ മഹാഭാവനയ്ക്ക്
ത തനിമയ്ക്ക്, വ്യത്യാസത്തിന്റെ ഹർഷോത്സവത്തിന്
പ പരിണാമത്തിന്, ആത്മാവിന്റെ അറിയിപ്പില്ലാതെ വരുന്ന
ഋതുഭേദങ്ങൾക്ക്
യ യത്നത്തിന്, പാറകളിൽനിന്നു മുന്തിരി കൊയ്യുന്ന
മൂലതത്ത്വത്തിന്
ര രക്തസാക്ഷിത്വത്തിന്, മനുഷ്യനെ ദൈവതുല്യനാക്കുന്ന
വിശ്വാസത്തിന്റെ വിശുദ്ധശക്തിക്ക്,
ല ലയനത്തിന്, കറുകനാമ്പിന്റെ നൃത്തത്തെ
ഗ്രഹരാശികളുടെ ഭ്രമണഗീതവുമായി
ബന്ധിക്കുന്ന രഹസ്യപ്പൊരുളിന്
വ വചനത്തിന്, ആദിതമസ്സിലുരുവംകൊണ്ട
സൃഷ്ടിയുടെ സ്ഫോടനത്തിന്,
ശ ശമനത്തിന്, തൃഷ്ണയുടെ അഗ്നിക്കു മുകളിൽ വീഴുന്ന
യമജലത്തിന്റെ ശീതവർഷത്തിന്
സ സത്യത്തിന്, 'ഇതല്ല, ഇതല്ല'യെന്ന് നാം തേടുന്ന
നിർവ്വചനാതീതമായ ബഹുരൂപിക്ക്
ഹ ഹരിതത്തിന്, ഭൂമിയെ വീണ്ടും വീണ്ടും
യൗവനദീപ്തമാക്കുന്ന തത്തച്ചിറകുകൾക്ക്

നിന്റെ ഓരോ താരസ്വരത്തിലും ഞാൻ വിരലോടിക്കട്ടെ
നിന്നെ ഞാൻ മടിയിലെടുത്തു മീട്ടട്ടെ
നിന്റെ ചുകന്ന ആരോഹണങ്ങളിൽ ഞാനുണരട്ടെ
നീലയായ അവരോഹണങ്ങളിൽ ഊളിയിടട്ടെ.
നിന്റെ താളങ്ങളുടെ ജലോദ്യാനത്തിൽനിന്ന് ഒരു താമരയിതൾ
നിന്റെ ലയങ്ങളുടെ പുറ്റിൽനിന്ന് ഒരു പവിഴപ്പൊട്ട്,

മതി.

5

ഓരോ യാത്രയിലും
നീ എന്റെകൂടെയുണ്ടായിരുന്നു
എന്റെ പ്രതിച്ഛായയായി, അപരചേതനയായി.
എന്റെ മനസ്സിലും ശരീരത്തിലും
വസന്തത്തിലെ പുതുമുളകൾപോലെ
പ്രണയം കിരുകിരുത്തപ്പോൾ നീ വന്നു,
വാക്കുകളുടെ തുളുമ്പുന്ന കോപ്പയുമായി.
എനിക്കറിഞ്ഞുകൂടാ ഞാനാരെയാണ് കൂടുതൽ ഓമനിച്ചതെന്ന്
എന്റെ ക്ഷണിക കാമിനിമാരുടെ
നശ്വരകപോലങ്ങളെയോ,
വീണ്ടും വീണ്ടും യൗവനം നേടി ഉണരുന്ന വാക്കുകളുടെ
അസ്തമിക്കാത്ത ഉടലുകളെയോ,
എവിടെനിന്നോ അവ വന്നു,
നാട്ടിൻപുറത്തെ പച്ചവെയിലിൽനിന്നോ
മുക്കുറ്റിപൂക്കളുടെ സൂക്ഷ്മസ്വർണ്ണത്തിൽനിന്നോ
കിണറ്റുവക്കിലെ നീരിറ്റുന്ന കുളിരിൽനിന്നോ
പാടത്തെ വെള്ളരിവള്ളികളുടെ ക്ഷണിക്കുന്ന വളവുകളിൽനിന്നോ
കുന്നിൻചരിവിലെ കാരപ്പഴത്തിന്റെ
മിനുത്തു കറുത്ത മധുരത്തിൽനിന്നോ
കരിമ്പനകളുടെ യക്ഷിമുടികളിൽനിന്നോ
വെറ്റിലക്കൊടിയുടെ മദഗന്ധത്തിൽനിന്നോ
നെല്ലിപ്പൂക്കളുടെ ആകാശം നിഴലിക്കുന്ന കൃഷ്ണമണികളിൽനിന്നോ
വെള്ളിലപ്പൂങ്കുലയുടെ, കൈനിറയുന്ന
മൃദുലമായ മുഴുപ്പിൽനിന്നോ
ഉഴുതുമറിച്ച പുതുമണ്ണിന്റെ നനവുറ്റ വിടവുകളിൽനിന്നോ
നാടോടിപ്പാട്ടുകളുടെ മഴയിൽനിന്നോ
മഴയിൽനിന്നോ.

അവയുടെ തിളക്കം മാത്രമേ എനിക്കോർമ്മയുള്ളൂ
ആ പ്രണയങ്ങൾ കൊഴിഞ്ഞുവീണിട്ടും പൂത്തുനിന്ന
വാക്കുകളുടെ തീവ്രസമ്മിശ്രസൗരഭം മാത്രം
അവ ഇന്നുമെന്നോടൊപ്പമുണ്ട്
വിലാപങ്ങളുടെ മുഖംപൊത്തിയ വിരലുകൾക്കിടയിലൂടെ

അവ ഇന്നുമെന്നെ വിളിക്കുന്നു
നല്ല ഹൈമവതഭൂവിലെ പുഷ്യരാഗങ്ങളുടെ താഴ്വാരത്തിലേക്ക്,
മലരണിക്കാടുകളുടെ ഘനമരതകത്തിലേക്ക്,
അളകയിലെ ദേവദാരുത്തണലുകളിൽ
കരിമേഘം കാത്തുനിൽക്കുന്ന ഗന്ധർവ്വവിരഹത്തിലേക്ക്,
ശകുന്തങ്ങളുടെ നടുവിൽ രാഗലിപികൾ സ്വപ്നം കണ്ടു
വിടരുന്ന താമരയിലകളിലേക്ക്,
ഗന്ധമാദനസാനുവിലെ വനലതകളിലേക്ക്,
കടലിൽ ചിറകെട്ടുന്ന പ്രണയശക്തിയിലേക്ക്

എന്റെ മുതുകിലുണ്ട് മൂന്നു വരകൾ.

6

നിനക്കു മറ്റു സിരകളുണ്ട്,
ലാവ പ്രവഹിക്കുന്നവ.
കൊടുങ്കാറ്റുകളിരമ്പുന്ന മറ്റു ഞരമ്പുകളുണ്ട്,
കടത്തനാടൻ വീര്യമുള്ള മറ്റൊരു ഹൃദയമുണ്ട്
അതെനിക്കു നീ തന്നു
കുരുമുളകു തിരനീട്ടിയ നാളുകളിൽ,
വയനാട്ടു പാറകളിൽ ഗോത്രമുക്തിയുടെ
സൂര്യൻ ജ്വലിച്ച നട്ടുച്ചകളിൽ
ഒതേനന്റെ വാൾക്കിലുക്കം കേട്ടുണർന്ന പാതിരാകളിൽ.
മരണമുണ്ടായിരുന്നു വായുവിൽ
മരണവും വെടിമരുന്നും കാട്ടുപൂക്കളും.
ഞങ്ങൾ അമൃതു തേടിപ്പോയി
കൈക്കുടന്ന നിറയെ മൃതിയുമായി തിരിച്ചുവന്നു.
ഞങ്ങൾ നക്ഷത്രത്തെപ്പിൻചെന്നു,
രാത്രിയുടെ തടവുകാരായി.
ഞങ്ങളുടേത് ഒറ്റുവഴിയായിരുന്നു
അതിൽ രക്തം തളംകെട്ടിനിന്നു
രക്തത്തിൽനിന്ന് ഒരു കണ്ണു ഞങ്ങളെ നോക്കി,
അതു നിന്റേതായിരുന്നു.
ഓടക്കുഴൽ പകരം വാങ്ങി നീ ഞങ്ങൾക്ക്
കണ്ണനാരുടെ പെരുമ്പറ തന്നു
വേദന പെരുകുന്തോറും പെരുമ്പറകളുടെ
ശബ്ദവും വർദ്ധിച്ചു.

പെട്ടെന്ന് ഞങ്ങൾ കണ്ടു വഴി വിജനമാണെന്ന്.
പന്തങ്ങൾ വഴിയിലെറിഞ്ഞ്
ഘോഷയാത്ര പിരിഞ്ഞുപോയിരുന്നു.
ചിലർ വെളിച്ചം നിറഞ്ഞ പെരുവഴികളിലേക്ക്
ചിലർ നിഗൂഢമായ കാലവർഷത്തിലേക്ക്
ചിലർ പച്ചയുടെ വീണ്ടെടുപ്പിലേക്ക്
ചിലർ കറിക്കത്തികളുടെ പുറപ്പാടിലേക്ക്
ചിലർ സ്വർണ്ണത്തിന്റെ പ്രലോഭനങ്ങളിലേക്ക്.

നീ ഞങ്ങളുടെ ഉടലുകളിലൂടെ പാടിയ
പാട്ടുകൾ മാത്രം ബാക്കിയായി
അവ മറ്റൊരു തലമുറയുടെ വരവ് കാത്ത്
വഴിയിൽ, മഴയിൽ, ചിതൽപ്പുറ്റു തപസ്സിരുന്നു.

ആ തലമുറ വന്നില്ല,
ഈ വഴിയിൽ, ഈ മഴയിൽ

## 7

ഇവിടെ പക്ഷികളില്ല.
കൊഴിഞ്ഞ ഇലകൾക്കും അന്യഗന്ധങ്ങൾക്കും കീഴിൽ
ഒരു പനിക്കും ഒരു ഭ്രാന്തിനുമിടയിലുള്ള സന്ധ്യയിൽ
ഒറ്റയ്ക്കിരുന്നു ഞാൻ നിന്നെ ധ്യാനിക്കുന്നു.
ഞാൻ നിന്നെക്കാണുന്നു: പഴകിക്കാതലുറച്ച തടിയും
ഭൂമി മുഴുവൻ പടരുന്ന കൊമ്പുകളുമായി ഒരു മഹാവൃക്ഷം.
നിന്റെ തടിനിറയെ പ്രണയങ്ങൾ ആഴത്തിൽ കോറിയിട്ട
അമ്പേറ്റിയ ഹൃദയചിഹ്നങ്ങൾ,
ബാധകയറിയവർ ശിരസ്സുകൊണ്ടടിച്ചു കയറ്റിയ
നീണ്ട ഇരുമ്പാണികൾ,
ഭക്തർ ചാർത്തിയ കുങ്കുമത്തിന്റെ നടുവിലൂടെ
തറച്ചുകയറിയ കമ്പികൾ, ബ്ലെയ്ഡിൻ കഷണങ്ങൾ,
ചങ്ങലപ്പാടുകൾ, കുപ്പിച്ചില്ലുകൾ
അടർന്ന തൊലിക്കിടയിലൂടെ തുറിച്ചുനിൽക്കുന്ന മാംസം.

എന്നിട്ടും നീ പൂവണിയുന്നു, പൂവണിയുന്നു
കാണാത്തത്ര ഉയരത്തിൽ.
ഉയരത്തിൽനിന്നു നീയെന്നെ വിളിക്കുന്നു,

ആത്മാവിന്റെകൂടെ നടക്കുവാൻ.
ആയിരം മറുശബ്ദങ്ങൾക്കിടയിലും കുട്ടി
അമ്മയുടെ ശബ്ദം തിരിച്ചറിയുംപോലെ ഞാൻ
നിന്റെ ശബ്ദം തിരിച്ചറിയുന്നു
നിന്റെ തൊണ്ടയിൽനിന്ന്
ദൈവം സംസാരിക്കുന്നതു ഞാൻ കേൾക്കുന്നു
വനാന്തരത്തിലെ ജലപാതത്തിന്റെ ശബ്ദം
ധ്രുവഹിമം പിളരുന്ന ശബ്ദം
ഇനിയും സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത സ്നേഹനിർഭരമായ
ഗ്രഹങ്ങളുടെ സംഗീതം.

ശൂന്യതയിൽ ഭ്രമണം ചെയ്യുന്ന
ഒരു വലിയ പുഷ്പം ഞാൻ കാണുന്നു
അതിൽ രക്തക്കറ പുരളാത്ത ഒരു പ്രപഞ്ചത്തിന്റെ
തിളങ്ങുന്ന വിത്തു ഞാൻ കാണുന്നു.
നീ കൂടെ വരുന്നു, നീ കാണിച്ചു തരുന്നു
നീയാണെന്റെ ആകാശം, എന്റെ കാഴ്ചയുടെ ചക്രവാളം
നീയാണെന്റെ ജലം, എന്റെ രുചിയുടെ ധ്രുവസീമ,
എന്റെ ഭൂമി, എന്റെ സ്പർശത്തിന്റെ മഹാമൂർച്ഛ,
എന്റെ വായു, എന്റെ ഘ്രാണത്തിന്റെ ചുറ്റളവ്
നീയാണെന്റെ അഗ്നി, എന്റെ കേൾവിയുടെ തരംഗദൈർഘ്യം.
ഒടുവിൽ ഞാൻ അഴിഞ്ഞുതീരുമ്പോൾ
എന്റെ പഞ്ചഭൂതങ്ങളും നിന്നിലേക്കു തിരിച്ചുവരുന്നു,
എന്റെ വീട്, എന്റെ അഭയം, അവസാനത്തെ താവളം,
എന്റെ സാദ്ധ്യതയുടെ അറ്റം, എന്റെ വാഗ്ദത്തഭൂമി.
എന്നും ജീവിച്ചിരിക്കുന്ന അമ്മ,
മരണാന്തര ജീവിതം
ജീവിതം.

(1994)

# 86

## വീട്

വീട് പുറത്തു ശ്വാസകോശങ്ങളുള്ള
ഒരു ജന്തുവാണ്.
അതുകൊണ്ടാണ് ഒന്നു വെയിൽകാഞ്ഞാൽ,
മഞ്ഞിന്റെ തണുപ്പേറ്റാൽ,
അതിനു പനി പിടിക്കുന്നത്.
മഴയും കാറ്റും ഇനിയും തുടർന്നാൽ
അതു മരിച്ചുപോയേക്കും.

(1994)

# 87

## മണികർണ്ണികയിലെ ചുടലക്കാരൻ സൗന്ദര്യത്തെ വിലയിരുത്തുന്നു

നിർത്തുക ശൃംഗാരം, കാണുക നി-
ന്നസ്ഥിയിൽ വാഴും മരണം
ഇപ്പോഴാകർഷിപ്പീലെന്ന
ഇറച്ചിയുള്ളവയൊന്നും.

കാണുന്നില്ലാ ഞാൻ മുടിയും
മിഴിയും കവിളും ചൊടിയും
കാണുന്നത് തലയോട്ടി; അതിന്നിരുൾ
ചൂഴും മിഴിതൻ കുഴികൾ
കാലമെഴാതെ, വികാരമെഴാതാ
മോണകളില്ലാച്ചിരിയും.

ചുടലപ്പുകയാൽ നിറയും കണ്ണാ-
ലളവുകൾ മാത്രമെടുപ്പേൻ:
അഞ്ചരയടി; കണ്ടേക്കുമൊരമ്പ-
ത്തഞ്ചുകിലോഗ്രാം ഭാരം.
പൊക്കാൻ മതിയാമിരുവർ, വിറകുപി-
ടിപ്പതു വരുമെന്നാലും.
വയറിതു പൊട്ടാൻ സമയം വേണ്ടാ,
തലയുടെ കാര്യം വേറെ.
തടി നന്നെങ്കിൽ, കാറ്റുണ്ടെങ്കിൽ,
മതിയാം മൂന്നു മണിക്കൂർ.

എത്ര സുഗന്ധം പൂശുകിലെ,ന്നുടൽ
കത്തും മണമേ സത്യം
പട്ടും കസവും ചുറ്റുവതെന്തിനു,
നഗ്നം മരണം, ജനനം.
പൂക്കളി, ലിലകളിൽ, മഞ്ഞിൽ, വെയിലിൽ
പുഴയിൽ, കടലിൽ, മുകിലിൽ
നോക്കെത്താത്തയിടങ്ങളിൽ മരണം,
അനിത്യത മാത്രം നിത്യം.

മതി കിണ്ണാരം, ഗംഗാതീരമി-
തെരിയാനുള്ളിടമല്ലോ.
ഇപ്പോഴാകർഷിപ്പീലെന്നെ
ഇറച്ചിയുള്ളവയൊന്നും.

(1994)

# 88

## കാല്

കാശിയിലെ ഹരിശ്ചന്ദ്രഘട്ടത്തിലെ ചാരത്തിൽ
മുഴുവൻ വേവാതെ കിടക്കുന്ന ഈ കാല്
ഏതുടലിന്റേതായിരിക്കാം?

എത്ര മന്ദിരങ്ങളിലും ആശ്രമങ്ങളിലും
ഇത് ആത്മശാന്തി തേടി നടന്നു?
ആസക്തികളുടെ ചുമടിറക്കിവെയ്ക്കാൻ
എത്ര വേശ്യാഗൃഹങ്ങളിൽ കയറിയിറങ്ങി?

നാട്ടിൻപുറത്തെ വയലിൽ
നുകം പൂട്ടിയ കാളകൾക്കു പിറകെ
കൊയ്ത്തുകാലം കിനാക്കണ്ട് ഇതു പാഞ്ഞുനടന്നിരുന്നോ?
നഗരത്തിലെ തീവണ്ടിസ്റ്റേഷനിൽ
ഒരു റൊട്ടിത്തുണ്ടിനായി ഇതലഞ്ഞുതിരിഞ്ഞിരുന്നോ?
കലവും കുടവും നിർമ്മിക്കാനുള്ള ചേറു കുഴച്ച്
ഇതിന്റെ പേശികൾ ക്ഷയിച്ചിട്ടുണ്ടാകാം
നീതി തേടി കച്ചേരിയിൽനിന്നു കച്ചേരിയിലേയ്ക്കോടി
ഇതിന്റെ അസ്ഥികൾ നുറുങ്ങിയിട്ടുണ്ടാകാം
മരണക്കിടക്കയ്ക്കും പ്രസവക്കിടക്കയ്ക്കും കാവൽനിന്ന്
ഇതിനു തല കറങ്ങിയിട്ടുണ്ടാകാം.
അനേകം ജീവിതങ്ങൾ ചവിട്ടിമെതിച്ചിരിക്കാം ഈ കാല്;
അതല്ലെങ്കിൽ ആരാധനയോടെ കണ്ണുകൾ
കളിക്കളത്തിലോ നൃത്തവേദിയിലോ പിന്തുടർന്നിരുന്ന

കാലായിരിക്കാം ഇത്.
ഇതിലെ ഓരോ പാടിനും മുറിവിനും
ഓരോ ദുരന്തകഥ പറയാനുണ്ട്
ഹിമാലയത്തിൽ തണുത്തു വിറച്ചും
കൊടുവേനലിൽ പൊള്ളിക്കറുത്തും
ഒടുവിലിത് ഗംഗാതീരത്തുതന്നെ എത്തിച്ചേർന്നു.

ഉടലിന്നും ശിരസ്സിനും മോക്ഷം ലഭിച്ചു.
ഈ കാൽ മാത്രം ഇനിയും സൂര്യനു നേരെ താഴെ
തീയിനും ജലത്തിനും ഒത്ത നടുവിൽ
അടുത്ത ജന്മത്തിലേക്കുള്ള ദൂരം കണ്ട്
പകച്ച്, കിതച്ച് . . .

(1994)

# 89

## തുക്കാറാം ദൈവത്തോട്

മറാഠി ഭക്തകവി തുക്കാറാം (1608-49) പൂർണ്ണ ഭക്തിയിലെത്തിച്ചേർന്നത് സംശയത്തിന്റേതും ആത്മസമരത്തിന്റേതുമായ ഒരാദ്യഘട്ടത്തിനുശേഷമാണ്. ചെറിയ ഒരു അരിക്കച്ചവടക്കാരൻ, ശൂദ്രൻ, സാധാരണക്കാരുടെ 'വാമൊഴി മറാഠി' യിലെഴുതുന്നവൻ — അത്തരമൊരാൾക്ക് ഈശ്വരസാക്ഷാത്കാരം അസാധ്യമെന്ന് ബ്രാഹ്മണർ വിധിയെഴുതി; വ്യക്തിജീവിതത്തിൽ ദുരന്തങ്ങളുടെ പരമ്പരകൾ തുക്കാറാമിനെ വേട്ടയാടി; ഒപ്പം തന്റെ കവിതയിൽനിന്ന് ഹരി തെന്നിമാറുന്നതായി സ്വയം തോന്നുകയും ചെയ്തു. കടയിൽ കളവും നടന്നു. അമ്മയ്ക്ക് ചികിത്സ നൽകാനായില്ല. ഭാര്യ തള്ളിപ്പറഞ്ഞു, കുഞ്ഞ് പട്ടിണികൊണ്ടു മരിച്ചു. ഭക്തി തെളിയിക്കാൻ കുടിലബ്രാഹ്മണർ വെല്ലുവിളിച്ചപ്പോൾ കവിതകളുടെ കൈയെഴുത്തുപ്രതി ഇന്ദ്രായണീനദിയിലെറിയേണ്ടിവന്നു, വീട്ടിൽനിന്നടിച്ചിറക്കപ്പെട്ടു: കഠിനപരീക്ഷണങ്ങളുടെയും സാക്ഷാത്കാരത്തിനുമുമ്പുള്ള ആത്മവ്യഥയുടെയും സംശയത്തിന്റെയും ഈശ്വരനുമായുള്ള രാഗ-ദ്വേഷ ബന്ധത്തിന്റേതുമായ ആ ഘട്ടമാണ് ഈ സ്വഗതാഖ്യാനത്തിന്റെ കാലം.

അരി മുതുകിലേറ്റി ഞാൻ
തെരുവിലൂടെപ്പോകെ
ഹരി! നീ വിളിച്ചു; നിൻ
മുറ്റത്തു വന്നു ഞാൻ.
എവിടെ നീ? തഴുതിട്ട
കതകെന്റെ മുന്നി, ലീ
വെയിലിൽ കുനിഞ്ഞു
കിതച്ചുപൊള്ളുന്നു ഞാൻ.
തൊലി കറുമ്പൻ, നാട്ടു-
മൊഴി വഴക്കങ്ങളിൽ

പറയുവോൻ, വേദം
വിലക്കിയോൻ, പാമരൻ-
അരിനാമകീർത്തനം
മതിയിവന്നെന്നല്ലി
പരിഹസിക്കുന്നു നീ,
കാണട്ടെ പൂണുനൂൽ!
നടുവിലങ്ങീ, നിന്റെ
നാമങ്ങളേറ്റി; നീ-
യിനി വിളിക്കിൽ കാതു
പൊത്തി ഞാൻ പാഞ്ഞുപോം.

ശിശുവാണു ഞാൻ, എന്റെ
പശു വെറും വെള്ളയ്ക്ക;
കുടി ഇലയുമീർക്കിലും;
കറി ചേറ്; ചോർ ചരൽ.
ഹരി, നീ പിതാവ്, നിൻ
പശുവിന്നു പാല്, നിൻ
പുര കല്ല്, ചോറിന്നു
ചോർ രുചി, കറിക്കെരിവ്.
നീ ശബ്ദമെല്ലാമു-
ദിച്ചസ്തമിക്കുന്നൊ-
രാഴക്കടൽ; ഇവൻ
നാവറ്റ തരിമണൽ.
തോലുരികയാണ് ചില-
യാളുകൾ ദൈവത്തെ
നേരിൽനേർ കണ്ടവ-
നെന്നെന്നെ നണ്ണുന്നു
ഞാനോ മുഖം താഴ്ത്തി
നിൽക്കുന്നു, കാണുന്നു
നീ കനിഞ്ഞേകിയ
കട്ടിക്കൊലക്കയർ.
പശിപൊറാഞ്ഞെൻ പൈതൽ
കൊച്ചു പ്രാണൻ വെടി-
ഞ്ഞൊരുദിനം ഞാൻ കണ്ട-
തിക്കരുണതൻ കയർ.
അരിയറകൾ കള്ളൻ

പൊളിച്ചതും നിൻ കരുണ
കൊട്ടുവേനലിൽ വിള
കരിഞ്ഞതും നിൻ കരുണ
പ്രിയപത്നിയെൻ പുല
കുളിച്ചതും നിൻകരുണ
ചെറുമക്കൾ തെരുവു
തെണ്ടുന്നതും നിൻ കരുണ
പിരിയനെന്നായ് ചിലർ
ചരലെറിയിലും കരുണ
ഉടുതുണി പറിച്ചു, മല-
മേറ്റിപ്പതും കരുണ
മിഴി മുന്നിൽ മറുമരു-
ന്നില്ലാതെ പെറ്റമ്മ
തളർവാതമായ് മരി-
ച്ചടിവതും നിൻ കരുണ
നഗരം കരംപിരിവുകാർ
വന്നെരുത്തിന്റെ-
യുരുവിനെക്കയറോടെ-
യേറ്റുന്നതും കരുണ.
കുടിലനാം ജന്മി വ-
ന്നരകൽ, കലം, ചട്ടി-
യരിവട്ടി പങ്കായ്
വഹിക്കുകിലതും കരുണ
ഒരു ചുരയ്ക്കാത്തോട്ടു
വെള്ളവും വേലിമേൽ
പടരുന്ന പച്ചിലയു-
മായ് കഴിവതും കരുണ.
എഴുതിയതു മുഴുവനും
പുഴയിലെറിയിപ്പതും,
തിരതിരകളായ് ദുരിത-
മണയുമ്പൊഴീ മനം
ശിലപോലുറച്ച മര-
വിപ്പതും നിൻ കരുണ.

ജനനമൊരു വാതിൽ, ആ
മരണമതുമൊരു വാതിൽ

പലകുറി കടന്നൊറ്റ-
യായുസ്സിൽ രണ്ടുമിവൻ.
പറയുകെൻ കുറ്റമെ,-
ന്തേതുവകുപ്പിലീ
ക്കഠിനതട, വടി, തോലു-
രിച്ചൊരീ ഞാത്തലും?
തിരികെ വരവില്ലാത്തൊ-
രിടവഴിയിൽ ഞാൻ, ചൊരിക
കരുണാകരാ, നിന്റെ
പൊരിവെയിൽ, പെരുമഴ!
പിഴുതെടുക്കുക നാവ്,
ഊമയേ നിൻറെ പേ-
രറിവു കാൽവെട്ടുക,
കേറട്ടെ ഞാൻ മല.

വലിയ സുവിശേഷം
പറഞ്ഞന്നെയീച്ചിതാ-
നടുവിലിറക്കി
സ്ഥലം കാലിയാക്കി നീ.
മുറിയിൽ വിളക്കും
കെടുത്തീട്ടുറക്കമായ്,
പുറമേ കടിക്കുന്ന
നായയും കാവലായ്.

ആണല്ല നീ, പെണ്ണു-
മല്ല; നീ പേരായ
പോരൊന്നുമല്ല, പൊൽ-
പ്പൂവല്ല, പുലിയല്ല,
ഭ്രുവല്ല, വാനല്ല
സൂര്യനും ചന്ദ്രനും
താരവുമല്ല നീ,
നരനല്ല, നരിയല്ല.
വാക്കിൽനിന്നൊക്കെയും
വഴുതി മാറുന്നവൻ,
നോക്കിൽ പെടാത്തവൻ,
കാതിൽ വീഴാത്തവൻ.

നീ ചാരെ, നീ ദൂരെ,
നീ തഥ്യ, നീ മിഥ്യ,
നീ പാത, നീ വീട്,
നീ രാത്രി, നീ പകൽ,
നീ ലംബമാനൻ,
തിരശ്ചീനനാണു നീ.
പോരുമിതു, നിൻ കണ-
ക്കൊക്കെയും കള്ളമേ!
പല താപ്പു കൈയിലു-
ണ്ടരിയളക്കാൻ; ഏതു
പറയിലളക്കേണ്ടു
ഹരിയെന്ന ദുഷ്ടനെ?
ഒടുവിലെച്ചില്ലിയും
തട്ടിപ്പറിക്കുവോൻ,
തെരുവിലിടി കൂട്ടുവോൻ,
ഉടലോടെ പൊക്കുവോൻ.
പല പേര്, പല വേഷം,
ഓരോ യുഗത്തിലും
പല പൊയ്മുഖം, വാതിൽ
കുത്തിത്തുറക്കുവാൻ
പല മട്ടിലായുധം,
നീ പെരുങ്കള്ളർക്കു
പെരുമാൾ, കൊടും
പാപികൾക്കു നീ താവളം.
ചെറുകൈയടക്കിനാൽ,
കൺകെട്ടിനാൽ, ആളു
വരുമായിരിക്കുമേ
ചുറ്റും; വരില്ല ഞാൻ.
പകൽ മലമ്പനിയെനി-
ക്കിരവോ വിഷൂചിക,
പകലിൽ ഞാൻ കുരുടനാ-
ണിരവിലോ ചെകിടനും.
ഇനി നമ്പുകില്ല ഞാൻ
വാതിലിൻ പഴുതിൽ നീ-
യൊളിമിന്നിൽ, വാക്കിന്റെ
വക്കത്തുദിക്കിലും.

തെളിവു വേണം നിന്നെ
ദൈവമായെണ്ണുവാൻ
ഇവിടെ, ഈ മണ്ണിൽ,
പിറന്ന രൂപത്തിൽ വാ!

(1995)

# 90

## ബസവണ്ണ കർഷകരോടൊത്തു നൃത്തം ചെയ്യുന്നു

വീരാശൈവമതവിഭാഗസ്താപകനായ ബസവണ്ണ കർണാടകത്തിലെ മണിഗവള്ളിയിൽ 1106-ൽ ജനിച്ചതായും 1167-ലോ 68-ലോ മരിച്ചതായും കണക്കാക്കപ്പെടുന്നു. അച്ഛനമ്മമാർ ചെറുപ്പത്തിലേ മരിച്ചുപോയതിനാൽ ആദ്യം അമ്മൂമ്മയുടെ പരിരക്ഷയിലും പിന്നീട് മാഡിരാജ, മാഡാംബികെ എന്നീ വളർത്തച്ഛനമ്മമാരുടെ പരിലാളനയിലും വളർന്ന ബസവണ്ണ 16-ആം വയസ്സു മുതൽ ശിവഭക്തനായി. ജാതിവ്യവസ്ഥയ്ക്കും ആചാരനുഷ്ഠാനങ്ങൾക്കും എതിരായിരുന്നു ബസവണ്ണ. പൂണൂൽ പൊട്ടിച്ചെറിഞ്ഞ് നാടുവിട്ട് 'കപ്പഡിസംഗമ' എന്ന സ്ഥലത്തെത്തി വേദാഭ്യസനം നടത്തി 'കല്യാണ'ത്തിലെത്തി ബിജ്ജളരാജാവിന്റെ സുഹൃത്തും മന്ത്രിയുമായി. 'കല്യാണ'ത്തിൽ ജാതി-വർഗ-ലിംഗഭേദമില്ലാത്ത, മതാചാരങ്ങളില്ലാത്ത, ഒരു സമൂഹമായി ശിവഭക്തർ; അപകടം മണത്തറിഞ്ഞ യാഥാസ്ഥിതികർ രാജാവിനോടു പരാതിപ്പെട്ടു. ഒരു അവർണ്ണനും ബ്രാഹ്മണസ്ത്രീയും തമ്മിൽ ബസവ വിവാഹം നടത്തിക്കൊടുത്തതോടെ എതിർപ്പ് ശക്തിയായി. രാജാവ് വധൂവരന്മാരെയും അവരുടെ പിതാക്കന്മാരെയും വധശിക്ഷയ്ക്കു വിധിച്ചു. വീരശൈവർ ഇതോടെ ഭരണകൂടത്തിനെതിരെ സായുധകലാപതിനൊരുങ്ങി. അഹിംസാവാദിയായ ബസവണ്ണ മനം നൊന്ത് 'കപ്പഡിസംഗമ'യിൽ തിരിച്ചെത്തി താമസിയാതെ മൃതിയടഞ്ഞു. കർണ്ണാടക ഭക്തകവികളിൽ അഗ്രഗണ്യനായിരുന്ന ബസവണ്ണ അദ്ധ്വാനത്തിന്റെ പ്രകീർത്തകനും സമത്വവാദിയും ആചാരവിരുദ്ധനുമായിരുന്നു. ഈ കവിതയുടെ ഈ മൂല്യങ്ങളാവിഷ്കരിക്കുന്ന ഒരു സാങ്കല്പിക സന്ദർഭമാണ്.

മലമുകളിൽ വരിക! ഈ നീലക്കുറിഞ്ഞികൾ
ശിവകണ്ഠമെന്നപോൽ വിഷവിഷാദം മോന്തി-
യുലകിന്നു ചിരിയുമമൃതും നല്കുവാൻ പൂത്ത
മലമുകളിൽ, വയലിലെച്ചേറ്റു കാലുമായ്
ഉടലിൽ വജ്രംപോൽ തിളങ്ങും വിയർപ്പുമായ്

ചുവടുവെച്ചെത്തുക, വട്ടത്തില് നില്ക്കുക.

മലമുകളിൽ വരിക, പാതാളത്തിൽനിന്ന്, കരി-
യുടലിലും ചോരയ്ക്കുചോ,പ്പമ്മമാർക്കുമുല
നിറയുന്ന പാലിന്നു വെളുപ്പ്, സ്വപ്നത്തിന്നു
പുതുനെൽനിറം, പ്രേമമതു പുഴകൾപോൽ നീല.
ഇനിയില്ല ചണ്ഡാള,രിനിവേണ്ട ബ്രാഹ്മണർ
ഇനിയുള്ളതീക്കുവളപ്പൂക്കൾ, ഉഴുതിട്ട
വയൽ, വിത്തിലിച്ഛതൻ പച്ചയായ് നിറയുന്ന
ശിവനൃത്തവും സൂര്യവരമെഴും വാനവും
വരിക, ശിവനെച്ചുറ്റി നാം കൈകൾ കേർക്കുക,
അവനു കൊടിയായിക്കലപ്പകളുയർത്തുക.

ശിവനുടയ കാലടിയിലുഴവും നിരത്തലും
തിരമുട്ടിലുലയുന്ന ഞാറിന്റെ മരതകം
ശിവനരക്കെട്ടിലേ കതിർ പാലു നിറയുന്നു
തിരമാറിലേ കറ്റ കനകമായ് ചായുന്നു
ശിവനുടയഹൃദയത്തിലാണു നാം കൊയ്യുന്നു
തിരുനീലകണ്ഠമേ പൊലി കൂട്ടിവെക്കുന്നു
കനൽമിഴിയിലേ നെൽ പുഴുങ്ങിയരിയാക്കുന്നു
ശിവഗംഗതൻ കരയിലുണ്ടു തിറയാടുന്നു
ജടയിലേ പൂക്കുന്നു തുമ്പയും തെറ്റിയും
കിളികൾ കലമ്പുന്നു, അണ്ണാൻ പരുങ്ങുന്നു.

പണിയാൽ പവിത്രമാമുടലുമായ് പോരിക,
ഇടിമിന്നൽപോൽ മിന്നുമാത്മാവുമായ് വരിക!
നിലമുഴും കരി ശിവൻ, കൊയ്യുമരിവാൾ ശിവൻ,
അതു കൊയ്തതാറ്റിക്കൊഴിക്കും മുറം ശിവൻ
അറ, പറ, കലം, കയിൽ, അവ നിറയുമന്നവും
അതിൽ നൃത്തമാടുന്നൊരൂർജ്ജമതും ശിവൻ
തൊലികളഞ്ഞിട്ടവൻ നമ്മെ വറുക്കുന്നു
തിരികല്ലിലിട്ടവൻ നമ്മേപ്പൊടിക്കുന്നു
തനിനിറം കാണുംവരേക്കും കൊഴിക്കുന്നു
പലപടി കുഴച്ചു പരത്തിപ്പൊരിക്കുന്നു.
ചുട്ടുവെയിലിൽ വരിക, നാം കൈകോർത്തു നിൽക്കുക
മൊരിയുംവരെ,പ്പിന്നെയേറിടാം തളികയിൽ.

എളിയവർ ദളിതർ നാ,മെന്നാലനന്തത-
യൊരു വിത്തുപോൽ നമുക്കുള്ളിലുറങ്ങുന്നു
അതിനെ നാം തൃഷ്ണതന്നെലിയിൽനിന്നും കാത്തു
വളമിട്ടുണർത്തുക, കളകൾ പറിക്കുക
പുഴു ഗർവ്വ്, കീടമസൂയ, സംസാരമേ
പ്രളയ,മതിനാൽ നിദ്ര മരണമായ് തീർന്നിടാം.
ഉണരുക, ഇവിടെ നാമൊന്നിച്ചു നിൽക്കുക.
ഇവിടെ—ഈയത്തിച്ചുവട്ടിൽ, രാജാവിന്റെ
കരവാളു ജാതിയെ സ്വപ്നത്തിനാൽ വെന്ന
വധുവിന്റെ ലോലമാം കണ്ഠത്തിൽ വീണൊരീ
കുരുതിക്കളത്തിൽ, വരന്റെ ശിരസ്സിനെ
ഫലമായ് വരിച്ചൊരീശ്ശാഖതൻ ഛായയിൽ.
അരുതരുതാദരം സിംഹാസനങ്ങളോ-
ടരുതു പ്രതാപത്തിലാസക്തി, പൊന്നിലും
ധനികർ നിർമ്മിക്കുന്നു ശിവമന്ദിരങ്ങൾ, നാ-
മെളിയവർക്കോ കാലുതൂണുകൾ, ഉടൽ കോവിൽ,
തല താഴികക്കുടം, നാംതന്നെ മന്ദിരം.
സ്ഥിരമായതൊക്കെയും വീണുപോകുമൂലകത്തിൽ
നിലനിൽക്കുമേ ചലിപ്പതു മാത്രമെപ്പൊഴും[1]
ശിവ-ശക്തിപോൽ പെണ്ണുമാണും! വരൂ, പാടു-
കൊരു മുക്തിഗീതം, കതിർപോലെയാടുക!
ഗോമാവിനിലകളാൽ തൊപ്പികൾ ചൂടുക
പീലിയായ് ചോളക്കതിരതിൽ വെക്കുക
കണിവെള്ളരിപ്പൂക്കൾ കാതിലും ഞാത്തുക
കടുകിന്റെ പൂക്കളാൽ നിറമാല ചാർത്തുക
കമുകിന്റെ പൂക്കുല കൈകളിൽ പേറുക
വളയായ് കുരുത്തോലയണിക കൈത്തണ്ടയിൽ
അരിയ വാഴപ്പോള തുകിലായുടുക്കുക
അരയിൽ മത്തന്റെ പൂവള്ളികൾ ചുറ്റുക
വഴുതിനപ്പൂക്കളാൽ കാൽച്ചിലമ്പണിയുക
അടിമുടി കുമ്പളപ്പൊടി വെള്ളി പൂശുക!
നടുവിലുണ്ടാം ചാമ്പലണിമെയ്യുരുക്കിന്റെ
മലരാക്കിയാടുവാൻ തുടികൊട്ടിടും ശിവൻ.
വരിക, മഴപെയ്യുന്നു കൊന്നകൾ പൂത്ത താഴ്-
വരപോലെ! തുമ്പികൾ വന്നിറങ്ങുംപോലെ!

[1] ഈ അഞ്ചുവരികളിലുള്ളത് ബസവണ്ണയുടെതന്നെ 'വചന'ത്തിന്റെ ആശയമാണ്.

കുരുകിലകൾ പതിനായിരം ചിലയ്ക്കുംപോലെ,
മധുരക്കരിമ്പിന്റെ നീർപോലെ, പെയ്യുന്നു
മഴ,യിതു വരുന്നു കൈലാസത്തിൽനിന്നു, ശിവ-
നയനമേഘങ്ങളിൽനി,ന്നിതിൽ നനയുക!
കുളിരിൽനിന്നാടുക! നാം നട്ട വിത്തുകൾ
മുളയെടുക്കട്ടെ നാമില്ലാതെയാകിലും.
ഇനിയില്ല നാകവും; നരകവും ഭുവിതി-
ലിനിയില്ലയരചനും പ്രജയു, മിശ്ശിവ-ശക്തി-
നടനമേ സത്യം, ഇത്താരയൂഥങ്ങളിൽ
നിറയും വെളിച്ചമേ സത്യം ഇക്കുരുവിതൻ
മിഴിയിലും പാലതൻ പൂവിലും വാക്കിന്റെ
വടിവിലും വിരിയും വെളിച്ചമേ സത്യ, മീ
മഴയിൽ നിർവാണത്തി, ലുരുകുക, അണപൊട്ടി-
യൊഴുകുക, പ്രഭുവെന്ന, ദ്വിജനെന്ന, ആണെന്ന,
ഞാനെന്ന ഭാവങ്ങളൊക്കെത്തകർത്തു നാ-
മുയരുക, പവിത്രമാകട്ടേ ധരാതലം.

(1995)

# 91

## അക്ക മൊഴിയുന്നു

പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണാടകത്തിൽ ജീവിച്ച വീരശൈവഭക്ത കവയിത്രിയായ മഹാദേവിയക്കയാണ് ഈ കവിതയിൽ സംസാരിക്കുന്നത്. 'മല്ലികാർജ്ജുന'നെ (മല്ലികയുടെ പതിയെന്നും മുല്ലപോലെ വെളുത്തവനെന്നും–ശിവന്റെ ഒരു പര്യായം) പത്താം വയസ്സിലെ മനസാ വരിച്ച 'അക്ക' (ചേച്ചി) കൗശികരാജാവിന്റെ പ്രണയാഭ്യർത്ഥന നിരസിച്ചുവെന്നും മുടികൊണ്ടുമാത്രം നഗ്നത മറച്ച് അലഞ്ഞുതിരിഞ്ഞുവെന്നും അല്ലമപ്രഭുവുമായി വാദത്തിൽ ജയിച്ച് ആ ഭക്തകവിയുടെ ശിഷ്യയായെന്നും 'ശ്രീശൈല'ത്തിലെത്തി ഇരുപതാം വയസ്സോടടുത്ത് ശിവനിൽ ലയിച്ചുവെന്നുമാണ് ഐതിഹ്യം. സ്ത്രീഭാവവും സംന്യാസഭാവവും ഇടകലർന്നാണ് 'അക്ക'യുടെ വചനങ്ങൾ. ഈ കവിത കവയിത്രിയുടെ സമാധി മുഹൂർത്തത്തിലെ സ്വഗതാഖ്യാനമായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു.

ഹേ, ശിവ, ഹേ മല്ലികാർജ്ജുന, തുറക്ക നിൻ
വാതിൽ, വരികയായ് നഗ്നയാം വാക്ക്: ഞാൻ.
എന്റെ പൂവൊക്കെയും നിന്റെ,യെൻ കനൽ നിന്റെ,
എന്റെയുടലിന്റെ നിറപറ നിന്റെ, പൊലി നിന്റെ
എന്റെ സ്വപ്നത്തിന്റെയമ്പിളിക്കല നിന്റെ
എന്റെ വചനത്തിന്റെ സുരഗംഗ നിന്റെ ഞാ-
നെന്നുമേ മാന്തുന്ന കാളക്കൂടം നിന്റെ-
യെൻ പ്രാണനെന്നും മുഴക്കുന്ന തുടി നിന്റെ,
പാദസരമണിയാത്ത കാലുകളിൽ നിറയുന്ന
കാലനടനം നിന്റെ, നിന്റെയീ നിമിഷവും.
എത്ര യോനികളിൽ പിറന്നു ഞാൻ, ലോകങ്ങ-
ളെത്രയോ കണ്ടു, നരകങ്ങൾ കടന്നു ഞാൻ.
ആട്ടിടയനെപ്പോലെ മായ ലോകങ്ങളെ-

യാട്ടിത്തെളിക്കെ,സ്സുഖങ്ങൾ പുളിമാമ്പൂളു
നീട്ടിക്ഷണിക്കെ,ത്തിരക്കിയഭയത്തിനായ്
കാട്ടിലും കുന്നിലും നിന്നെ ഞാൻ- എൻ ഗർഭ
പാത്രത്തിൽ നീ കിടക്കുന്നതറിയാതെ ഒരു
ചെറുവിരലനക്കാതെ, മിണ്ടാതെ, ചെമ്പക-
ച്ചെറുമൊട്ടിൽ മണമുറങ്ങുംപോലെ, കനകത്തിൽ
നിറമാകെ നിറയുന്ന പോൽ, മുളകിലെരിവുപോൽ
നീയെന്നിലടിമുടി പരന്നതറിയാതെ!
ഞാനടുക്കുന്നു കൈലാസത്തിലെപ്പൂലർ
കാല,മെനിക്കു പവിഴങ്ങളെന്തിനോ?
ലോകം മുഴുവനും ഞാനാകിലെങ്ങനെ-
യേകാകിയാകുവാൻ ഞാനേകയാകിലും?
എല്ലാ മരങ്ങളും കൽപവൃക്ഷം, എനി-
ക്കെല്ലാച്ചെടികളും സഞ്ജീവനി, ശില-
യെല്ലാം ശിവലിംഗ,മെത്തുന്നതത്രയും
പുണ്യസ്ഥലം, കുടിനീരമൃതൊക്കെയും
കല്യാണസൗഗന്ധികം പൂക്കളത്രയും
എൻ പ്രിയനെന്നുള്ളിനുള്ളിൽ മിടിക്കുകിൽ.
ജ്വാലയില്ലാതെ ജ്വലിക്കുന്ന നീയെന്നതിൽ
ചോര ചൊരിയാതെന്റെയുള്ളിൽ കടക്കുന്നു
ക്ലുടെശ്ശയിക്കാതെ രതിമൂർച്ഛ നൽകുന്നു
ദേഹമനങ്ങാതെ ദൂരഗ്രഹങ്ങളി-
ലാനയിക്കുന്നു, മുളയ്ക്കുന്നു കുത്താതെ.
നീ കിളിക്കണ്ണ്, കിളി, കിളി കൂടുവെയ്ക്കുന്ന
പൂമരം നീ, മരം നിൽക്കുന്ന കാടു നീ,
കാടിരിക്കും ഭൂമി, ഭൂമി നൽകുന്ന പ്രപഞ്ചവും നീ,
അപ്രപഞ്ചമിരിക്കുന്ന സ്വപ്നവും
സ്വപ്നവും വിരിയുന്ന ചിത്തവും.
ഹേ ഹര, ഹേ മല്ലികാർജ്ജുന, അടച്ചു ഞാൻ
വാതിൽ, വരികയായമ്മി ചവിട്ടി ഞാൻ.
ഇടിമിന്ന,ലെന്നക്കുളിപ്പിച്ചൊരുക്കുവാൻ
ഉരുൾപൊട്ട,ലെൻ മുടിയിൽ മുല്ലമലർ ചൂടുവാൻ.
പുതുവെയിലുടുത്തു ഞാൻ നിൽക്കുന്നു, പാമ്പിന്റെ
വരണമാലയുമായി നീലകണ്ഠാ, വരൂ.
ഉയരുന്നു കാളക്കുളമ്പടി കുന്നിന്റെ
ചെരിവിൽ! നിന്നമ്പിളിക്കലതൻ തിളക്കമേ

മരതകമാക്കുന്നു ചന്ദനമരങ്ങൾ ത-
ന്നിലകളെ, ഗംഗതൻ കുളിർകാറ്റിൽ നിറയുന്നു.
ഇനിയില്ലട്ടപ്പിന്റെ പുകയു,മാസക്തർതൻ
മിഴിതൻ കഠാരിയും! നീലിച്ച കൈകളാൽ
പുണരുകാഞ്ഞാ,ഞ്ഞെന്നെ ബോധം കെടുത്തുക!
ഒരു ചുംബനത്തിനാലെൻ ജീവനൂറ്റുക!
ഇനി നമ്മൾ മാത്രം, അനന്തതയും, അതിൻ
ലഹരിയിൽ നീലയായ് പാട്ടുമെൻ ജീവനം.

(1995)

# 92

## ആണ്ടാൾ പ്രണയത്തെക്കുറിച്ച് സംസാരിക്കുന്നു

തമിഴിലെ സംഘകാല വൈഷ്ണവ സന്യാസിമാരായിരുന്ന ആൾവാർമാർക്കിടയിൽ ഒരേ യോരു കവയിത്രിയാണ് ആണ്ടാൾ. പെരിയാൾവാറുടെ മകളായിരുന്ന ആണ്ടാൾ 9-ആം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്നു. കുട്ടിക്കാലം മുതലേ വിഷ്ണുഭക്തയായിരുന്ന ആണ്ടാളിന്റെ കവിതയിൽ ഭക്തിയും കാമവും തുല്യശക്തിയോടെ പ്രത്യക്ഷപ്പെടുന്നു. ശ്രീ രംഗം ക്ഷേത്രത്തിലെ പന്നഗശായിയെയല്ലാതെ ഒരാളെയും താൻ വിവാഹം ചെയ്യില്ലെന്ന് ആണ്ടാൾ ശഠിച്ചുവെന്നും, ക്ഷേത്രത്തിലെ പുരോഹിതർക്ക് സ്വപ്നത്തിൽ വിഷ്ണു പ്രത്യക്ഷ പ്പെട്ട് ആണ്ടാളിനെ ശ്രീവല്ലിപ്പുത്തൂരിൽനിന്ന് ശ്രീരംഗത്തേക്ക് വിവാഹത്തിനായി ആന യിക്കാൻ കല്പിച്ചുവെന്നും, പല്ലക്കിൽ നിന്നിറങ്ങി, ശ്രീകോവിലിനു മുന്നിലെത്തിയതോടെ അവൾ വിഷ്ണുവിൽ ലയിച്ചുവെന്നുമാണ് ഐതിഹ്യം. അപ്പോൾ ആണ്ടാളിന് പതിനഞ്ചു വയ സ്സേ ആയിരുന്നുള്ളുവത്രെ. 'തിരുപ്പാവൈ'യും 'നാച്ചിയർ തിരുമൊഴി'യുമാണ് മുഖ്യരചന കൾ. ആണ്ടാൾ പ്രണയത്തെക്കുറിച്ചു സംസാരിച്ചാൽ എങ്ങനെയായിരിക്കുമെന്ന് സങ്കല്പിച്ചു നോക്കുകയാണ് ഈ കവിത.

ഉരിയാടിപ്പോയാൽ വാക്കിൻ
        ചെറുചൂടാൽ മഞ്ഞുകണക്കിന-
തലിയാമെന്നോർത്തിട്ടവനോ-
        ടുരിയാടാതുള്ളിലൊതുക്കി
പുഴയടിയിൽ പാർക്കും ഭ്രതം
        പോൽ ശ്വാസംമുട്ടി, തേനിൽ
ചെറുകാലുകൾ പെട്ടോരുറുമ്പി-
        ന്നരുതായ്കയിൽ, ഇന്നലെയവനാ-
പ്പതിനാലാം നാളിൽ ചന്ദ്രനു
        കനകത്തിൻ തുവൽമുളപ്പതു

കടൽമിഴിയിൽ കാണാനായി-
ക്കരിവീട്ടിക്കാമ്പുടൽ ചാരിയ
മലർവാകമരത്തിനെയമ്മയു-
മറിയാതെ മണത്തു തലോടി,
മുയൽപോൽ മൃദുവായൊരുമെത്ത
പ്പായ് മുള്ളു നിറഞ്ഞ മുരിക്കെ-
ന്നുടൽനീറി,പ്പാതിരതോറും
അവനുടെ മേലൊരു പൂവെറിയാൻ
ചെറുതെന്നലിനായ് കാതോർക്കും
കരവീരച്ചെടിയായ് മാറി-
പ്പുലരിയിൽ മുടിചിക്കുമ്പോളതു
തളിരിലയെന്നോർത്തു ഭ്രമിച്ചൊരു
നെടുവീർപ്പിട്ടുന്മാദിനിപോൽ
മനമെങ്ങുമുറയ്ക്കാതേ, നീൾ-
മിഴിവിങ്ങിക്കൈയിൽ താടിയു-
മൂന്നിയിരിക്കവതൊരു വക പ്രണയം.

കാലിക്കുട്ടവുമായ് ചാട്ട-
യ്ക്കൊപ്പം തൻ കണ്ണുംചുഴറ്റി-
ക്കോലക്കുഴലിൻ വിളിയേറീ-
ട്ടവനെത്തും കുന്നിൻചെരിവിൽ
തേനൊഴുകും ചോലയിലെന്നും
താനറിയാമട്ടിൽ തളവള
തോടകൾ മണിമാലകളാടകൾ
ഒക്കെയുരിഞ്ഞവനുടെ വഴിയിൽ
കാണാകും മട്ടിലെറിഞ്ഞും
കാട്ടാറുകണക്കു ചിരിച്ചും
തെങ്ങോലയിലാതിരതൻ നറു-
ചന്ദ്രികപോൽ താണു തുടിച്ചും
അവനെത്തും പോതിൽ കേവല-
മരയോളം നീരുള്ളോരാ-
ക്കടവിൽ തൻ കായാമ്പൂവുടൽ
പതയുന്നൊരുളുഞ്ചിക്കായും
തളിർവെള്ളിലമൂറ്റിയ താളിയു-
മസുലഭമാം നാല്പാമരവും
സുരഭിലമാം നെന്മേനിപ്പൊടി-

യതുമി;ട്ടൊരു കാതം ചുറ്റള-
വവിടെത്തൻ നില്പറിയിച്ചും
അതുകൊണ്ടുമവൻ കാണായ്കിൽ
കരയിൽനിന്നൊരു സീതാമുടി
പിഴുതിട്ടൊരു കല്ലിൽ കെട്ടി-
ട്ടവനുടെനേർ മുന്നിലെറിഞ്ഞും
അതു പോരെന്നാകിൽ നീരാ-
ട്ടവിടിട്ടിട്ടീറൻ ചുറ്റി
ജലകന്യകപോലാത്തിട്ടിൽ
കയറിത്തൻ പശുവിൻ പിറകേ
പാഞ്ഞതയമ്പാർന്നൊരു കാലടി
യതിൽ നിൽചെമ്പഞ്ഞിച്ചാറും
പാലു കറന്നായുർരേഖകൾ
ചോരച്ചോരുള്ളംകൈയിൽ
മൈലാഞ്ചിക്കറയും പൂശി
ഇടയനവൻ വരുവോളവും, ആ
ഇളവെയിൽ പൂത്തൊരശോക-
ച്ചെടിപോലെ തുടുത്തു കുണുങ്ങി-
പ്പുല്ലിലിരിക്കുവതൊരു വക പ്രണയം.

മുരശൊലിയിൽ പൂക്കാവടിപോൽ
മലർതിങ്ങും കുന്നുവിറയ്ക്കെ,
മദയാനകൾപോലെ പെരുമ്പറ-
യുടെ ചിന്നംവിളി കേട്ടുള്ളിൽ
ഭയമാണ്ടക്കാവേരിയിൽ നീർ
മണലോളം താണേപോകെ
അടരിന്നായ് കുതിരകളാനകൾ,
പട, തേരുകൾ കൊടികളുയർത്തി
പ്പടഹവുമായ്പ്പോകെ,പ്പൊങ്ങും
പൊടിപടലം പെരുമതിലായി
നരനെപ്പരനിൽനിന്നകലേ-
യ്ക്കുതിരം നാറുന്നോരിരുളിൽ
തടവിലിടും ഞൊടിയിൽ കണവനെ-
യുള്ളുപിളർന്നൊഴുകും ചോരയി-
ലങ്കക്കുറിതൊട്ടുവിച്ചിട്ടൊരു
കാഞ്ചിപ്പൂമാലയണിച്ചും

വഞ്ചിപ്പൂ തലയിൽ വെച്ചും
        വാളേകീ,ട്ടകിലിൻഗന്ധം
പൊങ്ങുന്നൊരു മണവറ തന്നുടെ
        വാതില്പടിയോളം, മാമ്പൂ
ചിന്നിയ ചെറുമുറ്റത്തോളം,
        വെള്ളാമ്പലിനിതളിൻ തൊട്ടിലിൽ
മഞ്ചാടിക്കുരു വീണാട്ടം
        നീരാട്ടുകുളത്തോളം, പയർ-
വള്ളികളാൽ തൊലിയുരിയുന്നോ-
                രില്ലിക്കൂട്ടത്തോളം, മയി-
ലെള്ളിൻപൂ പട്ടുവിരിച്ചൊരു
                വഴിയോളം, തിനവയലോളം,
ചെന്നവനെക്കണ്ണാൽ വീണ്ടും
                കാർക്കുവളമാലയിൽ മൂടി,-
പ്പിന്നൊന്നു തിരിഞ്ഞേ നോക്കാൻ
                പേടിക്കുംപോലെ തിരിഞ്ഞാ
മദ്ദളവും കുഴലുമകമ്പടി-
                യായിത്താൻ പുതുപെണ്ണായി
മെല്ലേയിറവെള്ളംപോലടി
                വെച്ചോരു വരമ്പതിലേ പെരു-
വെള്ളക്കാറ്റേപ്പോലോടീ-
                ട്ടിറയത്തു ശവംപോൽ വീഴുവതൊരു വക പ്രണയം.

നാളേറെപ്പോകെ, വീണ്ടും
                മുള പൂക്കെ,കൈതക,ളിലവുകൾ
കരുനൊച്ചികൾ, ഇണ്ടം, ഇലഞ്ഞി,
                ചുരപ്പുന്നകൾ, പയിനികൾ, വാനികൾ
ചെറു പൂളകൾ, പൂനലികൾ, പുന്നകൾ
                പൂത്തുലയും താഴ്വാരത്തിൽ
മധുവിധുവിന്നോർമ്മകളൊഴുകും
                കിളിമൊഴികളിൽ മനവും തനുവും
അരിയാതുണരുമ്പോ,ളിരുചെവി-
                യറിയാതെ സ്വപ്നാടകപോൽ
കുഴൽവിളിയുടെ പിറകേ പോയ്, ഒരു
                പെരുവേങ്ങമരത്തിൽ തണലിൽ
മുഴുതിങ്കൾക്കിരണം മുകിലിനെ

മുകരുംപോലവനിലലിഞ്ഞി-
ട്ടൊഴുകിയ കണ്മഷിയും മാഞ്ഞൊരു
കുറിയും, മുത്തങ്ങാക്കായും
മണലും പറ്റിയ പൂഞ്ചുകിലും,
മുടികളിലറിയാതെ കുരുങ്ങിയ
മയിലിൻ ചെറു പീലിത്തുണ്ടും,
അടിമുടിയൊരു നീലച്ചുണ്ടി-
ന്നടയാളവുമങ്ങിങ്ങോർമ്മകൾ
പൊടിയുന്ന ക്ഷതങ്ങളുമായി
ശരിതെറ്റുകൾ പൊരുതും മനവും
സുഖമേറ്റിത്തളരുമൊരുടലും
മധുരാഷ്ടകമുണരും ചൊടിയും
വിധുരർതൻ പാപത്തിനു രുചി
മധുരം പുളിയുപ്പുചവർപ്പെരി-
വിതിലേതെന്നറിയാതുഴറി
പ്പുകയുന്ന വിചാരവുമായി-
പ്പതിയെത്തലതാഴ്ത്തി നടന്നാ
ക്കുടിയെത്തീട്ടാരും കാണാ-
തുടയാടകൾ മാറ്റുവതൊരുവക പ്രണയം.

ഉടലൊമ്പതു കതകുകളുള്ളൊരു
പരിപാവന മന്ദിരമാക്കി
ഹൃദയത്തിൻ ഗർഭഗൃഹമക-
മവനെ സ്വപ്നത്തിൻ മൃദുശില-
യതിൽ മൂർച്ചയെഴും ധ്യാനത്താൽ
കൊത്തി,ക്കണ്ണീരിൽക്കഴുകീ-
ട്ടെട്ടുമ്മകൾകൊണ്ടു പ്രതിഷ്ഠി-
ച്ചെന്നും മിഴിനാളുമുഴിഞ്ഞും
ചെഞ്ചുണ്ടിന്നിതളർച്ചിച്ചും
കാവേരിക്കാറ്റിൽ കഴുകിയ
കാർകുന്തൽകൊണ്ടവനെക്കട്ടു-
നീലപ്പട്ടണിയിച്ചും, വിരി-
മാറിൽ തൻ സ്നേഹം പൂക്കും
മജ്ജയെടുത്തൊരു കുറിയിട്ടും
ഓടക്കുഴൽ വിളി കാതോർക്കും
പാദസരംപോലേ, യമുനയി-

ലോമൽപ്പൂങ്കാലിൻ നൃത്തം
കാത്തുണരും പത്തികൾപോലെ
മേലാകെക്കാതാക്കി,കൈ
കൂപ്പി,ത്തൻ ശ്വാസമടക്കി,
ഓരാ മത്സ്യവുമവ, നവനേ-
യാമകൾ, നരി-പന്നികൾ, തെരുവിൽ
കൂടിപ്പോം കുറിയവർ, വില്ലുക-
ളേറ്റിപ്പോം മലവേടന്മാർ
തോളിൽ കോടാലികൾ തുമ്പകൾ
താങ്ങിപ്പോം പണിയാളന്മാർ,
കോലക്കുഴലൂതിടുമിടയൻ,
വാളേന്തിവരുന്നൊരു ചേകവ-
നോരോ പ്രാണിയിലും പത്തവ-
താരങ്ങളെടുത്തൊരു പുരുഷനെ-
യീ മട്ടിൽ കണ്ടു വണങ്ങി,-
ദ്ദാഹം, പശി, കാമ മിതൊക്കെയു-
മോരാതെ, മഴ വെയിൽ മഞ്ഞുക-
ളറിയാതെ നരയും ജരയും
പാരാതെ, നീർമരുതിൻ വൻ
വേടിൽകുടികൊണ്ടു തപസ്സാർ-
ന്നീടുവതേ എന്നുടെ പ്രണയം.

(1996)

## 93

### ഭ്രാന്തൻമാർ

ഭ്രാന്തൻമാർക്ക് ജാതിയോ മതമോ ഇല്ല,
ഭ്രാന്തികൾക്കും.
നമ്മുടെ ലിംഗവിഭജനങ്ങൾ അവർക്കു ബാധകമല്ല.
അവർ പ്രത്യയശാസ്ത്രങ്ങൾക്കു പുറത്താണ്.
അവരുടെ വിശുദ്ധി നാം അർഹിക്കുന്നില്ല.

ഭ്രാന്തരുടെ ഭാഷ സ്വപ്നത്തിന്റേതല്ല
മറ്റൊരു യാഥാർത്ഥ്യത്തിന്റേതാണ്
അവരുടെ സ്നേഹം നിലാവാണ്
പൗർണ്ണമിദിവസം അതു കവിഞ്ഞൊഴുകുന്നു.

മുകളിലേക്കു നോക്കുമ്പോൾ അവർ കാണുന്നത്
നാം കേട്ടിട്ടേയില്ലാത്ത ദേവതമാരെയാണ്.
അവർ ചുമൽ കുലുക്കുന്നതായി നമുക്കു തോന്നുന്നത്
അദൃശ്യമായ ചിറകുകൾ കുടയുമ്പോഴാണ്

ഈച്ചകൾക്കും ആത്മാവുണ്ടെന്ന് അവർ കരുതുന്നു
പുൽച്ചാടികളുടെ ദൈവം പച്ചനിറത്തിൽ
നീണ്ട കാലുകളിൽ ചാടി നടക്കുന്നുവെന്നും.

ചിലപ്പോൾ അവർ വൃക്ഷങ്ങളിൽനിന്ന്
ചോരയൊലിക്കുന്നതു കാണുന്നു
ചിലപ്പോൾ തെരുവിൽനിന്ന്

സിംഹങ്ങൾ അലറുന്നതു കാണുന്നു.

ചിലപ്പോൾ പൂച്ചയുടെ കണ്ണിൽ
സ്വർഗ്ഗം തിളങ്ങുന്നതു കാണുന്നു:
ഇക്കാര്യങ്ങളിൽ അവർ നമ്മെപ്പോലെതന്നെ.
എന്നാൽ, ഉറുമ്പുകൾ സംഘം ചേർന്നു പാടുന്നത്
അവർക്ക് മാത്രമേ കേൾക്കാനാവൂ.
അവർ വായുവിൽ വിരലോടിക്കുമ്പോൾ
മദ്ധ്യധരണ്യാഴിയിലെ കൊടുങ്കാറ്റിനെ
മെരുക്കിയെടുക്കുകയാണ്
കാൽ അമർത്തിച്ചവിട്ടുമ്പോൾ ജപ്പാനിലെ
ഒരഗ്നിപർവ്വതം പൊട്ടിത്തെറിക്കാതെ നോക്കുകയും.

ഭ്രാന്തന്മാരുടെ കാലം വേറൊന്നാണ്
നമ്മുടെ ഒരു നൂറ്റാണ്ട് അവർക്കൊരു നിമിഷം മാത്രം.
ഇരുപതു ഞൊടി മതി അവർക്ക്
ക്രിസ്തുവിലെത്താൻ.
ആറു ഞൊടികൂടി, ബുദ്ധനിലെത്താൻ.
ഒരു പകൽകൊണ്ട് അവർ
ആദിയിലെ വൻവിസ്ഫോടനത്തിലെത്തുന്നു
ഭൂമി തിളച്ചുമറിയുന്നതുകൊണ്ടാണ്
അവർ എങ്ങുമിരിക്കാതെ നടന്നുകൊണ്ടേയിരിക്കുന്നത്.

ഭ്രാന്തന്മാർ
നമ്മെപ്പോലെ
ഭ്രാന്തന്മാരല്ല.

(1996)

# 94

## താവോക്ഷേത്രത്തിൽ പോകേണ്ടതെങ്ങനെ?

(ഡി. ആർ. നാഗരാജിന്)

വീട് പൂട്ടരുത്.
പുലരിയുടെ ചെരിവിലൂടെ
ഇളങ്കാറ്റിലെ ഇലയെപ്പോലെ
കനമില്ലാതെ പോവുക.
ഏറെ വെളുത്തിട്ടെങ്കിൽ
ചാരം പൂശി പോവുക.
കൂടിയ ബുദ്ധിയെങ്കിൽ
പാതി മയക്കത്തിൽ പോവുക.
വേഗം കൂടിയതു
വേഗം തളരും.
പതുക്കെ പോവുക,
നിശ്ചലതയോളം പതുക്കെ.
ജലംപോലെ അരൂപിയാവുക
താണയിടത്തു തങ്ങുക
മുകളിലേക്കുയരാൻ
പരിശ്രമിക്കയേ വേണ്ടാ.
വലത്തുവെയ്ക്കേണ്ടാ,
ശൂന്യതയ്ക്ക് ഇടംവലമില്ല,
മുന്നും പിന്നുമില്ല.
പേർ വിളിക്കേണ്ടാ
ഇവന്റെ പേരിനു പേരില്ല.

വഴിപാടുകൾ വേണ്ടാ,
ഒഴിഞ്ഞപാത്രം കൊണ്ടുപോവുക
നിറഞ്ഞപാത്രത്തേക്കാളെളുപ്പം.
പ്രാർത്ഥിക്കയും വേണ്ടാ,
ആഗ്രഹങ്ങളുള്ളവർക്കുള്ള
ഇടമല്ലിത്.
സംസാരിക്കണമെങ്കിൽ
നിശ്ശബ്ദം സംസാരിക്കുക:
പാറ മരങ്ങളോടും
മരങ്ങൾ പൂക്കളോടുമെന്നപോലെ.
ഏറ്റവും മധുരമായ ശബ്ദം
മൗനമാകുന്നു.
ഏറ്റവും മനോഹരമായ വർണ്ണം
ഇല്ലായ്മയുടേതും.
വരുന്നത് ആരും കാണേണ്ടാ
പോകുന്നതും കാണേണ്ടാ.
തണുപ്പിൽ പുഴ കടക്കുന്നവനെപ്പോലെ
നാലിലൊന്നായിച്ചുരുങ്ങിവേണം
ഗോപുരം കടക്കാൻ.
അലിയുന്ന മഞ്ഞിൻതുള്ളിയെപ്പോലെ
ഒരു ഞൊടിയേ നിനക്കുള്ളൂ.
നാട്യമരുത്:
നീ ഇനിയും രൂപപ്പെട്ടിട്ടില്ല.
ദേഷ്യമരുത്:
പൊടിപോലും നിന്റെ വരുതിയിലല്ല.
ഖേദമരുത്:
അതൊന്നിനെയും ബാധിക്കുന്നില്ല.
കീർത്തി വിളിച്ചാൽ
വഴിമാറി നടക്കുക.
ഒരു കാലടിപ്പാടുപോലും
ബാക്കിയിടാതിരിക്കുക.
കൈകൾ ഉപയോഗിക്കയേ വേണ്ടാ
അവ എപ്പോഴും ചിന്തിക്കുന്നത്
ഹിംസയെക്കുറിച്ചാണ്.
മഹത്വത്തെ നിരാകരിക്കുക
മഹത്വത്തിലേക്ക് വേറെ വഴിയില്ല.

പുഴയിലെ മീൻ പുഴയിൽ കിടക്കട്ടെ
മരത്തിലെ പഴം മരത്തിലും.
കടുപ്പമേറിയത് ഒടിയും
മൃദുവായത് അതിജീവിക്കും,
നാവ് പല്ലിനെയെന്നപോലെ.
ഒന്നും ചെയ്യാത്തവനേ
എല്ലാം ചെയ്യാനാവൂ.
പടി കടന്നു ചെല്ലൂ,
നിന്നെക്കാത്തിരിക്കുന്നു
നിർമ്മിക്കപ്പെടാത്ത വിഗ്രഹം

(താവോക്ഷേത്രം, ചൂ-ഫൂ,'ഉത്തരകാണ്ഡം', 1994)

# 95
## ശരിയായ ബുദ്ധൻ

(ചീ-ഫെങിന്)

ബുദ്ധൻ ഒന്നല്ലായിരുന്നു
കാലടി വെയ്ക്കുന്നിടം താമര വിടർത്തിയ
നവജാതസിദ്ധാർത്ഥൻ
ജീവന്റെ അവകാശത്തിനായി
ദേവദത്തനോടു തർക്കിക്കുന്ന
ദയാമൂർത്തിയായ ഗൗതമബാലൻ
കനകത്തിന്റെ തടവിലകപ്പെട്ട
യശോധരയുടെ രാജകുമാരൻ
നശ്വരതയിലേക്കു മിഴി തുറന്ന
വ്യാകുലബുദ്ധൻ
അസ്ഥിമാത്രനായ ശാക്യമുനി
അഭയമുദ്രയിലിരിക്കുന്ന
അവഹിതേശ്വരൻ
ശിഷ്യരാൽ വലയംചെയ്യപ്പെട്ട
ജ്ഞാനേശ്വരൻ
ഔഷധമേറ്റി പത്മാസനത്തിലിരിക്കുന്ന
ധന്വന്തരി, ചിരിക്കുന്ന മഹോദരൻ,
മരിക്കുന്ന കൃശോദരൻ.

ഞാൻ നെരൂദയല്ല
കറുത്ത കല്ലിലും വെളുത്ത മരത്തിലും പണിത

കുറിയവരും നീണ്ടവരുമായ
ഈ ആയിരം ബുദ്ധന്മാർക്കിടയിൽ
സ്വന്തം കൂട്ടുകുടുംബത്തിലെന്നപോലെ
ഞാൻ സ്വസ്ഥനാണ്.
നാമും ഈ അവസ്ഥകളിലൂടെ
കടന്നുപോകുന്നു. ബുദ്ധത്വം
അകലെയാണെന്നുമാത്രം.

നമുക്കുമാകാം ബുദ്ധൻ, ഒരു വ്യവസ്ഥയിൽ:
സ്വന്തം മാംസത്തിൽ വേണം
ആ ബുദ്ധനെ കൊത്തിയെടുക്കുവാൻ
സ്വന്തം ഇച്ഛയുടെ കൂർത്ത ഉളികൊണ്ട്.
എന്നിട്ടും നടക്കണം,
സത്യത്തിലേക്ക്,
സന്തതികളില്ലാതെ.

('ശയിക്കുന്ന ബുദ്ധ'ന്റെ ക്ഷേത്രം, ബാങ്കോക്ക്, 'ഉത്തരകാണ്ഡം,' 1994)

# 96

## കടലിൽ കുളി

കടലിൽ കുളിക്കാൻ പരിചയം വേണം
കിണറ്റിൽനിന്ന് തൊട്ടിയിൽ കുളിരു മുക്കിയെടുത്ത്
ചെറിയൊരാഴത്തിൽ കുളിക്കുംപോലെയല്ല അത്.
ഇടവപ്പാതികളുടെ ഓർമ്മനിറഞ്ഞു ചുളിഞ്ഞ കുളത്തിൽ
ഒരു തവളക്കരച്ചിലിനും നീർക്കോലിച്ചാട്ടത്തിനുമിടയിൽ
മുങ്ങിക്കലങ്ങി ആമ്പലില ചൂടി ആലിൻതണലിലേക്കു
നിവരുംപോലെയല്ല
പൈപ്പിൽ നിന്നിറ്റുവീഴുന്ന കാളിന്ദിയുടെ
അവസാനത്തെ തുള്ളികൾക്കു കീഴെ
നഗരത്തിന്റെ വേഗവും കലമ്പലുമൊലിച്ച്
നൃത്തവും നാല്പാമരവും മറന്ന്
കാഞ്ഞിരക്കുറ്റിയായി നിൽക്കുംപോലെയുമല്ല.
കാരണം, കടലിൽ ആമ്പലുകളില്ല;
നഗരത്തിൽ കടലുമില്ല.

കടലിൽ കുളിക്കാൻ ഉള്ളതെല്ലാം
കരയിലുപേക്ഷിച്ചുപോകണം.
ചെറുതിരകളെണ്ണി മടുക്കുമ്പോൾ
ശിരസ്സിൽ സൂര്യൻ കത്തിനിൽക്കുന്ന
ആ വൻതിരയിലേക്കു കുതിച്ചുചാടണം
എന്നിട്ട് ഉപ്പ് ഓരോ രോമകൂപത്തിനും
പല്ലുകൾ മുളപ്പിക്കുവോളം മുങ്ങിക്കിടക്കണം.
അപ്പോൾ കേൾക്കാം:

തിമിംഗലത്തിന്റെ വെളുത്ത വയറ്റിൽ നിന്ന്
അച്ഛനമ്മമാർ കഴുമരത്തെക്കുറിച്ച് പാടുന്നത്.
അപ്പോൾ കാണാം:
കുട്ടികളുടെ പവിഴമടക്കിപ്പിടിച്ച കൈകൾ
സ്രാവിന്റെ വലതുകണ്ണിലൂടെ പുറത്തേക്കു നീളുന്നത്.
കടലിന്നടിയിൽ പാറക്കെട്ടുകളുണ്ട്.
അവയിൽ ശിരസ്സിടിച്ച്
ചിന്തകൾ ചിതറിത്തെറിച്ചു മരിച്ചവരുണ്ട്.
ജലകന്യകളുടെ വലയിൽപ്പെട്ടാൽ
പാതിയുടൽ നിറയെ ചെതുമ്പൽ മൂടി
കരയ്ക്കും ജലത്തിനും നിങ്ങൾ അന്യരാകും
തിമിംഗലങ്ങളുടെയുള്ളിൽ നടക്കുന്നതോ,
വെളിച്ചം നിറഞ്ഞ നാട്ടുവഴികളിൽ
പാട്ടുമൂളിനടക്കുംപോലെയല്ല,
വഴികാട്ടാൻ അവിടെ ഒരു ഒടിച്ചുകുത്തിപ്പൂങ്കുലയുടെ
മണം പോലുമില്ല.

ഒരു ജലപ്പിശാച് എന്റെ മുത്തച്ഛനെ
ശംഖാക്കി എടുത്തൂതി
കടൽത്തീയിന്റെ കുഞ്ചിരോമങ്ങളിൽ തൂങ്ങി
രക്ഷപ്പെടാൻ ശ്രമിച്ച അച്ഛനെ
ഒരു പവിഴപ്പുറ്റു തടുത്തുനിർത്തി
ഒരു കടൽഭൂതം ചുമലിൽ വഹിച്ചതോടെ
എന്റെ അമ്മ ഒരു ഉഷ്ണജലപ്രവാഹമായി മാറി.
പകരം ചോദിക്കാനെത്തിയ ഞാനിതാ
കടൽക്കടകളിൽ കൈകാലുകൾ കുരുങ്ങികിടക്കുന്ന
അസ്ഥിമാത്രമായ ഒരു വാക്കായി, ഒരു താക്കീതായി.

കരയിലുള്ളവരേ,
കടലിൽ കുളിക്കാൻ പരിചയം വേണം.
കടലിൽ മരിച്ച പരിചയം.

(1996)

# 97

## ലാൽദെദ് അതിർത്തികൾക്കെതിരെ സംസാരിക്കുന്നു

പതിനാലാം നൂറ്റാണ്ടിലെ കാശ്മീരി യോഗിനിയായ ലാൽദെദ് (ലല്ലാ ആരിഫാ എന്നും ലല്ലാ എന്നുംകൂടി പേരുകൾ) ഒസംപോറിൽ അഥവാ പാൻദ്രെൻഥാനിൽ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചതായും വിവാഹശേഷം നാട്ടുമുറപ്രകാരം പേരുമാറ്റി 'പത്മാവതി' ആയതായും ഭർത്തൃഗൃഹത്തിലെ പീഡനവും സംന്യാസത്തിന്റെ പ്രലോഭനവും സഹിക്കാനാകാതെ വീടുവിട്ടിറങ്ങിയതായും കരുതപ്പെടുന്നു. ശ്രീകണ്ഠനൾപ്പെടെ ചില സിദ്ധരിൽനിന്ന് സാധന ശീലിച്ചെന്നും, നന്ദ്ഋഷി, മീർ സയ്യിദ് അലി ഹമദാനി, ഹസ്രത് സയ്യിദ് ഹുസൈൻസംനാനി തുടങ്ങിയ സൂഫി സംന്യാസിവര്യരുമായി സംവാദങ്ങളിൽ ഏർപ്പെട്ടെന്നും ജാതി-മതാദിഭേദങ്ങളെയും മതച്ചടങ്ങുകളെയും വെല്ലുവിളിച്ച് നഗ്നയായ ശിവയോഗിനിയായി കാശ്മീരിൽ ഉടനീളം അലഞ്ഞെന്നും ജീവചരിത്രകാരന്മാർ പറയുന്നു. ശിരസ്സിൽ വഹിച്ചിരുന്ന കുടം പൊട്ടിയിട്ടും ജലം അതേരൂപത്തിൽ സ്ഥാനത്തിരുന്നെന്നും, സൂഫിസയ്യിദ് അലിയെക്കണ്ട് പെട്ടെന്നു തോന്നിയ ലജ്ജയിൽ ഒരു റൊട്ടിച്ചൂളയിൽ കയറി ഒളിച്ച് സുവർണാംബരയായി പുറത്തുവന്നെന്നും സമാധിക്കു സമയമായപ്പോൾ ഒരു വലിയ മൺഭരണിക്കകത്തു കയറി മറ്റൊന്നിനാൽ മൂടി അപ്രത്യക്ഷയായെന്നും മറ്റും ഐതിഹ്യങ്ങൾ. ലല്ലയുടെ (മുസ്ലീങ്ങളും അവരെ 'റാബിയാ' ആയി ആരാധിക്കുന്നു) വചനങ്ങൾ അഥവാ, 'വാഖ്'കൾ മനുഷ്യസമത്വത്തിലൂന്നുന്നവയും വേദാന്തസാന്ദ്രവും പ്രതീകാത്മകവുമാണ്. ഇവിടെ 'ഉണങ്ങാത്ത കുടത്തിലെ ജലം', 'മരപ്പശുവിനെ കറന്നു പാലെടുക്കൽ', 'കല്ലുതന്നെ അരകല്ലും ശിവലിംഗവും', 'അമ്മയുടെ മടിയിൽ കുട്ടിയെപ്പോലെ ചഞ്ചലമായ മനസ്സ്' എന്നീ പ്രയോഗസൂചനകളൊഴിച്ചാൽ ഞാൻ ലല്ലയുടെ മനസ്സു മാത്രമേ എടുത്തിട്ടുള്ളൂ. കലഹകലുഷമായ ഇന്നത്തെ കാശ്മീരത്തിലിരുന്ന് ലാൽദെദ് അതിർത്തികളെക്കുറിച്ചു സംസാരിച്ചാൽ എങ്ങനെയിരിക്കും എന്നു സങ്കല്പിക്കുകയാണു ഞാൻ.

ഇന്നലെ രാത്രി ഞാൻ കണ്ടു:

ഇലയും ചില്ലയും വിറച്ച്
വേരിൽനിന്നു ചോരചീറ്റി
നിലവിളിച്ചോടുന്ന ഒരു ചിനാർമരം.
തിരിഞ്ഞുനോക്കാൻ അവനു ഭയമായിരുന്നു
ആകാശം മുങ്ങിമരിച്ച ദാൽതടാകം
തീപ്പൊരി ചിതറുന്ന ഒരഗ്നിനദിയായിരുന്നു
അതിൽനിന്ന് ആയിരം വ്യാളീമുഖങ്ങളിൽ
ഇടിമിന്നൽ പാറുന്ന കണ്ണുകളും
പതിനായിരം നഖങ്ങളിൽ ശിശുക്കളുടെ ജഡങ്ങളുമായി
ചീങ്കണ്ണിയുടെ ഉടലും കൂർമ്പൻ വാലുമുള്ള
ഒരു മഹാസത്വം ഇരച്ചലറിക്കയറി വന്നു
അതിന്റെ പിളർനാവുകളിലെ വിഷജലം
വീണിടത്തെല്ലാം സഹോദരർ പരസ്പരം
പൊരുതുകയും ചന്ദനവും കുങ്കുമവും
നിന്നിടത്തു നിന്നുണങ്ങിപ്പോവുകയും ചെയ്തു.
അതൊന്നൂതിയപ്പൊഴുയർന്ന പൊടിക്കാറ്റിൽ
സൂര്യൻ കെട്ടുപോവുകയും
സ്ത്രീകൾക്കു വഴിതെറ്റുകയും ചെയ്തു
താമരപ്പൂക്കൾ നിറഞ്ഞിരുന്ന തോണികളിൽ
അനാഥശവങ്ങളൊഴുകി നടന്നു
അസ്ഥികളുടെ മഴപെയ്തു
അവശിഷ്ടങ്ങളടിഞ്ഞുകൂടിയ നിർജനഹിമരാശിയിൽ
ശിവൻ താണ്ഡവമാടി.
ഡമരുവിന്റെ മുഴക്കം എന്നെ ഉണർത്തി.

2

വിഷം കുടിച്ചു നീലിച്ച തൊണ്ടയുമായി
വിജനത്തിൽ ഞാൻ ഒറ്റയ്ക്കിരിക്കുന്നു
ശിവനെക്കുറിച്ചു ഞാനാരാഞ്ഞപ്പോഴേ
അടിമുടിപൂത്ത ദേവദാരുക്കളെവിടെ?
ഹേ താഴ്വരയിലെ ഋഷിവര്യരേ,
ഉണങ്ങാത്ത മൺകുടത്തിൽനിന്നു
ജലമെന്നപോലെ നമ്മുടെ വാക്കുകൾ
ഹൃദയങ്ങളിൽനിന്ന് ഒലിച്ചുപോയതെപ്പോൾ?

അതിർത്തികളിൽ വിശ്വസിക്കുന്നവരോട്

ഉറവകളും നക്ഷത്രങ്ങളും സംസാരിക്കുകയില്ല
എനിക്ക് അതിർത്തികളിൽ വിശ്വാസമില്ല
മൺതരികൾക്കറിയുമോ
അവർ കിടക്കുന്നത് ഏതു നാട്ടിലാണെന്ന്?
ആപ്പിൾമരങ്ങളുടെ വേരുകൾ
മനുഷ്യരുണ്ടാക്കിയ മതിലുകൾക്കിടയിലൂടെ
അന്യോന്യം കൈകോർക്കുന്നു
കാറ്റും ജലവും വേരുകളും
മതിലുകൾക്കെതിരെ പ്രവർത്തിക്കുന്നു
കിളികൾ കൂർത്ത ചിറകുകൾകൊണ്ട്
അതിരുകൾ മുറിച്ചു കളയുന്നു
ഭൂപടത്തിലെ വരകൾ ഒരു കരിയിലയെപ്പോലും
തടുത്തു നിർത്തുന്നില്ല
നമുക്കു പുഴകളാവുക.

3

ഒരു ശബ്ദത്തിന്റെയും അനുമതി തേടാതെ
ഞാൻ ഭൂമിയിൽനിന്നു സ്വർഗ്ഗത്തിലേക്കും
നരകത്തിലേക്കും സഞ്ചരിച്ചു
ഉടൽ ഇവിടെയിരുന്നു; ആത്മാവ്
മഴവില്ലുകളിൽ സവാരി ചെയ്തു
ചിലപ്പോൾ അത് രണ്ടായിപ്പിളർന്ന
ഒരു ഗരുഡനെക്കണ്ടു; ചിലപ്പോൾ
മേഘങ്ങളിൽനിന്ന് കൊമ്പുകൾ നീണ്ടുവരുന്നതുകണ്ടു.
പാണ്ഡവരുടെ അമ്മ കാട്ടിൽ
ചുള്ളിക്കമ്പുകൾ പെറുക്കുന്നതു കണ്ടു
കൃഷ്ണൻ കഴുതപ്പുറത്തു വിഴപ്പുമായി
കാളിന്ദിയിലെത്തുന്നതു കണ്ടു
ശിവന്റെ കാള നിലമുഴുന്നതുകണ്ടു
പാർവതി ആടുകളെ തെളിച്ചു മലയിലലയുന്നതു കണ്ടു
സീത കുറവക്കുടിയിലിരുന്നു പാടുന്നതു കേട്ടു
പുലിമടയിൽനിന്ന് ലവന്റെ ചിരി കേട്ടു.

4

നട്ടുച്ചയ്ക്ക് ഞാൻ ഇരുട്ടു കാണുന്നു

അഗ്നിപർവത്തിന്റ മുകളിലിരുന്ന്
നാം വീഞ്ഞു മോന്തുന്നു; ശവക്കുഴിയുടെ
വക്കിൽനിന്നു നൃത്തം ചെയ്യുന്നു.

നന്ദിയുടെ കണ്ണുപോലെ തിളങ്ങുന്ന
ചന്ദ്രനു കീഴിലിരുന്ന്
രാപ്പാടി എന്നോടു പറഞ്ഞു, രക്തത്തിന്
അതിർത്തികളില്ലെന്ന്.
ഒരാളുടെ രക്തം തന്നെയാണ്
മറ്റേയാളിൽ തുടരുന്നത്
ഇരുവർ സ്നേഹപൂർവ്വം സ്പർശിക്കുമ്പോൾ
അവ ഒന്നായിത്തീരുന്നു
പകയോടെ സ്പർശിക്കുമ്പോഴോ,
അലമുറയിട്ട് പുറത്തേക്കൊഴുകുന്നു.

വസ്ത്രവും ഒരതിർത്തിയാണ്
അതിനാൽ അതുരിഞ്ഞെറിഞ്ഞ്
തടാകത്തിലെ കാറ്റിനെപ്പോലെ ദിഗംബരനായി
ഞാൻ എന്റെ ശിവനെ പ്രാപിക്കുന്നു.
എന്റെ ചുണ്ടുകൾ കത്തുന്ന തിരികളാകുന്നു
എന്റെ മുലകൾ പൂക്കളാകുന്നു
എന്റെ അരക്കെട്ട് ധൂപം.

അരളിയോടും കുവളത്തോടും ചോദിക്കൂ,
അത്മാവിന് മതവും വംശവുമില്ല
പ്രകൃതി എല്ലാവർക്കുമായി മുല ചുരത്തുന്നു.

നീലകണ്ഠന്റെ കഴുത്താണ്
ആകാശം.

5

മരിക്കുംമുമ്പ് അവളുടെ പാട്ടിന്റെ
അർത്ഥം വെളിപ്പെടുത്താൻ
ഞാൻ വാനമ്പാടിയോടു പറഞ്ഞു.
കത്തിത്തിളങ്ങാതിരുന്നാൽ
കനൽ മരിച്ചുപൊകുമെന്ന്

അവൾ മറുപടി പറഞ്ഞു.
അവളുടെ പാട്ട് വിശക്കുന്നവർക്ക്
അപ്പമായി മൊരിയുന്നതു ഞാൻ കണ്ടു.
തണുക്കുന്നവർക്കായി അതു തറയിലേറി,
തണലില്ലാത്തവർക്ക് മേൽക്കൂരയായി വളഞ്ഞു.
അപ്പോഴെനിക്ക് പ്രാർത്ഥനയുടെ
അർത്ഥം മനസ്സിലായി.
ഓരോ ശിലയും ശംഭുവായി
ഓരോ സിരയിലും കുയിൽ മുട്ടയിട്ടു
ഓരോ ഞരമ്പും [1] ശതതന്ത്രിയായി.
ഞാൻ കടുവാക്കുട്ടിൽ നൃത്തം ചെയ്തു
വാക്കിന് അതിർത്തികളില്ലാതായി.

6

ഞാൻ ഒരു തടാകം, ആഴമെഴാത്ത നീല,
ശിവൻ എന്റെ തീരം, അറ്റമെഴാത്ത പച്ച.
കമ്പിവേലികൾ വേണ്ടാ, മുൾവേലികൾപോലും.
മുഴകളും മാൻകിടാങ്ങളും ഇരുപുറവും മേയട്ടെ.
മരപ്പശുവിനെ കറന്ന് പാലെടുക്കാൻ നോക്കുന്നവരേ,
കൈകൾ ആശ്ലേഷിക്കാനാണ്.
ലോഭത്തെ വെന്നവർക്ക് വാൾ വേണ്ടാ
കാമത്തെ വെന്നവർക്ക് മുഖപടവും.

കല്ലാകുന്നു വഴി,
അതുതന്നെ അരകല്ലും നടരാജനും
അതിൽ ചോര വീഴ്ത്താതെ.

നോക്കൂ, എന്റെ തൊണ്ട
ബ്രഹ്മാവിന്റെ വീഞ്ഞുപാത്രം
എന്റെ ചുമലിൽ പ്രാവും സിംഹവും
ഞാൻ ഭാവിയുടെ ബാല്യം,
ഏഴുജന്മം ജീവിച്ച ബദാംമരം,
അക്ഷരം.

[1] ശതതന്ത്രി: സന്തൂർ, കാശ്മീരി തന്ത്രവാദ്യം

7

എനിക്ക് അതിർത്തികളിൽ വിശ്വാസമില്ല.
ജന്മത്തിൽനിന്നു ജന്മത്തിലേക്കു ചരിക്കുന്നവരെ
തടയാൻ കോട്ടകളില്ല.
ഭൂതത്തിൽ നാം ഉണ്ടായിരുന്നു
ഭാവിയിൽ നാം ഉണ്ടാകും.
അപാരത എന്നും പുത്തനായിരിക്കുന്നു
ചന്ദ്രനും പുത്തൻ.
അമ്മയുടെ മടിയിലെ കുട്ടിയെപ്പോലെ
ഉടലിൽ കുതറുന്ന മനസ്സേ,
ചെറിയ മമതകളിൽ നിന്നു
വലിയ മമതകളിലേക്കു പോകൂ
ദിക്കില്ലാത്ത സ്ഥലത്തേക്കു പോകൂ.
ഇന്ദ്രിയങ്ങൾക്കു പുറത്തു കടന്നാൽ
ബോധത്തിന്നതിരില്ല.
അനന്തമാണ് ജീവന്മുക്തന്റെ വെയിൽ.

ചോരമണം വിടരുന്ന
വ്യർത്ഥപ്രഭാതങ്ങൾക്കു വിട.

വിട, വെടിമരുന്നു ചുവയ്ക്കുന്ന
ചരിത്രത്തിന്റെ മഴകൾക്ക്
മുന്തിരിത്തോപ്പുകളേ, തിരിച്ചുവരൂ,
തിരിച്ചുവരൂ ആട്ടിൻകുട്ടികളേ,
കുരുവികളേ, താമരപ്പൊയ്കകളേ,
മണൽത്തരിക്കകത്തുനിന്നു വിളിക്കുന്നു
ചി ദാ കാ ശം

(1996)

# 98

## മഞ്ഞൾ

ഒരിക്കൽ
മണ്ണിന്നടിയിലെ ഉണ്ണിയാർച്ച
വിളർത്ത തൊലിക്കടിയിൽ
പൊന്നൊളിച്ചു കടത്തുന്ന നഗരസുന്ദരി
മന്ത്രവാദി ചെടിയാക്കി മാറ്റിയ
രാജകുമാരിയുടെ സുവർണ്ണപാദുകം
കാവുകളുടെ കാൽപ്പൊടി
കളങ്ങളുടെ സൂര്യജ്യോതിസ്സ്
നാഗരാജാക്കളുടെ അമൃതഭക്ഷ്യം
ഈറൻമുഖങ്ങളുടെ ആർദ്രചന്ദ്രിക
വേൽകയറ്റിയ കവികളിലും
വെളിച്ചപ്പെട്ടവന്റെ പിളർനെറ്റിയിലും
ഭ്രമിയുടെ ലോലസ്പർശം
വിഷത്തിന്റെ മഞ്ഞ മറുകര
അടുക്കളത്തട്ടുകളുടെ കനകനായിക
കറികളുടെ പീതാംബരസൗരഭം
ഈറ്റില്ലംമുതൽ മണിയറവരെ
മണിയറ മുതൽ മരണാന്തരംവരെ
പിന്തുടർന്നുപോന്ന സൗഗന്ധികസാന്നിദ്ധ്യം

ഇപ്പോൾ
കുഴലിലടച്ച് അങ്ങാടിയിൽ വിൽക്കുന്ന
വിലയേറിയ ഒരു ലേപനം.

(1996)

# 99

## നാട്

കട്ടെടുക്കപ്പെട്ട്
കൈകാലുകൾ കെട്ടിവരിഞ്ഞ്
കപ്പലിൽ
വിദേശത്തേക്കു വഹിക്കപ്പെടുന്ന
ഊമയായ
ഒരു കറുത്ത കുലദേവത
മലവെള്ളം കയറിയ
സ്വന്തം തട്ടകത്തെ
ഓർക്കുംപോലെ
ഞാൻ
എന്റെ നാടോർക്കുന്നു.

(1996)

# 100

## ഇരുപതുവയസ്സായ മകൾക്ക് ഒരു താരാട്ട്

രാവു മുതിർന്നു, കിളി പോയി നീലിച്ച
പാതയിൽ ചന്ദ്രൻ ചുകന്നു; വിളക്കണ-
ച്ചാലുമിമയണയ്ക്കാതെ നീ കാക്കുവ-
താരെ? അഴുക്കു കുമിഞ്ഞുകൂടുന്നൊരീ-
ക്കോണിൽ വരാനേതു പാതിരാസ്സൂര്യനെ?

ഇല്ല; ഉറങ്ങുകിച്ചന്ദ്രനും വ്യാളിതൻ
പല്ലു മുളപ്പതിൻമുമ്പ്, നിൻ സ്വപ്നവും
കല്ലിച്ചിടും മുമ്പ്, ലജ്ജയാലച്ഛന്റെ-
യെല്ലു കറുത്തുപോം മുമ്പ്, കുറുനരി-
യിങ്ങും മണത്തെത്തിടും മുമ്പ്, ദൈവങ്ങൾ
മിണ്ടാതെ കത്തിക്കു മൂർച്ചയാകും മുമ്പ്
കണ്ണടയ്ക്കൂ, മറന്നേക്കൂ നീ പെണ്ണെന്ന്,
മുന്നിൽ നരകമെ, ന്നൊന്നുകൂടിക്കിലു-
ക്കൊന്നുകൂടിപ്പാവ, പാൽക്കുപ്പി, തൊട്ടിലി-
ലൊന്നുകൂടിക്കുഞ്ഞുടുപ്പിൽ മയങ്ങുക
സ്വർഗ്ഗത്തിനോർമ്മപോൽ, മറ്റൊരുഭ്രമിതൻ
പുല്ലാങ്കുഴലിൽ വിടർത്തുക പുഞ്ചിരി.

പേടിയാണച്ഛന് നീ വരാൻ വൈകിയാൽ
പേടി നിൻതോഴരെക്കാൺകെ: അതിലാരു
മാറുമൊരുദിനമെന്നൊറ്റുകാരനായ്
വ്യാപാരിയായ്, കാക്കിയിട്ട കടുവയായ്

പാതി മുതലയായ് പാതി കരടിയായ്
രാവിൽ രൂപാന്തരം കൊള്ളും പ്രഭുതയായ്.
പേടി നീ കാലടിയേശാത്ത കാരമുൾ
മേടിൽനിൻ സഞ്ജീവനം തിരക്കിപ്പോകെ:
ധീരരെച്ചുറ്റി വരിഞ്ഞു കൊല്ലും പഴം-
പാതകൾ ഭീരുവീലോകത്തിനു പ്രിയം
വീട്ടുമുഴുവൻ തകരിലും കാവലാൾ
വേണമെന്നേ ശാഠ്യമേവർക്കു,മങ്ങനെ
പ്രേതലോകം വലുതായി; നമുക്കിടം
തീരെച്ചെറുതായ്, ശ്വസിക്കലേ മൃത്യുവായ്.

നൊണ്ടുമെറുമ്പിനെ കണ്ടാൽ വിതുമ്പുവോർ-
ക്കില്ലിടമിങ്ങ്; വളർത്തുക ദംഷ്ട്രയും
കൊല്ലും നഖവും മുരളുന്ന പ്രാണനും
അച്ഛനെപ്പോലലിയാതുരുക്കാവുക
അമ്മയെപ്പോലുരുകാതെ കല്ലാവുക!
ഒറ്റയ്ക്കുപോകേണ്ടവൾ നീയൊരു ദിനം,
ഒറ്റയ്ക്കുറങ്ങിയുണരാൻ പഠിക്കുക.

പൂട്ടുക കണ്ണുകൾ, സ്വപ്നത്തിലെങ്കിലും
കൂട്ടിലടയ്ക്കാത്ത പക്ഷിയെക്കാണുവാൻ.

(1996)

# 101

## ദെരിദാ, ജനുവരി, ഞാൻ[1]

സൈദ്ധാന്തികന്റെ ചതുരൻ മുഖവുമായി
അകത്തു ദെരിദാ
ഹേമന്തത്തിന്റെ വട്ടമുഖവുമായി
പുറത്തു ജനുവരി
രണ്ടു തണുപ്പുകൾക്കിടയിൽ ഞാൻ
ഞങ്ങൾക്കിടയിൽ വിറയ്ക്കുന്ന വീഞ്ഞുചഷകം.

ദെരിദാ പുനർജന്മത്തിൽ വിശ്വസിക്കുന്നില്ല
എങ്കിലും വീഞ്ഞ് ദെരിദായെ
ഭർതൃഹരി എന്നു വിളിക്കുന്നു
എന്നിട്ട് എന്നെ നോക്കി കണ്ണിറുക്കുന്നു.

എന്റെ പനി പിടിച്ച കുട്ടികാലം
കഴുത്തിൽ ജപിച്ച ഒരു ചരടുകെട്ടി
മെലിഞ്ഞ കാലുകളിൽ ഓടി വരുന്നു
അവനെ ഞാൻ തിരിച്ചറിയുന്നില്ല
മരിച്ചുപോയ എന്റെ സഹോദരി
പുറത്തുനിന്ന് ഒരു വെളുത്ത പൂവെറിയുന്നു.
നോക്കി നോക്കി നിൽക്കെ ഓരോരുത്തരായി
ഉടുപ്പൂരിയുന്നതു ഞാൻ കാണുന്നു:
അവർ ഉടൻ ഗ്യാസ് ചേംബറിലേക്ക്
ആനയിക്കപ്പെടും.

[1] 1997 ജനുവരി 24 വൈകുന്നേരം ഴാക് ദെരിദയുമായുണ്ടായ ഒരു കൂടിക്കാഴ്ചയുടെ ഓർമ്മയ്ക്ക്.

ദെരിദാ, ഇതു നമ്മുടെ
അവസാനത്തെ അത്താഴമാണ്.
ഈ വീഞ്ഞുചഷകം നിറയെ
കൊല്ലപ്പെടുന്ന മൃഗങ്ങളുടെ കണ്ണീരാണ്.
കേരളത്തിൽ ഇതിനെ മഴ എന്നു പറയുന്നു.
താങ്കൾ അവിടെ പോകണമായിരുന്നു.

ദെരിദാ വീഞ്ഞ് ശിരസ്സിനു മീതേ ഉയർത്തുന്നു
ഞാൻ കുട്ടികാലത്ത് സ്കൂളിൽ വന്ന
ഇന്ദ്രജാലക്കാരനെ ഓർമ്മിക്കുന്നു.
അറവുശാലയിലേക്കു നയിക്കപ്പെട്ട
എന്റെ ചില സ്വപ്നങ്ങളെയും.

നിശ്ശബ്ദരാകുമ്പോൾ ഞങ്ങൾക്ക്
വസ്തുക്കളുടെ വിലാപം കേൾക്കാം.
ദെരിദാ കണ്ണിമയ്ക്കാതെ എന്നെ നോക്കുന്നു.
നിർമ്മിക്കുന്നവരോടുള്ള വെറുപ്പോടെ.
ആ നെറ്റിയിൽ വിപ്ലവത്തിന്റെ ചുളിവുകളില്ല
ആ ചുണ്ടുകളിൽ പ്രേമിക്കാനുള്ള ഒരു പുതിയ വഴിയുമില്ല.
ഭാരമേറിയ ആ ശിരസ്സിനും ചുറ്റും
ആനന്ദവർദ്ധനന്റെ മുഖവുമായി
ഭാരതീയനായ ഒരീച്ചമാത്രം സംസ്കൃതത്തിൽ പാറുന്നു.

ഇപ്പോൾ ദുഃഖം ഉറങ്ങുകയാണ്
കെട്ടുപോയ അടുപ്പിന്റെ ചൂടിൽ
പൂച്ചയെപ്പോലെ അതു കിടക്കുന്നു.
ജ്ഞാനവൃക്ഷത്തെക്കുറിച്ച് സംസാരിച്ച്
അതിനെ ഉണർത്തരുതേ.

വാക്കുകളെ വെറുതെ വിടൂ ദെരിദാ
ഇവിടെ സത്യം പാഠത്തിന്റെ ഓരങ്ങളിലല്ല
തെരുവിന്റെ ഓരങ്ങളിലാണ്
രാത്രിയുടെ കൈകളിൽ തല വെച്ച്
തണുപ്പിൽ ഉടൽ തന്നെ പുതപ്പാക്കി
ചെറിയ മരണങ്ങളും കാത്തുകിടക്കുന്ന

ഈ മനുഷ്യരെ നോക്കൂ.
ഒരിടിമുഴക്കത്തിനും ഉണർത്താനാകാത്തവർ.
ദെരിദാ തന്റെ നോട്ടം പിൻവലിക്കുന്നില്ല.
അതിൽ ഓരോന്നായി എല്ലാം അപനിർമ്മിക്കപ്പെടുന്നു:
മേശ, കസേര, വീഞ്ഞ്, ഈച്ച,
ദെരിദാ, ജനവരി, ഞാൻ.

(1997)

## 102

### ചിലത്

ചിലതുണ്ടു സ്നേഹങ്ങൾ:
    എത്ര തലോടിലും
കുറുകി വാൽ പൊക്കി-
    പ്പരിഭവിക്കുന്നവ.
ചിലതുണ്ടു ഖേദങ്ങൾ:
    എത്ര കൈമാറിലും
കയറിൽ തിരിഞ്ഞു
    നോക്കീട്ടമറുന്നവ
ചിലതുണ്ടു മോഹങ്ങൾ
    ചിറകറുത്തീടിലും
ഉയരം കിനാക്കണ്ടു
    ളുവൽ കോതുന്നവ.
ചിലതുണ്ടു കൂറുകൾ:
    പുഴ കടത്തീടിലും
തിരികെത്തുഴഞ്ഞു
    വാലാട്ടിവരുന്നവ.

ചില പകകൾ തുടലിലും
    കൊമ്പു കുത്തീട്ടുടൽ
പൊടിയിൽ കുളിപ്പിച്ചു
    ചിന്നം വിളിക്കുന്നു
ചില പേടികൾ പത്തി
    തല്ലിച്ചതയ്ക്കിലും

പിളർനാവു തുള്ളി
ച്ചിഴഞ്ഞൊപ്പമെത്തുന്നു:

ചില മൃഗങ്ങൾ കറു-
ത്തോരിയിട്ടാർക്കുന്നു
കൊടുകാട്ടിൽ അശമമാം
കാമം കണക്കിനെ.
ചിലവ പുൽ കാർന്നു, വാൽ
തുള്ളിച്ചു ചാടുന്നു
വെളുവെളെ മിനുപ്പാർന്നു
വാത്സല്യമെന്നപോൽ.
ചിലവയോ സീത
കാമിച്ചോരുടലുമായ്
ശരമേറ്റപോൽ പാഞ്ഞ്,
ലജ്ജ കണക്കിനെ.

ഇരകൾക്കുമേൽ ചാടി
വീഴും വിശപ്പുകൾ
ഉയരത്തിൽ വട്ടമി-
ട്ടാർക്കുമുത്കണ്ഠകൾ
കടലിൽ വാൽവെട്ടിച്ചു
വാ പിളർന്നാർത്തികൾ
പനിനീരലർച്ചുറ്റി
മുരളുന്ന വിരഹങ്ങൾ
പലനീറപ്പീലി നീർ-
ത്താടും മദങ്ങൾ, പുതു-
മഴയിലൊന്നായ് പാറി
യുയരുന്ന മമതകൾ . . .

ചിലതുണ്ട് രൂപങ്ങൾ
ഞൊടിയിൽ മാറ്റുന്നവ,
ചിലതുണ്ട്,
ചിലതുണ്ട് . . .
രൂപമില്ലാത്തവ.

(1997)

# 103
## കവിത തിരിച്ചുവരും

നമുക്കാവശ്യമാണ്
അരി ഉപ്പ് മുളക് വിറക്
കവിത വേണ്ടെന്നു വയ്ക്കാം
എങ്കിലും കവിത തിരിച്ചു വരും
ഭൂമിയുടെ ബീജമായ അരിയെപ്പോലെ
വെന്ത് ഉമിയുരിഞ്ഞ് തവിടുരിഞ്ഞ്
വെളുത്ത് നാഴിയിടങ്ങഴി
നിറപറകലവറയൊന്നിലുമൊതുങ്ങാതെ
കടലിന്റെ ഓർമ്മയായ
ഉപ്പിനെപ്പോലെ
നാവിൻ വെള്ളമൂറ്റി
മുറിവുനീറ്റി വേരിനു വളമേറ്റി,
മണ്ണിന്റെ കാമമായ മുളകിനെപ്പോലെ
ചുണ്ടിൽ നാവിൽ അടിവയറ്റിൽ
സിരയിൽ ഞരമ്പിൽ മാംസപേശികളിൽ
മുഴുവൻ എരിവുപടർത്തി,
കാടിന്റെ അസ്ഥിയായ
വിറകിനെപ്പോലെ
ശീൽക്കാരത്തോടെ മജ്ജയൊഴുക്കി
ചെറിയചെറിയ ജ്വാലകളോടെ
അമർന്നു കത്തി,

അരി ഉപ്പ് മുളക് വിറക് കവിത
എന്ന് ഒറ്റശ്വാസത്തിൽ പറഞ്ഞ്.

(1997)

# 104

## നഗരത്തിൽ പുലി

വഴി തെറ്റി നഗരത്തിലകപ്പെട്ട പുലി
ഇലകളില്ലാത്ത ഇലക്ട്രിക് പോസ്റ്റുകൾക്കു പിറകിൽ
വെറുതേ അഭയം തേടുന്നു.
ദാഹം വലയ്ക്കുമ്പോൾ അവൾ കാണുന്നത്
നിലയ്ക്കാത്ത ജനപ്രവാഹങ്ങൾ മാത്രം
മുരളാൻ അവൾക്കു ഭയമാണ്
ഇരുകാലികളുടെ വിരുന്നുമുറികളിൽ
തോലായി തൂങ്ങാനോ
ചാട്ടവാറിനു കീഴിൽ
കുട്ടിക്കസേരയിൽ കുനിയിരിക്കാനോ
അഴികൾക്കു പിറകിലെ
അലറുന്ന കാഴ്ചപ്പണ്ടമാകാനോ
കാടിന്റെ ഓർമ്മ അവളെ അനുവദിക്കുന്നില്ല
പാതിരായ്ക്കുപോലും
ഇരുളും തണുപ്പുമൊത്ത നഗരം
അവളെ ഭയപ്പെടുത്തുന്നു
കാറ്റു വീശുമ്പോൾ,
കിളികളെ കാണുമ്പോൾ
അവൾ നിശ്ശബ്ദയായി കരയുന്നു
അവളുടെ കണ്ണുനീർ ഒരു തടാകമാകുന്നു
അതിൽ ഒരു ചന്ദ്രനുദിക്കുന്നു
അതിൽ ഒരു പക്ഷി കുളിക്കുന്നു

അതിൽ ഒരു സ്ത്രീ
തന്നെത്തന്നെ കാണുന്നു.

(1996)

# 105

## കോവണി

(വാൾട്ട്‌വിറ്റ്മാന്റെ ജന്മഗൃഹത്തിൽ, 97 ഏപ്രിൽ 26)

സാവധാനം സാവധാനം കയറുക,
ഇടിമിന്നലിനും കരിച്ചുകളയാനാകാതിരുന്ന
ഓരോർമ്മ ഇവിടെ താമസിക്കുന്നു
ഒരു നക്ഷത്രം, ഒരു പൂക്കാലം.

അന്നു കവികൾ പ്രവാചകരായിരുന്നു
പുഴകളിൽ കാരുണ്യമൊഴുകിയിരുന്നു
വാക്കുകളിൽ താരുണ്യവും
ആപ്പിളുകൾക്കും മുലകൾക്കും ചിപ്പികൾക്കുമകത്ത്
ആനന്ദവും വാത്സല്യവും തിളങ്ങിയിരുന്നു
പേനകൾക്കുള്ളിൽ കരിമ്പുനീരായിരുന്നു
കടലാസ്സുകൾക്കകത്ത് ഗേതന്പുകലവറകളും
മഞ്ഞ് വെളുത്ത ചെമ്മരിയാട്ടിൻപറ്റംപോലെ
ഈ കുന്നിറങ്ങിവന്നിരുന്നു.

ലോകം
അവസാനിക്കും മുമ്പായിരുന്നു അത്.

ആശാരിയുടെ ഈ അടുക്കളയിൽ
രണ്ടമേരിക്കയ്ക്കു മുഴുവൻ വേണ്ടിയുള്ള
റൊട്ടി മൊരിഞ്ഞുകൊണ്ടിരുന്നു

കറുമ്പനും വെളുമ്പനും ചെമ്പനും
മുയലിനും ദേവദാരുവിനും
ഒന്നിച്ചിരുന്ന് അത്താഴമുണ്ണാനുള്ള മേശ
ഈ പണിപ്പുരയിൽ പണിതുകൊണ്ടിരുന്നു
സ്തുതിയും വിലാപവും സ്മൃതിയും സംഭവവും
ഏങ്കോണിപ്പുമാറ്റി ചിന്തേരിട്ട് ഭാവിയുടെ
കഴുക്കോലും പട്ടികയും ഉത്തരവും വളപുരയുമായി
പണിതീർക്കുന്ന ഒരു ഉളി ഈ
കാലിത്തൊഴുത്തിൽ മുഴങ്ങിയിരുന്നു.
വാക്കുകളിൽനിന്ന് പുതുമണ്ണിന്റെയും
അറക്കപ്പൊടിയുടെയും വീട്ടുചായത്തിന്റെയും
മണമുയർന്നിരുന്നു.

ഇപ്പോൾ മഷിയുണങ്ങിയ ഈ പേനയിലൂടെ
എത്ര ഋതുക്കളും നൃത്തങ്ങളും
ഘോഷയാത്രകളും കടന്നുപോയി!
കുരുകിലുകൾക്കു കടന്നുപോകാൻ
കുനിഞ്ഞു കൊടുക്കുന്ന
കിളരമേറിയ അഭിലാഷങ്ങൾ
തുവലിന്റെയും പുതുമഴയുടെയും ആകാശം
മരിച്ചുപോയവരുടെ നിലാവ്
വരാനിരിക്കുന്നവരുടെ ചുവടുപതിഞ്ഞ
വഴികൾ, പരുക്കൻ ഇലകളെപ്പോലെ
മുഖത്തുരയുന്ന രോഷങ്ങൾ
മറുകരയിലെത്തിയ ഉടൻ
കപ്പിത്താൻ കാറ്റായിപ്പോയ ഖേദങ്ങൾ ...

കെട്ടുപോയ ഈ
അടുപ്പിനു മുന്നിലിരിക്കുമ്പോൾ
ഈ കൈയെഴുത്തുപ്രതികളിലെ അക്ഷരങ്ങൾ
പൊന്നാനിയിലെ സൂര്യനിലേക്കു
ചരിഞ്ഞിരിക്കുന്നതു കാണുമ്പോൾ
കൊതിയാവുന്നു
എല്ലാ വീണ്ടും ചിതയാകും മുമ്പ്
ഈ പഴയ മേശ ഒന്നു സ്പർശിക്കാൻ
കൊക്കുകളുടെ വെളിച്ചവും കെട്ടുപോവും മുമ്പ്

പെടിപൂരണ്ട ഈ കസേരയിലൊന്നിരിക്കാൻ
പുൽനാമ്പുകൾക്കു സ്വർഗ്ഗദ്യുതി നൽകുന്ന
ആ ലുപ്തവൈദ്യുതിയുടെ തിരിച്ചുവരവിന്നായി.

ഈറൻ കണ്ണുകളുള്ള
ഒരു തേർവീഴ്ച
ഇതാ കോവണിയിറങ്ങുന്നു.

('അമേരിക്കൻ ഡയറി', 1997)

# 106

## ബ്രൂക്‌ലിൻ പാലം

(പാലം കടക്കുമ്പോൾ, മേയ് 1)

പുഴയുടെ ഇക്കരെനിന്ന്
അക്കരയ്ക്കു ചാടാൻ ശ്രമിക്കെ
ചലനമറ്റ്
ഭൂതത്തിനും വർത്തമാനത്തിനുമിടയിൽ
കുരുങ്ങിപ്പോയ ആഗ്രഹത്തിന്റെ
ഈ പ്രാചീനമായ കറുത്ത സരീസൃപം
ഇപ്പോൾ വാഹനങ്ങൾ ഭക്ഷിച്ച്
അതിജീവിക്കുന്നു.

('അമേരിക്കൻ ഡയറി', 1997)

# 107

## രത്നങ്ങളുണ്ടാകുന്നത്

(നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ഹ്യൂസ്റ്റൺ, മേയ് 6)

തിളച്ചുമറിയുന്ന ഭൂമിയുടെ
കറുത്ത ഫണങ്ങൾക്കു മീതേ
ഒരു കാലിച്ചെറുക്കന്റെ നീലക്കാലുകൾ
ആഞ്ഞാഞ്ഞു നൃത്തം ചവിട്ടുന്നു.
അവന്റെ കോലക്കുഴലിന്റെ പാട്ടുകേട്ട്
പതുക്കെപ്പതുക്കെ ഭൂമി ശമിക്കാൻ തുടങ്ങുന്നു.
അതിന്റെ ശ്വാസം മാണിക്യവും
രക്തം പവിഴവും
വിഷം മരതകവുമായി ഉരുണ്ടുകൂടുന്നു
അതിന്റെ കണ്ണുകൾ പത്മരാഗങ്ങളാകുന്നു
ശൽക്കങ്ങൾ മുത്തുകളാകുന്നു
അതിന്റെ ജീവൻ വൈഡൂര്യമാകുന്നു.
കാലിച്ചെറുക്കന്റെ പീലി അറ്റുവീണിടത്ത്
ഇന്ദ്രനീലം ഉയിർകൊള്ളുന്നു
അവന്റെ വിയർപ്പ് വജ്രമായുറയുന്നു
കോലക്കുഴലിന്റെ സംഗീതം
സൂര്യപ്രകാശത്തിലുരുകിയുറഞ്ഞ്
ഗോമേദകമായിപ്പരിണമിക്കുന്നു
ഭൂമിയുടെ ഇനിയും കീഴടങ്ങാത്ത
അവിശ്വാസിയായ ഭാഗങ്ങൾ
അഗ്നിപർവ്വതങ്ങളായി

തിളച്ചുകൊണ്ടിരിക്കുന്ന
അത്തറയാൻ കൽക്കരിയുടെ
പെരുമ്പറ വേണം.
അപ്പോൾ ഉരുവംകൊള്ളും
പത്താമത്തെ രത്നം:
മനുഷ്യൻ.

(‘അമേരിക്കൻ ഡയറി’, 1997)

# 108

## അസാന്നിദ്ധ്യം

(ഡെൽഹി, ഒക്ടോ. 22–നവം. 10, പാരീസ് നവം. 11–23)

ഓരോ സാന്നിദ്ധ്യത്തിനും
ഓരോ നിഴലുണ്ട്
ആ നിഴലിൽ ഞാനിപ്പോൾ
ഓർമ്മകളുടെ മഴയിൽനിന്ന് അഭയം തേടുന്നു

നീയിപ്പോൾ നിരാകാരയാണ്
മലകൾക്കപ്പുറത്തുനിന്ന്
തരംഗങ്ങളിൽ വഹിക്കപ്പെടുന്ന ഒരു ശബ്ദം
ഒരു ചിരി, ഒരു നിശ്വാസം,
വെള്ളിൽച്ചിറകുകളുള്ള ഒരു ചുംബനം.
വെള്ളച്ചാട്ടങ്ങൾക്കു നിന്നെപ്പോലെ
ചിരിക്കാനാവില്ല
ആലിലകൾക്കു നിന്നെപ്പോലെ
സല്ലപിക്കാനാവില്ല
ചാറ്റൽമഴകൾക്കു നിന്നെപ്പോലെ
പരിഭവിക്കാനാവില്ല
പുലർവെളിച്ചത്തിനു നിന്നെപ്പോലെ
ചുംബിക്കാനാവില്ല.

വെറും ശബ്ദത്തെ ആശ്ലേഷിക്കുവാൻ
കവികൾക്കു കഴിയും, ആവേശിക്കുവാൻ,

പ്രേമിക്കുവാൻ, പ്രവേശിക്കുവാൻ.
അങ്ങനെ ഞാൻ
നിന്നിൽ പ്രവേശിക്കുന്നു,
എന്റെ എല്ലാ ജാഗ്രതളുമുപയോഗിച്ച്.
പ്രേതങ്ങൾ ജീവിച്ചിരിക്കുന്നവർക്ക്
സ്വയം ദൃശ്യരാക്കുംപോലെ
ഇന്ദ്രിയങ്ങളാകെ ഒരോറ്റ ബിന്ദുവിൽ
കേന്ദ്രീകരിച്ചുകൊണ്ട്
നിന്റെ വേനലിന്നായി എന്റെ ഹേമന്തം
ഞാൻ കൈമാറുംവരെ.

(ഡെൽഹി)

2

ഇപ്പോൾ ശബ്ദംപോലുമില്ല
കൊട്ടാരമുറ്റത്തെ
ഈ പളുങ്കുകൂടാരത്തിൽ
നിന്റെ സുതാര്യമായ അസാന്നിദ്ധ്യം
നിറഞ്ഞുനില്ക്കുന്നു
കൈ ചരിത്രത്തിൽ വീണുപോയ
വീനസ്സിന്റെ ഈ നിർജ്ജീവശില്പം
നിന്നെ എന്നിൽനിന്നു മറയ്ക്കുന്നു
സാഫോയുടെ ഈ വെണ്ണക്കൽപ്രതിമ
ഈ റോമൻ കൽത്തൂണുകൾ
സുമേരിയൻ ഫലകങ്ങൾ
ഈജിപ്ഷ്യൻ ലിഖിതങ്ങൾ
അസ്സീറിയൻ ശില്പങ്ങൾ
ഭൂതകാലത്തിന്റെ ഓരോ തിരയും
മറവിയുടെ കടലായി
നമുക്കിടയിൽ നില്ക്കുന്നു
സംസ്കാരങ്ങളുടെ അവശിഷ്ടങ്ങളിലെല്ലാം
ഞാൻ നിന്റെ അസാന്നിദ്ധ്യം വായിക്കുന്നു
ഒറ്റിക്കൊടുക്കലുകളുടെ ഇടനാഴികളിൽ
ചെകുത്താന്മാരായി മാറുന്ന
മാലാഖമാർക്കിടയിൽ ഞാനലയുന്നു
നീയില്ല എന്നോ മൃതരായ

ഈ ദേവതാരൂപങ്ങൾക്കിടയിൽ
എന്നോ നിലച്ചുപോയ
ഈ സംഗീതതോപകരണങ്ങൾക്കിടയിൽ
നിശ്ചലതയുടെ മഹാശ്മശാനമാണിത്
ഇതിനെ നോക്കിയാണ്
മോണാലിസ പുഞ്ചിരിക്കുന്നത്
ബുദ്ധനും ഇങ്ങനെതന്നെ
പുഞ്ചിരിക്കുമായിരുന്നു
നീയും, തീക്ഷ്ണേ, അഭയമുദ്രയുമായി
ഒരുപക്ഷേ.

(ലൂവ്ര് മ്യൂസിയം, പാരീസ്)

3

ഉരുക്കും വിയർപ്പും ഉയരവുംകൊണ്ടു നിർമ്മിച്ച
ഈ മഹാഗോപുരത്തിന്റെ ഉച്ചിയിൽ
മേഘത്തെ കാത്തുനിൽക്കുന്ന
യക്ഷനെപ്പോലെ നിന്ന്
ഞാൻ നിന്റെ ഇല്ലായ്മ ശ്വസിക്കുന്നു
ഹേമന്താരംഭത്തിന്റെ ഈറൻ കാറ്റിൽ
ഹയാസിന്തുകളുടെയും ലില്ലിപ്പൂക്കളുടെയും
സൗരഭത്തിനൊപ്പം
നീയില്ലാത്ത നീ ഒഴുകിപ്പരക്കുന്നു
നിന്റെ മൃദുലമായ അസാന്നിദ്ധ്യത്തിന്മേൽ
ഞാൻ കിടക്കുന്നു, പ്രണയംകൊണ്ടു
വലുതായ നിന്റെ മുലകളിലെന്നപോലെ
ഈ ഗോപുരത്തിന്റെ ശൂന്യതയ്ക്കുള്ളിലൂടെ
ഉലാത്തുമ്പോൾ പെട്ടെന്നെനിക്കു
ബോദ്ധ്യമാകുന്നു
ഈ അസ്ഥികൂടത്തിന്റെ മാംസം
നീയായിരുന്നു
എന്റെ കൈകളിൽ ഞാനതു കോരിയെടുക്കുന്നു
മിടിക്കുന്ന ഒരു ഹൃദയത്തെ എന്നപോലെ.
എന്റെ ഉള്ളങ്കൈ ഊഷ്മളമാകുന്നു
ഗേപുരമിറങ്ങി, പ്രതിമകൾ കാവൽ നില്ക്കുന്ന
ചത്വരത്തിലെത്തുമ്പോൾ

നിന്റെ അസാന്നിദ്ധ്യം അലിഞ്ഞലിഞ്ഞ്
ഹേമന്തമാരിയായിപ്പൊഴിയുന്ന
കൊഴിഞ്ഞ ഇലകളിൽ
ഞാനതിന്റെ കൊച്ചു കാലടികൾ കാണുന്നു.

(ഈഫൽ ഗോപുരം)

4

വർഷങ്ങൾക്കുശേഷം വീണ്ടും ഞാൻ
തടവറയുടെ നെടുവീർപ്പു ശ്വസിക്കുന്ന
ലോകം മാറിയിട്ടില്ലെന്ന്
ഉറപ്പുവരുത്താൻ മാത്രം

ഞാനിവരെ അറിയും:
ലിസാ, ഫരീദാ, ബുവാസ്സേ
ഓരോരുത്തരിലും ഞാൻ
നിന്റെ മുഖം കാണുന്നു
എന്റെ കവിതകൾ ഇവരുടെ രാത്രിയിൽ
ഉദിക്കുകയില്ല
എങ്കിലും ഞാൻ പിറുപിറുക്കുന്നു
പിറവിയെയും ഉന്മാദത്തെയും
കലാപത്തെയും കാരാഗൃഹത്തെയും പറ്റി.
ലിസാ എൻറെ കൈകൾ
മുറുകെപ്പിടിക്കുന്നു
'ഈ തടവറ ക്രൂരമാണു സോദരാ,
എനിക്കു രക്ഷപ്പെടാനാവില്ല
അതുകൊണ്ട് ഞാനെഴുതുന്നു
ആർക്കും വേണ്ടിയല്ലാതെ'

അതേ സോദരീ, ഞാനും
അതുതന്നെ ചെയ്യുന്നു.
എഴുത്ത് ഒരു നിലവിളിയാണ്
എല്ലാ മതിലുകൾക്കുമെതിരായ
ഒരു നിലവിളി
മതിലുകളിൽ തട്ടി അതു തിരിച്ചുവരുമ്പോഴും
നാം വെറുതേ സൂര്യനെ കാക്കുന്നു

ഒരേ ഏകാന്തതയുടെ
പാതിയിരുട്ടിലാണു നാം
ഏകാന്തതയ്ക്ക് എല്ലായിടവും ഒരേ മുഖമാണ്
മൂടൽമഞ്ഞിലൂടെ കാണുന്ന
ഹേമന്തസൂര്യന്റെ വിളറിയ മുഖം
പൂക്കളെയും പിറന്നാളുകളെയും
തടുത്തുനിർത്തുന്ന ഈ കന്മതിലിന്റെ മുഖം
ശൂന്യതയിലേക്കു തുറിച്ചുനോക്കിയിരിക്കുന്ന
ഊമയും അനാഥയുമായ
ഈ വൃദ്ധയാണ് ഏകാന്തത.
വരൂ, വ്യഥിത സോദരീ,
ഞാൻ നിന്നെ കനലിൽ നൃത്തം ചെയ്യാൻ
പഠിപ്പിക്കാം, എന്റെ അച്ഛൻ
ചെയ്തിരുന്നതുപോലെ.
ഞാനും കനലിൽ നൃത്തം ചെയ്യുകയാണല്ലോ
പ്രണയരാഹിത്യത്തിന്റെ
കഠിന കപാലം കൈയിലേന്തി.

5

ഓരോ നാട്ടും ഓരോ ഋതുവാണ്
പുലരി നമ്മുടെ കാലുകളിൽ ഒട്ടിപ്പിടിക്കുന്ന
ശരത്കാലത്തെ മഞ്ഞയില
വേനലിലെ പച്ചിലയുടെ ഞരമ്പുകൾ
ഓർക്കുംപോലെ ഞാൻ നിന്റെ
വടിവുകൾ ഓർമ്മിക്കുന്നു, അഥവാ,
അമ്പേറ്റു കിതച്ചു കണ്ണടയ്ക്കുന്ന കലമാൻ
മറ്റൊരു കാട്ടിലെ ചന്ദ്രനു കീഴിലെ
തന്റെ ഇണയുടെ ദാഹിക്കുന്ന
പുള്ളികൾ ഓർമ്മിക്കുംപോലെ.
തണുത്തു വിറയ്ക്കുന്ന ഒരു കിളി
തന്റെ പാട്ടുകളുടെ മഞ്ഞുവീണ തുരങ്കത്തിലൂടെ
യോജനകൾക്കപ്പുറം ഒരു ഊഷ്മള തടാകത്തിന്റെ
തീരത്തേക്കു ദേശാടനം ചെയ്യുമ്പോലെ
ഞാൻ നിന്നിലേക്കു ചൂളമടിക്കുന്നു
അല്ലെങ്കിൽ സ്വപ്നം കാണുന്ന ഒരു പാമ്പ്
അല്ലെങ്കിൽ ഒരു കരടി

അല്ലെങ്കിൽ ഞാൻ.

(ഫോൺടാൻബ്ളൂ കാടുകളിൽ))

6

ഈ നദി യമുനയാണ്
കടമ്പുകൾ ഇവിടെ തണുപ്പുകൊണ്ട്
മഞ്ഞയിലേക്കു കുനിഞ്ഞ
ചൂളമരങ്ങളായി.
പുരാതനമായ പാലത്തിനു കീഴിലിരുന്ന്
ഒരു ചിത്രകാരൻ
പുഴയുടെ മീതേ നടക്കുന്നു
രണ്ടു കണ്ണുകൾ കാണുന്നു
അതു നീയാണ്.
വാക്കുകളെ മേയ്ച്ചു നടക്കുന്ന
ഒരിടയനെത്തേടി നടക്കുന്ന നീ.
ചെപ്പടിവിദ്യകളൊന്നും
എന്റെ കൈവശമില്ല.
പുല്ലാങ്കുഴലൂതാനറിയാത്ത
ഒരു കണ്ണുനീർത്തുള്ളിയായി
നിന്നിൽനിന്ന് എനിക്കടർന്നു വീഴണം
എനിക്കീ പുഴയിൽ വീണു തണുക്കണം.
ഒരു ചിത്രകാരൻ ചായം ചാലിക്കാനായി
എന്നെ കൈയിൽ കോരിയെടുക്കുംവരെ.
അയാളുടെ ക്യാൻവാസ്സിൽ ഞാൻ
നിറങ്ങളായി പിറവിയെടുക്കുംവരെ
അപ്പോൾ നീ എന്നെ
സ്നേഹത്തോടെ നോക്കിനില്ക്കും
ഈ യമുനയുടെ മീതേ നിന്ന്,
ഇരകളുടെ സമൂഹനൃത്തത്തിൽ.

(ല്വാങ് നദീതീരം, മൊറേഗ്രാമം)

7

ഇവിടെ അവർ ഒരു തടവറ തല്ലിപ്പൊളിച്ചു
അപ്പോൾ പുറത്തു ചാടിയത്

സ്വാതന്ത്ര്യമായിരുന്നോ,
അതോ ഏകാന്തതയോ?
ഇപ്പോഴിവിടെയുള്ളത് ഒരു നാടകശാല മാത്രം
ചരിത്രം നാടകമാവുമ്പോൾ
വിമോചനം വിനോദമാകുന്നു
ലാറ്റിൻ ക്വാർട്ടറിന്റെ ആകാശത്തിൽ
ആയിരത്തിത്തൊള്ളായിരത്തി അറുപത്തിയെട്ടിന്റെ
വിളർത്ത സ്മരണകൾപോലുമില്ല.
എല്ലാം ശാന്തം, വിജനം
നിനക്കോർമ്മയുണ്ടോ, ആ ഉഷ്ണകാലം
എന്റെ തരുണരക്തത്തെയും
ചൂടുപിടിപ്പിച്ചിരുന്നു
പിറകേ വന്ന ശവഘോഷയാത്രയിൽ
ആ പാട്ടുകൾ എങ്ങനെ കറുത്തുപോയി!
ഞാൻ ആരോടാണീ സംസാരിക്കുന്നത്?
നീ എന്റെ ഭൂതകാലമാണോ?
വർത്തമാനത്തിന്റെ അസാന്നിദ്ധ്യം?
ഭാവിയും വർത്തമാനത്തിന്റെ
അസാന്നിദ്ധ്യമാണല്ലോ,
നിന്നെ എനിക്കു ഭാവിയുടെ
പ്രതിമയായും സങ്കല്പിക്കാം.
പൂർണ്ണമായ പ്രണയം
ചെലവിട്ടു കഴിഞ്ഞ നാണയമാണ്
ക്ഷീരസമൃദ്ധമായ ശൂന്യസ്ഥലം
ദന്തക്ഷതങ്ങളുടെ ആവൃതൗന്നത്യം
ആകാശം.

(ബാസ്റ്റിൽ)

8

നോത്രദാമിലെ പള്ളിയിൽ
പ്രാർത്ഥനയുടെ സമയം
മണിയൊച്ചയിൽ ഞാൻ നിന്റെ
ചിരി കേൾക്കുന്നു, സംഗീതത്തിൽ
നിന്റെ വിലാപം.
എനിക്കറിഞ്ഞുകൂടാ
നീ മരണമോ ജീവിതമോ എന്ന്

അറിയേണ്ടതുമില്ല.
എന്റെ കുരിശ് എവിടെയെന്നെനിക്കറിയാം,
അതിന്നെത്ര ഭാരമുണ്ടെന്നും.
ഞാൻ അതിലെത്തുകതന്നെ ചെയ്യും
എന്നെ എന്റേതല്ലാതാക്കാൻ,
പ്രേമത്തിന്റേതാക്കാൻ.

(നോത്രദാം-ദ്-പാരീ)

9

ഇപ്പോൾ ഞാൻ സിമത്തേരിയിൽ
പ്രിയപ്പെട്ടവരുടെ ശവകുടീരങ്ങൾ തേടി
ചുറ്റിത്തിരിയുകയാണ്
ഇവിടെ ബോദ്‌ലേർ, ഇവിടെ മോപ്പസാങ്,
ഇവിടെ സാർത്ര്, സിമൊങ് ദ് ബുവ്വാ
ഇവിടെ ബെക്കെറ്റ്, ഇവിടെ അയൊനെസ്കോ,
ഇവിടെ വയെഹോ ...
കല്ലുകൾക്കിടയിൽ പ്രചോദനശക്തിയാൽ
ശവങ്ങൾക്കു വീർപ്പുമുട്ടുന്നു
ഞാൻ ഈ ലുപ്തസ്വപ്നങ്ങളിൽ
കാതു ചേർത്തുവയ്ക്കുന്നു
ഈ ഹൃദയങ്ങൾ മിടിക്കുന്നതെനിക്കു കേൾക്കാം
എനിക്കറിയാം ഇവരുടെ ഗോത്രഭാഷ
ലിപിയില്ലാത്തതിനാൽ
എല്ലാ ലിപിയിലും അതെഴുതപ്പെടുന്നു
ശരീരമില്ലാത്ത ജീവൻ
എല്ലാ ശരീരത്തിലും ആവേശിക്കുന്നു.

പെട്ടെന്നു നിന്റെ പേരെഴുതിയ
ഒരു കല്ലു കണ്മുന്നിലുയർന്നു വരുന്നു
ഞാൻ നിലവിളിക്കുന്നു.
നീ എവിടെയാണ് ?
ഈ മണ്ണ് മറവിയാണോ?
എങ്കിൽ ഓർമ്മ
പക്ഷികളെ മറവുചെയ്ത ആകാശമോ?
നിന്റെ കല്ലറയിൽ വയ്ക്കാൻ
ഒരു പൂപോലും ഭൂമിയിൽ ബാക്കിയില്ലല്ലോ.

(മോ പർണാസ് സിമത്തേരി)

10

പികാസോ, ബ്രാക്, വാൻഗോഗ്, ദേഗാ,
റെനൊർ, ദൂഫി, ലൗട്രെക്, സൂറത്,
സോളാ, സ്റ്റെന്താൾ, തുർഗനേവ്,
ത്രൂഫോ, ട്രിസ്റ്റാൻ സാറാ ...
കുട്ടിക്കാലത്തു ഭൂമിശാസ്ത്രത്തിലെ
സ്ഥലനാമങ്ങൾ കാണാതെ പഠിക്കുമ്പോലെ
ഞാൻ വീണ്ടും വീണ്ടും ഈ പേരുകൾ ഉരുവിടുന്നു
ഇവർ ഈ തെരുവിൽ ഇപ്പോഴും ഉണ്ടെന്നപോലെ.
എന്റെ വാക്കുകൾക്കു മഴവില്ലുകളോടും
മരിച്ചവരോടും ഒരു കരാറുണ്ടെന്നപോലെ,
കമ്മ്യൂൺ ദിനങ്ങളുടെ നഷ്ടസ്മൃതികളുമായി
താഴ്വരയിലലയുന്ന രക്തസാക്ഷികൾ
കാപ്പിയുടെ മണമുള്ള ഈറൻകാറ്റുകളായി
എന്നെ ഉരുമ്മിപ്പോകുന്നു
വിശുദ്ധഹൃദയപള്ളിയുടെ പടികളിൽ
പാരീസിന്റെ വ്രണിതയേശു
മൂടൽമഞ്ഞായി വിതുമ്പുന്നു
തിരുപ്പിറവിയാഘോഷിക്കാനൊരുങ്ങുന്ന
തെരുവിൽ കൂട്ടിയിട്ട പൂക്കളുടെ
ഓരോ ഇതളിന്നുമടിയിൽ
ഞാൻ നിന്നെത്തിരയുന്നു
ഓരോ നിറത്തിന്നുമടിയിൽ
അസാന്നിദ്ധ്യത്തിന്റെ നിറം
വെള്ളയോ കറുപ്പോ?
പറയൂ, പാലപ്പൂക്കളുടെ റാണീ
പറയൂ, ആമ്പലുകളുടെ തംബുരു,
യക്ഷവധൂ, പറയൂ.

(മോങ് മാർത്ര്)

11

എനിക്കു കാണേണ്ടാ
നെപ്പോളിയന്റെ വിജയസ്മാരകം
കാണേണ്ടാ നാസികൾ ബാക്കിയിട്ട പൊടി

എനിക്കു ഗില്ലറ്റിനുകളോടു സംസാരിക്കേണ്ടാ
ഹാ ത്രൂഫോ, ത്രൂഫോ
മാറ്റം കോപാക്രാന്തനായ
ഒരു മൃഗമാണെന്ന് ആരാണു പറഞ്ഞത്?
അറിവിന് ആയിരം
മുറ്റങ്ങളും മുറികളുമുണ്ട്
നമുക്കു ചരിത്രം മറക്കാനാവില്ല
എങ്കിലും മറന്നേ തീരൂ.
ഇപ്പോൾ പെറ്റുവീണ കുട്ടിയെപ്പോലെ
അഴുക്കും ചോരയും തുടച്ചുകളഞ്ഞ്
വെളിച്ചത്തിലേക്കു കൺതുറക്കണമെങ്കിൽ
പുല്ലുകൾക്കൊപ്പം നിവർന്നുനിന്ന്
കുരുവികളോടു സംവദിക്കണമെങ്കിൽ
മാലാഖമാർക്കൊപ്പം പറക്കണമെങ്കിൽ,
പ്രണയിക്കണമെങ്കിൽ,
നിലനില്ക്കാത്ത ഒരു സ്ഥലമാണ് ചരിത്രം
മരണം ഇനിയും കുഴിച്ചെടുക്കപ്പെട്ടിട്ടില്ലാത്ത
ഒരു യുഗവും.

(ഷോൻസ് എലീസ്സേ)

12

മെഴുകുതിരികൾ
സുവർണ്ണദലങ്ങളുള്ള ചെടികളാണ്
രക്തമൊലിക്കുന്നവർക്കുവേണ്ടി മാത്രം
അവ മുളച്ചു വളരുന്നു
വളരുന്തോറും വിനയംകൊണ്ടു
ചെറുതാവുന്നു, ഇല കൊഴിഞ്ഞ്
സ്വന്തം രക്തത്തിൽ മുങ്ങിമരിക്കുന്നു
മെഴുകുതിരികൾ വിരഹികളുടെ
പ്രാർത്ഥനകളാണ്
ഞാനും ഒന്നു കൊളുത്തുന്നു
വർണ്ണപ്പളുങ്കുജാലകങ്ങളുടെ
ഈ മാന്ത്രികപ്രകാശത്തിൽനിന്ന്
പെട്ടെന്നു ചിറകുവച്ച്
മാലാഖമാർക്കും പുണ്യവാളന്മാർക്കുമിടയിലേക്ക്
നീ പറന്നിറങ്ങുമെന്നപോലെ

ഈ തണുത്ത ഇരുട്ടിൽ
നിന്റെ ഇല്ലായ്മ പതുക്കെ
ഉറഞ്ഞുറഞ്ഞ് ഉൺമയാകുമെന്നപോലെ
പ്രണയം പ്രാർത്ഥനയാണ്
അതു ശൂന്യതയിൽ ജ്വലിക്കുന്നു.

(സാക്ക് കോർ)

13

ഈ പാതിരാത്രി
ഞാൻ മതിവിടുവോളം
വിഷം കുടിച്ചിരിക്കുന്നു
ചെങ്കനലാഴിയിൽ
ഞാൻ നൃത്തം ചെയ്യുകയാണിപ്പോൾ.
എന്റെ കൈകളിൽ
ആരുടെയൊക്കെയോ കൈകൾ മുറുകുന്നു
ഓരോരുത്തരിലും ഞാൻ നിന്റെ മുഖം തിരയുന്നു
ഓരോരുത്തരെ ഉമ്മവയ്ക്കുമ്പോഴും
ഞാൻ നിന്നെ ഉമ്മവയ്ക്കുന്നു
ഞങ്ങളുടെ കറുമ്പൻ സുഹൃത്ത്
കാട്ടുകളുടെ മുഴുവൻ കരുത്തും
മൂന്നു ചെണ്ടകളിലേക്കാവാഹിക്കുകയാണ്
മുറുകുന്ന താളത്തിനൊപ്പം
വേദനയും മുറുകുന്നു
ഈ താളത്തിൽനിന്ന്
നീ പ്രത്യക്ഷയാകുമെന്ന പ്രതീക്ഷയിൽ
പൊള്ളുന്ന കാലുകളും
നീട്ടിപ്പിടിച്ച കൈകളുമായി
ഞാൻ നൃത്തം തുടരുന്നു.
വെളിച്ചങ്ങളിലോ പൂക്കളിലോ നിന്ന്
വിലപിക്കുന്ന ചൂളമരങ്ങളിൽനിന്ന്
അവമതിക്കപ്പെട്ട തെരുവുകളുടെ
നിലവിളിക്കുന്ന പൊടിയിൽനിന്ന്
നിഴലുകളിൽനിന്ന്, ചിരികളിൽനിന്ന്,
കാറ്റിലോ മഴകളിലോ നിന്ന്
പഴങ്ങളുടെ സൗരഭങ്ങളിൽനിന്ന്

പളുങ്കിന്റെ മറുലോകത്തിൽനിന്ന്
കുരിശുകളിൽനിന്ന് ശ്മശാനത്തിൽനിന്ന്
ഭൂഗർഭവാഹനങ്ങളുടെ
അവിരാമമായ ഇരമ്പലിൽനിന്ന്
തുരങ്കങ്ങളുടെ ആകസ്മികമായ ഇരുട്ടിൽനിന്ന്
പിയാനോയുടെ കടൽത്തിരകളിൽനിന്ന്
നൃത്തങ്ങളുടെ ഉറക്കമൊഴിപ്പിൽനിന്ന്
ചിത്രങ്ങളുടെ വർണ്ണരാശിയിൽനിന്ന്
വീഞ്ഞിന്റെ കണ്ണുകളിൽനിന്ന്
കവിതയിൽനിന്ന് കവിതയിൽനിന്ന്
നീ പിറവിയെടുക്കുമെന്ന്
കുളിരിൽ വിറയ്ക്കുന്ന ഈ രാത്രി മൂന്നുമണിയിൽനിന്ന്
എൻറെ കൈകളിലേക്കു വരുമെന്ന്
ഞാൻ തുള്ളിച്ചാടുന്നു

എന്റെ കഴുത്തിൽക്കിടന്നു പുളയൂ
എൻറെ ജടയിലേക്കൊഴുകി വീഴൂ
എന്റെ ശിരസ്സിൽ പ്രകാശിക്കൂ
പർവ്വതങ്ങൾ ഉച്ചരിക്കുന്ന വചനമേ
ഇപ്പോൾ ഞാൻ നിനക്കായി
തപസ്സു ചെയ്യുകയാണ്.
ദിഗംബരനായി, നിരക്ഷരനായി,
ഉദ്ഭവത്തിന്റെ നിശ്ശബ്ദതയിൽ,
അഗ്നിയിൽ,
അഗ്നിയിൽ.

('അപൂർണ്ണം', 1997)

# 109

## ഇല്ല

മരിക്കാനൊരുങ്ങിക്കൊള്ളുക,
ഈ നിമിഷം.
നെടുവീർപ്പുപോലുമരുത്
നമ്മുടെ കൊടുങ്കാറ്റിന്റെ
നിമിഷങ്ങളെ ഓർക്കരുത്
നാം കണ്ടുമുട്ടിയിട്ടേയില്ല
നാം സമയത്തിൽ ഇല്ല.

ഇന്നോളം
നിന്റെ മുടിനാരുകളുടെ മണത്താൽ
ഞാൻ എന്റെ വാക്കുകളെ
മരണത്തിൽ നിന്നൊളിച്ചുവെച്ചു.
ഇപ്പോൾ നിന്റെ മുലപ്പാലിൽ
ത്തുവൽ മുക്കി ഞാൻ എന്നെത്തന്നെ
വധശിക്ഷയ്ക്കു വിധിക്കുന്നു
ആയിരം സൂര്യന്മാരുടെ
പ്രഭ ചിന്നുന്ന മരണം
നമ്മുടെ കുഞ്ഞുങ്ങളെ വിഴുങ്ങും
ആരുമാണ്ടാവില്ല പ്രതിരോധിക്കുവാൻ
ആരുമുണ്ടാവില്ല പ്രണയിക്കുവാൻ.
നീയുമുണ്ടാവില്ല.
ചാരം മാത്രമുണ്ടാവും
വീണ്ടും ജീവനെ സ്വപ്നം കാണാൻ

ഭൂമി ധൈര്യപ്പെടുകയില്ല
ചാരം; അതിൽ
ഇനിയും കണ്ടെത്തിയിട്ടില്ലാത്ത
ഒരു ഗ്രഹത്തിൽനിന്നു
പൊഴിയുന്ന വീഴുന്ന
ഒരു കണ്ണീർത്തുള്ളിയും.

(1998)

# 110

## ദൈവത്തിലേയ്ക്കുള്ള വഴി

മന്ദിരങ്ങളിൽ പോകരുത്
വിഗ്രഹങ്ങളിൽ കുരുങ്ങിപ്പോകും

ഗ്രന്ഥങ്ങളെ നമ്പരുത്
ആ സത്യങ്ങൾ പഴകിപ്പോയി

പുരോഹിതരുടെ കൂട്ടരുത്
മദ്ധ്യസ്ഥർ വില പേശും

സംഘങ്ങളിൽ പെടരുത്
അവ ഹിംസയുടെ വയലുകൾ

ശരീരത്തെ സൂക്ഷിക്കുക
അതു പിളർന്നുകൊണ്ടിരിക്കുന്നു

ഭയം അകലമാണ്
നീതിബോധം ധീരരാക്കും

മമത തടസ്സമല്ല,
നിർമ്മമമായി പ്രയോഗിച്ചാൽ.

പ്രേമം മാർഗ്ഗമാണ്,
മനുഷ്യരിലൊതുങ്ങാതെ.

ദാരിദ്ര്യം ഐശ്വര്യമാണ്
ആരോ അടിച്ചേല്പിച്ചതല്ലെങ്കിൽ

കാറ്റിനെ തടയരുത്
കാരണം തിരക്കരുത്

ധ്യാനിക്കാൻ മല വേണ്ടാ
പുല്ലിനൊപ്പമിരുന്നാൽ മതി

ഇല, കിളി, മഴ പുഴ:
കാതുകൂർപ്പിച്ചിവയെക്കേൾക്കൂ.
ചന്ദ്രനു കീഴിലുറങ്ങിയാലും
ഉണർത്തിയ സൂര്യനെ മറക്കായ്ക

ഏകാന്തതയെ ശപിക്കായ്ക
ഒറ്റയ്ക്കിരിപ്പോന്റെ മനസ്സിൽ തന്നെ
ഏറ്റവുമധികം ലോകം.

മൗനമാണു കീർത്തനം
ഒഴിവുതന്നെ നിറവ്.

(1998)

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA